سورة الحديد

57. സൂറതുൽ ഹദീദ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 29 - വിഭാഗം (റുകൂഉ്) 4

നബിﷺ ഉറങ്ങുന്നതിന്മുമ്പായി 'മുസബ്ബിഹാത്ത്' (ഈ സൂറത്തിലുള്ളതുപോലെ 'തസ്ബീഹി'ന്റെ വാക്കുകൾകൊണ്ട് ആരംഭിക്കുന്ന സൂറത്തുകൾ) ഓതാറുണ്ടായിരുന്നുവെന്നും, (വേറെ) ആയിരം ആയത്തുകളെക്കാൾ ശ്രേഷ്ഠമായ ഒരു ആയത്ത് അവയിൽ അടങ്ങിയിട്ടുണ്ടെന്നും തിരുമേനി പറയുകയുണ്ടായി എന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (തി; ദാ; ന.) ഈ ഹദീഥിൽ സൂചിപ്പിക്കപ്പെട്ട വചനം ഈ സൂറത്തിലെ മൂന്നാം വചനമാണെന്നാണ് ഇബ്നു കഥീർ (റ) മുതലായവരുടെ അഭിപ്രായം. സൂ: ഹശ്റിന്റെ അവസാനഭാഗമാണെന്നും അഭിപ്രായമുണ്ട്. അല്ലാഹുവിന്റെ ഗുണമാഹാത്മ്യങ്ങളെ കുറിക്കുന്ന ഉൽകൃഷ്ട നാമങ്ങളിൽ ചിലത് ആ വചനങ്ങളിൽ അടങ്ങിയിട്ടുള്ളതാണ് അതിന് കാരണം. الله أعلم

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ﴿١﴾

﴾1﴿ ആകാശങ്ങളിലും ഭൂമിയിലുമുള്ളവ(യെല്ലാം) അല്ലാഹുവിന് 'തസ്ബീഹു' [സ്തോത്ര കീർത്തനം] ചെയ്യുന്നു. അഗാധജ്ഞനായ പ്രതാപശാലിയത്രെ അവൻ.

لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ يُحۡيِۦ وَيُمِيتُۖ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ ﴿٢﴾

﴾2﴿ ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു; അവൻ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു; അവൻ, എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾1﴿ سَبَّحَ തസ്ബീഹ് (സ്തോത്രകീർത്തനം) ചെയ്യുന്നു, ചെയ്തിരിക്കുന്നു لِلَّهِ അല്ലാഹുവിന് مَا فِي ٱلسَّمَٰوَٰتِ ആകാശങ്ങളിലുള്ളത് وَٱلْأَرْضِ ഭൂമിയിലും وَهُوَ അവൻ, അവനത്രെ ٱلْعَزِيزُ പ്രതാപശാലി ٱلْحَكِيمُ അഗാധജ്ഞനായ, യുക്തിമാൻ ﴾2﴿ لَهُۥ അവന്നാണ്, അവന്റേതാണ് مُلْكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം (ആധിപത്യം) وَٱلْأَرْضِ ഭൂമിയുടെയും يُحْيِۦ അവൻ ജീവിപ്പിക്കുന്നു وَيُمِيتُ മരിപ്പിക്കുകയും ചെയ്യുന്നു وَهُوَ അവൻ(ആകുന്നുതാനും) عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനും

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ, മനഃപൂർവ്വമോ സൃഷ്ടിസഹജമായ നിലക്കോ, ബുദ്ധിവർഗങ്ങളിൽ നിന്നോ അല്ലാത്തവയിൽനിന്നോ, ജീവവസ്തുക്കളിൽനിന്നോ അല്ലാത്തവയിൽനിന്നോ- ഏത് തരത്തിലായാലും വേണ്ടതില്ല- സ്രഷ്ടാവിന്റെ മഹത്വങ്ങളെ പ്രകീർത്തനം ചെയ്യുക എന്ന സാമാന്യാർത്ഥത്തിലാണ് ഇവിടെ 'തസ്ബീഹ്'(സ്തോത്രകീർത്തനം) ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഏതൊരു വസ്തു എടുത്താലും ശരി അത് അതിന്റേതായ 'തസ്ബീഹ്' നടത്തിക്കൊണ്ടിരിക്കാതെയില്ല. പക്ഷേ, അതതിന്റെ തസ്ബീഹ് എന്താണ്, എങ്ങനെയാണ് എന്ന് സൂക്ഷ്മമായി നിർവ്വചിക്കുവാൻ നമുക്ക് സാധ്യമല്ല. അതെ, .

وإن مِنْ شَيْءٍ إلاَّ يُسبح بِحَمْدِهِ ولَكِن لاَ تَفْقَهُونَ تَسْبِيحَهُم–الإسراء

(ഏതൊരു വസ്തുവും തന്നെ അവനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് ചെയ്യാത്തതായിട്ടില്ല. പക്ഷേ, അവരുടെ തസ്ബീഹ് നിങ്ങൾ ഗ്രഹിക്കുകയില്ല. (സൂ: ഇസ്റാഉ് 44.) അഖില വസ്തുക്കളും- ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ- എങ്ങനെ അവന് തസ്ബീഹ് നടത്താതിരിക്കും?! അറിഞ്ഞോ, അറിയാതെയോ അവന്റെ നാമങ്ങളെ വാഴ്ത്താതെയും, അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യാതെയും ഇരിക്കുവാൻ എങ്ങനെ സാധിക്കും? ഇല്ല, സാധിക്കയില്ല. കാരണം, തുടർന്നുള്ള 3 - 6 വചനങ്ങളിൽനിന്ന് സ്പഷ്ടമാകുന്നതാണ്.

هُوَ ٱلْأَوَّلُ وَٱلْءَاخِرُ وَٱلظَّٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٣﴾

﴾3﴿ അവൻ ആദ്യനായുള്ളവനും, അന്ത്യനായുള്ളവനും, പ്രത്യക്ഷനായുള്ളവനും, പരോക്ഷനായുള്ളവനുമത്രെ. അവൻ എല്ലാ വസ്തുവെ (അഥവാ കാര്യത്തെ)ക്കുറിച്ചും അറിവുള്ളവനുമാകുന്നു.

وَٱلْـَٔاخِرُ അവൻ, അവനത്രെ ٱلْأَوَّلُ ആദ്യനാകുന്നു, ഒന്നാമത്തെവൻ هُوَ﴿3﴾
അന്ത്യനും وَٱلظَّـٰهِرُ പ്രത്യക്ഷനും, സ്പഷ്ടമായവനും, വെളിപ്പെട്ടവനും وَٱلْبَاطِنُ
പരോക്ഷമായവനും, മറഞ്ഞവനും, ആന്തരത്തിലുള്ളവനും وَهُوَ അവൻ بِكُلِّ شَىْءٍ
എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിവുള്ളവനാകുന്നു

ഈ വചനത്തിൽ കാണുന്ന ഓരോ നാമത്തിന്റെയും അർത്ഥവ്യാപ്തിയിൽ പരിഗണിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ വിവരിക്കുന്നപക്ഷം അത് വളരെ ദീർഘിച്ചുപോകുന്നതാണ്. ഉറങ്ങുവാൻ പോകുമ്പോൾ നബി ﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നതും, എല്ലാവരും പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു പ്രാർത്ഥനയിൽ നിന്ന് അവയുടെ സംക്ഷിപ്ത സാരം മനസ്സിലാക്കാവുന്നതാകുന്നു. പ്രസ്തുത 'ദുആ' ഇതാണ്:

اللهُمَّ رَبَّ السَّمَاوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقِ الْحَبِ وَالنَّوَى وَمُنَزِل التَّوْرَاتِ وَالإِنْجِيل وَالْفُرْقَان أَعُوذ بِكَ مِنْ شَرِّ كُلِّ ذِي شَر أَنْتَ آخِذُ بِنَاصِيَتِهِ اللهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيءٌ وَأَنْتَ الآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ أقضِ عَنَّا الدَّيْنَ وَاغنِنَا مِنَ الْفَقْرِ – أخرجه أحمد ومسلم والترمذي والبيهقي

(സാരം: 'അല്ലാഹുവേ, ആകാശങ്ങളുടെ റബ്ബേ, ഭൂമിയുടെ റബ്ബേ, മഹത്തായ 'അർശി'ന്റെ റബ്ബേ, ഞങ്ങളുടെയും എല്ലാ വസ്തുക്കളുടെയും റബ്ബേ, ധാന്യവും കുരുവും (അണ്ടിയും) പിളർത്തി മുളപ്പിക്കുന്നവനേ, തൗറാത്തും ഇൻജീലും ഫുർക്വാനും (ക്വുർആനും) ഇറക്കിയവനേ, ദോഷമുണ്ടാക്കുന്ന എല്ലാറ്റിന്റെ ദോഷത്തിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അവയെല്ലാം നിന്റെ പിടുത്തത്തിലാണുള്ളത്'.)'അല്ലാഹുവേ, നീയത്രെ ആദ്യനായുള്ളവൻ, അപ്പോൾ നിനക്കുമുമ്പ് ഒന്നുംതന്നെയില്ല. നീയത്രെ അന്ത്യനായുള്ളവൻ, അപ്പോൾ നിനക്കുശേഷം ഒന്നുംതന്നെയില്ല. നീയത്രെ പ്രത്യക്ഷനായുള്ളവൻ അപ്പോൾ നിന്റെ മീതെ ഒന്നുംതന്നെയില്ല. നീയത്രെ പരോക്ഷനായുള്ളവൻ. അപ്പോൾ നിന്റെ അടിയിലായി ഒന്നുംതന്നെയില്ല. നീ ഞങ്ങൾക്ക് കടം വീട്ടിത്തരുകയും, ദാരിദ്ര്യത്തിൽനിന്ന് ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ'! (അ; മു; തി; ബ.) ഈ ദുആയുടെ അന്ത്യഭാഗം ഇവിടെ പ്രത്യേകം ശ്രദ്ധിക്കുക.

'നിന്റെ മീതെ ആരുമില്ല' എന്ന് പറഞ്ഞതിന്റെ താൽപര്യം: നിന്നെ അതിജയിക്കുന്നവനോ, നിന്നെക്കാൾ ദൃഷ്ടാന്തപ്പെട്ടവനോ, നിന്നെക്കാൾ ഉന്നതനോ ആയി ഒന്നുമില്ല എന്നും, 'നിന്റെ അടിയിലായി ഒന്നുമില്ല' എന്നതിന്റെ താൽപര്യം, നീ അറിയാത്തതായോ, നിന്റെ നിയമത്തിനും നിയന്ത്രണത്തിനും വിധേയമല്ലാത്തതായോ ഒന്നുമില്ല എന്നുമാകുന്നു. ദൃഷ്ടാന്തങ്ങൾകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും അല്ലാഹു പ്രത്യക്ഷനും സ്പഷ്ടമായവനുമാണ്. പക്ഷേ, ഈ ബാഹ്യദൃഷ്ടികൊണ്ട് അവനെ കണ്ടെത്തുവാനോ, ഈ ബുദ്ധികൊണ്ട് അവനെ

രൂപപ്പെടുത്തുവാനോ സാധ്യമല്ലാത്തവണ്ണം അവൻ പരോക്ഷനും അസ്പഷ്ടനും തന്നെ. ليس كمثله شيء وهو السميع البصير (അവനെപ്പോലെ ഒന്നും തന്നെയില്ല. അവൻ (എല്ലാം) കേട്ടറിയുന്നവനും കണ്ടറിയുന്നവനുമാകുന്നു.)

هُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ
وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ
عَلَى ٱلْعَرْشِ
يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ
مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا
يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ
وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٤﴾

﴿4﴾ അവനത്രെ, ആകാശങ്ങളെയും ഭൂമിയെയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവൻ; പിന്നീട് അവൻ 'അർശി'ൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു.

ഭൂമിയിൽ കടന്നുകൂടുന്നതും, അതിൽനിന്ന് പുറത്തുപോകുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും, അതിൽ കയറിച്ചെല്ലുന്നതും, (എല്ലാം) അവൻ അറിയുന്നു. നിങ്ങൾ എവിടെയായിരിക്കട്ടെ, അവൻ നിങ്ങളുടെ കൂടെയുണ്ട്. അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَإِلَى
ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٥﴾

﴿5﴾ ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അവന്നാകുന്നു. അല്ലാഹുവിങ്കലേക്കു തന്നെ കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى
ٱلَّيْلِ ۚ وَهُوَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٦﴾

﴿6﴾ രാത്രിയെ അവൻ പകലിൽ കടത്തിക്കൂട്ടുന്നു; പകലിനെ രാത്രിയിലും കടത്തിക്കൂട്ടുന്നു; അവൻ, ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിയുന്നവനുമാകുന്നു.

﴿4﴾ هُوَ ٱلَّذِى അവനത്രെ യാതൊരുവൻ خَلَقَ ٱلسَّمَـٰوَٰتِ ആകാശങ്ങളെ സൃഷ്ടിച്ച وَٱلْأَرْضَ ഭൂമിയെയും فِى سِتَّةِ أَيَّامٍ ആറു ദിവസങ്ങളിൽ ثُمَّ ٱسْتَوَىٰ പിന്നെ അവൻ ശരിപ്പെട്ടു, ആരോഹണം ചെയ്തു عَلَى ٱلْعَرْشِ അർശിൻമേൽ

يَعۡلَمُ അവൻ അറിയും, അറിയുന്നു مَا يَلِجُ കടക്കുന്ന (പ്രവേശിക്കുന്ന)ത് فِي ٱلۡأَرۡضِ ഭൂമിയിൽ وَمَا يَخۡرُجُ പുറപ്പെടുന്നതും مِنۡهَا അതിൽനിന്ന് وَمَا يَنزِلُ ഇറങ്ങുന്നതും مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് وَمَا يَعۡرُجُ فِيهَا അതിൽ കയറുന്നതും وَهُوَ അവൻ مَعَكُمۡ നിങ്ങളുടെ കൂടെ (ഒപ്പം) ഉണ്ട് أَيۡنَ مَا كُنتُمۡ നിങ്ങൾ എവിടെ ആയിരുന്നാലും وَٱللَّهُ അല്ലാഹു بِمَا تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٞ കണ്ടറിയുന്നവനാണ് ﴾5﴿ لَّهُۥ അവന്നാകുന്നു مُلۡكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَٱلۡأَرۡضِ ഭൂമിയുടെയും وَإِلَى ٱللَّهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرۡجَعُ മടക്കപ്പെടും, മടക്കപ്പെടുന്നു ٱلۡأُمُورُ കാര്യങ്ങൾ ﴾6﴿ يُولِجُ അവൻ കടത്തുന്നു, പ്രവേശിപ്പിക്കുന്നു ٱلَّيۡلَ രാത്രിയെ فِي ٱلنَّهَارِ പകലിൽ وَيُولِجُ ٱلنَّهَارَ പകലിനെയും പ്രവേശിപ്പിക്കുന്നു فِي ٱلَّيۡلِ രാത്രിയിൽ وَهُوَ അവൻ عَلِيمُۢ അറിയുന്നവനാണ് بِذَاتِ ٱلصُّدُورِ നെഞ്ഞു (ഹൃദയം) കളിലുമുള്ളതിനെ

ആകാശഭൂമികളെ ആറുദിവസങ്ങളിൽ സൃഷ്ടിച്ചുവെന്നതിന്റെയും, അല്ലാഹു 'അർശി'ൽ ആരോഹണം ചെയ്തുവെന്നതിന്റെയും ഉദ്ദേശ്യങ്ങളെക്കുറിച്ചും മറ്റും സൂ: സജദഃ 4, 5 മുതലായ വചനങ്ങളുടെ വ്യാഖ്യാനത്തിലായി ഒന്നിലധികം പ്രാവശ്യം നാം വിവരിച്ചിരിക്കുന്നു. ഭൂമിയിലും ആകാശത്തിലും പ്രവേശിക്കുന്നതിനെയും, അവയിൽനിന്ന് പുറത്തുവരുന്നതിനെയും സംബന്ധിച്ച് സൂ: സബഉ് 2 ന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടുണ്ട്. മേൽ ചൂണ്ടിക്കാണിച്ച യാഥാർത്ഥ്യങ്ങളെ മുഖവുരയായി ഉദ്ധരിച്ചശേഷം അല്ലാഹു മനുഷ്യരെ അഭിമുഖീകരിച്ചു പറയുന്നു:

ءَامِنُواْ بِٱللَّهِ وَرَسُولِهِۦ وَأَنفِقُواْ مِمَّا جَعَلَكُم مُّسۡتَخۡلَفِينَ فِيهِۖ فَٱلَّذِينَ ءَامَنُواْ مِنكُمۡ وَأَنفَقُواْ لَهُمۡ أَجۡرٞ كَبِيرٞ ﴿٧﴾

﴾7﴿ (മനുഷ്യരേ) നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കുവിൻ; നിങ്ങളെ അവൻ ഏതൊന്നിൽ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കി വെച്ചിരിക്കുന്നുവോ അതിൽനിന്ന് നിങ്ങൾ ചിലവഴിക്കുകയും ചെയ്യുവിൻ.

എന്നാൽ, നിങ്ങളിൽനിന്ന് യാതൊരുവർ വിശ്വസിക്കുകയും, ചിലവഴിക്കുകയും ചെയ്തുവോ അവർക്ക് വലുതായ പ്രതിഫലമുണ്ട്.

﴾7﴿ ءَامِنُواْ بِٱللَّهِ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുവിൻ وَرَسُولِهِۦ അവന്റെ റസൂലിലും وَأَنفِقُواْ നിങ്ങൾ ചിലവഴിക്കയും ചെയ്യുക مِمَّا جَعَلَكُم നിങ്ങളെ അവൻ

ആക്കിയതിൽനിന്ന് مُّسْتَخْلَفِينَ പ്രാതിനിധ്യം നൽകപ്പെട്ടവർ (പ്രതിനിധികൾ) فِيهِഅതിൽ فَٱلَّذِينَ ءَامَنُوا۟ എന്നാൽ (കാരണം) വിശ്വസിച്ചവർ مِنكُمْ നിങ്ങളിൽനിന്ന് وَأَنفَقُوا۟ ചിലവഴിക്കുകയും ചെയ്ത لَهُمْ അവർക്കുണ്ട് أَجْرٌ كَبِيرٌ വലിയ പ്രതിഫലം

'നിങ്ങളെ പ്രാതിനിധ്യം നൽകപ്പെട്ടവരാക്കിയതിൽ നിന്ന്' എന്ന് പറഞ്ഞ വാക്ക് വളരെ ശ്രദ്ധാർഹമാകുന്നു. സ്വത്തും, സമ്പത്തുമെല്ലാം അല്ലാഹുവിന്റെതാണ്. അവന്റെ സൃഷ്ടി, അവൻ നൽകിയത്. മനുഷ്യൻ ജനിക്കും മുമ്പുതന്നെ അവൻ അതിവിടെ ഒരുക്കിവെച്ചിരിക്കുന്നു. അതിൽ വർദ്ധനവും കുറവും വരുത്തുന്നതും അവൻ തന്നെ. അത് ഉപയോഗിക്കുവാനും, കൈകാര്യം നടത്തുവാനും അവൻ മനുഷ്യനെ നിശ്ചയിച്ചിരിക്കയാണ്. അതാരുടെയും കുത്തകയോ, സൃഷ്ടിയോ അല്ല. ഒരിക്കൽ ഒരു കൂട്ടരുടെ കൈവശമാണെങ്കിൽ, അവരുടെ ശേഷം മറ്റൊരു കൂട്ടർ തൽസ്ഥാനത്ത് വരുന്നു. പിന്നീട് വേറൊരുകൂട്ടർ കൈകാര്യം ചെയ്യുന്നു. അഥവാ മനുഷ്യൻ അതിനെ ഊഴംവെച്ച് ഉപയോഗിച്ചുവരുന്നു എന്ന് മാത്രം. ഇങ്ങനെയുള്ള വസ്തുക്കളാണ് ആ വാക്കുകളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ, കൈവശമുള്ള ധനത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവാക്കുവാൻ മടിക്കേണ്ടതില്ല, മടിക്കുവാൻ അവകാശവുമില്ല. അതേ സമയത്ത് സത്യവിശ്വാസം സ്വീകരിക്കുന്നതോടൊപ്പം ധനം നല്ല മാർഗത്തിൽ ചിലവാക്കുന്ന പക്ഷം അല്ലാഹുവിങ്കൽനിന്ന് വമ്പിച്ച പ്രതിഫലം അവൻ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

മനുഷ്യൻ എത്ര ധനികനായിരുന്നാലും അതിൽ നിന്ന് യഥാർത്ഥത്തിൽ -ശരിയായ അർത്ഥപ്രകാരം- അവൻ ഉപയോഗിക്കുന്ന അളവ് എത്രമാത്രമാണെന്ന് ആലോചിച്ചു നോക്കിയാൽ, അത് വളരെ പരിമിതമാണെന്ന് കാണാം. ബാക്കിയെല്ലാം- അവൻ ദുരുപയോഗപ്പെടുത്തി നശിപ്പിക്കാത്തപക്ഷം- അന്യർക്ക് നിരുപാധികം വിട്ടുകൊടുക്കുവാൻ നിർബന്ധിതനാണ്. അവൻ ധനത്തിന്റെ യഥാർത്ഥ ഉടമസ്ഥനല്ല എന്നുള്ളതിന് ഇതുതന്നെ തെളിവാണല്ലോ. നബി തിരുമേനിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ആദമിന്റെ മകൻ- മനുഷ്യൻ- പറയുന്നു: എന്റെ ധനം എന്റെ ധനം എന്ന്! (മനുഷ്യാ) നിന്റെ ധനത്തിൽ നിന്നും നീ തിന്നു തീർത്തതോ, നീ ഉടുത്തു നശിപ്പിച്ചതോ അല്ലെങ്കിൽ നീ ധർമം കൊടുത്തു നടപ്പിലാക്കിയതോ അല്ലാതെ നിനക്ക് വല്ലതും ഉണ്ടോ?! അതല്ലാത്തതെല്ലാം തന്നെ, പോയിക്കളയുന്നതും നീ ജനങ്ങൾക്ക് വിട്ടേച്ച് പോകുന്നതുമാകുന്നു' (മു.)

وَمَا لَكُمْ لَا تُؤْمِنُونَ بِٱللَّهِ ۙ وَٱلرَّسُولُ يَدْعُوكُمْ لِتُؤْمِنُوا۟ بِرَبِّكُمْ وَقَدْ أَخَذَ مِيثَـٰقَكُمْ

﴾8﴿ നിങ്ങൾക്കെന്താണ്- നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല?! റസൂലാകട്ടെ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവാനായി നിങ്ങളെ ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അവൻ [അല്ലാഹു] നിങ്ങളുടെ ഉറപ്പ് (അഥവാ കരാർ)

إِن كُنتُم مُّؤْمِنِينَ ﴿٨﴾

വാങ്ങിയിട്ടുമുണ്ട്. നിങ്ങൾ വിശ്വസി
ക്കുന്നവരാണെങ്കിൽ...........!

﴾8﴿ وَمَا لَكُمْ നിങ്ങൾക്ക് എന്താണ് (എന്തുപറ്റി) لَا تُؤْمِنُونَ നിങ്ങൾ വിശ്വസിക്കുന്നില്ല بِٱللَّهِ അല്ലാഹുവിൽ وَٱلرَّسُولُ റസൂലാകട്ടെ يَدْعُوكُمْ നിങ്ങളെ ക്ഷണി(വിളി)ക്കുന്നു لِتُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുവാൻ بِرَبِّكُمْ നിങ്ങളുടെ റബ്ബിൽ وَقَدْ أَخَذَ അവൻ വാങ്ങുകയും ചെയ്തിട്ടുണ്ട് مِيثَٰقَكُمْ നിങ്ങളുടെ ഉറപ്പ് (കരാറ്, ഉടമ്പടി) إِن كُنتُم നിങ്ങളാണെങ്കിൽ مُّؤْمِنِينَ വിശ്വസിക്കുന്നവർ

നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടുന്ന ദൃഷ്ടാന്തങ്ങൾ പലതും നിങ്ങൾക്കുണ്ട്. അതിന് പുറമെ റസൂൽ നിങ്ങളെ അതിന് ക്ഷണിച്ചുകൊണ്ടുമിരിക്കുന്നു. അതോടുകൂടി നിങ്ങൾ സ്വയം തന്നെ പ്രതിജ്ഞാബദ്ധരുമാണ്. ഇതൊക്കെ ഉണ്ടായിട്ടും നിങ്ങളുടെ രക്ഷിതാവിൽ നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല?! എന്ന് സാരം. അവൻ നിങ്ങളുടെ ഉറപ്പുവാങ്ങി (وقد أخذ ميثاقكم) എന്ന് പറഞ്ഞതിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്.

(1) അല്ലാഹുവിന്റെ അസ്തിത്വത്തെയും, മഹൽ ഗുണങ്ങളെയും സ്ഥാപിക്കുകയും മനസ്സിലാക്കിത്തരുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ അവൻ ഏർപ്പെടുത്തുകയും അവനിൽ വിശ്വസിക്കുവാൻ അവ മനുഷ്യബുദ്ധിയെ നിർബന്ധിക്കുകയും ചെയ്യുന്നു. അപ്പോൾ, 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്കിന്റെ താൽപര്യം ദൃഷ്ടാന്തങ്ങളിലും കാര്യകാരണങ്ങളിലും നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കാതിരിക്കുവാൻ നിർവ്വാഹമില്ല എന്നായിരിക്കാം.

(2) ആത്മീയലോകത്തുവെച്ച് അല്ലാഹു മനുഷ്യരോട്: 'ഞാൻ നിങ്ങളുടെ റബ്ബല്ലയോ?' എന്ന് ചോദിച്ചതായും, 'അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു' (بلى شهدنا) എന്ന് അവർ മറുപടി പറഞ്ഞതായും അല്ലാഹു സൂ: അഅ്റാഫ് 172 ൽ പ്രസ്താവിച്ചിരിക്കുന്നു. ആ സംഭവമാണ് ഇവിടെ കരാറുകൊണ്ടുദ്ദേശ്യം. ഈ കരാർ മനുഷ്യർക്ക് ഇന്ന് ഓർമയില്ലല്ലോ എന്ന് പറഞ്ഞേക്കാം. അതിനുള്ള മറുപടിയായിരിക്കും 'നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ' (ان كنتم مؤمنين) എന്ന വാക്ക്. നിങ്ങളുടെ സകല കാര്യങ്ങളും അറിയുന്ന ഞാൻ ആ കരാറ് നിങ്ങളെ ഇതാ ഓർമപ്പെടുത്തുന്നു, നിങ്ങൾക്ക് അത് വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചുകൊള്ളുക എന്ന് ഗൗരവപ്പെട്ട ഒരു താക്കീതായിരിക്കും അപ്പോൾ ആ വാക്കിൽ അടങ്ങിയിരിക്കുക. الله أعلم റസൂൽﷺ നിങ്ങളെ ക്ഷണിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ല, അല്ലാഹുവിന്റെ കൽപനപ്രകാരമാണെന്ന് അടുത്ത വചനത്തിൽ ഉണർത്തുന്നു:-

هُوَ ٱلَّذِى يُنَزِّلُ عَلَىٰ عَبْدِهِۦٓ ءَايَٰتٍۭ بَيِّنَٰتٍ لِّيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَإِنَّ ٱللَّهَ بِكُمْ لَرَءُوفٌ رَّحِيمٌ ﴿٩﴾

《9》അവനത്രെ, തന്റെ അടിയാന്റെ മേൽ സുവ്യക്തങ്ങളായ പല ലക്ഷ്യങ്ങളും ഇറക്കിക്കൊടുക്കുന്നവൻ; നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് അദ്ദേഹം പ്രകാശത്തിലേക്ക് വെളിക്ക് വരുത്തുവാൻവേണ്ടി. നിശ്ചയമായും അല്ലാഹു നിങ്ങളിൽ വളരെ കൃപയുള്ളവനും, കരുണയുള്ളവനും തന്നെയാകുന്നു.

《9》 هُوَ ٱلَّذِى അവനത്രെ يُنَزِّلُ അവതരിപ്പിക്കുന്നവൻ عَلَىٰ عَبْدِهِۦ തന്റെ അടിയാന്റെ മേൽ ءَايَٰتٍ പല ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ بَيِّنَٰتٍ വ്യക്തങ്ങളായ لِّيُخْرِجَكُم അദ്ദേഹം നിങ്ങളെ വെളിക്കു (പുറത്തു) കൊണ്ടുവരുവാൻ مِّنَ ٱلظُّلُمَٰتِ അന്ധകാരങ്ങളിൽ (ഇരുട്ടിൽ)നിന്ന് إِلَى ٱلنُّورِ പ്രകാശത്തിലേക്ക് وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بِكُمْ നിങ്ങളിൽ لَرَءُوفٌ വളരെ കൃപ(കനിവ്) ഉള്ളവൻതന്നെ رَّحِيمٌ കരുണയുള്ളവനും, കരുണാനിധിയുമായവനും

---

7 -ാം വചനത്തിൽ സത്യവിശ്വാസം സ്വീകരിക്കുക, ധനം ചിലവഴിക്കുക എന്നീ രണ്ട് കാര്യങ്ങളിലേക്ക് അല്ലാഹു മനുഷ്യരെ ക്ഷണിച്ചു. ഈ രണ്ടും അനുഷ്ഠിക്കുന്നവർക്ക് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്കയും ചെയ്തു. 8, 9 വചനങ്ങളിൽ, നിങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല എന്ന് ചോദിക്കുകയും, തുടർന്നുകൊണ്ട് വിശ്വാസം സ്വീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്ന് സ്ഥാപിക്കുമാറുള്ള കാരണങ്ങളും ന്യായങ്ങളും വിവരിക്കുകയും ഉണ്ടായി. അടുത്തവചനത്തിൽ രണ്ടാമത്തെ വിഷയമായ ധനം ചിലവഴിക്കലിനെ സംബന്ധിച്ചും അതേപ്രകാരം ചോദിച്ചുകൊണ്ട് അതിന്റെ ആവശ്യകത വിവരിക്കുന്നു:-

وَمَا لَكُمْ أَلَّا تُنفِقُوا۟ فِى سَبِيلِ ٱللَّهِ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا يَسْتَوِى مِنكُم مَّنْ أَنفَقَ مِن قَبْلِ ٱلْفَتْحِ وَقَٰتَلَ ۚ أُو۟لَٰٓئِكَ أَعْظَمُ دَرَجَةً مِّنَ ٱلَّذِينَ أَنفَقُوا۟ مِنۢ بَعْدُ وَقَٰتَلُوا۟

《10》അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാതിരിക്കുവാൻ നിങ്ങൾക്കെന്താണ്? ആകാശങ്ങളുടെയും, ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനാകുന്നു (എന്നിട്ടും)!.നിങ്ങളിൽനിന്ന് വിജയത്തിനു മുമ്പ് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവർ (അല്ലാത്തവരോട്), സമമായിരിക്കയില്ല; അക്കൂട്ടർ, പിന്നീട് ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെക്കാൾ വമ്പിച്ച പദവിയുള്ളവരാകുന്നു.

وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٠﴾

എല്ലാവരോടും തന്നെ, അല്ലാഹു ഏറ്റവും നല്ലത് [നല്ല പ്രതിഫലം] വാഗ്ദാനം ചെയ്തിരിക്കുന്നു; അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമമായി അറിയുന്നവനുമാണ്.

﴾10﴿ وَمَا لَكُمْ നിങ്ങൾക്കെന്താണ് أَلَّا تُنفِقُوا۟ നിങ്ങൾ ചിലവഴിക്കാതിരിക്കുവാൻ فِى سَبِيلِ ٱللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَلِلَّهِ അല്ലാഹുവിനാണ് مِيرَٰثُ അനന്തരാവകാശം ٱلسَّمَٰوَٰتِ وَٱلْأَرْضِ ആകാശങ്ങളുടെയും ഭൂമിയുടെയും لَا يَسْتَوِى സമമാകുകയില്ല مِنكُم നിങ്ങളിൽനിന്ന് مَّنْ أَنفَقَ ചിലവഴിച്ചവർ مِن قَبْلِ ٱلْفَتْحِ വിജയത്തിന്മുമ്പ് وَقَٰتَلَ യുദ്ധം ചെയ്കയും ചെയ്ത أُو۟لَٰٓئِكَ അക്കൂട്ടർ أَعْظَمُ دَرَجَةً ഏറ്റവും വമ്പിച്ച പദവിയുള്ളവരാണ് مِّنَ ٱلَّذِينَ യാതൊരുവരെക്കാൾ أَنفَقُوا۟ ചിലവഴിച്ച مِنۢ بَعْدُ പിന്നീട്, ശേഷം وَقَٰتَلُوا۟ യുദ്ധം ചെയ്ത وَكُلًّا എല്ലാവരോടും (തന്നെ) وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു ٱلْحُسْنَىٰ ഏറ്റം നല്ലതിനെ وَٱللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമമായറിയുന്നവനാണ്

ഒരാൾക്കും തന്റെ കൈവശമുള്ള വസ്തുക്കൾ ശാശ്വതമല്ല, അല്പകാലം കഴിയുമ്പോൾ അത് അന്യർക്ക് വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ, വിട്ടുകൊടുക്കും മുമ്പുതന്നെ അത് കൈവിട്ടു പോകയും ചെയ്തേക്കും. എല്ലാം അല്ലാഹുവിങ്കലേക്ക് മടങ്ങുന്നു. ആകാശഭൂമികളിലുള്ള മുഴുവൻ വസ്തുക്കളുടെയും ഉടമസ്ഥതയും അവകാശവും അല്ലാഹുവിനാണ്. എന്നിരിക്കെ, അവൻ ഇഷ്ടപ്പെടുന്ന മാർഗത്തിൽ ചിലവഴിക്കാതെ സൂക്ഷിച്ചു വെക്കുന്നതുകൊണ്ട് ഭാവിയിൽ നിങ്ങൾക്ക് ഒരു നന്മയും പ്രതീക്ഷിക്കുവാനില്ല. നേരെ മറിച്ച് നിങ്ങൾ ഇപ്പോൾ ചിലവഴിക്കുന്നതിന് പകരം ഭാവിയിൽ നിങ്ങൾക്ക് ധാരാളം നന്മ ലഭിക്കുവാനിരിക്കുന്നു. നല്ല വിഷയത്തിൽ ധനം ചിലവഴിക്കുന്നത് എപ്പോഴും നല്ലതുതന്നെ. എങ്കിലും ഒരു കാര്യം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. അടിയന്തരഘട്ടങ്ങളിൽ ചിലവഴിക്കുകയും, ത്യാഗമനുഷ്ഠിക്കുകയും ചെയ്യുന്നതും, സാധാരണ ഘട്ടങ്ങളിൽ ചിലവഴിക്കുന്നതും ഒരുപോലെയല്ല. സന്ദർഭം അനുസരിച്ച് അവയുടെ പ്രാധാന്യവും പ്രതിഫലവും കൂടുകയും, കുറയുകയും ചെയ്യും. എന്നൊക്കെയാണ് ഈ വചനത്തിലടങ്ങിയ തത്വങ്ങൾ.

ശത്രുക്കളുടെ അക്രമം, ദാരിദ്ര്യം, അംഗങ്ങളുടെ കുറവ് ആദിയായ കാരണങ്ങളാൽ മുസ്‌ലിംകൾ ഏറ്റവുമധികം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരികയും, യാതനകൾ അനുഭവിക്കേണ്ടിവരികയും ചെയ്തത് ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിലാണല്ലോ. അതുകൊണ്ട് അക്കാലത്ത് ധനംകൊണ്ടും, ദേഹംകൊണ്ടും അങ്ങേഅറ്റം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്യുവാനും, കഷ്ടപ്പാടുകൾ സഹിക്കുവാനും മുന്നോട്ട് വന്നവർക്ക് ഇസ്‌ലാമിന് വിജയം കൈവന്ന് വിഷമങ്ങൾക്ക് ലഘൂകരണം വന്നശേഷം മുന്നോട്ട് വന്നവരെക്കാൾ വളരെ ഉന്നതമായ പദവിയാണ് അല്ലാഹുവിങ്കലുള്ളത്.

എന്നാലും രണ്ടാമത്തെ വിഭാഗത്തെ അവഗണിക്കുന്നതല്ലെന്നും, എല്ലാവർക്കും അല്ലാഹുവിങ്കൽ ഏറ്റവും നല്ല പ്രതിഫലം ലഭിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുന്ന സത്യവിശ്വാസികളുടെ ശ്രേഷ്ഠതയും പ്രതിഫലവും എടുത്തുപറയുന്നതിനിടക്ക് സൂ: നിസാഉ് 95 ലും ഈ കാര്യം- എല്ലാവരോടുംതന്നെ അല്ലാഹു ഏറ്റവും നല്ലതിനെ വാഗ്ദാനം ചെയ്തിരിക്കുന്നു എന്ന് -അല്ലാഹു ഉണർത്തിയിരിക്കുന്നു.

ബുഖാരി (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ശക്തനായ സത്യവിശ്വാസി കൂടുതൽ നല്ലവനും ദുർബ്ബലനായ സത്യവിശ്വാസിയെക്കാൾ അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്നവനുമാകുന്നു. എല്ലാവരിലും നന്മയുണ്ട്താനും.'

വിജയത്തിന്റെ മുമ്പ് (من قبل الفتح) എന്ന് പറഞ്ഞുവല്ലോ. ഇവിടെ 'വിജയം' കൊണ്ടുദ്ദേശ്യം മക്കാവിജയമാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. മക്കാവിജയത്തിന് മാർഗം തുറന്നത് ഹുദൈബിയാ സംഭവമായതുകൊണ്ട് അതാണ് ഉദ്ദേശ്യമെന്നും, പൊതുവിൽ ഇസ്ലാമിന്റെ വിജയം എന്നേ ഉദ്ദേശ്യമുള്ളൂ എന്നും അഭിപ്രായങ്ങളുണ്ട്. പ്രായോഗികമായി നോക്കുമ്പോൾ ഇവയെല്ലാം സാരത്തിൽ ഒന്നാണെന്ന് കാണാം. ധനം ചിലവഴിക്കുന്നതിൽ സംഖ്യയുടെ ഏറ്റക്കുറവും, ത്യാഗസേവനങ്ങൾ ചെയ്യുന്നതിൽ പ്രവർത്തനങ്ങളുടെ വലുപ്പച്ചെറുപ്പവും മാത്രമല്ല; ഓരോന്നിന്റെ സന്ദർഭവും ആവശ്യകതയും തൽകർത്താക്കളുടെ പരിതഃസ്ഥിതികളും കണക്കിലെടുത്തുകൊണ്ടായിരിക്കും അല്ലാഹു അവയ്ക്ക് പ്രാധാന്യം കല്പിക്കുന്നത് എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കുവാനുള്ളത്. അതുപോലെത്തന്നെ, ഇസ്ലാമിന്റെ ആരംഭത്തിൽ സത്യവിശ്വാസം സ്വീകരിച്ച് കഠിന ത്യാഗങ്ങൾ ചെയ്ത സ്വഹാബികളും, പിൽക്കാലത്ത് ഇസ്ലാമിൽവന്ന് അതിന് സേവനമർപ്പിച്ച സ്വഹാബികളും തമ്മിലും, സ്വഹാബികളും അവരുടെ ശേഷമുള്ളവരും തമ്മിലും ശ്രേഷ്ഠതയിൽ വ്യത്യാസമുണ്ടായിരിക്കുമെന്നും മനസ്സിലാക്കാം. നബിﷺ പറയുന്നു.

لا تسبوا أصحابي فو الذي نفس محمد بيده لو أن أحدكم أنفق مثل أحد ذهبا ما أدرك مد أحدهم ولا نصيفه

(നിങ്ങൾ എന്റെ സ്വഹാബികളെ പഴിച്ചുപറയരുത്. കാരണം, മുഹമ്മദിന്റെ ദേഹം -അഥവാ ജീവൻ- യാതൊരുവന്റെ കയ്വശമാണോ അവൻതന്നെ! നിങ്ങളൊരാൾ ഉഹ്ദ് മലയോളം സ്വർണം ചിലവഴിച്ചാലും അവരിലൊരാളുടെ ഒരു സേറിനോ, അതിന്റെ പകുതിക്കോ അത് എത്തുന്നതല്ല. (ബു; മു)

വിഭാഗം- 2

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥ وَلَهُۥٓ أَجْرٌ كَرِيمٌ ﴿١١﴾

﴿11﴾ ആരുണ്ട്, അല്ലാഹുവിന് നല്ലതായ കടം കൊടുക്കുന്നവൻ? എന്നാൽ; അവൻ അതിനെ ഇരട്ടിപ്പിച്ചു കൊടുക്കുന്നതാണ്; അവന് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

﴾11﴿ مَّن ذَا ആരുണ്ട് (ആരാണ്) ഇങ്ങനെയുള്ളവൻ ٱلَّذِى يُقۡرِضُ കടം കൊടുക്കുന്നവൻ ٱللَّهَ അല്ലാഹുവിന് قَرۡضًا حَسَنًا നല്ലതായ കടം فَيُضَٰعِفَهُۥ എന്നാലത് അവൻ ഇരട്ടിപ്പിച്ചുകൊടുക്കും لَهُۥ അവന്ന് وَلَهُۥٓ അവന്ന് ഉണ്ടായിരിക്കുന്നതുമാണ് أَجۡرٌ كَرِيمٌ മാന്യമായ (ഉദാരമായ) പ്രതിഫലം, കൂലി

സൽക്കാര്യങ്ങളിൽ ധനം ചിലവഴിക്കുവാൻ സത്യവിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇതിലധികം എന്ത് വാചകമാണ് പറയുവാനുള്ളത്? ആരുണ്ട് അല്ലാഹുവിന് കൊടുക്കുവാൻ തയ്യാറുള്ളവർ? അതും ധർമമായിട്ടല്ല, കടമായിട്ടുമാത്രം. പക്ഷേ, നല്ല നിലക്കുള്ള കടമായിരിക്കണം. അത് തക്കസമയത്ത് തിരിച്ചു കിട്ടുമെന്ന് മാത്രമല്ല, മറ്റാരിൽനിന്നും ലഭിക്കാത്ത തോതിൽ വർദ്ധനവോടെയായിരിക്കും ലഭിക്കുക. ഇരട്ടിക്കണക്കിൽ– വേറെ ആയത്തുകളിൽ പറഞ്ഞതുപോലെ, പത്തുമുതൽ എഴുന്നൂറുവരെയും, ചിലപ്പോൾ അതിലധികവും ഇരട്ടികളായി– അല്ലാഹു വർദ്ധിപ്പിച്ചുകൊടുക്കും. മാത്രമോ? ഉദാരവും മാന്യവുമായ പ്രതിഫലം അതിന്പുറമെയും! . വിശ്വാസത്തോടും, സദുദ്ദേശ്യത്തോടുംകൂടി, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ഉന്നംവെച്ചുകൊണ്ടുള്ളത് എന്നത്രെ നല്ലതായ കടം (قَرۡضًا حَسَنًا) എന്ന് പറഞ്ഞതിന്റെ താൽപര്യം. അല്ലാഹുവിൽ വിശ്വസിക്കാത്തവന്റെയും, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവുമല്ലാത്ത മറ്റുവല്ലതിനെയും ഉദ്ദേശിക്കുന്നവന്റെയും കർമങ്ങൾക്ക് അല്ലാഹുവിന്റെ അടുക്കൽ പരിഗണനയില്ല എന്ന് ക്വുർആൻ പലപ്പോഴും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്.നബിﷺയും ഒരു ഹദീഥിൽ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കക്ക് സമാനമായതിനെ ധർമം ചെയ്താൽ– പരിശുദ്ധമായതല്ലാതെ അല്ലാഹു സ്വീകരിക്കുകയുമില്ല– അത് തന്റെ വലങ്കൈകൊണ്ട് (സന്തോഷപൂർവ്വം) അല്ലാഹു സ്വീകരിക്കുന്നതാണ്. പിന്നീട് നിങ്ങളൊരാൾ തന്റെ കുതിരക്കുട്ടിയെ (ലാളിച്ചു) വളർത്തുന്നതുപോലെ അവൻ അതിന്റെ ആൾക്കുവേണ്ടി അതിനെ വളർത്തിക്കൊണ്ടിരിക്കും, അങ്ങനെ, അത് മലപോലെ ആയിത്തീരും.' (ബു; മു.). അല്ലാഹു വാങ്ങുന്ന കടം മടക്കിക്കിട്ടുന്ന സന്ദർഭം ഏതാണെന്ന് അടുത്ത ആയത്തിൽ വെളിവാക്കുന്നു:–

يَوۡمَ تَرَى ٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِ يَسۡعَىٰ نُورُهُم بَيۡنَ أَيۡدِيهِمۡ وَبِأَيۡمَٰنِهِم بُشۡرَىٰكُمُ ٱلۡيَوۡمَ جَنَّٰتٌ تَجۡرِى مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ ﴿١٢﴾

﴾12﴿ സത്യവിശ്വാസികളുടെയും വിശ്വാസിനികളുടെയും പ്രകാശം, അവരുടെ മുമ്പിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കുന്നതായി നീ കാണുന്ന ദിവസം! (അവരോട് പറയപ്പെടും:) 'ഇന്ന് നിങ്ങൾക്ക് അനുമോദനം (അഥവാ സന്തോഷവാർത്ത), അടിഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായ നിലയിൽ.' അതുതന്നെയാണ്, വമ്പിച്ച ഭാഗ്യം.

يَوْمَ يَقُولُ ٱلْمُنَـٰفِقُونَ
وَٱلْمُنَـٰفِقَـٰتُ لِلَّذِينَ ءَامَنُوا۟
ٱنظُرُونَا نَقْتَبِسْ مِن نُّورِكُمْ قِيلَ
ٱرْجِعُوا۟ وَرَآءَكُمْ فَٱلْتَمِسُوا۟ نُورًا

﴿13﴾ (അതായത്) കപട വിശ്വാസികളും, കപടവിശ്വാസിനികളും വിശ്വസിച്ചവരോട് പറയുന്ന ദിവസം: ‘ ഞങ്ങളെ നോക്കണേ, ഞങ്ങൾ നിങ്ങളുടെ പ്രകാശത്തിൽനിന്ന് (അല്പം) പകർത്തിയെടുക്കട്ടെ!’ എന്ന് (അവരോട്) പറയപ്പെടും: ‘നിങ്ങളുടെ പിന്നോട്ട് മടങ്ങിക്കൊള്ളുവിൻ, എന്നിട്ട് വല്ല പ്രകാശവും അന്വേഷിച്ചുകൊള്ളുവിൻ!’

فَضُرِبَ بَيْنَهُم بِسُورٍ لَّهُۥ بَابٌۢ
بَاطِنُهُۥ فِيهِ ٱلرَّحْمَةُ وَظَـٰهِرُهُۥ مِن
قِبَلِهِ ٱلْعَذَابُ ﴿١٣﴾

അപ്പോൾ, അവർക്കിടയിൽ ഒരു വാതിൽ ഉള്ളതായ അതിർത്തിമറ (അഥവാ മതിൽ) ഏർപ്പെടുത്തപ്പെടുന്നതാണ്. അതിന്റെ ഉൾഭാഗമാകട്ടെ, അതിലാണ് കാരുണ്യം [സ്വർഗം]; അതിന്റെ പുറഭാഗമാകട്ടെ, അതിന്റെ ഭാഗത്തൂടെയാണ് ശിക്ഷ [നരകം].

يُنَادُونَهُمْ أَلَمْ نَكُن مَّعَكُمْ ۖ قَالُوا۟
بَلَىٰ وَلَـٰكِنَّكُمْ فَتَنتُمْ أَنفُسَكُمْ

﴿14﴾ അവർ അവരെ [സത്യവിശ്വാസികളെ] വിളിച്ചു പറയും: ‘ഞങ്ങൾ (ഇഹത്തിൽ) നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ?!’ അവർ പറയും: ‘അതെ, പക്ഷേ, നിങ്ങൾ നിങ്ങളെ ത്തന്നെ കുഴപ്പത്തിലാക്കി;

وَتَرَبَّصْتُمْ وَٱرْتَبْتُمْ وَغَرَّتْكُمُ ٱلْأَمَانِىُّ
حَتَّىٰ جَآءَ أَمْرُ ٱللَّهِ وَغَرَّكُم بِٱللَّهِ
ٱلْغَرُورُ ﴿١٤﴾

നിങ്ങൾ (സത്യവിശ്വാസികൾക്ക് ആപത്ത്) പ്രതീക്ഷിച്ചുകൊണ്ടിരിക്കയും, (മതത്തിൽ) സന്ദേഹപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു; അല്ലാഹുവിന്റെ കല്പന [മരണം] വന്നെത്തുന്നതുവരെയും വ്യാമോഹങ്ങൾ നിങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്തു; അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിച്ചു കളഞ്ഞു.

فَٱلْيَوْمَ لَا يُؤْخَذُ مِنكُمْ فِدْيَةٌ وَلَا مِنَ ٱلَّذِينَ كَفَرُوا۟ ۚ مَأْوَىٰكُمُ ٱلنَّارُ ۖ هِىَ مَوْلَىٰكُمْ ۖ وَبِئْسَ ٱلْمَصِيرُ ﴿١٥﴾

﴾15﴿ 'എനി, ഇന്ന് നിങ്ങളിൽ നിന്നാകട്ടെ, അവിശ്വസിച്ചവരിൽനിന്നാകട്ടെ, യാതൊരു തെണ്ടവും [പ്രായശ്ചിത്തവും] സ്വീകരിക്കപ്പെടുന്നതല്ല.നിങ്ങളുടെ സങ്കേതസ്ഥാനം നരകമാകുന്നു; അതത്രെ നിങ്ങൾക്ക് (ഏറ്റവും യോജിച്ച) ബന്ധു!' (ആ) തിരിച്ചെത്തുന്ന സ്ഥലം വളരെ ചീത്തതന്നെ!

﴾12﴿ يَوْمَ تَرَى നീ കാണുന്ന ദിവസം ٱلْمُؤْمِنِينَ സത്യവിശ്വാസികളെ
وَٱلْمُؤْمِنَٰتِ വിശ്വാസിനികളെയും يَسْعَىٰ പായുന്ന (സഞ്ചരിക്കുന്ന)തായിട്ട് نُورُهُم അവ
രുടെ പ്രകാശം, വെളിച്ചം, ശോഭ بَيْنَ أَيْدِيهِمْ അവരുടെ മുന്നിലൂടെ وَبِأَيْمَٰنِهِم അവ
രുടെ വലതു ഭാഗങ്ങളിലും بُشْرَىٰكُمُ നിങ്ങളുടെ അനുമോദനം, സന്തോഷവാർത്ത
ٱلْيَوْمَ ഇന്ന് جَنَّٰتٌ ചില സ്വർഗങ്ങളാണ്, തോപ്പുകളാണ് تَجْرِى സഞ്ചരിക്കുന്ന, ഒഴുകും
مِن تَحْتِهَا അതിന്റെ അടിയിൽകൂടി ٱلْأَنْهَٰرُ അരുവി (നദി)കൾ خَٰلِدِينَ فِيهَا അതിൽ നിത്യ
(ശാശ്വത) വാസികളായ നിലക്ക് ذَٰلِكَ هُوَ അത് തന്നെയാണ് ٱلْفَوْزُ ഭാഗ്യം, വിജയം
ٱلْعَظِيمُ വമ്പിച്ച മഹത്തായ ﴾13﴿ يَوْمَ يَقُولُ പറയുന്ന ദിവസം ٱلْمُنَٰفِقُونَ കപടവിശ്വാ
സികൾ وَٱلْمُنَٰفِقَٰتُ കപടവിശ്വാസിനികളും لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് ٱنظُرُونَا
ഞങ്ങളെ നോക്കണേ, കാക്കണം نَقْتَبِسْ ഞങ്ങൾ പകർത്തിയെടുക്കട്ടെ (എടു
ത്തുപയോഗിക്കട്ടെ) مِن نُّورِكُمْ നിങ്ങളുടെ പ്രകാശത്തിൽനിന്ന് قِيلَ പറയപ്പെടും
ٱرْجِعُوا۟ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ وَرَآءَكُمْ നിങ്ങളുടെ പിന്നോട്ട്, പുറകിലേക്ക്
فَٱلْتَمِسُوا۟ എന്നിട്ടന്വേഷിക്കുവിൻ, തേടുക نُورًا വല്ല പ്രകാശവും فَضُرِبَ അപ്പോൾ
ഏർപ്പെടുത്ത(സ്ഥാപിക്ക- ആക്ക)പ്പെടും بَيْنَهُم അവർക്കിടയിൽ بِسُورٍ ഒരു മതിലി
നെ, മറയെ, അതിർത്തിയെ لَّهُۥ അതിനുണ്ട് بَابٌۢ ഒരു വാതിൽ بَاطِنُهُۥ അതിന്റെ ഉള്ള്
فِيهِ അതിലുണ്ട്, അതിലാണ് ٱلرَّحْمَةُ കാരുണ്യം, ദയവ് وَظَٰهِرُهُۥ അതിന്റെ പുറം, വെളി
ഭാഗം مِن قِبَلِهِ അതിന്റെ നേരിൽ (ഭാഗത്തിൽ) കൂടിയാണ് ٱلْعَذَابُ ശിക്ഷ ﴾14﴿
يُنَادُونَهُمْ അവർ അവരെ വിളിച്ചു പറയും أَلَمْ نَكُن ഞങ്ങൾ ആയിരുന്നില്ലേ مَّعَكُمْ നിങ്ങ
ളുടെ കൂടെ قَالُوا۟ അവർ പറയും بَلَىٰ ഇല്ലാതേ, അതെ, ശരി وَلَٰكِنَّكُمْ എങ്കിലും നിങ്ങൾ
فَتَنتُمْ നിങ്ങൾ കുഴപ്പത്തിലാക്കി أَنفُسَكُمْ നിങ്ങളുടെ ദേഹങ്ങളെ (നിങ്ങളെത്തന്നെ)
وَتَرَبَّصْتُمْ നിങ്ങൾ പ്രതീക്ഷിക്കുക (കാത്തിരിക്കുക)യും ചെയ്തു وَٱرْتَبْتُمْ നിങ്ങൾ
സന്ദേഹം വെക്കുക (സംശയപ്പെടുക)യും ചെയ്തു وَغَرَّتْكُمُ നിങ്ങളെ വഞ്ചിക്കു

കയും ചെയ്തു ٱلْأَمَانِىُّ വ്യാ(ദുർ)മോഹങ്ങൾ , കൊതികൾ حَتَّىٰ جَآءَ വരുവോളം, അങ്ങിനെ വന്നു أَمْرُ ٱللَّهِ അല്ലാഹുവിന്റെ കൽപന وَغَرَّكُم നിങ്ങളെ വഞ്ചിക്കു കയും ചെയ്തു بِٱللَّهِ അല്ലാഹുവിനെപ്പറ്റി ٱلْغَرُورُ (ആ) മഹാ വഞ്ചകൻ ﴾15﴿ فَٱلْيَوْمَ എനി (ആകയാൽ) ഇന്ന് لَا يُؤْخَذُ مِنكُمْ നിങ്ങളിൽനിന്ന് സ്വീകരിക്കപ്പെടുകയില്ല فِدْيَةٌ ഒരു തെണ്ടവും, മോചനമൂല്യവും, പ്രായശ്ചിത്തവും وَلَا مِنَ ٱلَّذِينَ യാതൊരു ത്തരിൽനിന്നും ഇല്ല كَفَرُوا അവിശ്വസിച്ച مَأْوَىٰكُمُ നിങ്ങളുടെ സങ്കേത (വാസ-വിശ്രമ- പ്രാപ്യ) സ്ഥാനം ٱلنَّارُ നരകമാകുന്നു هِىَ അത് مَوْلَىٰكُمْ നിങ്ങളുടെ ബന്ധു (യോജിച്ചത്- രക്ഷാധികാരി- യജമാനൻ) ആകുന്നു وَبِئْسَ വളരെ ചീത്ത, മോശം ٱلْمَصِيرُ(ആ) തിരിച്ചു (മടങ്ങി) ചെല്ലുന്ന സ്ഥാനം, തിരിച്ചെത്തൽ

പരലോകത്തുവെച്ച് സത്യവിശ്വാസികളുടെ മുമ്പിലും വലതുഭാഗത്തും ഉണ്ടാകുന്ന ആ പ്രകാശം എങ്ങനെയുള്ളതാണെന്ന് തീർത്ത് പറയുവാൻ നമുക്ക് സാധ്യമല്ല. സത്യവിശ്വാസികളുടെ മുഖങ്ങൾ അന്ന് വെളുത്തും തെളിഞ്ഞും പ്രസന്നമായും ഇരിക്കുമെന്നും, അവിശ്വാസികളുടെ മുഖങ്ങൾ അന്ന് കറുത്തിരുണ്ടും മ്ലാനവുമായിരിക്കുമെന്നും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. (80: 38 -40; 3: 106.) സജ്ജനങ്ങളുടെ നന്മതിൻമകൾ രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥം അവരുടെ മുമ്പിൽകൂടി വലതു കയ്യിലും, ദുർജനങ്ങളുടേത് അവരുടെ പിമ്പിൽകൂടി ഇടതുകയ്യിലും ആയിരിക്കും നൽകപ്പെടുക എന്ന് ക്വുർആനിലും ഹദീഥിലും പ്രസ്താവിക്കാറുള്ളതാണ്. (69: 19, 25; 84: 7, 10.) 'വുദ്വൂ'വിന്റെ അടയാളങ്ങൾ നിമിത്തം എന്റെ സമുദായത്തെ ക്വിയാമത്തുനാളിൽ കൈകാലുകൾ വെളുത്തവർ (ശോഭിക്കുന്നവർ) എന്ന് വിളിക്കപ്പെടും; ആകയാൽ നിങ്ങളിൽനിന്ന് മുഖം നീട്ടിക്കഴുകുവാൻ സാധിക്കുന്നവർ ചെയ്തുകൊള്ളട്ടെ' എന്ന് നബി തിരുമേനി ﷺ അരുളിച്ചെയ്തിരിക്കുന്നു. (ബു: മു.) 'ജനങ്ങൾക്ക് അവരുടെ കർമങ്ങളുടെ തോതനുസരിച്ച് -ചിലർക്ക് അതിവിശാലമായും, ചിലർക്ക് അതിന് താഴെയും, മറ്റ് ചിലർക്ക് വളരെ കുറഞ്ഞ നിലയിലും- പ്രകാശം ലഭിക്കുമെന്നും, അതിന്റെ സഹായത്തോടെ അവർ 'സ്വിറാത്വ്, (الصراط) കടന്നു പോകുമെന്നും * ഇബ്നു മസ്ഊദ് (റ)ൽ നിന്നും, ക്വത്താദഃ (റ)യിൽനിന്നുമുള്ള ചില 'രിവായത്തു' കളിലും വന്നിരിക്കുന്നു. അല്ലാഹുവിന്റെ സ്മരണവിട്ട് അന്ധരായി ജീവിക്കുന്നവരെ ക്വിയാമത്ത്നാളിൽ അന്ധൻമാരായി ഒരുമിച്ചുകൂട്ടുമെന്ന് സൂ: ത്വാഹാ 124 ലും കാണാം. 'അക്രമം ക്വിയാമത്ത്നാളിൽ അന്ധകാരങ്ങളായിരിക്കും' (ബു; മു.) എന്ന നബി വചനവും സ്മരണീയമാകുന്നു. സൽക്കർമങ്ങൾ ചെയ്യുന്ന സജ്ജനങ്ങൾക്ക് അവരുടേ

(*) സ്വർഗത്തിലേക്ക് പ്രവേശിക്കുവാനുള്ളതും, നരകത്തിന് മീതെയായി നീണ്ടുകിടക്കുന്നതുമായ ഒരു പാലമായിട്ടാണ് 'സ്വിറാത്വ്' (الصراط) എന്ന വാക്ക് ഹദീഥുകളിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. 'പാത, വഴി' എന്നൊക്കെയാണ് വാക്കർത്ഥം. സജ്ജനങ്ങൾ അതുവഴി അവരവരുടെ യോഗ്യതയനുസരിച്ച് വേഗതയിൽ സ്വർഗത്തിൽ പ്രവേശിക്കുമെന്നും, ദുർജനങ്ങൾ അത് കടക്കുവാൻ കഴിയാതെ നരകത്തിൽ വീഴ്ത്തപ്പെടുമെന്നും ഹദീഥുകളിൽ വന്നിരിക്കുന്നു.

തായ പ്രതിഫലവും പ്രകാശവും ഉണ്ടായിരിക്കുമെന്ന് താഴെ 19 -ാം വചനത്തിലും കാണാം.

സത്യവിശ്വാസികളുടെ പ്രകാശത്തെപ്പറ്റി ഏറെക്കുറെ മനസ്സിലാക്കുവാൻ ഇതെല്ലാം സഹായകമായിരിക്കും. നേരെമറിച്ച് അവിശ്വാസികൾക്കും, കപടവിശ്വാസികൾക്കും അനുഭവപ്പെടുന്ന ഇരുട്ടിനെക്കുറിച്ചും ഇതിൽനിന്നെല്ലാം ഊഹിക്കാവുന്നതാണ്. വെളിച്ചവും മാർഗദർശനവുമില്ലാതെ മഹ്ശറിൽവെച്ച് അന്ധാളിച്ച് നട്ടം തിരിയുന്ന കപടവിശ്വാസികൾ സത്യവിശ്വാസികളുടെ പ്രകാശം കാണുമ്പോൾ അവരോട് സഹായം തേടുന്നതും, അതിന് ലഭിക്കുന്ന മറുപടിയുമാണ് അല്ലാഹു ഈ വചനത്തിൽ വിവരിക്കുന്നത്. 'നിങ്ങൾ പിന്നോട്ട് മടങ്ങുവിൻ, എന്നിട്ട് വല്ലപ്രകാശവും, അന്വേഷിച്ചു കൊള്ളുവിൻ' (ارجعوا وراءكم الخ) എന്ന് പറഞ്ഞതിന്റെ താൽപര്യം, നിങ്ങൾ ഇഹലോകത്തേക്ക് മടങ്ങിനോക്കിൻ, അവിടെനിന്നാണ് പ്രകാശത്തിനുള്ള മാർഗങ്ങൾ സമ്പാദിക്കേണ്ടിയിരുന്നത്, അത് നിങ്ങൾ നഷ്ടപ്പെടുത്തി. എനി ഒന്നുകൂടി മടങ്ങിപ്പോയി അത് സമ്പാദിക്കുവാൻ നോക്കുക എന്നിങ്ങിനെയായിരിക്കാം. അല്ലെങ്കിൽ, നിങ്ങൾ വന്നവഴിക്കുതന്നെ പിമ്പോട്ടൊന്ന് മടങ്ങിപ്പോയി അന്വേഷിച്ചുനോക്കിൻ എന്നുമായിരിക്കാം. ഏതായാലും, നിങ്ങൾക്ക് ഇവിടെവെച്ച് പ്രകാശം ലഭിക്കുവാനില്ല എന്നാണ് മറുപടിയുടെ സാരം എന്ന് വ്യക്തമാണ്. ഇരുഭാഗക്കാർക്കും ഇടയിൽ സ്ഥാപിക്കപ്പെടുന്ന മതിൽ- അതിർത്തിമറ- എങ്ങനെയുള്ളതാണെന്നും നമുക്കറിഞ്ഞുകൂടാ. ഏതായാലും അതിന്റെ വാതിൽ കടന്നു ഉള്ളോട്ട് പോയാൽ അവിടെ സത്യവിശ്വാസികളും അവർക്ക് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന സ്വർഗാനുഗ്രഹങ്ങളും അതിന്റെ പിൻപുറത്ത് കപട വിശ്വാസികളും അവിശ്വാസികളും അവർക്ക് ലഭിക്കുന്ന നരക ശിക്ഷകളും ആയിരിക്കും ഉണ്ടാവുക. രണ്ടിനുമിടയിലുള്ള ഒരതിർത്തിയായിരിക്കും അത്.

'ഞങ്ങൾ നിങ്ങളുടെ ഒന്നിച്ചായിരുന്നില്ലേ? (الم نكن معكم) എന്ന് പറഞ്ഞത് ഇഹത്തിൽവെച്ച് കപടവിശ്വാസികൾ മുസ്ലിംവേഷമണിഞ്ഞ് ബാഹ്യത്തിൽ അവരോട് സമ്പർക്കം പുലർത്തികൊണ്ടിരുന്നതിനെ ഓർമിപ്പിച്ചുകൊണ്ടാണ്. പക്ഷേ, അവരുടെ യഥാർത്ഥനില ഇന്നിന്നപ്രകാരമായിരുന്നുവെന്നും, അതുകൊണ്ട് ഇവിടെവെച്ച് നമുക്ക് സഹകരിക്കുവാൻ നിവൃത്തിയില്ലെന്നും സത്യവിശ്വാസികൾ ഉത്തരം പറയുന്നു. 'നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു (تربصتم) എന്ന് പറഞ്ഞതിന്റെ സാരം, മുസ്ലിംകൾക്ക് ഏതെങ്കിലും വിധേന അപകടം പിണയുകയും, അങ്ങനെ തങ്ങൾക്ക് അവരിൽനിന്ന് രക്ഷനേടുകയും ചെയ്യാമെന്ന് കപടവിശ്വാസികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നുവെന്നത്രെ'. അല്ലെങ്കിൽ, സൽക്കർമങ്ങൾ ചെയ്യാനുള്ള അവസരങ്ങളെല്ലാം പാഴാക്കി പിന്നീടാക്കാമെന്ന് കാത്തിരുന്നു എന്നും ആയിരിക്കാം. الله أعلم 'അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെ' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മരണം വരെ എന്നും 'മഹാവഞ്ചകൻ' എന്നതിന്റെ ഉദ്ദേശ്യം പിശാച് എന്നുമാകുന്നു. കപടവിശ്വാസികളുടെ പര്യവസാനത്തെക്കുറിച്ച് പലതും പ്രസ്താവിച്ചശേഷം, സത്യവിശ്വാസികൾ എപ്പോഴും വളരെ ജാഗരൂകരായിരിക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം അവരുടെ ഭാവി വിനാശത്തിലേക്ക് നീങ്ങുമെന്നും അല്ലാഹു താക്കീത് ചെയ്യുന്നു:-

أَلَمْ يَأْنِ لِلَّذِينَ ءَامَنُوٓا۟ أَن تَخْشَعَ قُلُوبُهُمْ لِذِكْرِ ٱللَّهِ وَمَا نَزَلَ مِنَ ٱلْحَقِّ وَلَا يَكُونُوا۟ كَٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلُ فَطَالَ عَلَيْهِمُ ٱلْأَمَدُ فَقَسَتْ قُلُوبُهُمْ ۖ وَكَثِيرٌ مِّنْهُمْ فَٰسِقُونَ ﴿١٦﴾

﴾16﴿ വിശ്വസിച്ചവർക്ക് അല്ലാഹുവിന്റെ സ്മരണയിലേക്കും, അവതരിച്ചിട്ടുള്ള യഥാർത്ഥത്തിലേക്കും തങ്ങളുടെ ഹൃദയങ്ങൾ (ഒതുങ്ങി) വിനയപ്പെട്ടുവരുവാൻ സമയമായില്ലേ?!

മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ അവർ ആകാതിരിക്കുവാനും (സമയമായില്ലേ)?! എന്നിട്ട് അവരിൽ [വേദക്കാരിൽ] കാലം ദീർഘിച്ചു; അങ്ങനെ, അവരുടെ ഹൃദയങ്ങൾ കടുത്തുപോയി; അവരിൽ അധികമാളുകളും ദുർന്നടപ്പുകാരുമാകുന്നു. (എന്നതുപോലെ.)

﴾16﴿ أَلَمْ يَأْنِ സമയം (നേരം) ആയിട്ടില്ലേ لِلَّذِينَ ءَامَنُوٓا۟ വിശ്വസിച്ചവർക്ക് أَن تَخْشَعَ വിനയ (ഭക്തി)പ്പെടുവാൻ, ഒതുങ്ങുവാൻ قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ لِذِكْرِ ٱللَّهِ അല്ലാഹുവിന്റെ സ്മരണയിലേക്ക് (ഉപദേശത്തിലേക്ക്, ഉൽബോധനത്തിന്) وَمَا نَزَلَ ഇറങ്ങിയ (അവതരിച്ച)തിലേക്കും مِنَ ٱلْحَقِّ യഥാർത്ഥ (സത്യ) ത്തിൽനിന്ന് وَلَا يَكُونُوا۟ അവർ ആകാതിരിക്കുവാനും كَٱلَّذِينَ യാതൊരുവരെപ്പോലെ أُوتُوا۟ ٱلْكِتَٰبَ വേദഗ്രന്ഥം നൽകപ്പെട്ട مِن قَبْلُ മുമ്പ് فَطَالَ എന്നിട്ട് ദീർഘിച്ചു, നീണ്ടു عَلَيْهِمُ അവരിൽ ٱلْأَمَدُ കാലം فَقَسَتْ എന്നിട്ട് കടുത്തു, കടുപ്പമായി قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَكَثِيرٌ അധികമാളുകളും, പലരും مِّنْهُمْ അവരിൽ നിന്ന് فَٰسِقُونَ ദുർന്നടപ്പുകാരാണ്, തോന്നിയവാസികളാണ്

വളരെ ഗൗരവപൂർവ്വം മുസ്‌ലിംകൾ സദാ മനസ്സിരുത്തേണ്ടുന്ന ഒരു താക്കീതാണിത്. ക്വുർആൻ അവതരിച്ചുകൊണ്ടിരിക്കുന്നു; നബി തിരുമേനി ﷺ സത്യവിശ്വാസികൾക്കിടയിൽ ജീവിച്ചുവരുന്നു. അങ്ങനെയുള്ള അക്കാലത്ത്- മുസ്‌ലിം സമുദായത്തിന്റെ ഏറ്റവും ഉത്തമകാലത്ത്- സത്യവിശ്വാസികളിൽ ചിലരിൽനിന്നെങ്കിലും പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയ അനാസ്ഥയെക്കുറിച്ചാണല്ലോ ഈ വചനം ഇത്രയും ഗൗരവപൂർവ്വം താക്കീത് ചെയ്യുന്നത്! എന്നിരിക്കെ, ഇന്നത്തെ മുസ്‌ലിംകളുടെ നിലയെക്കുറിച്ച് ഒരു താക്കീത് വരികയാണെങ്കിൽ അത് എത്രമേൽ കഠോരമായിരിക്കും? ആലോചിച്ചു നോക്കുക!

ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ക്വത്താദഃ (റ) വഴി ഇബ്നു അബീഹാതിം (റ) നിവേദനം ചെയ്തിരിക്കുന്നു: 'സത്യവിശ്വാസികളുടെ ഹൃദയങ്ങൾക്ക് ഒരു മാന്ദ്യത ബാധിച്ചതായി അല്ലാഹു കണ്ടു. അതിനാൽ, ക്വുർആൻ

അവതരിച്ചു തുടങ്ങിയത് മുതൽ പതിമൂന്നുകൊല്ലക്കാലത്തിന്റെ തലക്കൽവെച്ച് അവരെ ആക്ഷേപിക്കുകയായി. അവൻ പറഞ്ഞു: ألم يأن للذين آمنوا الخ (സത്യവിശ്വാസികൾക്ക് സമയമായില്ലേ..........?!)' ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി, ഇമാം മുസ്ലിം (റ) ഇപ്രകാരം ഉദ്ധരിക്കുന്നു; 'സത്യവിശ്വാസികൾക്ക് സമയമായില്ലേ' എന്ന് തുടങ്ങുന്ന ഈ വചനം മുഖേന ഞങ്ങളെ ആക്ഷേപിച്ചതിനും, ഞങ്ങൾ ഇസ്ലാമിനെ അംഗീകരിച്ചതിനുമിടയിൽ നാല്സംവത്സരമല്ലാതെ ഉണ്ടായിട്ടില്ല.' ഇബ്നു മസ്ഊദ് (റ) തന്നെ പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള വേറൊരു രിവായത്തിന്റെ സാരം ഇതാണ്: 'നബിﷺയുടെ സ്വഹാബികൾ മദീനഃയിൽ വന്നപ്പോൾ അവർക്ക് ജീവിതത്തിൽ കുറച്ചൊക്കെ സൗഖ്യം ലഭ്യമായി. അവർ മുമ്പ് വലിയ വിഷമാവസ്ഥയിലായിരുന്നുവല്ലോ. അങ്ങനെ, അവരുടെ മുമ്പത്തെ നിലപാടിൽ അൽപമൊരു അയവ് വന്നുവെന്ന്തോന്നുന്നു. അതിനാൽ അവർ ഈ ആയത്ത് മൂലം ആക്ഷേപിക്കപ്പെട്ടിരിക്കുകയാണ്.' ഈ വചനം അവതരിക്കുവാനുള്ള സാഹചര്യം ഇതിൽ നിന്നെല്ലാം മനസ്സിലാക്കാമല്ലോ.

വളരെ അർത്ഥവത്തായ രണ്ട് കാര്യങ്ങളാണ് അല്ലാഹു ഇതിൽ സത്യവിശ്വാസികളെ ഓർമിപ്പിച്ചിരിക്കുന്നത്. (1) അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും ബോധവും നിലനിറുത്തുന്നതിലും, ക്വുർആന്റെ ഉൽബോധനങ്ങളും ഉപദേശങ്ങളും സ്വീകരിക്കുന്നതിലും ഒട്ടും അയവു വരാത്തവിധം സത്യവിശ്വാസികളുടെ ഹൃദയങ്ങൾ വിനയവും ഭക്തിയും നിറഞ്ഞതായിരിക്കുക.

(2) യഹൂദികളും ക്രിസ്ത്യാനികളുമാകുന്ന പൂർവ്വ വേദക്കാർ അവരുടെ ആദ്യകാലങ്ങളിൽ നേർമാർഗത്തിൽ ചരിച്ചുവെങ്കിലും, കാലക്രമേണ അവരുടെ ഹൃദയം ദുഷിച്ചുമരവിക്കുകയും തോന്നിയവാസത്തിൽ മുഴുകുകയും ചെയ്തതുപോലെ സത്യവിശ്വാസികളും ആയിത്തീരാതിരിക്കുവാൻ ശ്രമിക്കുക. രണ്ട് കാര്യങ്ങളും പരസ്പരം അഭേദ്യബന്ധമുള്ളതാണെന്നു കാണാം. അഥവാ അല്ലാഹുവിനെക്കുറിച്ചും, വേദഗ്രന്ഥത്തെക്കുറിച്ചുമുള്ള മതിപ്പും ഭക്തിയും കുറയുംതോറും വേദക്കാരുടെ അതേ നിലപാട് മുസ്ലിംകളിൽ കടന്നുകൂടുക സ്വാഭാവികമായിരിക്കും. വേദക്കാർ ചെയ്തതെന്താണ്? അവർ വേദഗ്രന്ഥങ്ങൾ മാറ്റി മറിച്ചു. സ്വാർത്ഥത്തിനും ഐഹികതാൽപര്യത്തിനും അനുസരിച്ചു നിയമങ്ങൾ ഭേദഗതിചെയ്തു. അതാതുകാലത്തെ ജനവികാരത്തിനനുസരിച്ച് മതമൂല്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തു; കള്ളകഥകളും പുത്തൻസിദ്ധാന്തങ്ങളും കെട്ടിച്ചമച്ചു; പുരോഹിതൻമാരെയും പണ്ഡിതൻമാരെയും റബ്ബുകളാക്കി; ഇച്ഛക്കൊത്തവണ്ണം ഗ്രന്ഥങ്ങൾ രചിക്കുകയും അവ ദൈവിക ഗ്രന്ഥങ്ങളായി ചിത്രീകരിക്കുകയും ചെയ്തു. ജീവിതത്തിന്റെ പല വശങ്ങളെയും മതത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി; അങ്ങനെ പലതും പലതും.!

ആയിരത്തിനാനൂറുകൊല്ലംമുമ്പ് -ഇസ്ലാമിന്റെ ആദ്യസംവത്സരങ്ങളിൽതന്നെ- അല്ലാഹു നൽകിയ ഈ താക്കീതും, അല്ലാഹുവിന്റെ റസൂൽ നൽകിയ താക്കീതുകളും വിലവെക്കാത്തതിൻഫലമായി ഇന്ന് മുസ്ലിം സമുദായം എവിടെ എത്തി

യെന്ന് ആലോചിച്ചു നോക്കുക! അതെ, നബി തിരുമേനിﷺയുടെ പ്രവചനം അക്ഷരം പ്രതി അവരിൽ പുലർന്നുകഴിഞ്ഞു! തിരുമേനിയുടെ പ്രവചനം ഇതാണ്: 'ഇസ്റാഈല്യരിൽ സംഭവിച്ചത് ചെരുപ്പിന് ചെരുപ്പെന്നോണം നിശ്ചയമായും എന്റെ സമുദായത്തിലും സംഭവിക്കും. എത്രത്തോളമെന്നുവെച്ചാൽ, അവരിൽ വല്ലവരും തന്റെ മാതാവിന്റെ അടുക്കൽ പരസ്യമായി (വ്യഭിചാരത്തിന്) ചെന്നിട്ടുണ്ടെങ്കിൽ, എന്റെ സമുദായത്തിലും അങ്ങനെ പ്രവർത്തിക്കുന്നവരുണ്ടാകും. ഇസ്റാഈല്യർ എഴുപത്തിരണ്ട് കക്ഷികളായി ഭിന്നിച്ചിരിക്കുന്നു. എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി ഭിന്നിച്ചേക്കും. അവരിൽ ഒന്നൊഴിച്ച് ബാക്കി എല്ലാവരും നരകത്തിലായിരിക്കും.' സ്വഹാബികൾ ചോദിച്ചു: 'റസൂലേ, ആ കക്ഷി ആരാണ്?' തിരുമേനി പറഞ്ഞു: ഞാനും എന്റെ സ്വഹാബികളും നിലക്കൊള്ളുന്ന പ്രകാരത്തിലുള്ളതാണ്' (തി). മറ്റൊരു ഹദീഥിൽ, കക്ഷികളെക്കുറിച്ച് പറഞ്ഞശേഷം തിരുമേനി ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'എന്റെ സമുദായത്തിൽ ചില ജനങ്ങൾ വഴിയെ പ്രത്യക്ഷപ്പെടും. പേപ്പട്ടിവിഷം തീണ്ടിയവനിൽ അത് പടർന്നുപിടിക്കുന്നത്പോലെ ആ തന്നിഷ്ടങ്ങൾ അവരിൽ പടർന്നുപിടിക്കും. അവന്റെ ഒരു അവയവവും ഒരു സന്ധിയും അത് പ്രവേശിക്കാതെ ബാക്കിയാവുകയില്ലല്ലോ.' (അ; ദാ) യാഥാസ്ഥിതിക ചേരിയിൽനിന്നും, പുരോഗമന ചേരിയിൽനിന്നും, പൊതുജനങ്ങളിൽനിന്നും, സ്ഥാപിതതാൽപര്യക്കാരായ പണ്ഡിതൻമാരിൽനിന്നുമെല്ലാം തന്നെ, ഇന്ന് മുസ്ലിംസമുദായത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന ചെയ്തികളെപ്പറ്റി അൽപമൊന്ന് ആലോചിക്കുന്നവർക്കെല്ലാം ഈ ഹദീഥുകളിലെ പ്രവചനവും, അതിനപ്പുറവും ഇന്ന് പുലർന്നു കഴിഞ്ഞതായി മനസ്സിലാകും. അല്ലാഹുവിൽ ശരണം!

ٱعْلَمُوٓا۟ أَنَّ ٱللَّهَ يُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ قَدْ بَيَّنَّا لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَعْقِلُونَ ﴿١٧﴾

﴾17﴿ നിങ്ങൾ അറിഞ്ഞുകൊള്ളുക: ഭൂമി നിർജ്ജീവമായതിനു ശേഷം അല്ലാഹു അതിനെ ജീവിപ്പിക്കുന്നു എന്ന്. തീർച്ചയായും, നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചു തന്നിരിക്കുന്നു, നിങ്ങൾ ബുദ്ധികൊടു(ത്തു ചിന്തി)ക്കുവാൻവേണ്ടി.

﴾17﴿ ٱعْلَمُوٓا۟ നിങ്ങൾ അറിഞ്ഞുകൊള്ളുക أَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്ന് يُحْىِ ജീവിപ്പിക്കുന്നു (എന്ന്) ٱلْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന് (നിർജ്ജീവാവസ്ഥക്ക്) ശേഷം قَدْ بَيَّنَّا നാം വിവരിച്ചിട്ടുണ്ട് لَكُمُ ٱلْـَٔايَـٰتِ നിങ്ങൾക്ക് ദൃഷ്ടാന്തങ്ങളെ لَعَلَّكُمْ تَعْقِلُونَ നിങ്ങൾ ബുദ്ധി (ചിന്ത) കൊടുക്കുവാൻ വേണ്ടി

വേദക്കാരിൽ പടർന്നുപിടിച്ച പേപ്പട്ടിവിഷം പോലെയുള്ള തന്നിഷ്ടങ്ങൾ മുസ്ലിംകളെ തീണ്ടാതിരിക്കണമെങ്കിൽ അല്ലാഹുവിന്റെ സ്മരണയും, അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥവും കൈവിടാതിരിക്കണമെന്ന് മേൽ വിവരിച്ചതിൽനിന്ന്

മനസ്സിലാക്കാം. ഒരു ഉപമയിൽകൂടി ആ വസ്തുത ഈ വചനത്തിൽ അല്ലാഹു സൂചിപ്പിക്കുന്നു. നിർജ്ജീവമായി ചൈതന്യമില്ലാതെ ഉണങ്ങിക്കിടക്കുന്ന ഭൂമിയിൽ മഴവർഷിച്ചാൽ അത് പച്ചപിടിച്ചു ജീവസ്സുള്ളതായി രൂപപ്പെടുന്നു. അതുപോലെയാണ് ഹൃദയത്തിന്റെ നിലയും. കടുത്തുചത്ത ഹൃദയങ്ങളിൽ അല്ലാഹുവിന്റെ സ്മരണയും ക്വുർആനുമാകുന്ന മഴ വർഷിച്ചുതുടങ്ങിയാൽ അവർക്ക് ജീവചൈതന്യം ഉണ്ടാകുന്നതും അവ നന്മകളെ ഉൽപാദിപ്പിക്കുന്നതുമായിരിക്കും. والله الموفق والمعين

إِنَّ ٱلْمُصَّدِّقِينَ وَٱلْمُصَّدِّقَٰتِ وَأَقْرَضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَٰعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ ﴿١٨﴾

وَٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦٓ أُو۟لَٰٓئِكَ هُمُ ٱلصِّدِّيقُونَ ۖ وَٱلشُّهَدَآءُ عِندَ رَبِّهِمْ لَهُمْ أَجْرُهُمْ وَنُورُهُمْ ۖ وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿١٩﴾

《18》 നിശ്ചയമായും, ദാനധർമം ചെയ്യുകയും, അല്ലാഹുവിന് നല്ലതായ കടം കൊടുക്കുകയും ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും (ആരോ) അവർക്ക് ഇരട്ടിച്ചു കൊടുക്കപ്പെടുന്നതാണ്; അവർക്ക് മാന്യമായ പ്രതിഫലവും ഉണ്ടായിരിക്കും.

《19》 യാതൊരുവൻ അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിച്ചുവോ, അക്കൂട്ടർ തന്നെയാണ്, തങ്ങളുടെ റബ്ബിന്റെ അടുക്കൽ 'സ്വിദ്ദീക്വു'കളും, ശഹീദു'കളും [സത്യസന്ധൻമാരും, രക്തസാക്ഷികളും].

അവർക്ക് അവരുടെതായ പ്രതിഫലവും, അവരുടെതായ പ്രകാശവും ഉണ്ടായിരിക്കും, യാതൊരുവർ അവിശ്വസിക്കുകയും, നമ്മുടെ ആയത്തു(ലക്ഷ്യം)കളെ വ്യാജമാക്കുകയും ചെയ്തുവോ, അക്കൂട്ടർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു.

《18》 إِنَّ ٱلْمُصَّدِّقِينَ നിശ്ചയമായും ദാനധർമം നൽകുന്ന പുരുഷൻമാർ وَٱلْمُصَّدِّقَٰتِ ദാനധർമം ചെയ്യുന്ന സ്ത്രീകളും وَأَقْرَضُوا കടം കൊടുക്കുകയും ചെയ്ത ٱللَّه അല്ലാഹുവിന് قَرْضًا حَسَنًا നല്ലതായ കടം يُضَٰعَفُ لَهُمْ അവർക്ക് ഇരട്ടിയായി കൊടുക്കപ്പെടും وَلَهُمْ അവർക്കുണ്ട് താനും أَجْرٌ كَرِيمٌ മാന്യമായ പ്രതിഫലം, കൂലി 《19》 وَٱلَّذِينَ ءَامَنُوا വിശ്വസിച്ചവർ بِٱللَّه അല്ലാഹുവിലും وَرُسُلِهِ അവന്റെ റസൂലുകളിലും, ദൂതൻമാരിലും أُو۟لَٰٓئِكَ هُمُ അക്കൂട്ടർ തന്നെയാണ് ٱلصِّدِّيقُونَ സ്വിദ്ദീക്വുകൾ,

സത്യസന്ധൻമാർ وَٱلشُّهَدَآءُ ശഹീദ് (രക്തസാക്ഷി)കളും عِندَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ لَهُمْ അവർക്കുണ്ട് أَجْرُهُمْ അവരുടെ പ്രതിഫലം وَنُورُهُمْ അവരുടെ പ്രകാശവും وَٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ وَكَذَّبُوا۟ വ്യാജമാക്കുകയും ചെയ്ത بِـَٔايَـٰتِنَآ നമ്മുടെ ആയത്ത് (ലക്ഷ്യദൃഷ്ടാന്തം)കളെ أُو۟لَـٰٓئِكَ അക്കൂട്ടർ أَصْحَـٰبُ ٱلْجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു

സത്യവിശ്വാസത്തിലും, സത്യനിഷ്ഠയിലും അടിയുറച്ച സത്യസന്ധൻമാർക്കാണ് 'സ്വിദ്ദീക്വു'കൾ എന്ന് പറയുന്നത്. സത്യമതത്തിനുവേണ്ടി ജീവനെ ബലിയർപ്പിച്ച രക്തസാക്ഷി -അഥവാ സത്യസാക്ഷി- കൾക്കാണ് 'ശഹീദു'കൾ എന്ന് പറയുന്നത്. സ്വിദ്ദീക്വിന്റെ സ്ഥാനം വിശ്വാസത്തിന്റെ ശക്തിയിൽനിന്നും, ശഹീദിന്റെ സ്ഥാനം ത്യാഗത്തിന്റെ ശക്തിയിൽനിന്നും ഉടലെടുക്കുന്നു. പ്രവാചകൻമാരുടെ പദവി കഴിച്ചാൽ മനുഷ്യന് എത്തിച്ചേരുവാൻ കഴിയുന്ന ഉന്നത പദവികളത്രെ അവ. പ്രവാചകപദവി മനുഷ്യന്റെ കർമഫലമായോ മറ്റോ ലഭിക്കുന്നതല്ല. അത് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവന്റെ കാരുണ്യംകൊണ്ട് മാത്രം ലഭിക്കുന്ന സ്ഥാനമാണ്. സ്വിദ്ദീക്വിന്റെയും ശഹീദിന്റെയും സ്ഥാനമാകട്ടെ, വിശ്വാസകർമങ്ങളുടെ ഫലമായി സത്യവിശ്വാസികൾക്കെല്ലാം ലഭിച്ചേക്കാവുന്നതുമാകുന്നു. 'അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിച്ചവർ തന്നെയാണ് സ്വിദ്ദീക്വുകളും, ശഹീദുകളും,' (والذين امنوا بالله ورسله الخ) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. പക്ഷേ, വിശ്വസിച്ചവരെല്ലാം സ്വിദ്ദീക്വും, ശഹീദും ആകുമെന്നോ, പ്രവർത്തനം കൂടാതെ വിശ്വാസം കൊണ്ടുമാത്രം ആ സ്ഥാനം നേടാമെന്നോ ഇതിനർത്ഥമില്ല. വിശ്വാസത്തിന് ദൃഢതയും പൂർണതയും ഉണ്ടെങ്കിൽ തദടിസ്ഥാനത്തിലുള്ള ജീവിതക്രമവും അതിന്റെ സഹജഗുണമായിരിക്കുന്നതാണ്. സത്യവിശ്വാസം കൂടാതെയുള്ള ഏത് ജീവിതക്രമത്തിനും- അത് എത്രമേൽ നല്ലതോ പ്രശംസനീയമോ ആയിരുന്നാൽ പോലും- അല്ലാഹുവിങ്കൽ പരിഗണനയില്ല താനും. 'അവിശ്വസിക്കുകയും നമ്മുടെ ആയത്തുകളെ വ്യാജമാക്കുകയും ചെയ്തവർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാണ്' (والذين كفروا وكذبوا الخ) എന്ന് പറഞ്ഞതിൽനിന്ന് തന്നെ ഇത് മനസ്സിലാക്കാം.

വിഭാഗം- 3

ٱعْلَمُوٓا۟ أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ

﴾20﴿ നിങ്ങൾ അറിഞ്ഞിരിക്കണം: ഐഹിക ജീവിതമെന്നത്, കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും, സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നുവെന്ന്.

كَمَثَلِ غَيْثٍ أَعْجَبَ ٱلْكُفَّارَ نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَكُونُ حُطَـٰمًا ۖ وَفِى ٱلْـَٔاخِرَةِ عَذَابٌ شَدِيدٌ وَمَغْفِرَةٌ مِّنَ ٱللَّهِ وَرِضْوَٰنٌ ۚ وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَـٰعُ ٱلْغُرُورِ ﴿٢٠﴾

(അതെ, കേവലം) ഒരു മഴയുടെ മാതിരി, അതിലെ [അതിൽ മുളച്ച] ചെടി കർഷകരെ ആശ്ചര്യപ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ടതിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് (ഉണങ്ങി) തുരുമ്പായിത്തീരുന്നു (എന്നപോലെ.) പരലോകത്തിലാകട്ടെ കഠിനമായ ശിക്ഷയും, അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും, പ്രീതിയും! ഇഹലോകജീവിതം, വഞ്ചനയുടെ (അഥവാ കൃത്രിമത്തിന്റെ) വിഭവമല്ലാതെ (മറ്റൊന്നും) അല്ല.

﴾20﴿ ٱعْلَمُوٓا۟ അറിയുവിൻ, നിങ്ങൾ അറിയണം أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا നിശ്ചയമായും ഐഹികജീവിതം (ആകുന്നു) എന്ന് لَعِبٌ കളിയാണ് (എന്ന്) وَلَهْوٌ വിനോദവും وَزِينَةٌ അലങ്കാരവും, ഭംഗിയും وَتَفَاخُرٌ ദുരഭിമാനം (പെരുമ- പത്രാസ്) നടിക്കലും بَيْنَكُمْ നിങ്ങൾക്കിടയിൽ, തമ്മിൽ وَتَكَاثُرٌ പെരുപ്പം (ആധിക്യം) നടിക്കലും فِى ٱلْأَمْوَٰلِ സ്വത്തുക്കളിലും وَٱلْأَوْلَـٰدِ സന്താനങ്ങളിലും كَمَثَلِ غَيْثٍ ഒരു മഴയുടെ മാതിരി أَعْجَبَ ٱلْكُفَّارَ കർഷകരെ ആശ്ചര്യപ്പെടുത്തി نَبَاتُهُۥ അതിന്റെ ചെടി, സസ്യം, മുള ثُمَّ يَهِيجُ പിന്നെ അതുവാടി (ഉണങ്ങി, ഇളക്കംപറ്റി) പ്പോകുന്നു فَتَرَىٰهُ എന്നിട്ട് നീ അതിനെ കാണുന്നു, കാണാം مُصْفَرًّا മഞ്ഞവർണമുള്ളതായി ثُمَّ يَكُونُ പിന്നെ അതാകുന്നു حُطَـٰمًا തുരുമ്പ്, നുറുങ്ങ്, ചവറ് وَفِى ٱلْـَٔاخِرَةِ പരലോകത്തിലാകട്ടെ عَذَابٌ شَدِيدٌ കഠിനശിക്ഷയാണ് وَمَغْفِرَةٌ പാപമോചനവും مِّنَ ٱللَّهِ അല്ലാഹുവിങ്കൽനിന്ന് وَرِضْوَٰنٌ പ്രീതിയും, പൊരുത്തവും وَمَا ٱلْحَيَوٰةُ ٱلدُّنْيَآ ഐഹികജീവിതമല്ല إِلَّا مَتَـٰعُ വിഭവം (ചരക്ക്, ഉപകരണം) അല്ലാതെ ٱلْغُرُورِ വഞ്ചന (ചതി)യുടെ, കൃത്രിമത്തിന്റെ

ഐഹികജീവിത്തിന്റെ ആകെത്തുകയും, അതിന്റെ യഥാർത്ഥ നിലപാടും അല്ലാഹു ഈ വചനത്തിൽ വിവരിച്ചിരിക്കുന്നു. യാതൊരു വിശദീകരണവും ആവശ്യമില്ലാത്തവിധം അത് സ്പഷ്ടവുമാകുന്നു. തുടർന്നുകൊണ്ട് പരലോകത്ത് ലഭിക്കുവാനുള്ളത് എന്തെല്ലാമാണെന്നും ചൂണ്ടിക്കാട്ടുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ഭൗതിക വാദംവെച്ച് പുലർത്തുന്നവർ ഇരിക്കട്ടെ, കേവലം ഭൗതികവാദികള

ല്ലാത്ത ചില ആളുകൾപോലും അവരുടെ ചില പ്രസ്താവനകളിൽ ഐഹിക ജീവിതത്തെയും, പാരത്രിക ജീവിതത്തെയും ഒരേ അളവ് കോലുകൊണ്ട് അളന്നും, ഒരേ കട്ടികൊണ്ട് തൂക്കിയും വിലയിരുത്തുന്നത്കാണാം. മറ്റ് ചിലരുടെ പ്രസ്താവനകൾ കാണുമ്പോൾ, അല്ലാഹുവും റസൂലും മനുഷ്യന്റെ വിജയമായി കണക്കാക്കുന്നത് ഐഹിക ജീവിതത്തിന്റെ വിജയം മാത്രമാണെന്നും തോന്നിപ്പോകും. ഇങ്ങനെയുള്ളവരെല്ലാം ഈ ക്വുർആൻ വചനവും, ഇതുപോലെയുള്ള മറ്റ് പല ക്വുർആൻ വചനങ്ങളും തുറന്ന മനസ്സോടെ ശ്രദ്ധിക്കേണ്ടതാകുന്നു. അതുപോലെത്തന്നെ കലയുടെയോ, കായികാഭ്യാസത്തിന്റെയോ, സൗന്ദര്യാസ്വാദനത്തിന്റെയോ മറ്റോ പേരുകളിൽ ഇന്ന് പ്രചുരപ്രചാരത്തിലിരിക്കുന്ന കളിവിനോദങ്ങൾക്കും, കാലത്തിനൊത്ത് ജീവിതനിലവാരം ഉയർത്തേണ്ടതാണെന്നും മറ്റുമുള്ള ന്യായീകരണങ്ങളോടെ സർവ്വത്ര കാണപ്പെടുന്ന ആഡംബര തൽപരതക്കും ഇസ്‌ലാമിന്റെ അംഗീകാരംകൂടി വാങ്ങിക്കൊടുക്കുവാൻ വെമ്പൽകൊള്ളുന്ന പുരോഗമനവാദികളും ഇത്തരം വചനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഐഹിക സുഖങ്ങളെല്ലാം വർജിക്കണമെന്നോ, പാടില്ലാത്തതാണെന്നോ ഇപ്പറഞ്ഞതിന് അർത്ഥമാക്കേണ്ടതില്ല. അത്യാവശ്യമായ അളവിൽ മാത്രം വിനിയോഗിക്കുക, ഉപയോഗിക്കുന്നതെല്ലാം അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്കനുസരിച്ചും, പാരത്രിക നന്മക്ക് ഉതകുന്ന വിധത്തിലും ആയിരിക്കുക, ഇതാണ് വേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പരലോകത്തേക്ക് സമ്പാദിക്കുവാനുള്ള വിളനിലമായിട്ടാണ് ഐഹികജീവിതത്തെ കണക്കാക്കേണ്ടത്.

ഭൗതിക ജീവിതത്തിന്റെ പ്രാധാന്യം ബാഹ്യദൃഷ്ടിയിൽ എന്തുതന്നെ ആയിരുന്നാലും ശരി- ഉപമാരൂപത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ- യഥാർത്ഥത്തിൽ അത് നശ്വരവും ക്ഷണികവുമാണല്ലോ. പിന്നീടുള്ളത് ശാശ്വതമായ പരലോകജീവിതമാണ്. അവിടെയാണെങ്കിൽ, ഒന്നുകിൽ കഠിനശിക്ഷ; അല്ലെങ്കിൽ അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും. അഥവാ ഐഹിക ജീവിതത്തിൽ വഞ്ചിതരായവർക്ക് കഠിനശിക്ഷയും, അതിൽ വഞ്ചിതരാകാതെ രക്ഷപ്പെട്ടവർക്ക് പാപമോചനവും പ്രീതിയുമായിരിക്കും. ഇതിൽ ഏത് വേണമെന്ന് ഓരോരുത്തനും സ്വയം തീരുമാനിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് സാരം. ആർക്കും അമളി പിണയാതിരിക്കുവാൻ വേണ്ടി 'ഐഹിക ജീവിതം വഞ്ചനയുടെ വിഭവം- അഥവാ കള്ളച്ചരക്ക്- മാത്രമാണ്.' (وما الحياة الدنيا إلا متاع الغرور) എന്നൊരു താക്കീതും അല്ലാഹു നൽകിയിരിക്കുന്നു. പോരാ, പാപമോചനവും പ്രീതിയും അനുഭവിക്കുവാൻ മുന്നോട്ട് വരണമെന്ന് വാൽസല്യപൂർവ്വം തുടർന്നുള്ള വചനത്തിൽ ക്ഷണിക്കുകയും ചെയ്യുന്നു:-

سَابِقُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ ٱلسَّمَآءِ وَٱلْأَرْضِ

﴿21﴾ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും, ഒരു സ്വർഗത്തിലേക്കും മുൻകടന്നുവരുവിൻ! അതിന്റെ [ആ സ്വർഗത്തിന്റെ] വിസ്താരം ആകാശത്തിന്റെയും, ഭൂമിയുടെയും വിസ്താരം പോലെയാകുന്നു;

أُعِدَّتْ لِلَّذِينَ ءَامَنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢١﴾

അല്ലാഹുവിലും, അവന്റെ റസൂലുകളിലും വിശ്വസിച്ചവർക്കു വേണ്ടി അത് തയ്യാറാക്കപ്പെട്ടിരിക്കുന്നു. അത്, അല്ലാഹുവിന്റെ ദയവത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹുവാകട്ടെ, മഹത്തായ ദയവുള്ളവനുമാകുന്നു.

﴿**21**﴾ سَابِقُوٓا۟ മുൻകടക്കുവിൻ, മുമ്പോട്ട് വരിൻ, മൽസരിച്ചു വരുവിൻ إِلَىٰ مَغْفِرَةٍ പാപമോചനത്തിലേക്ക് مِّن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള وَجَنَّةٍ ഒരു സ്വർഗത്തിലേക്കും عَرْضُهَا അതിന്റെ വിസ്താരം, വിശാലത, വീതി كَعَرْضِ ٱلسَّمَآءِ ആകാശത്തിന്റെ വിസ്താരം പോലെയാണ് وَٱلْأَرْضِ ഭൂമിയുടെയും أُعِدَّتْ അത് ഒരുക്ക (തയ്യാറാക്ക)പ്പെട്ടിരിക്കുന്നു لِلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർക്ക് بِٱللَّهِ അല്ലാഹുവിൽ وَرُسُلِهِۦ അവന്റെ റസൂലുകളിലും ذَٰلِكَ അത് فَضْلُ ٱللَّهِ അല്ലാഹുവിന്റെ ദയവ് (അനുഗ്രഹം)ആകുന്നു يُؤْتِيهِ അവനത് കൊടുക്കുന്നു, നൽകും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَٱللهُ അല്ലാഹു ذُو ٱلْفَضْلِ ദയവുള്ളവനാണ് ٱلْعَظِيمِ മഹത്തായ

സ്വർഗം എന്ന് പറയുന്നത് കേവലം ഒരു വമ്പിച്ച കെട്ടിടമോ വലിയ തോട്ടമോ അല്ല. അത് ആകാശഭൂമികളോളം വിസ്തൃതിയുള്ള അതിവിശാലമായ ഒരു മഹാലോകമാകുന്നു. പ്രസ്തുത സ്വർഗീയ ജീവിതം ലഭിക്കുവാനും, അതിൽ പ്രവേശനം ലഭിക്കേണ്ടതിന് അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനം വഴി അർഹത നേടുവാനും ഓരോരുത്തരും ഞാൻ മുമ്പിലാവണമെന്ന ആവേശത്തോടെ മുമ്പോട്ടുവരണം എന്ന് അല്ലാഹു ഉപദേശിക്കുന്നു. അഥവാ അതിനായി അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, ദുഷ്ക്കർമങ്ങൾ വെടിയുകയും ചെയ്യുന്നതിൽ അമാന്തം വരുത്താതെ സദാ ഉൽസുകരായിരിക്കണം എന്ന് താൽപര്യം. സൂ: ആലുഇംറാനിൽ സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

وَٱتَّقُوا۟ ٱلنَّارَ ٱلَّتِىٓ أُعِدَّتْ لِلْكَٰفِرِينَ ﴿١٣١﴾ وَأَطِيعُوا۟ ٱللَّهَ وَٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿١٣٢﴾ ۞

وَسَارِعُوٓا۟ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا ٱلسَّمَٰوَٰتُ وَٱلْأَرْضُ أُعِدَّتْ لِلْمُتَّقِينَ ﴿١٣٣﴾

(........... അവിശ്വാസികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിട്ടുള്ള നരകത്തെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുവാൻവേണ്ടി അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും, സ്വർഗത്തിലേക്കും ധൃതിപ്പെട്ടുവരുകയും ചെയ്യുവിൻ. അതിന്റെ വിസ്താരം ആകാശങ്ങളും ഭൂമിയും (കൂടിയത്ര) ആകുന്നു. അത് ഭയഭക്തൻമാർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു. (ആലുഇംറാൻ:

131- 133.) തുടർന്നുകൊണ്ട് ഭയഭക്തൻമാരുടെ സ്വഭാവഗുണങ്ങൾ അവിടെ എടുത്തുപറയുകയും ചെയ്തിരിക്കുന്നു.

അല്ലാമാ സയ്യിദ്ക്വുത്വുബ് ചൂണ്ടിക്കാട്ടിയതുപോലെ, സ്വർഗത്തിന്റെ വിശാലതയെക്കുറിച്ച് ക്വുർആനിലും ഹദീഥിലും കാണുന്ന ഇതുപോലെയുള്ള പ്രസ്താവനകളെ മുൻകാലത്ത്- ശാസ്ത്രം ഇന്നത്തെപ്പോലെ വികസിച്ചിട്ടില്ലാത്തതുകൊണ്ട്- കേവലം ചില അലങ്കാരപ്രയോഗങ്ങളായി ചില ആളുകൾ ഗണിച്ചുവന്നിരുന്നു. എന്നാൽ, ഉപരിയാകാശമണ്ഡലത്തിന്റെ അനന്തവിദൂരത ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുള്ള ഇക്കാലത്ത് ഇങ്ങനെയുള്ള പ്രസ്താവനകളെ നേർക്കുനേരെത്തന്നെ വിലയിരുത്തുവാൻ ശാസ്ത്രജ്ഞൻമാർക്ക്പോലും വൈമനസ്യം ആവശ്യമില്ലാതെയാണിരിക്കുന്നത്.

അല്ലാഹുവിലും റസൂലുകളിലും വിശ്വസിക്കുന്നവർക്കുവേണ്ടിയാണ് സ്വർഗം തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്ന് ഈ ആയത്തിലും, ഭയഭക്തൻമാർക്കുവേണ്ടിയാണെന്ന് ആലുഇംറാനിലെ ആയത്തിലും അല്ലാഹു പ്രസ്താവിച്ചു. നരകം തയ്യാറാക്കപ്പെട്ടിട്ടുള്ളത് അവിശ്വാസികൾക്കുവേണ്ടിയാണെന്ന് ആലുഇംറാനിലെ ആയത്തിലും, അൽബക്വറഃ 24ലും പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ, സത്യവിശ്വാസികളിൽതന്നെ ശിക്ഷാർഹമായ പാപങ്ങൾ ചെയ്തവരുടെ സ്ഥിതി എന്തായിരിക്കുമെന്ന് ചോദിക്കപ്പെട്ടേക്കാം. ആ പാപങ്ങൾക്ക് ശിക്ഷ അവർ നരകത്തിൽ വെച്ച് അനുഭവിക്കേണ്ടിവരികയും, അതവസാനിച്ചശേഷം അവർക്ക് ശാശ്വതമായ സ്വർഗീയ ജീവിതം നൽകപ്പെടുകയും ചെയ്യുന്നതാണെന്ന് പല നബിവചനങ്ങളിൽനിന്നും വ്യക്തമായി അറിയപ്പെട്ടതാകുന്നു. ആലുഇംറാനിലെ ആയത്തിൽ 'ഭയഭക്തൻമാർക്കുവേണ്ടി' എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിൽ, ഇവിടെ 'അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിച്ചവർക്കുവേണ്ടി' എന്നാണല്ലോ പറഞ്ഞിട്ടുള്ളതും. അപ്പോൾ സ്വർഗം ലഭിക്കുന്നതിനുള്ള അടിസ്ഥാനമാനദണ്ഡം സത്യവിശ്വാസമാണെന്നും, സത്യവിശ്വാസം നഷ്ടപ്പെട്ടിട്ടില്ലാത്തവർക്ക്-അവർ പാപികളാണെങ്കിലും-തങ്ങളുടെ ശിക്ഷാവധിക്കുശേഷം സ്വർഗം ലഭിക്കാതിരിക്കുകയില്ലെന്നുംഇതിൽ നിന്ന് മനസ്സിലാക്കാം. സത്യവിശ്വാസം (الإيمان) എന്നത് വിശ്വാസവും അതനുസരിച്ചുള്ള പ്രവർത്തനവും ചേർന്നതിന് മാത്രമുള്ള പേരാണെന്നും സത്യവിശ്വാസം സ്വീകരിച്ചശേഷം കർമപരമായി മഹാപാപം ചെയ്തവരെല്ലാം അവിശ്വാസികളായിരിക്കുമെന്നും വാദിക്കുന്ന 'മുഅ്തസിലഃ' മുതലായ ചില തൽപരകക്ഷികൾക്ക് മാത്രമേ ഇതിൽ ഭിന്നാഭിപ്രായമുള്ളൂ. എന്നാൽ, الإيمان بالله (അല്ലാഹുവിൽ വിശ്വസിക്കുക എന്ന് അർത്ഥം വരുമാറ് ب എന്ന അവ്യയം ചേർത്ത് 'അൽഈമാനുബില്ലാഹി') എന്ന് പറയുമ്പോൾ അത് മനസ്സുകൊണ്ടുള്ള വിശ്വാസത്തെയല്ലാതെ കുറിക്കുകയില്ലെന്നും, ഇത് മുഅ്തസിലീകളും സമ്മതിക്കുന്ന വസ്തുതയാണെന്നും ഇമാംറാസീ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ ആയത്തിലും അങ്ങനെ (بالله ورسوله) എന്ന് തന്നെയാണല്ലോ ഉള്ളതും. (സൂ: സുമർ 53 ന്റെയും, സൂ: ഹുജുറാത്ത് 14 ന്റെയും വിവരണങ്ങളും നോക്കുക.)

മറ്റൊരു സംഗതിയും ഈ വചനത്തിൽനിന്നും മറ്റു ചില വചനങ്ങളിൽനിന്നുമായി മനസ്സിലാക്കാം. സത്യവിശ്വാസികൾക്ക് സ്വർഗം നൽകുന്നത് അല്ലാഹുവിന്റെ മേൽ നിർബന്ധമുള്ളതോ, അവനോട് ഹേമിച്ചുവാങ്ങുവാൻ അവകാശപ്പെട്ടതോ

അല്ല. അതെ, 'അത് അല്ലാഹുവിന്റെ ദയവാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു. അല്ലാഹു മഹത്തായ ദയവുകാരനാകുന്നു'.(ذلك فضل الله يؤتيه من يشاء الخ) നബിﷺ പറയുന്നു: 'നിങ്ങളിൽ ഒരാളെയും- എന്നെയും തന്നെ- തന്റെ കർമം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല, അവനെ നരകത്തിൽനിന്ന് രക്ഷിക്കുകയുമില്ല, അല്ലാഹുവിന്റെ കാരുണ്യംകൊണ്ടല്ലാതെ.' (മു) ഇത്പോലെ ബുഖാരിയുടെ ഹദീഥിലും കാണാം. സൽക്കർമങ്ങൾ ചെയ്തവർക്ക് സ്വർഗം നൽകുമെന്നും, ശിക്ഷയിൽനിന്ന് രക്ഷകിട്ടുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് ശരിയാണ്. അതവൻ തികച്ചും നിറവേറ്റുകയും ചെയ്യും. അത് തന്റെ ബാധ്യതയാണെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. അതിൽ സംശയമേ ഇല്ല. എന്നാൽ, മനുഷ്യൻ ചെയ്യുന്ന കർമങ്ങൾ നമുക്ക് അറിയാവുന്നതോ അല്ലാത്തതോ ആയ കാരണങ്ങളാൽ അല്ലാഹുവിന്റെ അടുക്കൽ ഒരു പക്ഷേ, സ്വീകാര്യമായില്ലെന്ന് വരാം. അതുകൊണ്ടാണ് 'ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽനിന്ന് സ്വീകരിക്കേണമേ' (ربنا تقبل منا) എന്നതുപോലുള്ള പ്രാർത്ഥനകൾ നാം ചെയ്യുന്നതും, ചെയ്യേണ്ടിവന്നതും. മാത്രമല്ല, ലോകസ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്റെ കൽപന അനുസരിച്ച് ജീവിക്കുകയെന്നത് നമ്മുടെമേൽ നിർബന്ധമായ ഒരു കടമയുമാണല്ലോ. എനി, ഒരാൾ എത്രതന്നെ പരിശുദ്ധമായ ജീവിതം നയിച്ചാലും അത് കേവലം ഒരു പരിമിതമായ അളവിലും കാലത്തിലുമായിരിക്കുവാനേ നിവൃത്തിയുള്ളൂ. സ്വർഗീയാനുഗ്രഹങ്ങളാകട്ടെ, ഐഹികജീവിതത്തെ അതുമായി താരതമ്യം ചെയ്യാൻ പോലും സാധ്യമല്ല. അത്രയും വമ്പിച്ചതും കാലാകാലം നിലനിൽക്കുന്നതുമാണ്. 'സ്വർഗത്തിൽ ഒരു ചമ്മട്ടിയുടെ സ്ഥലം ഇഹലോകത്തെയും അതിലുള്ളവയെയുംകാൾ ഉത്തമമായതാണ്' (ബു) എന്നത്രെ നബിﷺ അരുളിച്ചെയ്തിരിക്കുന്നത്. ചുരുക്കിപറഞ്ഞാൽ, സജ്ജനങ്ങൾക്ക് അല്ലാഹു സ്വർഗം നൽകുകയും, അവരെ നരകത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യും.' എന്നാലത്, അവന്റെ വാഗ്ദാനമെന്ന നിലക്കും, അവന്റെ ഔദാര്യവും, ദയവും, അനുഗ്രഹവും എന്ന നിലക്കുമാണ്. അവന്റെ മേലുള്ള നിർബന്ധകടമ എന്ന നിലക്കല്ല. അവനോട് അവകാശം പറഞ്ഞോ നിർബന്ധപൂർവ്വമോ അത് വാങ്ങുവാൻ ആർക്കും അർഹതയും അധികാരവും, കഴിവും ഇല്ല.

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَـٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ٢٢

(22) ഭൂമിയിലാകട്ടെ, നിങ്ങളിൽ [നിങ്ങളുടെ ദേഹങ്ങളിൽ] തന്നെയാകട്ടെ ഏതൊരു ബാധയും (അഥവാ ആപത്തും)- നാം അതിനെ സൃഷ്ടിക്കുന്നതിനു മുമ്പായി അതൊരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതെ- ബാധിക്കുകയില്ല. നിശ്ചയമായും അത് [ആ രേഖപ്പെടുത്തൽ] അല്ലാഹുവിന്റെമേൽ നിസ്സാരമാകുന്നു.

لِّكَيْلَا تَأْسَوْا۟ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا۟ بِمَآ ءَاتَىٰكُمْ ۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿٢٣﴾

﴿23﴾ നിങ്ങൾക്ക് (ലഭിക്കാതെ) പാഴായിപ്പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങൾ ആഹ്ലാദം കൊള്ളാതിരിക്കുവാനും വേണ്ടിയത്രെ (അങ്ങനെ ചെയ്തത്). ദുരഭിമാനിയായ, പൊങ്ങച്ചക്കാരനായ എല്ലാവരെയും [ഒരാളെയും] അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

ٱلَّذِينَ يَبْخَلُونَ وَيَأْمُرُونَ ٱلنَّاسَ بِٱلْبُخْلِ ۗ وَمَن يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٢٤﴾

﴿24﴾ അതായത്, പിശുക്ക് കാണിക്കുകയും, പിശുക്ക് കാണിക്കുവാൻ മനുഷ്യരോട് കൽപിക്കുകയും ചെയ്യുന്നവരെ. ആരെങ്കിലും പിൻതിരിഞ്ഞു പോകുന്നപക്ഷം, നിശ്ചയമായും അല്ലാഹു ധന്യനും സ്തുത്യർഹനുമത്രെ.

﴿22﴾ مَآ أَصَابَ ബാധിക്കുകയില്ല مِن مُّصِيبَةٍ ഒരു ബാധയും, ആപത്തും (തന്നെ) فِى ٱلْأَرْضِ ഭൂമിയിൽ وَلَا فِىٓ أَنفُسِكُمْ നിങ്ങളുടെ ദേഹങ്ങളിലും (നിങ്ങളിൽ തന്നെയും) ഇല്ല إِلَّا فِى كِتَٰبٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഇല്ലാതെ مِّن قَبْلِ മുമ്പായി أَن نَّبْرَأَهَآ അതിനെ നാം സൃഷ്ടിക്കുന്നതിന്റെ إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى ٱللَّهِ അല്ലാഹുവിന്റെമേൽ يَسِيرٌ നിസ്സാരമാണ്, എളുപ്പമാണ് ﴿23﴾ لِّكَيْلَا تَأْسَوْا۟ നിങ്ങൾ സങ്കട(വ്യസന)പ്പെടാതിരിക്കുവാൻ വേണ്ടി عَلَىٰ مَا യാതൊന്നിന്റെ പേരിൽ فَاتَكُمْ നിങ്ങൾക്ക് പാഴായി (ഒഴിവായി)പ്പോയ وَلَا تَفْرَحُوا۟ നിങ്ങൾ ആഹ്ലാദം (സന്തോഷം) കൊള്ളാതെയും بِمَآ ءَاتَىٰكُمْ അവൻ നിങ്ങൾക്ക് നൽകിയതിൽ, തന്നതുകൊണ്ട് وَٱللَّهُ അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുന്നില്ല, സ്നേഹിക്കുകയില്ല كُلَّ مُخْتَالٍ എല്ലാ (ഓരോ) പൊങ്ങച്ചക്കാരനെ (അഹങ്കാരിയെ- പത്രാസു കാട്ടുന്നവനെ)യും فَخُورٍ ദുരഭിമാനിയായ, പെരുമനടിക്കുന്നവനും ﴿24﴾ ٱلَّذِينَ يَبْخَلُونَ അതായത് പിശുക്ക് കാണിക്കുന്നവർ وَيَأْمُرُونَ കൽപിക്കുക (ഉപദേശിക്കുക)യും ചെയ്യുന്ന ٱلنَّاسَ മനുഷ്യരോട്, മനുഷ്യരെ بِٱلْبُخْلِ പിശുക്ക് (ലുബ്ധ്) കാണിക്കുന്നതിന് وَمَن يَتَوَلَّ ആരെങ്കിലും തിരിഞ്ഞുപോയാൽ فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു هُوَ അവൻ ٱلْغَنِىُّ ധന്യൻ, അനാശ്രയനാകുന്നു ٱلْحَمِيدُ സ്തുത്യർഹനായ, സ്തുതിക്കപ്പെടുന്നവനാണ്

ഭൂമിയിലോ മനുഷ്യരിലോ ബാധിക്കുന്ന രോഗം, ക്ഷാമം തുടങ്ങിയ ഏതൊരു ബാധയും അത് രൂപംകൊള്ളുന്നതിന് മുമ്പുതന്നെ ഒരു രേഖാഗ്രന്ഥത്തിൽ അല്ലാഹു രേഖപ്പെടുത്തി വെക്കാത്തതായിട്ടില്ല എന്ന് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. 'ഏതൊരു ബാധയും' (من مصيبة) എന്ന വാക്കിൽ ചെറുതോ, വലുതോ, പൊതുവായതോ, പ്രത്യേകമായതോ ആയ എല്ലാതരം ബാധകളും ഉൾപ്പെടുന്നു. എല്ലാം അല്ലാഹു മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വരുമ്പോൾ, ഓരോന്നും സംഭവിക്കുന്നതിന് മുമ്പുതന്നെ- അത് ഇന്നിന്നപ്രകാരത്തിലായിരിക്കുമെന്ന്- അല്ലാഹു ശരിക്കും അറിഞ്ഞിരിക്കുമെന്നും നിർണയിച്ചിരിക്കുമെന്നും വ്യക്തമാണ്. ഇസ്‌ലാമിലെ മൗലികപ്രധാനമായ വിശ്വാസസിദ്ധാന്തങ്ങളിൽ ഒന്നത്രെ ഇത്. ഇതിനെക്കുറിച്ചാണ് അല്ലാഹുവിന്റെ 'ക്വദ്വാ-ക്വദ്റി'ലുള്ള (വിധിവ്യവസ്ഥയിലുള്ള) വിശ്വാസം എന്ന് പറയുന്നത്.

من قبل أن نبرأها (നാം അതിനെ സൃഷ്ടിച്ചുണ്ടാക്കുന്നതിനുമുമ്പ്) എന്ന വാക്കിൽ 'അതിനെ' (ها) എന്ന സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം അതിനുമുമ്പ് പറയപ്പെട്ട 'ബാധ' (مصيبة) ആയിരിക്കുവാനാണ് കൂടുതൽ സാധ്യത. എങ്കിലും, അത് 'ഭൂമി' (الأرض)യെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ 'നിങ്ങളുടെ ദേഹങ്ങളെ' (أنفسكم) ഉദ്ദേശിച്ചോ ആയിരിക്കുന്നതിനും വിരോധമില്ല. ഈ മൂന്നിൽ ഏതൊന്നായിരുന്നാലും വിഷയത്തിൽ മാറ്റം നേരിടുവാനില്ല. കാരണം, അതത് ബാധകൾ രൂപം കൊള്ളുന്നതിന് മുമ്പായാലും, ഭൂമിയെ സൃഷ്ടിക്കുന്നതിന് മുമ്പായാലും, മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുമ്പായാലും- ഏതായാലും ശരി- നേരത്തെ ഒരു ഗ്രന്ഥത്തിൽ അവയെ രേഖപ്പെടുത്തിക്കഴിഞ്ഞതിന്റെ ശേഷമേ ഓരോ ബാധയും ഇവിടെ ബാധിക്കുന്നുള്ളൂ എന്ന് സ്പഷ്ടമാണല്ലോ. എല്ലാ കാര്യവും അല്ലാഹു മുൻകൂട്ടി അറിയുമെന്നും, ഓരോന്നും ഇന്നിന്നപ്രകാരം സംഭവിക്കുമെന്ന് അവൻ മുൻകൂട്ടി നിർണയിച്ചിരിക്കുമെന്നും പറയുമ്പോൾ, അത് യുക്തിവാദക്കാരായ ആളുകൾക്കും, അല്ലാഹുവിലുള്ള വിശ്വാസം പൂർണമായിട്ടില്ലാത്തവർക്കും മാത്രമേ ദഹിക്കാതിരിക്കുകയുള്ളൂ. പക്ഷേ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അതൊരു പ്രയാസപ്പെട്ടതോ ഗൗരവപ്പെട്ടതോ അല്ല. നിസ്സാരം മാത്രമാകുന്നു. ان ذلك على الله يسير

ഇങ്ങനെ മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്നത് എന്തിന്‌വേണ്ടിയാണ്? അല്ലെങ്കിൽ ഈ വസ്തുത ജനങ്ങളെ അറിയിച്ചത് എന്തിനുവേണ്ടിയാണ്? അതിനുള്ള മറുപടിയാണ് അല്ലാഹു തുടർന്ന് പറഞ്ഞത്:لكيلا تأسوا على ما فاتكم ولا تفرحوا بما أتاكم (നിങ്ങൾക്ക് പാഴായി- കിട്ടാതെ- പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്കവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദം കൊള്ളാതിരിക്കുവാനും വേണ്ടി.) അതെ, എല്ലാം അല്ലാഹു കണക്കാക്കിയതാണെന്നറിഞ്ഞാൽ, നഷ്ടം ബാധിക്കുന്നതിന്റെ പേരിൽ സങ്കടത്തിനും നിരാശക്കും അവകാശമില്ല. അതുപോലെത്തന്നെ, നേട്ടം ലഭിക്കുന്നതിന്റെ പേരിൽ ആഹ്ലാദത്തിനും അഹങ്കാരത്തിനും അവകാശമില്ല. നഷ്ടത്തിൽ ക്ഷമയും, സമാധാനവും, നേട്ടത്തിൽ നന്ദിയും സന്തോഷവും സ്വീകരിക്കാമല്ലോ, എന്നാൽ, തിന്മബാധിക്കു

മ്പോൾ നിരാശയും, നന്മബാധിക്കുമ്പോൾ അഹങ്കാരവും മനുഷ്യന്റെ ഒരു സ്വഭാവമാണ്. ഖുർആൻ ഇതിനെപ്പറ്റി പലപ്പോഴും പ്രസ്താവിക്കാറുണ്ട്. അല്ലാഹുവിന്റെ വിധി വ്യവസ്ഥയിലുള്ള ദൃഢവിശ്വാസംകൊണ്ടേ ഈ സ്വഭാവത്തിൽനിന്ന് മനുഷ്യന് രക്ഷപ്പെടുവാൻ കഴിയുകയുള്ളൂ. ഇക്രിമഃ (റ) പറഞ്ഞ ഒരു വാക്യം ഇവിടെ പ്രസ്താവ്യമാകുന്നു: 'സന്തോഷിക്കുകയും വ്യസനിക്കുകയും ചെയ്യാത്ത ഒരാളുമില്ല. പക്ഷേ, നിങ്ങൾ സന്തോഷം നന്ദിയും, വ്യസനം ക്ഷമയും ആക്കിക്കൊള്ളുക.'

വല്ല നന്മയോ നേട്ടമോ സിദ്ധിക്കുമ്പോൾ അത് തന്റെ യോഗ്യത കൊണ്ടോ സാമർത്ഥ്യംകൊണ്ടോ പ്രവർത്തനം കൊണ്ടോ ലഭിക്കുന്നതാണെന്നും, താനതിന് അവകാശപ്പെട്ടവനാണെന്നും മറ്റുമുള്ള ധാരണകളിൽനിന്നാണ് ദുരഭിമാനവും അഹങ്കാരവും ഉണ്ടായിത്തീരുന്നത്. എല്ലാം അല്ലാഹുവിൽനിന്നും, അവന്റെ നിശ്ചയപ്രകാരവുമാണ് യഥാർത്ഥത്തിൽ ലഭിക്കുന്നത്, താൻ വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് കേവലം ബാഹ്യമായ ഒരു കാരണം മാത്രമാണ്, ആ പ്രവർത്തനത്തിനുള്ള സാദ്ധ്യത ലഭിച്ചതും അല്ലാഹുവിൽനിന്ന് തന്നെയാണ് എന്നിങ്ങനെയുള്ള വിശ്വാസത്തിൽ നിന്നാണ് നന്ദിയും കൂറും ഉണ്ടായിത്തീരുക. അപ്പോൾ, അല്ലാഹു തങ്ങൾക്ക് ധനം നൽകിയതിൽ അഹങ്കാരം കൊള്ളുകയും അത് വേണ്ടവിഷയത്തിൽ ചിലവാക്കാൻ കൂട്ടാക്കാതെ പിശുക്ക് പിടിക്കുകയും ചെയ്യുന്നവർ മേൽപറഞ്ഞ ധാരണകൾ വെച്ചുപുലർത്തുന്നവരായിരിക്കും. ഒരാളിൽ ഒരു ചീത്ത സ്വഭാവം ഉണ്ടാകുമ്പോൾ ആ സ്വഭാവം മറ്റുള്ളവരിലും ഉണ്ടായിക്കാണാൻ അവന് ആഗ്രഹമുണ്ടായിരിക്കുന്നത് സ്വാഭാവികമാണ്. അതിനാൽ, മറ്റുള്ളവരും തന്നെപ്പോലെ പിശുക്കൻമാരായിത്തീരുവാൻ അവൻ ശ്രമം നടത്തും. അങ്ങനെ വരുമ്പോൾ, പിശുക്കൻമാരുടെ തെറ്റുകൾ പലതായിക്കാണാം. ദുരഭിമാനിയായ-പൊങ്ങച്ചക്കാരനായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല إن الله لا يحب كل مختال فخور എന്ന് മൊത്തത്തിൽ പ്രസ്താവിച്ചശേഷം, പിശുക്കുകാണിക്കുകയും ജനങ്ങളോട് പിശുക്കുകാണിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്നവർ (الذين يبخلون ويأمرون الناس بالبخل) എന്ന് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളതിൽ നിന്ന് മേൽ സൂചിപ്പിച്ച വസ്തുതകൾ മനസ്സിലാക്കാവുന്നതാണ്. തുടർന്നുകൊണ്ട് അഹങ്കാരികളുടെ അഹങ്കാരം നിമിത്തമോ പിശുക്കൻമാരുടെ പിശുക്ക് നിമിത്തമോ അവർക്കല്ലാതെ അല്ലാഹുവിന് യാതൊരു നഷ്ടവും പറ്റാനില്ലെന്ന് അല്ലാഹു അവർക്ക് നല്ലൊരു താക്കീതും നൽകിയിരിക്കുന്നു.

ഈ സൂറത്ത് അവസാനിച്ച ഉടനെ 'ഖദ്വാ- ഖദറി'നെ സംബന്ധിച്ച് വിശദമായ ഒരു വ്യാഖ്യാനക്കുറിപ്പ് ചേർക്കുന്നതുകൊണ്ടും ഈ (22, 23) ആയത്തുകളിലെ ആശയങ്ങളെക്കുറിച്ച് അതിൽ വിസ്തരിച്ച് പറയുന്നത്കൊണ്ടും ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. വിഷയത്തിന്റെ നാനാവശങ്ങളും തൽപരകക്ഷികളുടെ ന്യായവാദങ്ങൾക്ക് മറുപടികളും വേണ്ടത്ര തെളിവുകളോടുകൂടി അതിൽ പ്രതിപാദിക്കുന്നതാണ്. إِنْ شَاءَ اللّٰه. ആ കുറിപ്പ് എല്ലാവരും മനസ്സിരുത്തി പഠിക്കണമെന്ന് പ്രത്യേകം ഉപദേശിച്ചുകൊള്ളുന്നു.

لَقَدْ أَرْسَلْنَا رُسُلَنَا بِٱلْبَيِّنَٰتِ وَأَنزَلْنَا مَعَهُمُ ٱلْكِتَٰبَ وَٱلْمِيزَانَ لِيَقُومَ ٱلنَّاسُ بِٱلْقِسْطِ وَأَنزَلْنَا ٱلْحَدِيدَ فِيهِ بَأْسٌ شَدِيدٌ وَمَنَٰفِعُ لِلنَّاسِ وَلِيَعْلَمَ ٱللَّهُ مَن يَنصُرُهُۥ وَرُسُلَهُۥ بِٱلْغَيْبِ ۚ إِنَّ ٱللَّهَ قَوِىٌّ عَزِيزٌ ﴿٢٥﴾

《25》 തീർച്ചയായും, നമ്മുടെ റസൂലുകളെ വ്യക്തമായ തെളിവുകൾ സഹിതം നാം അയച്ചിട്ടുണ്ട്. മനുഷ്യർ നീതിമുറയനുസരിച്ച് നിലകൊള്ളുവാൻവേണ്ടി അവരോടൊപ്പം നാം വേദഗ്രന്ഥവും, (നീതിയാകുന്ന) തുലാസ്സും ഇറക്കുകയും ചെയ്തിരിക്കുന്നു.

ഇരുമ്പ് നാം ഇറക്കിയിരിക്കുന്നു. അതിൽ കഠിനമായ ആയോധന ശക്തിയും, ജനങ്ങൾക്ക് പല ഉപയോഗങ്ങളും ഉണ്ട്. (കൂടാതെ) അല്ലാഹുവിനെയും അവന്റെ റസൂലുകളെയും അദൃശ്യമായനിലയിൽ സഹായിക്കുന്നത് ആരാണെന്ന് അവൻ അറിയുവാനും വേണ്ടിയാകുന്നു (അത്). നിശ്ചയമായും അല്ലാഹു ശക്തനും പ്രതാപശാലിയുമാണ്.

《25》 لَقَدْ أَرْسَلْنَا തീർച്ചയായും നാം അയച്ചിട്ടുണ്ട് رُسُلَنَا നമ്മുടെ റസൂലുകളെ بِٱلْبَيِّنَٰتِ വ്യക്തമായ തെളിവുകളുമായി وَأَنزَلْنَا مَعَهُمُ അവരോടൊപ്പം നാം ഇറക്കുകയും ചെയ്തു ٱلْكِتَٰبَ ഗ്രന്ഥം وَٱلْمِيزَانَ തുലാസ്സും لِيَقُومَ നിലകൊള്ളുവാൻ വേണ്ടി ٱلنَّاسُ മനുഷ്യർ بِٱلْقِسْطِ നീതിമുറ അനുസരിച്ച് وَأَنزَلْنَا നാം ഇറക്കുകയും ചെയ്തു ٱلْحَدِيدَ ഇരുമ്പ് فِيهِ അതിലുണ്ട് بَأْسٌ (യുദ്ധ) ശക്തി (ആയോധനശക്തി), ശൂരത شَدِيدٌ കഠിനമായ, ശക്തമായ وَمَنَٰفِعُ ഉപയോഗങ്ങളും لِلنَّاسِ മനുഷ്യർക്ക് وَلِيَعْلَمَ ٱللَّهُ അല്ലാഹു അറിയുവാനും مَن يَنصُرُهُۥ അവനെ സഹായിക്കുന്നവരെ, സഹായിക്കുന്നതാരാണെന്ന് وَرُسُلَهُۥ അവന്റെ റസൂലുകളെയും بِٱلْغَيْبِ അദൃശ്യമായ നിലയിൽ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു قَوِىٌّ ശക്തനാകുന്നു عَزِيزٌ പ്രതാപശാലിയാണ്

മനുഷ്യസമുദായം നീതിയും നെറിയും അനുസരിച്ച് നിലകൊള്ളുന്നതിനാവശ്യമായ തെളിവുകളും ലക്ഷ്യങ്ങളും ഉപദേശനിർദ്ദേശങ്ങളും സഹിതം വേദഗ്രന്ഥങ്ങളും, നീതിയുടെ മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളുമാകുന്ന തുലാസ്സുകളും കൊണ്ടാണ് ഓരോ കാലത്തും അല്ലാഹു അവന്റെ ദൂതൻമാരെ അയച്ചിരിക്കുന്നത്. എന്നിട്ട് പിന്നെയും കുഴപ്പത്തിനും അക്രമത്തിനും മുതിരുന്നവരെ ബലംപ്രയോഗിച്ചു ഒതുക്കിനിറുത്തേണ്ടതിന് വേണ്ടുന്ന ഉപാധികളും അവൻ ഏർപ്പെടുത്തിയിട്ടുണ്ട്. അതത്രെ, ഇരുമ്പ്. ആയോധനവേളയിൽ ഇരുമ്പിന്റെ ഉപയോഗം പറയേണ്ടതില്ലല്ലോ. യുദ്ധത്തിലും, പ്രതിരോധത്തിലും മാത്രമല്ല, മനു

ഷ്യന്റെ നിത്യാവശ്യങ്ങളിലും ഇരുമ്പിന്റെ ഉപയോഗം ധാരാളമാണ്. ഇതിനെല്ലാം കൂടിത്തന്നെയാണ് അല്ലാഹു ഭൂമിയിൽ ഇരുമ്പ് നിക്ഷേപിച്ചിരിക്കുന്നതും. മറ്റൊരു ഉദ്ദേശ്യംകൂടി അതിലുണ്ട്. അല്ലാഹുവും അവന്റെ റസൂലുകളും നിർദ്ദേശിക്കുന്ന നീതിമാർഗങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന ദുശ്ശക്തികൾക്കുനേരെ അതിനെ ഉപയോഗപ്പെടുത്തി അവരെ പരാജയപ്പെടുത്തുകയും, അങ്ങനെ,അല്ലാഹുവിന്റെയും റസൂലുകളുടെയും പക്ഷത്തെ സഹായിക്കുകയും ചെയ്യുന്നവരെ മറ്റുള്ളവരിൽനിന്ന് പ്രത്യക്ഷത്തിൽതന്നെ വേർതിരിച്ചു കാണുക, ഇതാണത്.

الميزان (മീസാൻ) എന്നാൽ തൂക്കിക്കണക്കാക്കുന്നത്- അഥവാ തുലാസ്സ്- എന്ന് വാക്കർത്ഥം. സത്യാസത്യങ്ങളും, ന്യായാന്യായങ്ങളും തൂക്കിക്കണക്കാക്കുന്ന മാനദണ്ഡം എന്നത്രെ ഇവിടെ വിവക്ഷ. സാധനങ്ങൾ തൂക്കിക്കണക്കാക്കുവാനുള്ള സാധാരണ തുലാസ്സും ആ ഇനത്തിൽ ഉൾപ്പെടുന്ന ഒന്നുതന്നെ. بأس(ബഅ്സ്) എന്നാൽ 'ശക്തി, സമരശക്തി, ധീരത, ഭയം' എന്നൊക്കെയാണർത്ഥം. യുദ്ധവേളയിൽ പ്രകടമാകുന്ന ശക്തിയും ധീരതയുമാണിവിടെ ഉദ്ദേശ്യം. അദൃശ്യമായ നിലയിൽ സഹായിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിനെ നേരിൽ കാണാതെത്തന്നെ അവനെ- അവന്റെ മാർഗത്തെ- സഹായിക്കുക എന്നായിരിക്കാം. അല്ലെങ്കിൽ, അല്ലാഹുവിനെയും റസൂലുകളെയും സഹായിക്കുക എന്ന ഉദ്ദേശ്യം മനസ്സിൽവെച്ചുകൊണ്ട് സഹായിക്കുക എന്നും ആവാം. മനസ്സിലെ ഉദ്ദേശ്യം പുറമെ ദൃശ്യമാകുകയില്ലല്ലോ. ഈ രണ്ട് പ്രകാരത്തിലും ഇവിടെ വ്യാഖ്യാനം നൽകപ്പെട്ടുകാണാം.الله اعلم

മനുഷ്യസമുദായം നീതിമുറതെററാതെ നിലകൊള്ളുവാൻ ഉപദേശങ്ങളും തെളിവുകളും മാത്രം മതിയായേക്കുകയില്ലെന്നും, അതിനുവേണ്ടി ചിലപ്പോൾ ബലവും പ്രയോഗിക്കേണ്ടിവന്നേക്കുമെന്നും, അതിനുള്ള സജ്ജീകരണങ്ങൾ കരുതിവെക്കുകകൂടി വേണ്ടതുണ്ടെന്നും ഈ വചനത്തിൽ സൂചനയുണ്ട്. റസൂലുകളെ നിയോഗിച്ചതിന്റെ ലക്ഷ്യം വിവരിച്ചശേഷം, അവരിൽ ചിലരെപ്പറ്റിയും, അവരുടെ ദൗത്യഫലങ്ങളെപ്പറ്റിയും അടുത്തവചനത്തിൽ പ്രസ്താവിക്കുന്നു:-

വിഭാഗം- 4

وَلَقَدْ أَرْسَلْنَا نُوحًا وَإِبْرَٰهِيمَ وَجَعَلْنَا فِي ذُرِّيَّتِهِمَا ٱلنُّبُوَّةَ وَٱلْكِتَـٰبَ ۖ فَمِنْهُم مُّهْتَدٍ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ٢٦

﴾26﴿ നൂഹിനെയും, ഇബ്റാഹീമിനെയും നാം അയക്കുകയുണ്ടായി. രണ്ടുപേരുടെയും സന്തതികളിൽ പ്രവാചകത്വവും, വേദഗ്രന്ഥവും നാം ഏർപ്പെടുത്തുകയും ചെയ്തു. എന്നിട്ട് അവരിൽ സൻമാർഗം പ്രാപിച്ചവരുണ്ട്; അവരിൽ വളരെപ്പേർ ദുർന്നടപ്പുകാരുമാകുന്നു.

ثُمَّ قَفَّيْنَا عَلَىٰٓ ءَاثَـٰرِهِم بِرُسُلِنَا وَقَفَّيْنَا بِعِيسَى ٱبْنِ مَرْيَمَ وَءَاتَيْنَـٰهُ ٱلْإِنجِيلَ وَجَعَلْنَا فِى قُلُوبِ ٱلَّذِينَ ٱتَّبَعُوهُ رَأْفَةً وَرَحْمَةً وَرَهْبَانِيَّةً ٱبْتَدَعُوهَا مَا كَتَبْنَـٰهَا عَلَيْهِمْ إِلَّا ٱبْتِغَآءَ رِضْوَٰنِ ٱللَّهِ فَمَا رَعَوْهَا حَقَّ رِعَايَتِهَا فَـَٔاتَيْنَا ٱلَّذِينَ ءَامَنُوا۟ مِنْهُمْ أَجْرَهُمْ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ﴿٢٧﴾

﴾27﴿ പിന്നീട് അവരുടെ പിറകിലായി നമ്മുടെ ദൂതൻമാരെ നാം തുടർന്നയച്ചു. മർയമിന്റെ പുത്രൻ ഈസായെയും തുടർന്നയച്ചു; അദ്ദേഹത്തിന് നാം 'ഇൻജീലും', [സുവിശേഷ ഗ്രന്ഥവും] നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ കൃപയും, കരുണയും നാം ഏർപ്പെടുത്തുകയും ചെയ്തു.

ഒരു (തരം) സന്യാസജീവിതം അവർ നൂതനമായുണ്ടാക്കി. അല്ലാഹുവിന്റെ പ്രീതിയെ തേടേണ്ടതിന് (അവരത് ചെയ്തു) എന്നല്ലാതെ, അവരുടെമേൽ നാമത് നിയമിച്ചിട്ടില്ല. എന്നാൽ, അത് പാലിക്കേണ്ട മുറപ്രകാരം അതവർ പാലിച്ചില്ല.

അപ്പോൾ, അവരിൽനിന്ന് വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ വളരെ ആളും ദുർന്നടപ്പുകാരാകുന്നു.

﴾26﴿ وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയക്കയുണ്ടായി نُوحًا നൂഹിനെ وَإِبْرَٰهِيمَ ഇബ്റാഹീമിനെയും وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തു)കയും ചെയ്തു فِى ذُرِّيَّتِهِمَا അവർ രണ്ടാളുടെയും സന്തതികളിൽ ٱلنُّبُوَّةَ പ്രവാചകത്വം, നബിപ്പട്ടം وَٱلْكِتَـٰبَ ഗ്രന്ഥവും فَمِنْهُم എന്നിട്ട് അവരിലുണ്ട് مُّهْتَدٍ നേർമാർഗം പ്രാപിച്ചവൻ(ർ) وَكَثِيرٌ مِّنْهُمْ അവരിൽനിന്ന് അധികം, വളരെ فَـٰسِقُونَ ദുർന്നടപ്പുകാരാണ്, തോന്നിയവാസികളാണ് ﴾27﴿ ثُمَّ قَفَّيْنَا പിന്നെ നാം തുടർത്തി, (തുടർന്നയച്ചു) عَلَىٰٓ ءَاثَـٰرِهِم അവരുടെ പിറകിലായി, കാൽപാടിൽക്കൂടി بِرُسُلِنَا നമ്മുടെ റസൂലുകളെ وَقَفَّيْنَا നാം തുടർന്നയക്കയും ചെയ്തു بِعِيسَى ഈസായെ ٱبْنِ مَرْيَمَ മർയമിന്റെ പുത്രൻ وَءَاتَيْنَـٰهُ അദ്ദേഹത്തിന് നാം നൽകയും ചെയ്തു ٱلْإِنجِيلَ ഇൻജീൽ (സുവിശേഷം) وَجَعَلْنَا നാം ഏർപ്പെടുത്തുക (ഉണ്ടാക്കു)കയും ചെയ്തു فِى قُلُوبِ ٱلَّذِينَ യാതൊരുവരുടെ ഹൃദയങ്ങളിൽ ٱتَّبَعُوهُ അദ്ദേഹത്തെ പിൻപറ്റിയ رَأْفَةً കൃപ, ദയ وَرَحْمَةً കരുണയും وَرَهْبَانِيَّةً ഒരു സന്യാസത്തെ, പൗരോഹിത്യത്തെ ٱبْتَدَعُوهَا അവരത് നവീനമായുണ്ടാക്കി, പുത്തനായി നിർമിച്ചു مَا كَتَبْنَـٰهَا അതിനെ നാം നിയമിച്ചിട്ടില്ല,

നിർബന്ധിച്ചിട്ടില്ല عَلَيْهِمْ അവരുടെമേൽ إِلَّا ٱبْتِغَآءَ തേടുന്നതിനല്ലാതെ, അന്വേഷിക്കലല്ലാതെ رِضْوَٰنِ ٱللَّهِ അല്ലാഹുവിന്റെ പ്രീതി, പൊരുത്തം فَمَا رَعَوْهَا എന്നാലതിനെ അവർ പാലിച്ചില്ല, സൂക്ഷിച്ചില്ല, പരിഗണിച്ചില്ല حَقَّ رِعَايَتِهَا അതിനെ പാലിക്കേണ്ട മുറപ്രകാരം فَـَٔاتَيْنَا അപ്പോൾ (എന്നാൽ) നാം കൊടുത്തു ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവർക്ക് مِنْهُمْ അവരിൽനിന്ന് أَجْرَهُمْ തങ്ങളുടെ പ്രതിഫലം وَكَثِيرٌ مِّنْهُمْ അവരിൽ അധികവും, വളരെ فَٰسِقُونَ തോന്നിയവാസികളാണ്, ദുർന്നടപ്പുകാരാണ്

പൂർവ പ്രവാചകൻമാരിൽ പ്രധാനികളായ രണ്ട് പ്രവാചകവര്യൻമാരാണ് നൂഹ് നബി (അ)യും, ഇബ്‌റാഹീം നബി (അ)യും. പ്രവാചകത്വത്തിന്റെയും വേദഗ്രന്ഥത്തിന്റെയും പാരമ്പര്യം നിലനിന്നുപോന്നത് അവരുടെ സന്തതികൾ വഴിയാണ്. നൂഹ് (അ)ന്റെ ജനത മുങ്ങി നശിക്കുകയും, അദ്ദേഹവും സത്യവിശ്വാസികളും രക്ഷപ്പെടുകയും ചെയ്ത സംഭവം വിവരിച്ചശേഷം അല്ലാഹു ഇങ്ങനെ പറയുന്നു:وجعلنا ذريته هم الباقين(അദ്ദേഹത്തിന്റെ സന്തതിയെത്തന്നെ നാം അവശേഷിക്കുന്നവരാക്കി. (സ്വാഫ്ഫാത്ത്: 77.) അപ്പോൾ, പിന്നീട് ഇബ്‌റാഹീം നബി (അ)യുടെ കാലംവരെയുള്ള പ്രവാചകൻമാർ അദ്ദേഹത്തിന്റെ സന്തതികളിൽപെട്ടവരായിരിക്കുമല്ലോ. ഇബ്‌റാഹീം നബി (അ)ക്ക ുശേഷം അറിയപ്പെട്ടിട്ടുള്ള പ്രവാചകൻമാരെല്ലാം അദ്ദേഹത്തിന്റെ സന്തതികളിൽപെട്ടവരുമാണ്. നമുക്ക് അറിയപ്പെടാത്ത പ്രവാചകൻമാരും അങ്ങനെത്തന്നെ ആയിരിക്കുമെന്നാണ് ഈ വചനത്തിൽനിന്നും മനസ്സിലാകുന്നത്. അല്ലാഹുവിനറിയാം. ഇവിടെ രണ്ട് പ്രവാചകവര്യൻമാരെയും ചേർത്തുകൊണ്ട് 'അവരുടെ രണ്ടാളുടെയും സന്തതികൾ' (ذريتهما) എന്നത്രെ പറഞ്ഞിരിക്കുന്നത്. സൂ: അൻകബൂത്ത് 27 ൽ ഇബ്‌റാഹീം നബി (അ)യെ മാത്രം ചൂണ്ടിക്കൊണ്ട് 'അദ്ദേഹത്തിന്റെ സന്തതിയിൽ നാം പ്രവാചകത്വം ഏർപ്പെടുത്തി' (وجعلنا في ذريته النبوة) എന്നും പറഞ്ഞിരിക്കുന്നു.

ഈ രണ്ട് പ്രവാചക പിതാക്കൾക്ക്ശേഷം അവരിൽ തുടരെത്തുടരെ പ്രവാചകൻമാർ ഉണ്ടായിക്കൊണ്ടിരുന്നു. എന്നിട്ടും അവരുടെ സന്തികളെല്ലാം അവർ പ്രബോധനം ചെയ്ത നേർമാർഗം സ്വീകരിച്ചവരായിരുന്നില്ല. കുറെ ഭാഗം നേർമാർഗം അവലംബിച്ചുവെങ്കിലും അധികമാളുകൾ ദുർമാർഗികൾ തന്നെയായിരുന്നു. ഇതായിരുന്നു പൂർവസമുദായങ്ങളുടെ പൊതുനില. പൂർവനബിമാരിൽ അവസാനത്തെ ആൾ ഈസാ നബി (അ)യാണല്ലോ. നിലവിലുള്ള മതസമുദായങ്ങളിൽ ഏറ്റവും വലിയ ജനത ഇന്നും പ്രത്യക്ഷത്തിൽ അദ്ദേഹത്തിന്റെ സമുദായമായ ക്രിസ്ത്യാനികൾതന്നെ. ക്രിസ്തീയ സമുദായത്തിന്റെ ആദ്യഘട്ടത്തിൽ അവർ തങ്ങളുടെ പ്രവാചകന്റെ കാലടികളെ പിൻപറ്റിപോന്നുവെങ്കിലും- 16-ാം വചനത്തിൽ കണ്ടതുപോലെ- കാലക്രമത്തിൽ അവരും ദുഷിച്ചുപോകുകയും, സത്യത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുകയും ചെയ്തു. ഈ സമുദായത്തെ സംബന്ധിച്ച് ചില നിരൂപണങ്ങളാണ് 27-ാം വചനത്തിൽ കാണുന്നത്.

(1) 'ഈസാ നബി (അ)യെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ അല്ലാഹു കൃപയും കരുണയും ഏർപ്പെടുത്തി (وجعلنا في قلوب الذين اتبعوه رأفة ورحمة) അതെ, സൂ:

'ഫത്ഹി'ൽ നബി തിരുമേനിﷺയുടെ സ്വഹാബികളെപ്പറ്റി رحماء بينهم(അവർ തമ്മിൽ കരുണയുള്ളവരാകുന്നു) എന്ന് പറഞ്ഞതുപോലെ, അവരും പരസ്പരം സ്നേഹത്തിലും, ദയയോടുകൂടിയും കഴിഞ്ഞുകൂടി. സാധുദയ, ദീനശുശ്രൂഷ, പരസ്പരസഹായം ആദിയായ വിഷയങ്ങളിൽ ഈസാ (അ) അവരെ ശക്തിയായി ഉപദേശിച്ചുകൊണ്ടിരുന്നുവെന്നത് ചരിത്ര പ്രസിദ്ധമാണ്. ഈ ഗുണങ്ങൾ കുറെയൊക്കെ ഇന്നും ക്രിസ്ത്യാനികളിൽ അവശേഷിക്കുന്നത് കാണാം. ഈസാ (അ)ന്റെ പ്രത്യേക ശിഷ്യഗണങ്ങളായ അപ്പോസ്തലൻമാർ (الحواريون) തുടങ്ങി ഇന്നോളമുള്ള ക്രിസ്തീയ മിഷ്യനറിമാരും- മറ്റുവിധത്തിലുള്ള കൊള്ളരുതായ്മ പലതും അവരിൽ ഉണ്ടെങ്കിലും- ഈ പാരമ്പര്യം താരതമ്യേന നിലനിറുത്തിവരുന്നു. ഒരു സമുദായത്തിന്റെ നിലനിൽപ്പിനും, അഭിവൃദ്ധിക്കും ഇതെത്രമാത്രം ആവശ്യമാണെന്ന് ബുദ്ധിയുള്ള ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഇന്നത്തെ മുസ്‌ലിം സമുദായം ഈ വിഷയത്തിൽ അങ്ങേഅറ്റം വ്യസനകരമായ ഒരവസ്ഥയിലാണുള്ളത്. അവരുടെ അധഃപതനത്തിനുള്ള ഒരു പ്രധാന കാരണം അതാണുതാനും. وإلى الله المشتكي

(2) ഒരു സന്യാസജീവിതം അവർ പുതുതായി നിർമിച്ചു (ورهبانية ابتدعوها). ക്രിസ്ത്യാനികളിൽ നിലവിലുള്ള പല ദുരാചാരങ്ങളുടെയും ഉത്ഭവസ്ഥാനം ഇതാകുന്നു. ഭൗതികസുഖങ്ങളെ ഉപേക്ഷിച്ച് ധ്യാനത്തിലും ആരാധനയിലും മുഴുകിയിരിക്കുക എന്നതായിരുന്നു അതിന്റെ ആരംഭം. വിവാഹം കഴിക്കാതിരിക്കുക, കുടുംബജീവിതം ഉപേക്ഷിക്കുക, ഭക്ഷണപാനീയങ്ങൾ വർജ്ജിക്കുക, ജനങ്ങളുമായി സമ്പർക്കമില്ലാതിരിക്കുക, ചില പ്രത്യേക വേഷം സ്വീകരിക്കുക, വിജനപ്രദേശത്ത് കഴിഞ്ഞുകൂടുക, ചെറിയ ചെറ്റക്കുടിലുകളിൽ ജീവപര്യന്തം തപസ്സിരിക്കുക, മൗനവ്രതം സ്വീകരിക്കുക മുതലായവയെല്ലാം പിന്നീട് അതിന്റെ ഘടകാംശങ്ങളായി പരിണമിച്ചതാകുന്നു. ഈ കുടുസ്സായ ജീവിത സമ്പ്രദായം സ്വീകരിക്കുവാൻ ചില ക്രിസ്ത്യാനികൾ നിർബന്ധിതരാവുകയാണുണ്ടായതെന്ന് പറയാം. ജൂതൻമാരിൽ നിന്നും ബഹുദൈവവിശ്വാസികളിൽ നിന്നും ഇടക്കാലത്ത് അവർ പല യാതനകളും അനുഭവിക്കേണ്ടിവന്നത് നിമിത്തം തങ്ങളുടെ മതസിദ്ധാന്തമനുസരിച്ച് ജീവിക്കുവാൻ അവർക്ക് പ്രയാസം നേരിട്ടു. അപ്പോൾ അവർ തങ്ങളുടെ മതവിശ്വാസത്തെ സംരക്ഷിക്കുവാനായി കാടുകയറി മരണംവരെ ഭജനമിരിക്കുവാൻ മിനക്കെടുകയായി. ക്രമേണ മുമ്പില്ലാത്ത പല ഉപാധികളും അതോടുകൂട്ടിച്ചേർക്കുകയും ചെയ്തു. ഈ വസ്തുത ക്രിസ്ത്യാനികൾ പൊതുവിൽ സമ്മതിക്കുവാൻ കൂട്ടാക്കുകയില്ലെങ്കിലും ചില ക്രിസ്തീയപണ്ഡിതൻമാർ തുറന്ന് സമ്മതിച്ചിട്ടുള്ളതാണ്. (*)

(*) ക്രിസ്ത്വബ്ദം 1883 ൽ ഈജിപ്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന الخريدة النفيسة في تاريخ الكنيسة (ചർച്ചിന്റെ ചരിത്രത്തിൽ വിലയേറിയ ഒരു മുത്ത്) എന്ന ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിൽ ഇത് തുറന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇതിന്റെ കർത്താവ് സയ്യിദാബർമൂസിലെ ക്രിസ്തീയമഠത്തിലെ പാതിരിയാണ്. ക്രിസ്ത്വബ്ദം 3 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സഞ്ചാരിയായ പൗലൂസ് (بولس صائح) എന്ന ആളാണ് രാജമർദ്ദനം ഭയന്ന് സന്യാസജീവിതം നടപ്പിൽ വരുത്തിയതെന്ന് അദ്ദേഹം അതിൽ പ്രസ്താവിച്ചിരിക്കുന്നു. تفسير الجواهر للشيخ الطنطاوي

ചില ഹദീഥുകളിൽ നിന്ന്തന്നെ ഇത് മനസ്സിലാക്കുവാൻ കഴിയും. ഇബ്നുമസ്ഊദ് (റ)ൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു നബിവചനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: 'ഇസ്റാഈൽ സന്തതികൾ എഴുപത്തിരണ്ട് സംഘമായി പിരിഞ്ഞു. അതിൽ മൂന്നുകൂട്ടർ മാത്രമേ രക്ഷപ്പെട്ടിട്ടുള്ളൂ. ഈസാ നബി (അ)ക്കുശേഷം ഒരു വിഭാഗം ആളുകൾ രാജാക്കളുടെയും, സ്വേച്ഛാധിപതികളുടെയും മുമ്പിൽ ചെന്ന് മതത്തിലേക്ക് ക്ഷണിച്ചു. അവരുമായി യുദ്ധം നടന്നു. അതിൽ അവർ കൊല്ലപ്പെടുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്തു. അങ്ങനെ (അല്ലാഹുവിങ്കൽ) അവർ രക്ഷപ്പെട്ടു. മറ്റൊരു കൂട്ടർക്ക് യുദ്ധത്തിന് കഴിവുണ്ടായിരുന്നില്ല. അവരും മതത്തിലേക്ക് ക്ഷണിച്ചു. അതിനാൽ അവർ കൊല്ലപ്പെടുകയും, ഉളിവാൾകൊണ്ട് പൊളിക്കപ്പെടുകയും തീ കൊണ്ട് കരിക്കപ്പെടുകയും ചെയ്തു. അവരും രക്ഷപ്പെട്ടു. വേറൊരു വിഭാഗത്തിന് യുദ്ധത്തിനാകട്ടെ, നീതിയനുസരിച്ച് നിലകൊള്ളുവാനാകട്ടെ കഴിവുണ്ടായിരുന്നില്ല. അവർ മലകളിൽപോയി ആരാധനയിലും സന്യാസത്തിലും ഏർപ്പെട്ടു. ഇവരെപ്പറ്റിയാണ് 'അവർ ഒരു സന്യാസജീവിതം പുതുതായി നിർമിച്ചുണ്ടാക്കി' എന്ന് അല്ലാഹു പ്രസ്താവിച്ചത്.' (ابن أبي حاتم وابن جرير –رح)

ഒരു സമുദായത്തിൽനിന്നും, പരിതഃസ്ഥിതികളുടെ സമ്മർദ്ദത്തിൽ നിന്നുമാണ് സന്യാസ ജീവിതത്തിന്റെ തുടക്കം എന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാം. പക്ഷേ, അത് അല്ലാഹു കൽപിച്ചതോ നിയമിച്ചതോ അല്ല. അവർ സ്വയം നിർമിച്ചുണ്ടാക്കിയതാണ്. (ابتدعوها ما كتبناها عليهم) ഇതാണ് ഇവരിൽ വന്ന ഒന്നാമത്തെ അബദ്ധം. തുടർന്നുള്ള വാക്യമായ إلا ابتغاء رضوان الله (അല്ലാഹുവിന്റെ പ്രീതി തേടുന്നതിനല്ലാതെ) എന്ന വാക്യത്തിന് രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെടാറുണ്ട്.

(1) അല്ലാഹുവിന്റെ പ്രീതിയെ തേടിക്കൊണ്ട് മാത്രമാണവർ അത് നിർമിച്ചുണ്ടാക്കിയത്. മറ്റൊരു ഉദ്ദേശ്യത്തിലുമായിരുന്നില്ല എന്നും,

(2) അല്ലാഹുവിന്റെ പ്രീതിയെ (കഴിവനുസരിച്ച്) തേടണമെന്നല്ലാതെ, ഒരു സന്യാസജീവിതം കൈക്കൊള്ളണമെന്ന് അല്ലാഹു നിയമിച്ചിട്ടില്ല എന്നും. രണ്ടായിരുന്നാലും ശരി, ഇത് മുഖേന മതത്തിൽ ഇല്ലാത്ത ഒരു കർശന നടപടി സ്വയം നിർബന്ധമാക്കിത്തീർക്കുകയും, അങ്ങനെ, മതത്തിൽ അതിരുകവിയുകയുമാണ് അവർ ചെയ്തത്. ഈസാ (അ)യെ സംബന്ധിച്ചുപോലും ഈ അതിരുകവിച്ചലാണ് ക്രിസ്ത്യാനികളിൽ സംഭവിച്ചത്. ക്രിസ്ത്യാനികൾ അവരുടെ നബിയെ– മറ്റ് ചില സമുദായങ്ങളും മുസ്ലിം സമുദായത്തിലെ പിഴച്ച ചില ആളുകളും ചെയ്യുന്നത്പോലെ– ഒരിക്കലും ഇടിച്ച് താഴ്ത്തിയിട്ടില്ല. എന്നാൽ അതിനെക്കാൾ വമ്പിച്ച അപരാധമാണ് അവർ ചെയ്തത്. അവർ അദ്ദേഹത്തെ ദൈവമോ ദൈവപുത്രനോ ആക്കിത്തീർത്തു. ഇതെല്ലാം കാരണമായിട്ടാണ് يا أهل الكتاب لا تغلوا في دينكم (വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരുകവിയേണ്ട എന്ന് അല്ലാഹു പറയുന്നതും 4:171; 5:80)

(3) ഉദ്ദേശ്യം നല്ലതായിരുന്നുവെങ്കിലും അല്ലാഹു നിയമിക്കാത്ത ഒരു സമ്പ്രദായം മതത്തിൽ അവർ കെട്ടിയുണ്ടാക്കി. എന്നാൽ, അവർ സ്വയം ഏറ്റെടുത്ത ആ കൃത്യം പാലിക്കേണ്ട പ്രകാരം അവർ പാലിച്ചുവോ? ഇല്ല. فما رعوها حق رعايتها ഇതാണ് രണ്ടാമത്തെ തെറ്റും വളരെ ഭയങ്കരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കിയതും. എന്തെല്ലാം വിനകളാണ് ഈ സന്യാസം കൊണ്ട് പിൽകാലത്ത് സംഭവിച്ചതും, ഇന്നും നിലനിൽക്കുന്നതും എന്നതിന് കയ്യും കണക്കുമില്ല. എത്രയോ മനുഷ്യായുസ്സുകൾ സന്യാസിമഠമാകുന്ന കാരാഗൃഹത്തിനുള്ളിൽ ചില വഴിക്കപ്പെട്ടു. എത്രയോ സ്ത്രീപുരുഷൻമാർ രഹസ്യവും പരസ്യവുമായി വമ്പിച്ച ദുഷ്കൃത്യങ്ങൾക്ക് വശംവദരായി. ഏത് പാപങ്ങളും ഏത് അക്രമങ്ങളും ചെയ്യാം, പള്ളിയിലെ അച്ചൻമാർ പൊറുത്തുകൊടുക്കുകയേ വേണ്ടൂ എന്നായി. പാതിരിമാർ കൽപ്പിക്കുന്ന ഏത് നിയമവും മതനിയമമായിത്തീർന്നു. അങ്ങനെ പലതും. പക്ഷേ, ഇത്തരം കാര്യങ്ങളെല്ലാം വിസ്തരിച്ച് പറയാതെ, വളരെ മാന്യമായ നിലയിൽ ഒരൊറ്റ വാചകത്തിൽ അതെല്ലാം ഒതുക്കിക്കൊണ്ടാണ് അല്ലാഹു പറഞ്ഞത് فما رعوها حق رعايتها (അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചില്ല) എന്ന്. തങ്ങളുടെ മറ പൊളിക്കാതെ കാര്യം തുറന്ന് കാണിച്ച ഈ തിരുവാക്യത്തിന്റെ പേരിൽ, ക്രിസ്ത്യൻസമുദായം വാസ്തവത്തിൽ ക്വുർആനോട് കടപ്പെട്ടിരിക്കുകയാണ്.

സന്യാസം, തപസ്സ്, പൗരോഹിത്യം എന്നിത്യാദിയെ സംബന്ധിച്ച് ഇസ്‌ലാമിന്റെ നില എന്താണെന്ന് കാണിക്കുന്ന ഹദീഥുകളിൽ ചുരുക്കം ചിലത് ഇവിടെ ഓർമിക്കുന്നത് നന്നായിരിക്കും.

1) അനസ് (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ സാരം: മൂന്ന് സ്വഹാബികൾ നബിﷺയുടെ പത്നിമാരുടെ അടുക്കൽ ചെന്ന് അവിടുത്തെ ആരാധനകളെപ്പറ്റി അന്വേഷിച്ച് വിവരമറിഞ്ഞപ്പോൾ അത് കേവലം കുറഞ്ഞതോതിലാണെന്ന് അവർക്ക് തോന്നി. നാമും നബിയും തമ്മിൽ എത്രയോ ദൂരമുണ്ട്! അവിടുത്തെ മുൻകഴിഞ്ഞ പാപങ്ങളും പിന്നീടുണ്ടാകുന്ന പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുന്നുവല്ലോ എന്ന് അവർ പറഞ്ഞു. അവരിൽ ഒരാൾ ഇങ്ങനെ നിശ്ചയിച്ചു: എന്നാൽ ഞാൻ, ദിവസേന രാത്രി മുഴുവൻ നമസ്കരിക്കും, ഉറങ്ങുകയില്ല. മറ്റെയാൾ, ഞാൻ എല്ലാ ദിവസവും നോമ്പുപിടിക്കും, മുറിക്കയില്ല. മൂന്നാമൻ: ഞാൻ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കും, വിവാഹം കഴിക്കയില്ല. ഈ വിവരം അറിഞ്ഞു തിരുമേനി അവരോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങളാണോ ഇന്നിന്ന പ്രകാരം പറഞ്ഞവർ? അറിഞ്ഞേക്കൂ: അല്ലാഹുവിനെ തന്നെയാണ! നിങ്ങളെക്കാളും അല്ലാഹുവിനെ പേടിക്കുന്നവനും നിങ്ങളെക്കാളും അവനോട് ഭക്തിയുള്ളവനുമാണ് ഞാൻ. പക്ഷേ, ഞാൻ (ഐച്ഛികമായ) നോമ്പുപിടിക്കുകയും മുറിക്കുകയും ചെയ്യുന്നു. (ഐച്ഛികമായ) നമസ്കാരം നിർവ്വഹിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. എന്നാൽ, ആരെങ്കിലും എന്റെ ചര്യവിട്ട് (മറ്റ് വല്ലതും) ആഗ്രഹിക്കുന്നപക്ഷം അവൻ എന്നിൽ പെട്ടവനല്ല.' (ബു; മു.)

(2) ഒരാൾ നബിﷺയുടെ അടുക്കൽവന്ന് തനിക്ക് വസ്വിയ്യത്ത് നൽകണം (വേണ്ടപ്പെട്ട ഉപദേശം നൽകണം) എന്നാവശ്യപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനോട് ഭയഭക്തി കാണിക്കണമെന്ന് ഞാൻ നിന്നോട് വസ്വിയ്യത്ത് ചെയ്യുന്നു. അത് എല്ലാറ്റിന്റെയും തലയാണ്! (പ്രധാനവശമാണ്). നീ 'ജിഹാദും' (സമരം) മുറുകെ പിടിക്കുക. അത് ഇസ്‌ലാമിലെ സന്യാസമാകുന്നു. അല്ലാഹുവിന്റെ ദിക്റും, ക്വുർആൻ പാരായണവും സ്വീകരിക്കുക. അത് ആകാശത്തിൽ നിനക്ക് ജീവസ്സും, ഭൂമിയിൽ നിനക്ക് കീർത്തിയുമാകുന്നു.' (അ.)

സമുദായമദ്ധ്യെ അക്രമമർദ്ദനങ്ങളും, അനീതിയും സർവ്വത്ര നടമാടുകയും, അതിനിടയിൽ മതപരമായ നിർബന്ധകടമകൾപോലും നിർവ്വഹിക്കുവാൻ നിവൃത്തിയില്ലാത്തവിധം സ്ഥിതിഗതികൾ കഠിനമാകുകയും ചെയ്യുന്ന ചുറ്റുപാട് വരുമ്പോൾ, തന്റെ മതപരമായ നിത്യകടമകൾ നിർവ്വഹിക്കുവാൻ സാധിക്കുമാറ് സമൂഹത്തിൽനിന്ന് കഴിവതും അകന്നു നിൽക്കേണ്ടതായി വന്നേക്കും. പക്ഷേ, അത് ഒരു സന്യാസരൂപത്തിലോ, ബ്രഹ്മചാരിയായിക്കൊണ്ടോ അല്ല. കേവലം ഒരു ഹിജ്‌റഃയായിരിക്കും അത്. അതാണ് നബിﷺ ഒരു ഹദീഥിൽ ഇങ്ങനെ പ്രസ്താവിച്ചത്: 'മുസ്‌ലിമിന്റെ സ്വത്തിൽവെച്ച് ഏറ്റവും ഉത്തമമായത്, കുഴപ്പങ്ങളിൽ നിന്ന് തന്റെ മതവുമായി ഓടിരക്ഷപ്പെടുവാൻവേണ്ടി പർവ്വതങ്ങളുടെ ഉച്ചിയും, മഴപെയ്യുന്ന സ്ഥലങ്ങളും അന്വേഷിച്ചുപോകാവുന്ന ആട്ടിൻപറ്റമായിത്തീരുന്ന കാലം ആസന്നമായേക്കുന്നതാണ്. (ബു.) മരണവേളയിൽ കുറ്റവാളികളായ ആളുകൾ പറയുന്ന ഒഴികഴിവുകൾക്ക് മറുപടിയായി ألم تكن أرض الله واسعة فتهاجروا فيها (അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ, നിങ്ങൾക്ക് അതിൽ ഹിജ്‌റഃ പോകാമായിരുന്നില്ലേ?) എന്ന് പറയപ്പെടുമെന്ന് സൂ: നിസാഉ് 97 ൽ അല്ലാഹു പറഞ്ഞിരിക്കുന്നതും ഇവിടെ പ്രസ്താവ്യമാകുന്നു.

ഒരു വസ്തുതകൂടി ഇവിടെ ചൂണ്ടിക്കാട്ടുന്നത് സന്ദർഭോചിതമായിരിക്കും. 'പുരോഗമനാശയക്കാ'രെന്ന മൂടുപടം അണിഞ്ഞുകൊണ്ട് ഇസ്‌ലാമിലെ ധാർമിക മൂല്യങ്ങളെ നിഷ്കാസനം ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾ -അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരിൽ ശബ്ദമുയർത്തുന്ന ചില ആളുകൾ തന്നെയും- വിരോധിക്കപ്പെട്ട സന്യാസവൃത്തത്തിൽ ഉൾപ്പെടാത്ത പലതിനെയും അതിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്നത് ഇക്കാലത്ത് കാണാറുണ്ട്. സുന്നത്ത് നമസ്കാരങ്ങൾ, ദിക്ർ, ദുആ, സ്വലാത്ത്, ക്വുർആൻ പാരായണം, സുന്നത്തുനോമ്പ് ആദിയായ ആരാധനാ കർമങ്ങൾ ആചരിക്കുന്നത്പോലും വിരോധിക്കപ്പെട്ട സന്യാസത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് അവയെ പരിഹാസ്യമാക്കിത്തള്ളുകയും, അത്തരം കർമങ്ങൾ നിർവ്വഹിക്കുന്നവരെ പഴഞ്ചൻമാരും സന്യാസികളുമായി ചിത്രീകരിക്കുകയും ചെയ്യുക അവരുടെ ഒരു പതിവാണ്. ഇതെല്ലാം സന്യാസമാണെങ്കിൽ, ഇസ്‌ലാമിലെ സന്യാസത്തിന്റെ ഒന്നാമത്തെ മാതൃകാ നേതാവ് മുഹമ്മദ് മുസ്തഫാ തിരുമേനിﷺയും, തുടർന്ന് അവിടുത്തെ സ്വഹാബികൾ തുടങ്ങിയ മുൻഗാമികളുമാണെന്ന് അവർ- അവർക്ക് ഇസ്‌ലാമിന്റെ മനസ്സാക്ഷിയോ സത്യവിശ്വാസമോ ഉണ്ടെ

ങ്കിൽ- അറിഞ്ഞിരിക്കട്ടെ. സന്യാസത്തിന്റെ അനുയായികൾ ഇസ്‌ലാമിന്റെ പേരിൽ വെച്ചുകെട്ടിയ അനീതികൾ കുറച്ചൊന്നുമല്ല. എന്നാൽ, ഇന്നത്തെ ഇത്തരം മതപരിഷ്കർത്താക്കൾ ഇസ്‌ലാമിൽനിന്ന് വെട്ടിക്കുറച്ചുകളയുന്നതിന്റെ കെടുതികൾ അതിലേറെ ആപൽക്കരവും കഠിനതരവുമാകുന്നു.വേദക്കാരിൽ, അതിരുകവിഞ്ഞുപോകാതെയും, തങ്ങളുടെ പ്രവാചകൻമാർ പഠിപ്പിച്ച മാർഗത്തിൽനിന്ന് വ്യതിചലിക്കാതെയും നിലകൊള്ളുന്ന സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَءَامِنُواْ بِرَسُولِهِۦ يُؤْتِكُمْ كِفْلَيْنِ مِن رَّحْمَتِهِۦ وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِۦ وَيَغْفِرْ لَكُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٨﴾

﴾28﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവന്റെ റസൂലിൽ വിശ്വസിക്കുകയും ചെയ്യുവിൻ; (എന്നാൽ) അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ട് ഓഹരി അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങൾക്ക് കൊണ്ടുനടക്കുവാനുള്ള ഒരു പ്രകാശം നിങ്ങൾക്ക് അവൻ ഏർപ്പെടുത്തിത്തരുകയും, നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; കരുണാനിധിയാണ്.

﴾28﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ഹേ, വിശ്വസിച്ചവരേ ٱتَّقُواْ ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَءَامِنُواْ വിശ്വസിക്കയും ചെയ്യുവിൻ بِرَسُولِهِۦ അവന്റെ റസൂലിൽ يُؤْتِكُمْ അവൻ നിങ്ങൾക്ക് നൽകും كِفْلَيْنِ രണ്ട് ഓഹരി (പങ്ക്, ഇരട്ടി) مِن رَّحْمَتِهِۦ അവന്റെ കാരുണ്യത്തിൽനിന്ന് وَيَجْعَل لَّكُمْ നിങ്ങൾക്കവൻ ആക്കി (ഏർപ്പെടുത്തി) തരുകയും ചെയ്യും نُورًا ഒരു പ്രകാശം, വെളിച്ചം تَمْشُونَ നിങ്ങൾ(ക്ക്) നടക്കാവുന്ന بِهِۦ അതുമായി, അതുകൊണ്ട് وَيَغْفِرْ لَكُمْ നിങ്ങൾക്കവൻ പൊറുത്തുതരുകയും ചെയ്യും وَٱللَّهُ അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്

വേദക്കാർ തങ്ങളുടെ മുൻപ്രവാചകൻമാരിൽ വിശ്വസിച്ചിരിക്കുകയും, പിന്നീട് നബി തിരുമേനിﷺയിലും വിശ്വസിക്കുകയും ചെയ്യുന്നപക്ഷം, അവർക്ക് അല്ലാഹുവിങ്കൽ ഇരട്ടിപ്രതിഫലം ലഭിക്കുമെന്നും, തങ്ങളുടെ യഥാർത്ഥ മതസിദ്ധാന്തങ്ങളിൽനിന്ന് അകന്നുകൊണ്ട് അന്ധകാരത്തിൽ മുഴുകിക്കിടക്കുകയായിരുന്ന അവർക്ക് മേലിൽ സൻമാർഗം കണ്ടെത്തുവാനുള്ള വെളിച്ചം- അഥവാ മാർഗദർശനം- സിദ്ധിക്കുമെന്നും, പാപങ്ങൾക്ക് മോചനം ലഭിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. 'പ്രകാശം' കൊണ്ടുള്ള ഉദ്ദേശ്യം ഇപ്പറഞ്ഞതിൽനിന്ന് വ്യക്തമായല്ലോ. മുമ്പ് 12 -ാം വചനത്തിൽ പ്രസ്താവിക്കപ്പെട്ടതും പരലോക

ത്തുവെച്ച് സത്യവിശ്വാസികൾക്ക് ലഭിക്കുന്നതുമായ ആ പ്രകാശമാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും അഭിപ്രായമുണ്ട്. ആദ്യം പറഞ്ഞതിനാണ് കൂടുതൽ ന്യായം കാണുന്നത്. الله أعلم

നബിﷺ ഇങ്ങനെ അരുളിച്ചെയ്തിരിക്കുന്നു: 'മൂന്ന് കൂട്ടർക്ക് അവരുടെ പ്രതിഫലം രണ്ടുപ്രാവശ്യം നൽകപ്പെടും. വേദക്കാരിൽപെട്ട മനുഷ്യൻ: അവൻ തന്റെ നബിയിൽ വിശ്വസിച്ചു; എന്നിലും വിശ്വസിച്ചു. അതിനാൽ അവന് രണ്ട് പ്രതിഫലമുണ്ട് . (അന്യന്റെ) ഉടമസ്ഥതയിലുള്ള അടിമയും: അവൻ അല്ലാഹുവിനോടുള്ള കടമയും, അവന്റെ യജമാനൻമാരോടുള്ള കടമയും നിർവ്വഹിച്ചു. അതിനാൽ അവനും രണ്ട് പ്രതിഫലമുണ്ട്. ഒരു മനുഷ്യനും: അവൻ തന്റെ അടിമസ്ത്രീക്ക് ശിക്ഷണം നൽകുക (മര്യാദ ശീലിപ്പിക്കുക)യും അത് നന്നായി ചെയ്യുകയും ചെയ്തു; പിന്നീട് അവൻ അവളെ വിവാഹം കഴിച്ചു. അതിനാൽ അവനും രണ്ട് പ്രതിഫലമുണ്ട്.' (ബു; മു.)

لِّئَلَّا يَعْلَمَ أَهْلُ ٱلْكِتَـٰبِ أَلَّا يَقْدِرُونَ عَلَىٰ شَىْءٍ مِّن فَضْلِ ٱللَّهِ ۙ وَأَنَّ ٱلْفَضْلَ بِيَدِ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٢٩﴾

﴿29﴾ തങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് യാതൊന്നിനും കഴിയുന്നതല്ലെന്ന് വേദക്കാർ അറിയേണ്ടതിന് വേണ്ടിയത്രെ (അത്); അനുഗ്രഹം അല്ലാഹുവിന്റെ കയ്യിലാണ് -അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകും- എന്നും (അറിയുവാൻ വേണ്ടി). അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.

﴿29﴾ لِّئَلَّا يَعْلَمَ അറിയേണ്ടതിനുവേണ്ടി أَهْلُ ٱلْكِتَـٰبِ വേദക്കാർ أَلَّا يَقْدِرُونَ അവർക്ക് കഴിയുകയില്ലെന്ന് عَلَىٰ شَىْءٍ യാതൊന്നിനും مِّن فَضْلِ ٱللَّهِ അല്ലാഹുവിന്റെ ദയവിൽ (അനുഗ്രഹത്തിൽ)നിന്ന് وَأَنَّ ٱلْفَضْلَ ദയവ് (അനുഗ്രഹം) ആകുന്നു എന്നും بِيَدِ ٱللَّهِ അല്ലാഹുവിന്റെ കയ്യിൽ يُؤْتِيهِ അതവൻ നൽകും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَٱللَّهُ അല്ലാഹു ذُو ٱلْفَضْلِ ദയവ് (അനുഗ്രഹം) ഉള്ളവനാണ് ٱلْعَظِيمِ മഹത്തായ, വമ്പിച്ച

തങ്ങൾ ഏതൊരു പ്രവാചകന്റെ അനുയായികളാണോ ആ പ്രവാചകൻ മാത്രമേ സത്യപ്രവാചകനായുള്ളൂ. തങ്ങൾ സ്വീകരിച്ച മാർഗം മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യമായുള്ളൂ. സ്വർഗം തങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. എന്നൊക്കെയായിരുന്നു വേദക്കാരുടെ വാദങ്ങൾ. പ്രസ്തുത വാദങ്ങളുടെ ഖണ്ഡനം അടങ്ങുന്നതാണ് ഈ വചനം. മുഹമ്മദ് തിരുമേനിﷺയിൽ വിശ്വസിക്കുന്നവർക്ക് മേൽ വിവരിച്ചത് പോലെയുള്ള അനുഗ്രഹങ്ങൾ ലഭിക്കുമെന്നും, അദ്ദേഹത്തിൽ വിശ്വസിക്കാത്തവർ- അവർ മുൻപ്രവാചകൻമാരിൽ വിശ്വസിച്ചിട്ടുണ്ടെങ്കിലും ശരി- അവി

ശ്വാസികളായിരിക്കുമെന്നും നിശ്ചയിച്ചതിൽ അടങ്ങിയ തത്വം വേദക്കാരെ അത് മനസ്സിലാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുക എന്നത് ഒരു കൂട്ടർക്കുള്ള കുത്തകയൊന്നുമല്ല. അത് അല്ലാഹുവിന്റെ സ്വന്തം അധികാരത്തിൽപെട്ടതാണ്; അവൻ ഉദ്ദേശിച്ചവർക്ക് അവനത് നൽകും; പ്രവാചകത്വം നൽകേണ്ടത് ആർക്കെല്ലാമാണെന്നും, അനുഗ്രഹം നൽകേണ്ടത് ആർക്കെല്ലാമാണെന്നുമുള്ള കാര്യം അവൻ കണക്കാക്കുന്നതാണ്. അവനാകട്ടെ, വമ്പിച്ച അനുഗ്രഹശാലിയുമാകുന്നു. ഇതാണ് ആ തത്വം. ഇതവർ അറിഞ്ഞിരിക്കുവാനാണ് ഇത് (28 -ാം വചനത്തിലെ ഉള്ളടക്കം) അവരെ അറിയിക്കുന്നത് എന്ന് സാരം.

لئلا يعلم ('ലി- അൽ- ലാ- യഅ്‌ലമ) എന്ന വാക്കിനാണ് 'അറിയേണ്ടതിനുവേണ്ടി' എന്ന് നാം അർത്ഥം കല്പിച്ചിരിക്കുന്നത്. لا (ലാ) എന്ന നിഷേധത്തിന്റെ അവ്യയത്തിന് കഴിഞ്ഞ അദ്ധ്യായം 75 -ാം വചനത്തിൽ കണ്ടതുപോലെ- പ്രത്യേകിച്ച് അർത്ഥമൊന്നുമില്ല. ഒരു വാചകത്തിലെ ആശയത്തിൽ അസ്പഷ്ടമായ വല്ല നിഷേധവും അടങ്ങിയിരിക്കുമ്പോൾ, ആ വാചകത്തിൽ ഇങ്ങനെ ഒരു 'ലാ കൊണ്ടുവരപ്പെടുന്ന സമ്പ്രദായം അറബികളിൽ പതിവുണ്ട്. ഇതിന് ക്വുർആനിൽ വേറെയും ഉദാഹരണങ്ങളുണ്ട്. അവയിൽ ഒന്നാണ് (7 : 12ൽ) ما منعك أن لا تسجد എന്ന വാക്യം. 'സുജൂദ് ചെയ്യാതിരിക്കുന്നതിന് നിനക്ക് മുടക്കുണ്ടാക്കിയത് എന്താണ് എന്നായിരിക്കും ഇതിന് വാക്കർത്ഥം വരുക. പക്ഷേ, ഉദ്ദേശ്യം അതല്ല.' 'സുജൂദ് ചെയ്യുന്നതിന് നിനക്ക് മുടക്കുണ്ടാക്കിയത് എന്താണ്' എന്നാകുന്നു. അതുപോലെത്തന്നെയാണ് ഇവിടെയും. 'ലാ' കൂടാതെയും (ليعلم എന്ന്) ഇവിടെ വായിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാകുന്നു. ചുരുക്കം ചില വ്യാഖ്യാതാക്കൾ 'ലാ'യുടെ നിഷേധാർത്ഥം പരിഗണിച്ചുകൊണ്ടുതന്നെ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വ്യാഖ്യാനിച്ചൊപ്പിക്കുവാൻ സാഹസപ്പെട്ട് കാണാറുണ്ട്. പക്ഷേ, ഭാഷാസാഹിത്യത്തിൽ സ്വീകരിക്കപ്പെടാറുള്ള ഒരു ശൈലിയാണിത്, എന്നിരിക്കെ, ആ സാഹസത്തിന് പിന്നെ ബുദ്ധിമുട്ടേണ്ടുന്ന ആവശ്യമില്ലല്ലോ. والله أعلم

((

ولله الحمد وله المنة والفضل

വ്യാഖ്യാനക്കുറിപ്പ്:-

'ക്വദാ- ക്വദ്ർ' (القضاء والقدر)

അഥവാ

അല്ലാഹുവിന്റെ വിധിവ്യവസ്ഥകൾ

അല്ലാഹു സർവ്വജ്ഞനും സർവ്വശക്തനുമാണ്. ചെറുപ്പവലുപ്പമോ, സ്ഥല കാലമോ വ്യത്യാസമില്ലാതെ സകലകാര്യങ്ങളും, സകലവസ്തുക്കളും- ഓരോന്നും ഇന്നിന്നപ്രകാരത്തിലാണെന്ന്- അവൻ അറിയുന്നു. അവന്റെ അറിവിൽ പെടാത്തതോ, അറിവിൽനിന്ന് അൽപമെങ്കിലും വ്യത്യസ്തമായതോ ഒന്നും തന്നെയില്ല. നമ്മുടെ അറിവുപോലെ അപ്പപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അറിവല്ല അല്ലാഹുവിന്റേത്. അവന്റെ ഇതരഗുണങ്ങളെപ്പോലെ അവന്റെ അറിവും അനാദിയും അനന്തവുമാകുന്നു. എന്നിങ്ങനെയുള്ള ഇസ്‌ലാമിലെ മൗലിക വിശ്വാസ തത്വങ്ങൾ സ്വീകരിക്കുന്ന ഏതൊരാൾക്കും അല്ലാഹുവിന്റെ വിധിവ്യവസ്ഥയാകുന്ന 'ക്വദ്വാക്വദ്റി'ലും വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ല. മതദൃഷ്ട്യാ ഒഴിച്ചുകൂടാത്ത കടമയുമാണത്. ക്വുർആനും ഹദീഥും സ്പഷ്ടമായ ഭാഷയിൽ അതിനെപ്പറ്റി ധാരാളം പ്രതിപാദിച്ചിട്ടുമുണ്ട്. മുസ്‌ലിംസമുദായം പൊതുവിലും, ഇതരമതക്കാരിൽ ഏതാനുംഭാഗവും ക്വദ്വാക്വദ്റിൽ വിശ്വസിക്കുന്നവരുമാകുന്നു.

ക്വദ്റിലുള്ള വിശ്വാസം യുക്തിക്ക് യോജിക്കാത്തതാണെന്ന് വാദിച്ചുകൊണ്ട് അതിനെ നിഷേധിക്കുന്ന ഒരു ചെറിയ വിഭാഗം ആളുകൾ മുസ്‌ലിംകളിലുണ്ട്. മതവിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത പ്രാചീന തത്വശാസ്ത്ര സിദ്ധാന്തങ്ങളിൽ നിന്നാണ് വാസ്തവത്തിൽ ഈ നിഷേധത്തിന്റെ ഉത്ഭവം. എല്ലാതരം പിഴച്ച വിശ്വാസങ്ങൾക്കും ആദർശങ്ങൾക്കും അനുയായികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ആ പഴഞ്ചൻ വാദത്തിനും പുതിയ അനുയായികൾ ഉണ്ടാകുന്നത് സ്വാഭാവികമാണല്ലോ. ആയിരത്തിമുന്നൂറിൽപരം കൊല്ലങ്ങൾക്ക്മുമ്പ് ഇവരുടെ മുൻഗാമികൾ വാദിച്ചിരുന്ന അതേ വാദങ്ങളും, അവർ പറഞ്ഞിരുന്ന അതേ ന്യായങ്ങളും, അവർ സ്വീകരിച്ച അടവുകളുംതന്നെയാണ്- കാലത്തിനൊത്ത ആ ശൈലികൾ ഒഴിവാക്കിയാൽ- ഇന്ന് ഇവരും സ്വീകരിച്ചുകാണുന്നത്. തങ്ങളുടെ വാദഗതികൾക്ക് യോജിക്കാത്ത ക്വുർആൻ വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തൊപ്പിക്കുക, തങ്ങൾക്ക് അനുകൂലമല്ലാത്ത ഹദീഥുകളെ പരിഹാസപൂർവ്വം തള്ളിക്കളയുക, തങ്ങളോട് അഭിപ്രായത്തിൽ യോജിക്കാത്തവരെ വിഡ്ഢികളാക്കുക, അനിസ്‌ലാമിക ചിന്താഗതികൾക്ക് ഇസ്‌ലാമിന്റെ ഛായ

നൽകുക, ഇസ്‌ലാമിന്റെ സാക്ഷാൽ ഗുണകാംക്ഷികൾ തങ്ങളാണെന്ന് ഘോഷിക്കുക, ഇല്ലാത്ത ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചുണ്ടാക്കി അതിന് പരിഹാരം തങ്ങളുടെ വാദത്തിലാണുള്ളതെന്ന് സമർത്ഥിക്കുക മുതലായവ അവരുടെ പതിവത്രെ.

ബുദ്ധിയുടെ ഖണ്ഡിതമായ ഏതെങ്കിലും വിധിക്ക് എതിരായതോ, ബുദ്ധിപരമായ തെളിവുകളാൽ അസംഭവ്യമെന്ന് തീരുമാനിക്കപ്പെടാവുന്നതോ ആയ ഒന്നുംതന്നെ അല്ലാഹുവിന്റെ വചനത്തിലോ, നബി ﷺ യുടെ വചനത്തിലോ ഉണ്ടായിരിക്കയില്ലെന്ന് തീർത്ത് പറയാം. പക്ഷേ, മനുഷ്യബുദ്ധി അതിന്റെ സ്വന്തം നിലക്ക് വിഭാവനം ചെയ്യുന്ന ആശയങ്ങൾക്കോ നിഗമനങ്ങൾക്കോ അനുസരിച്ചുമാത്രമേ മതപ്രമാണങ്ങൾ ഉണ്ടായിരിക്കാവൂ എന്നില്ല. നമ്മുടെ ബുദ്ധിക്കും യുക്തിക്കും യോജിച്ചതായിത്തോന്നുന്ന എല്ലാ തത്വങ്ങളും, സിദ്ധാന്തങ്ങളും സാക്ഷാൽ യാഥാർത്ഥ്യങ്ങളായിരിക്കുമെന്ന് കരുതുന്നതും അബദ്ധമാകുന്നു. ബുദ്ധിപരമായ തെളിവുകൾകൊണ്ടോ, യുക്തിന്യായങ്ങൾ മുഖേനയോ എത്തിച്ചേരുവാൻ സാധ്യമല്ലാത്ത എത്രയോ യാഥാർത്ഥ്യങ്ങളും തത്വസിദ്ധാന്തങ്ങളും നിലവിലുള്ളത്കൊണ്ട്തന്നെയാണ്, വേദങ്ങളുടെയും പ്രവാചകൻമാരുടെയും ആവശ്യം നേരിട്ടിരിക്കുന്നതും. എന്നിരിക്കെ വേദപ്രമാണങ്ങളുടെയും, പ്രവാചകവചനങ്ങളുടെയും വ്യക്തമായ പ്രസ്താവനകൾക്ക് മുമ്പിൽ യാതൊരു യുക്തിവാദത്തിനും സ്ഥാനമില്ല. അപ്പോൾ, ക്വുർആന്റെയും ഹദീഥിന്റെയും നേർക്കുനേരെയുള്ള നിരവധി പ്രസ്താവനകളാൽ സ്പഷ്ടമായി അറിയപ്പെടുന്ന ഏതൊരു കാര്യവും യുക്തിരാഹിത്യത്തിന്റെ മേൽവിലാസത്തിൽ നിഷേധിച്ചു തള്ളുന്നതും അവ രണ്ടിലും വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് ഒരിക്കലും യോജിച്ചതല്ല; പാടുള്ളതുമല്ല. യുക്തിവാദങ്ങളെ മതപ്രമാണങ്ങളുടെ ഉരക്കല്ലിൽ മാറ്റുരച്ചുനോക്കുന്നതിന് പകരം, മതപ്രമാണങ്ങളെ യുക്തിന്യായങ്ങളുടെ ഉരക്കല്ലിൽ ഉരച്ചുനോക്കി വിലയിരുത്തുന്നതാണ് എക്കാലത്തും ധാർമികാരാജകത്വത്തിന് പ്രധാനകാരണമാകുന്നത്. ദൈവത്തിനും, മതത്തിനും, മാനുഷികമൂല്യങ്ങൾക്കും എതിരിൽ പടയെടുക്കുന്നവരുടെയെല്ലാം ആയുധം യുക്തിവാദം തന്നെ. പക്ഷേ, കാലത്തിനൊത്ത് വേഷം മാറും എന്ന് മാത്രം.

മനുഷ്യന്റെ പ്രവൃത്തികളടക്കം ലോകത്ത് നടക്കുന്ന സർവ്വകാര്യങ്ങളും, മൊത്തമായും വിശദമായും അല്ലാഹു അറിയുന്നു;ഇന്നിന്ന സംഭവം ഇന്നിന്നപ്രകാരത്തിലായിരിക്കുമെന്ന നിർണയവും വ്യവസ്ഥയും അവന്റെ പക്കലുണ്ട്. അതിനെതിരായി യാതൊന്നും സംഭവിക്കുകയില്ല; എന്ത്- എങ്ങനെ- എപ്പോൾ വേണമെന്ന് അവൻ ഉദ്ദേശിക്കുന്നുവോ അത് അങ്ങനെ അപ്പോൾ സംഭവിക്കുന്നു; അവൻ അറിയാതെയോ ഉദ്ദേശിക്കാതെയോ യാതൊന്നും സംഭവിക്കുകയില്ല. ഈ വിധമുള്ള വിശ്വാസമാണ് ക്വദ്‌റിലുള്ള വിശ്വാസംകൊണ്ടുദ്ദേശ്യം. അങ്ങനെയാണെങ്കിൽ, മനുഷ്യൻ എന്തിന് പ്രവർത്തിക്കണം? അവന്റെ പ്രവർത്തനം കൂടാതെത്തന്നെ അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ച് കാര്യങ്ങൾ അങ്ങ് നടന്നുകൊ

ള്ളുമല്ലോ?. മനുഷ്യന്റെ ഉദ്ദേശ്യങ്ങളിലും പ്രവർത്തനങ്ങളിലും നിരുപാധികമായ സ്വാതന്ത്ര്യവും കഴിവും അവനില്ലെങ്കിൽ- അഥവാ അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണ് എല്ലാം നടക്കുന്നതെങ്കിൽ- മതപരമായ വിധിവിലക്കുകൾ മുഖേന മനുഷ്യൻ ശാസിക്കപ്പെട്ടിരിക്കുന്നത് എന്തിനാണ്? എന്നിങ്ങനെയുള്ള ആശയക്കുഴപ്പങ്ങൾ പലതും ക്വദ്റിന്റെ നിഷേധികൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഹിജ്റഃ ആദ്യനൂറ്റാണ്ടിൽതന്നെ, ക്വദ്റിന്റെ വിഷയത്തിൽ പരസ്പരവിരുദ്ധമായ രണ്ട് ആശയഗതിക്കാർ ഉടലെടുത്തു.

(1) മനുഷ്യന് യാതൊന്നിനും യാതൊരുവിധ സ്വാതന്ത്ര്യമോ കഴിവോ ഇല്ല. കേവലം കാറ്റിൽപെട്ട ഇലപോലെ അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനും കഴിവിനും മുമ്പിൽ അവൻ ഒരു പാവമാത്രമാണ് എന്ന് ഒരു കക്ഷി വാദിച്ചു. ഇവർ 'ജബ്രിയ്യ'ഃ (മനുഷ്യൻ നിർബന്ധത്തിന് വിധേയനാണെന്ന് വാദിക്കുന്ന കക്ഷി =الجبرية) എന്ന പേരിൽ അറിയപ്പെടുന്നു. ഈ കക്ഷി ക്രമേണ ക്ഷയോൻമുഖമായിട്ടുണ്ടെന്ന് പറയാം.

(2) മനുഷ്യൻ അവന്റെ ഉദ്ദേശ്യത്തിലും പ്രവർത്തനത്തിലും പരിപൂർണ സ്വതന്ത്രനാണ്; എല്ലാം അവന്റെ ഹിതമനുസരിച്ച് നടക്കുന്നു. അവന്റെ പ്രവർത്തനം അവന്റെ സൃഷ്ടി തന്നെയാണ്; അതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനോ, പ്രവർത്തനത്തിനോ പങ്കില്ല. എന്നൊക്കെ മറ്റൊരു കക്ഷി വാദിച്ചു. ഈ കക്ഷി 'ക്വദ്രിയ്യഃ' (മനുഷ്യന്റെ പ്രവർത്തനം അവന്റെ കഴിവുകൊണ്ടാണെന്ന് വാദിക്കുന്ന കക്ഷി= القدرية) എന്ന പേരിലും അറിയപ്പെടുന്നു. 'മുഅ്തസിലഃ' (المعتزلة) വിഭാഗത്തിൽ നിന്നാണ് ഈ കക്ഷി ജന്മമെടുത്തിരിക്കുന്നത്. പരലോകത്ത് വെച്ചും അല്ലാഹുവിനെ കാൺമാൻ സാധ്യമല്ല എന്നും; സ്വർഗനരകങ്ങൾ, കർമങ്ങളെ തൂക്കിക്കണക്കാക്കൽ, ഇബ്ലീസ് എന്നിങ്ങനെയുള്ള പലതും യാഥാർത്ഥ്യങ്ങളല്ല എന്നും, അവ കേവലം ചില ഉപമാലങ്കാരങ്ങൾ മാത്രമാണെന്നും മറ്റും വാദിക്കുന്നവരും ഈ വിഭാഗത്തിലുണ്ട്. അതത് കാലത്തിനും കാലക്കാർക്കും അനുസരിച്ചുള്ള യുക്തിന്യായങ്ങൾതന്നെയാണ് എല്ലാവർക്കും കൊണ്ടുവരാനുള്ള തെളിവ്.

രണ്ടാമത്തെ കക്ഷിയായ ക്വദ്രിയ്യഃത്തിന്റെ പ്രധാന വാദങ്ങളെക്കുറിച്ച് മാത്രമാണ് നാമിവിടെ സംസാരിക്കുന്നത്. ഓരോ കാലത്തായി ചില പുത്തൻ തത്വങ്ങളും വാദഗതികളും ആവിഷ്കരിക്കുവാനും, ചിലത് ഉപേക്ഷിക്കുവാനും ഇവർ നിർബന്ധിതരായിട്ടുണ്ട്. അവയിൽ ചിലതെല്ലാം കാലഹരണപ്പെട്ട് പോയെങ്കിലും കുറേയെല്ലാം ഇന്നും അവശേഷിക്കുന്നു. എല്ലാം തുറന്നുപറയുവാൻ ഇവർ സങ്കോചപ്പെടുകയാണ്. 'ലോകത്ത് ഓരോ സംഭവവും സംഭവിക്കുമ്പോൾ മാത്രമേ അല്ലാഹു അറിയുകയുള്ളൂ. അതിനുമുമ്പ് അതിനെപ്പറ്റി അവൻ ഒന്നും അറിയുകയില്ല; അല്ലാഹുവിന് കാര്യങ്ങളെക്കുറിച്ച് മൊത്തത്തിലുള്ള അറിവേ ഉള്ളൂ. എല്ലാ

റ്റിനെക്കുറിച്ചും വിശദമായി അറിഞ്ഞുകൂടാ; ലോകകാര്യങ്ങൾക്ക് ചില പൊതുവായ പരിപാടികളും കാര്യകാരണബന്ധങ്ങളും അവൻ ഏർപ്പെടുത്തിവെച്ചിട്ടുണ്ട്; അതനുസരിച്ച് മനുഷ്യന്റെ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളും സ്വയമേവ നീങ്ങിക്കൊണ്ടിരിക്കുകയാണ്; മനുഷ്യന്റെ കർമങ്ങളെല്ലാം അവന്റെ സ്വന്തം കഴിവും സൃഷ്ടിയുമാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യമോ പ്രവർത്തനമോ അതിനാവശ്യമില്ല; നല്ലതിന്റെ മാത്രം സ്രഷ്ടാവാണ് അല്ലാഹു; ചീത്തയായതൊന്നും അവന്റെ സൃഷ്ടിയല്ല; ചീത്തയായതിന്റെ സ്രഷ്ടാവ് പിശാചോ മനുഷ്യനോ ആയിരിക്കും; നന്മമാത്രം സൃഷ്ടിക്കൽ അല്ലാഹുവിന്റെ നിർബന്ധമാണ്.........' ഇത്യാദി വാദങ്ങളെല്ലാം അക്കൂട്ടത്തിൽ ഉൾപ്പെട്ടതാകുന്നു. تعالى الله عن ذلك كله علوا كبيرا (അല്ലാഹു അതിൽനിന്നെല്ലാം തന്നെ അത്യുന്നതനത്രെ.)

മേൽപറഞ്ഞ രണ്ട് കക്ഷികൾക്കും ഇടയിലാണ് വാസ്തവം സ്ഥിതിചെയ്യുന്നത്. സ്വഹാബത്തും താബിഉകളും അടക്കമുള്ള മുൻഗാമികൾ മുഴുവനും, പിൽക്കാലക്കാരായ മുസ്‌ലിംകൾ ബഹുഭൂരിഭാഗവും ഈ മദ്ധ്യഗതിക്കാരാകുന്നു. മനുഷ്യന് അവന്റെ ഇച്ഛയും ഉദ്ദേശ്യവും അനുസരിച്ച് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും സാഹചര്യങ്ങളും നൽകപ്പെട്ടിട്ടുണ്ടെന്നും, അതോടൊപ്പംതന്നെ അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനും നിശ്ചയത്തിനും അതിൽ പ്രായോഗികമായ പങ്കുണ്ടെന്നുമാണ് അവരുടെ വിശ്വാസം. അനേകം ക്വുർആൻ വചനങ്ങളും നബിവചനങ്ങളും അവർക്ക് തെളിവുകളായുണ്ട് താനും. ഇവയ്ക്ക് പുറമെ, ബുദ്ധിപരമായ പല തെളിവുകളോടുംകൂടി പല മഹാന്മാരും അതിനെ സ്ഥാപിച്ചുകൊണ്ടും, അതിന്റെ അനിവാര്യത തെളിയിച്ചുകൊണ്ടും ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ട്. പക്ഷേ, തൽപരകക്ഷികൾ അല്ലാഹുവിന് കൽപിക്കേണ്ടുന്ന മഹത്വങ്ങളും, പ്രത്യേകതകളും കൽപിക്കുന്നതിന് പകരം, മനുഷ്യനും മനുഷ്യന്റെ യുക്തിവീക്ഷണത്തിനും അളവിൽ കവിഞ്ഞ സ്ഥാനം കൽപിക്കുകയാണ് ചെയ്തിരിക്കുന്നത്. وما قدر الله حق قدره (അവർ അല്ലാഹുവിനെ കണക്കാക്കേണ്ടുന്ന പ്രകാരം കണക്കാക്കിയില്ല.)

ഈ വിഷയത്തിൽ ക്വുർആന്റെയും ഹദീഥിന്റെയും നേർക്കുനേരെയുള്ള പ്രസ്താവനകൾ എന്താണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്? അതിൽ ബുദ്ധിയുടെ ഖണ്ഡിതമായ ഏതെങ്കിലും വിധിക്ക് വിപരീതമായി വല്ലതും ഉണ്ടോ? ക്വദ്റിന്റെ നിഷേധം യുക്തിയുടെ അടിസ്ഥാനത്തിൽതന്നെ അനിവാര്യമാണോ? എന്നൊക്കെ ഒരു സാമാന്യവീക്ഷണം നടത്തുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. ക്വുർആന്റെയും നബിവചനങ്ങളുടെയും വ്യക്തമായ താൽപര്യങ്ങളെ നിരുപാധികം അംഗീകരിക്കുവാൻ തയ്യാറാകുകയും , അതിനെതിരായ ചിന്താഗതികളെ അതിനനുസരിച്ച് രൂപപ്പെടുത്തുവാൻ വൈമനസ്യം തോന്നാതിരിക്കുകയും ചെയ്യത്തക്കവണ്ണം നിഷ്കളങ്കമായ സത്യവിശ്വാസം ഹൃദയത്തിൽ സ്ഥലംപിടിച്ചിട്ടുള്ളവർക്ക് നിശ്ചയമായും ഈ കുറിപ്പ് ഉപകാരപ്പെട്ടേക്കും. إن شاء الله وهو الموفق للصواب

ചില പദങ്ങളും, അവയുടെ ഉപയോഗങ്ങളും

വിഷയത്തിൽ പ്രവേശിക്കുംമുമ്പ് താഴെ കാണുന്ന അറബിവാക്കുകളുടെ അർത്ഥങ്ങളും പ്രയോഗങ്ങളും മനസ്സിലാക്കുന്നത് വസ്തുനിഷ്ഠമായി കാര്യം ഗ്രഹിക്കുവാൻ സഹായകമായിരിക്കും. ഒരു ഭാഷയിലെ വാക്കുകൾ മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ- ക്വുർആൻ പ്രത്യേകിച്ചും- മൂലവാക്കുകളോട് എപ്പോഴും എല്ലാനിലക്കും കിടനിൽക്കുന്ന പര്യായപദങ്ങൾ വിവർത്തന ഭാഷയിൽ കണ്ടെത്തുവാൻ സാധിച്ചെന്ന് വരികയില്ല. മൂലഭാഷയിൽ വിവിധരംഗങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കിന് അവിടങ്ങളിലെല്ലാം ഒരേവാക്കിൽ തർജ്ജമ നൽകുവാൻ ഗ്രന്ഥകർത്താക്കൾക്കും സാഹിത്യകാരൻമാർക്കും സാധിക്കാതെ വരുന്നതും, സന്ദർഭമനുസരിച്ച് കൂടുതൽ അനുയോജ്യമായ പദങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതും അത്കൊണ്ടാണ്. അറബിഭാഷയിൽ അൽപമൊക്കെ പരിചയമുള്ളവർക്ക് താഴെ കാണുന്ന വിവരണം കൂടുതൽ പ്രയോജനകരമായിത്തീരുമെന്നുള്ളതിൽ സംശയമില്ല.

اَلْقَدْرُ ، اَلْقَدَرُ ، اَلتَّقْدِيرُ (ക്വദ്ർ, ക്വദർ, തക്ഌദീർ)

'ക്വദർ' എന്ന വാക്കിന് പ്രസിദ്ധ അറബി- നിഘണ്ടുവായ 'ക്വാമൂസി' (القاموس)ൽ القضاء والحكم ومبلغ الشيء (തീരുമാനം, വിധി, ഒരു വസ്തുവിന്റെ തുക- അഥവാ ആകെ അളവ്) എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളത്. 'ക്വദ്റി'നാകട്ടെ, പല അർത്ഥങ്ങളും അതിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 'ധനം, കഴിവ്, ശക്തി, കുടുസ്സാക്കുക, കണക്കാക്കുക, നിർണയിക്കുക, മഹത്വപ്പെടുത്തുക, ചിട്ടപ്പെടുത്തുക, വേവിക്കുക' എന്നും മറ്റും. ആധുനിക നിഘണ്ടുവായ 'മുൻജിദി' (المنجد)ൽ 'ക്വദ്റി'ന്റെ അർത്ഥങ്ങളിൽ ما يقدر الله من القضاء ويحكم به , تعلق الإرادة بالأشياء في اوقاتها (അല്ലാഹു കണക്കാക്കുന്നതും വിധിക്കുന്നതുമായ തീരുമാനം, വസ്തുക്കളോട് തക്ക സമയങ്ങളിൽ അല്ലാഹുവിന്റെ ഉദ്ദേശ്യം ബന്ധപ്പെടൽ) എന്ന്കൂടി അർത്ഥം കൊടുത്തുകാണാം.

ക്വുർആന്റെ പ്രത്യേക നിഘണ്ടുവായ 'അൽ മുഫ്റദാത്തി' (المفردات)ൽ ഇമാം റാഗിബ് ഈ ധാതുക്കളെപ്പറ്റി കുറെ അധികം വിവരിച്ചിരിക്കുന്നു. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

(1)القدر والتقدير تبيين كمية الشيئ (ഒരു വസ്തു എത്രയാണെന്നുള്ള അളവ് വിവരിക്കലാണ് 'ക്വദ്റും', 'തക്ഌദീറും'.) പിന്നീട് 'ക്വദറ, ക്വദ്ദറ' (قَدَرَ ، قَدَّرَ) എന്നീ ക്രിയാരൂപങ്ങൾക്ക് 'കഴിവ് നൽകി' എന്ന് അർത്ഥം പറഞ്ഞശേഷം അദ്ദേഹം ഇങ്ങനെപ്രസ്താവിക്കുന്നു: فتقدير الله للاشياء على وجهين احدهما باعطاء القدرة الثاني بان يجعلها

على مقدارمخصوص ووجه مخصوص حسبما اقتضت– (എന്നാൽ, അല്ലാഹു കാര്യങ്ങളെ 'തക്ദീർ' ചെയ്യുക- അഥവാ 'ക്വദ്റാ'ക്കുക- എന്നത് രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന് അതിന് കഴിവ് നൽകുന്നത് മുഖേനയും, മറ്റേത് അവന്റെ യുക്തിക്കനുസരിച്ചവിധം ഒരു പ്രത്യേക തോതിലും ഒരു പ്രത്യേക രീതിയിലും അങ്ങനെ ആക്കുന്നത് മുഖേനയും.)

'തക്ദീർ' ഈ രണ്ട് പ്രകാരത്തിലായിത്തീരുവാനുള്ള പശ്ചാത്തലവും ഇമാംറാഗിബ് വിവരിച്ചിരിക്കുന്നു, അതിന്റെ ചുരുക്കം ഇതാണ്: അല്ലാഹുവിന്റെ പ്രവൃത്തി രണ്ട് വിധത്തിലാണുള്ളത്. ഒന്ന്: അല്ലാഹു ഉദ്ദേശിച്ച കാലത്തോളം യാതൊരു ഭേദഗതിയും കൂടാതെ സ്ഥിരമായ അസ്തിത്വം നൽകിക്കൊണ്ട് സൃഷ്ടിക്കുക. ഉദാഹരണം: ആകാശങ്ങളും അതിലെ വസ്തുക്കളും. രണ്ടാമത്തേത്: മൂലവസ്തുക്കളെ സൃഷ്ടിക്കുകയും, അവൻ നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് മാത്രം. അതിൽ നിന്ന് ജന്യങ്ങളായ അംശങ്ങൾ (അഥവാ ശാഖകൾ) ഉണ്ടായിത്തീരുവാനുള്ള ശക്തി അതിൽ ഏർപ്പെടുത്തുകയും ചെയ്യുക. ഉദാഹരണം: ഈത്തക്കുരുവിൽ നിന്ന് ഈത്തപ്പനയും, മനുഷ്യ ബീജത്തിൽ നിന്ന് മനുഷ്യനും ഉണ്ടാകുന്നതുപോലെയുള്ള കാര്യങ്ങൾ (*)

തുടർന്നുകൊണ്ട് റാഗിബ് (റ) തക്ദീറിനെ ഒന്നുകൂടി വിശദീകരിച്ചു ഇങ്ങനെ പറയുന്നു: .

فتقدير الله على وجهين أحدهما بالحكم منه أن يكون كذا أو لا يكون كذا اما على سبيل الوجوب وإما على سبيل الإمكان وعلى ذلك قوله قد جعل الله لكل شيئ قدرا والثاني باعطاء القدرة عليه

(അപ്പോൾ, അല്ലാഹുവിന്റെ 'തക്ദീർ' രണ്ട് വിധമാണ്. ഒന്ന്: ഇന്നപ്രകാരം ഉണ്ടാവണം അല്ലെങ്കിൽ ഇന്നപ്രകാരം ഉണ്ടാവരുത് എന്ന് നിർബന്ധത്തിന്റെ നിലക്കോ, സാധ്യതയുടെ നിലക്കോ, വിധിക്കുക. 'എല്ലാ കാര്യത്തിനും അല്ലാഹു ഒരു ക്വദ്ർ ഏർപ്പെടുത്തിയിട്ടുണ്ട്' എന്ന ക്വുർആൻ വാക്യം (**) ഇതനുസരിച്ചുള്ളതാകുന്നു. രണ്ടാമത്തേത്: അതിന് -ഒരു കാര്യത്തിന് -കഴിവുകൊടുക്കലാണ്.)

ചില പ്രസ്താവനകൾക്കും ഉദാഹരണങ്ങൾക്കുംശേഷം അദ്ദേഹം തുടരുന്നു:

وقوله وكان أمر الله قدرا فقدر اشارة إلى ما سبق به القضاء والكتابة في اللوح المحفوظ والمشار إليه بقوله عليه السلام فرغ ربكم من الخلق والاجل والرزق. والمقدور اشارة إلى ما يحد ث منه حالا فحالا مما قدر وهو المشار إليه بقوله كل يوم هو في شأن وعلى ذلك قوله وما نزله إلا بقدر معلوم

(*) ക്വദ്റിന്റെ നിഷേധികളായ ചിലർ ഇമാംറാഗിബ് കാണിച്ച ഈ രണ്ടാമത്തെ അർത്ഥം പൊക്കിപ്പിടിക്കുകയും ആദ്യത്തെ അർത്ഥം മൂടിവെക്കുകയും ചെയ്തുകാണാം.

(**) സൂ: ത്വലാക്വ് 3.

(അല്ലാഹുവിന്റെ കാര്യം മക്ദൂറായ ഖദ്റാകുന്നു' എന്ന ആയത്തിലെ *(*)* 'ഖദ്ർ' എന്ന വാക്ക് അല്ലാഹു നേരത്തെ തീരുമാനിച്ചിട്ടുള്ളതിനെയും ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിയതിനെയും സൂചിപ്പിക്കുന്നു. 'സൃഷ്ടി, കാലാവധി, ആഹാരം എന്നിവയുടെ ജോലിയിൽനിന്ന് നിങ്ങളുടെ റബ്ബ് വിരമിച്ചിരിക്കുന്നു- അഥവാ അവയെ സംബന്ധിച്ച തീരുമാനം കഴിഞ്ഞിരിക്കുന്നു' -എന്ന നബിവചനത്തിൽ സൂചിപ്പിക്കപ്പെട്ടതും അതുതന്നെ. 'മക്ദൂർ' എന്ന വാക്കാവട്ടെ, അവൻ കണക്കാക്കിവെച്ചതിൽനിന്ന് അപ്പപ്പോൾ സംഭവിക്കുന്നതിലേക്കുള്ള സൂചനയാണ്. 'എല്ലാ ദിവസവും അല്ലാഹു ഓരോ കാര്യത്തിലാണ്' എന്ന ആയത്തിൽ *(**)* ചൂണ്ടിക്കാട്ടിയതും അതുതന്നെ. ഇപ്രകാരം തന്നെയാണ് 'നാം അതിനെ (ഓരോ വസ്തുവെയും) ഒരു നിശ്ചിതതോതിലല്ലാതെ ഇറക്കുന്നില്ല' എന്ന ആയത്തും.) *(***)*

അല്ലാഹുവിന്റെ 'തക്ദീറി'നെപ്പറ്റി വിവരിച്ചശേഷം, മനുഷ്യരെ സംബന്ധിച്ച് പറയുമ്പോൾ 'തക്ദീറി'ന്റെ അർത്ഥം എന്തായിരിക്കുമെന്നും ഇമാം റാഗിബ് (റ) തുടർന്ന് വിവരിക്കുന്നു:

والتقدير من الإنسان على وجهين احدهما التفكر في الأمر بحسب نظر العقل وبناء الأمر عليه ذلك محمود والثاني ان يكون بحسب التمنى والشهوة والشهوة وذلك مذموم

(മനുഷ്യന്റെ തക്ദീറും രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന്: ബുദ്ധിയുടെ വീക്ഷണമനുസരിച്ച് കാര്യത്തെപ്പറ്റി ചിന്തിക്കുകയും ആ അടിസ്ഥാനത്തിൽ കാര്യം നടത്തുകയും ചെയ്യുക. ഇത് പ്രശംസനീയമത്രെ. (നല്ല കാര്യമാണ്). രണ്ടാമത്തേത്: മോഹത്തിനും ഇച്ഛക്കും അനുസരിച്ച് ചിന്തിക്കുക. ഇത് ആക്ഷേപാർഹമായതാകുന്നു. [ഇമാം റാഗിബിൽനിന്നുള്ള ഉദ്ധരണി ഇവിടെ അവസാനിച്ചു.]

ഇമാം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ 'ഖദ്റി'നു നിർവ്വചനം നൽകുന്നത് ഇങ്ങനെയാകുന്നു. هو علمه الأشياء قبل كونها وكتابته لها قبل برئها (കാര്യങ്ങൾ സംഭവിക്കുന്നതിനുമുമ്പ് അതിനെക്കുറിച്ച് അവൻ- അല്ലാഹു- അറിയലും, അവയെ സൃഷ്ടിച്ചുണ്ടാക്കുന്നതിനുമുമ്പ് അവയെ അവൻ രേഖപ്പെടുത്തലുമാകുന്നു അത്.) മഹാനായ ഇബ്നുഖയ്യിം (റ) യുക്തിവാദികളായ ചില കക്ഷികളെപ്പറ്റി സംസാരിക്കുന്ന കൂട്ടത്തിൽ قد جعل الله لكل شيئ قدرا (അല്ലാഹു എല്ലാറ്റിനും ഒരോ ഖദ്ർ ഏർപ്പെടുത്തിയിട്ടുണ്ട്) എന്ന ഖുർആൻ വാക്യം വിവരിച്ചുകൊണ്ട് പ്രസ്താവിച്ചിട്ടുള്ള ചില വാക്യങ്ങളും ഇവിടെ ശ്രദ്ധേയമാകുന്നു. അദ്ദേഹം പറ

(*)* സൂ: അഹ്സാബ്, 38. 'അല്ലാഹുവിന്റെ കാര്യം സാധിതപ്രായമായ- അഥവാ വ്യവസ്ഥാപിതമായ- ഖണ്ഡിത വ്യവസ്ഥയാകുന്നു' എന്ന് സാരം. വിവരണത്തിന്റെ സൗകര്യം ഓർത്ത് മേൽപ്രകാരം മൂലവാക്കുകൾ അതേപടി ഉപയോഗിച്ചതാണ്.

***(**)* സൂ: അർ റഹ്മാൻ *(***)* സൂ: ഹിജ്ർ, 21**

യുന്നു: 'ജ്ഞാനവുമായി ബന്ധപ്പെട്ടത്, പ്രത്യേക വസ്തുവുമായി ബന്ധപ്പെട്ടത് (العلمي والعيني) എന്നിങ്ങനെ ഖദ്ർ രണ്ടുതരത്തിലുണ്ട്. ഒരാൾ താൻ പറയുകയോ എഴുതുകയോ പ്രവർത്തിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്നതിന്റെ രൂപം ആദ്യം മനസ്സുകൊണ്ട് കണക്കാക്കുകയും പിന്നീടത് പ്രയോഗത്തിൽ വരുത്തുകയുമാണല്ലോ ചെയ്യുക. അതുപോലെ, സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുമ്പായി അവയുടെ തോതുവ്യവസ്ഥകൾ (مقادير الخلق)ക്ക് അല്ലാഹുവിന്റെ അറിവിലും നിശ്ചയത്തിലും ഒരു വ്യവസ്ഥയുണ്ടായിരിക്കുന്നതും പിന്നീടവയെ ആ അറിവിന്റെയും രേഖയുടെയും അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതുമാകുന്നു. അദ്ദേഹം തുടരുന്നു:

القدر الالهي نوعان احدهما في العلم والكناية والثاني خلقها وتصويرها بقدرته يخلق بها الأشياء والخلق يضمن الابداع والتقدير جميعاالصواعق المرسلة

(ദൈവികമായ ഖദ്ർ രണ്ട് വിധമാകുന്നു. ഒന്ന്: അറിവിലും, നിശ്ചയത്തിലും അഥവാ രേഖപ്പെടുത്തുന്നതിലും ഉള്ളത്. രണ്ടാമത്തേത്: വസ്തുക്കളെ സൃഷ്ടിക്കുവാനുള്ള അവന്റെ കഴിവുകൊണ്ട് അവയെ സൃഷ്ടിക്കലും അവയ്ക്ക് രൂപം നൽകലും ആകുന്നു. നിർമാണവും വ്യവസ്ഥയും കൂടി ഉൾക്കൊള്ളുന്നതാണ് സൃഷ്ടിപ്പ്.

'ഖദർ' എന്നും, 'ഖദ്ർ' എന്നും ('ദാലി'നു 'ഫത്ഹ്' കൊടുത്തും, 'സുകൂൻ' കൊടുത്തും) ഉപയോഗിക്കാമെന്ന് ഇബ്നുഖുതൈബഃ (റ) മുതലായ ഭാഷാപണ്ഡിതൻമാർ പ്രസ്താവിച്ചതായി ഇമാം നവവീ (റ) പ്രസ്താവിച്ചിരിക്കുന്നു. (شرح مسلم) രണ്ടായാലും അർഥത്തിൽ വ്യത്യാസമില്ല എന്ന് സാരം.

الحكم ، القضاء ('ഹുക്മ്' 'ഖദ്വാഉ്')

'ഹുക്മ്' എന്നാൽ 'വിധി' എന്നർഥം. ഇമാം റാഗിബ് (റ) പറയുന്നു: والحكم بالشيء ان تقضى بأنه كذا أو ليس كذا سواء الزمت ذلك غيرك او لم تلزمه (ഒരു കാര്യത്തെപ്പറ്റി 'ഹുക്മ്' ചെയ്യുക എന്നുവെച്ചാൽ, അത് ഇന്നപ്രകാരമാണ്- അല്ലെങ്കിൽ ഇന്നപ്രകാരമല്ല- എന്ന് തീരുമാനിക്കലാണ്. മറ്റുള്ളവർക്ക് അത് ബാധകമാക്കിയാലും ഇല്ലെങ്കിലും ശരി. 'ഖദ്വാഉ്' എന്നാൽ 'വിധി, തീരുമാനം, നിർവ്വഹണം, കടമവീട്ടൽ, നടപ്പിൽ വരുത്തൽ' എന്നൊക്കെ അർഥം വരും. القضاء فعل الامر قولا كان اوفعلا(ഖദ്വാഉ് എന്നാൽ, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ കാര്യത്തിന് തീരുമാനമെടുക്കലാണ്.) എന്ന് പ്രസ്താവിച്ചശേഷം റാഗിബ് (റ) അതിനെ ദൈവികമെന്നും, മാനുഷികമെന്നും (الهي وبشرى) വിഭജിച്ചിരിക്കുന്നു. وقضى ربك أن لا تعبدوا إلا إياه (തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ റബ്ബ് 'ഖദ്വാ' ചെയ്തിരിക്കുന്നു- തീരുമാനിച്ചിരിക്കുന്നു.) എന്നത്പോലുള്ള ചില ഖുർആൻ വചനങ്ങൾ വാക്മൂലമുള്ള ദൈവിക ഖദ്വാഉിന് അദ്ദേഹം ഉദാഹരണം കാണിച്ചിരിക്കുന്നു. فقضاهن سبع سماوات في يومين (രണ്ട് ദിവസങ്ങളിൽ അവയെ ഏഴ് ആകാശങ്ങളായി ഖദ്വാ ചെയ്തു- സൃഷ്ടി പൂർത്തിയാക്കി) എന്ന വചനം പ്രവൃത്തിമൂലമുള്ള ദൈവിക ഖദ്വാഉിനും അദ്ദേഹം ഉദാഹരണം കാണിച്ചിരിക്കുന്നു.

قضى الحاكم بكذا (ന്യായാധിപൻ ഇന്നപ്രകാരം ക്വദ്വാ ചെയ്തു- തീരുമാനിച്ചു) എന്ന് പറയാറുള്ളത് വാക്മൂലമുള്ള മാനുഷിക ക്വദ്വാഇനും، فإذا قضيتم منا سككم(നിങ്ങളുടെ ഹജ്ജ് സംബന്ധമായ ആരാധനാകർമങ്ങൾ ക്വദ്വാചെയ്താൽ -നിർവ്വഹിച്ചാൽ) എന്ന ക്വുർആൻ വാക്യം പ്രവൃത്തിമൂലമുള്ള മാനുഷികക്വദ്വാഇനും അദ്ദേഹം ഉദാഹരണമാക്കിയിരിക്കുന്നു.

ما بين القضاء والقدر
('ക്വദ്വാഉം' 'ക്വദറും' തമ്മിൽ)

ഭാഷാർത്ഥത്തിൽ ക്വദ്വാഉം ക്വദറും ഏറെക്കുറെ യോജിക്കുമെങ്കിലും രണ്ടും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. എല്ലാ ക്വദറും ക്വദ്വാഉ് ആയിരിക്കുകയില്ല. ക്വദറിനെക്കാൾ പ്രത്യേകമായിട്ടുള്ള (خاص)താണ് 'ക്വദ്വാഉ്' എന്നൊക്കെഇമാംറാഗിബ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തക്ദീറുകൾക്കിടയിൽ നടക്കുന്നതാണ് ക്വദ്വാഉ്. അതായത്, 'ക്വദർ' എന്നാൽ വ്യവസ്ഥ നിശ്ചയിക്കലും, ക്വദ്വാഉ് എന്നാൽ അത് ഖണ്ഡിതമാക്കലും തീരുമാനമാക്കലുമാകുന്നു. ഇതാണതിന് കാരണം. പിന്നീട് അദ്ദേഹം പറയുന്നു: 'ശാമിലുണ്ടായ (ചരിത്രപ്രസിദ്ധമായ) വിഷൂചികയിൽനിന്ന് സ്ഥലംവിട്ടു രക്ഷപ്പെടുവാൻ ഉമർ (റ) ഉദ്ദേശിച്ചപ്പോൾ, അബൂഉബൈദഃ (റ) അദ്ദേഹത്തോട് പറഞ്ഞു: اتفر من القضاء (താങ്കൾ ക്വദ്വാഇൽനിന്ന് ഓടിപ്പോകുകയാണോ?!) ഉമർ (റ) പറഞ്ഞു: افر من قضاء الله إلى قدر الله (ഞാൻ അല്ലാഹുവിന്റെ ക്വദ്വാഇൽനിന്ന് അല്ലാഹുവിന്റെ ക്വദറിലേക്ക് ഓടിപ്പോകുകയാണ്.) ക്വദർ ക്വദ്വാ ആയിക്കഴിയാത്തപ്പോൾ- നിശ്ചയം നടപ്പിൽ വരുത്താത്തപ്പോൾ- അല്ലാഹു അതിനെ തടഞ്ഞുവെച്ചേക്കാമെന്നുള്ള പ്രതീക്ഷക്കവകാശമുണ്ടെന്നും, അത് ക്വദ്വാ ആയിക്കഴിഞ്ഞാൽ പിന്നീടതിന് തടവുണ്ടാകയില്ലെന്നും ഉണർത്തുകയാണ് ഉമർ (റ) ചെയ്തത്'. وكان أمر مقضيا(അത്- പിതാവില്ലാതെയുള്ള ഈസാനബിയുടെ ജനനം- ഒരു തീരുമാനിക്കപ്പെട്ട കാര്യം ആകുന്നു) എന്നുള്ള ക്വുർആൻ വാക്യവും മറ്റും അദ്ദേഹം ഇവിടെ എടുത്തുദ്ധരിച്ചിരിക്കുന്നു. ക്വദ്വാഉ്, ക്വദർ എന്നീ വാക്കുകൾ തമ്മിൽ ഉള്ള ഈ വ്യത്യാസം ആ ധാതുവിൽനിന്നുണ്ടാകുന്ന ക്രിയകൾ മുതലായ രൂപങ്ങളിലും ഉണ്ടായിരിക്കും. രണ്ട് വാക്കുകൾക്കിടയിലുള്ള വ്യത്യാസം വേറെ രൂപത്തിലും ചിലർ പ്രസ്താവിച്ചു കാണാമെങ്കിലും അതിവിടെ ഉദ്ധരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല.

كتاب ، كتب ('കതബ', 'കിതാബ്')

'കൂട്ടിച്ചേർത്തു, ഒരുമിച്ചുകൂട്ടി' എന്നിങ്ങനെയാണ് كتب ('കതബ')ക്കു ഭാഷയിൽ സാക്ഷാൽ അർത്ഥം. 'എഴുതി, രേഖപ്പെടുത്തി' എന്നീ അർത്ഥങ്ങളിൽ അത് ഉപയോഗിക്കപ്പെടുന്നത് സർവ്വസാധാരണമാകുന്നു. അക്ഷരങ്ങളും

വാക്കുകളും കൂട്ടിച്ചേർക്കലാണല്ലോ എഴുത്ത്, 'നിയമിച്ചു, നിർബന്ധമാക്കി' എന്നിങ്ങനെയുള്ള അർത്ഥങ്ങളിലും 'കതബ' ഉപയോഗിക്കപ്പെടാറുണ്ട്. كتاب (കിതാബ്) എന്ന വാക്ക് 'ഗ്രന്ഥം, ഏട് (എഴുതപ്പെട്ടത്), പുസ്തകം, രേഖ എന്നീ അർത്ഥങ്ങളിലാണ് അധികവും ഉപയോഗം. 'നിർബന്ധം, നിയമം, വ്യവസ്ഥ' ഇത്യാദി അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ട്. ഈ ധാതുവിൽനിന്നുള്ള മറ്റു രൂപങ്ങളിലും ഈ അർത്ഥങ്ങൾ അടങ്ങിയിരിക്കുന്നതാണ്.

الإرادة ، المشية ('മശിയ്യത്തും', 'ഇറാദത്തും')
അവയുടെ ഇതര രൂപങ്ങളും

ഈ രണ്ട് വാക്കിനും 'ഉദ്ദേശിക്കുക' എന്നും, ഇവയുടെ ക്രിയാരൂപങ്ങളായ شاء ، اراد (ശാഅ, അറാദ) എന്നിവക്ക് 'ഉദ്ദേശിച്ചു' എന്നുമാണ് മലയാളത്തിൽ സാധാരണ അർത്ഥം പറയപ്പെടാറുള്ളത്. എങ്കിലും اراد ക്ക് 'ഇഷ്ടപ്പെട്ടു, താൽപര്യപ്പെട്ടു, ഉദ്യമിച്ചു, ആഗ്രഹിച്ചു, പരിഗണിച്ചു' (احب ، رغب فيه ، عني به) എന്നിങ്ങനെയും شاء ക്ക് 'കണക്കാക്കി, നിശ്ചയിച്ചു' (قدر) എന്നും അർത്ഥങ്ങളുണ്ട്. രണ്ടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി അൽപം മനസ്സിരുത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് ഇമാം റാഗിബ് (റ) പ്രസ്താവിച്ചിട്ടുള്ളത് ഇങ്ങനെ സംഗ്രഹിക്കാം:-

(1) 'മശിയ്യത്തി' (مشية)ന്റെ കർത്താവ് അല്ലാഹു ആയിരിക്കുമ്പോൾ ആ ഉദ്ദേശ്യം പ്രാവർത്തികമായിരിക്കും. മനുഷ്യനായിരിക്കുമ്പോൾ പ്രാവർത്തികമായിരിക്കണമെന്നില്ല. شاء الله كذا എന്ന് (അല്ലാഹു ഇന്നത് ഉദ്ദേശിച്ചു എന്ന് 'മശിയ്യത്തി'ന്റെ ക്രിയ ഉപയോഗിച്ച്) പറഞ്ഞാൽ അക്കാര്യം യഥാർത്ഥത്തിൽ സംഭവിച്ചതായിരിക്കും. ഇത് കർത്താവിന്റെ അടിസ്ഥാനത്തിലുള്ള വ്യത്യാസമാണ്.

(2) أراد الله كذا എന്ന് (അല്ലാഹു ഇന്നത് ഉദ്ദേശിച്ചു എന്ന് 'ഇറാദത്തി'ന്റെ ക്രിയ ഉപയോഗിച്ച്) പറയുമ്പോൾ ആ ഉദ്ദേശിക്കപ്പെട്ട കാര്യം സംഭവിച്ചിരിക്കണമെന്നില്ല. അതുകൊണ്ടാണ് 'അല്ലാഹു ഉദ്ദേശിച്ചതെന്തോ അത് ഉണ്ടാവും, അവൻ ഉദ്ദേശിക്കാത്തതെന്തോ അത് ഉണ്ടാവുകയുമില്ല.' ما شاء الله كان وما لم يشأ لم يكن എന്ന് 'മശിയ്യത്തി'ന്റെ ക്രിയമാത്രം ഉപയോഗിച്ച് പറയുന്നത്. ഇവിടെ 'അറാദ' (اراد) ഉപയോഗിക്കാറില്ല. അതേ സമയത്ത് 'അല്ലാഹു നിങ്ങളിൽ എളുപ്പത്തെ ഉദ്ദേശിക്കുന്നു, നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നില്ല.' (يريد الله بكم اليسر ولا يريد بكم العسر) എന്ന് ക്വുർആനിൽ ഉണ്ട്താനും. ഇവിടെ 'ഇറാദത്തി'ന്റെ ക്രിയയാണുള്ളത്. മനുഷ്യരിൽ ചിലപ്പോൾ എളുപ്പവും, ചിലപ്പോൾ ഞെരുക്കവും ഉണ്ടാകുന്നത് നാം കാണാറുണ്ടല്ലോ. *

** സൂ: നിസാഉ് 27 ൽ والله يريد ان يتوب عليكم ويريد الذين يتبعون الشهوات ان تميلوا ميلا عظيما (അല്ലാഹു നിങ്ങളിൽ പശ്ചാത്താപം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; ഇച്ഛകളെ പിൻപറ്റുന്നവർ, നിങ്ങൾ വമ്പിച്ച തെറ്റൽതെററിപ്പോകണമെന്നും ഉദ്ദേശിക്കുന്നു) എന്ന് പറഞ്ഞിട്ടുള്ളതും ഇതിന് ഉദാഹരണമാകുന്നു. ഇവിടെയും ارادة ന്റെ ക്രിയയാണുള്ളത്.*

(3) മനുഷ്യന്റെ 'ഇറാദത്താ'കുന്ന ഉദ്ദേശ്യത്തിന് മുമ്പ് അല്ലാഹുവിന്റെ 'ഇറാദത്ത്' ഉണ്ടായിരിക്കണമെന്നില്ല. മരണപ്പെടരുതെന്ന് മനുഷ്യൻ ഉദ്ദേശിച്ചുകൊണ്ടിരിക്കെ, അവൻ മരണമടയുവാൻ അല്ലാഹു ഉദ്ദേശിക്കാറുണ്ടല്ലോ. എന്നാൽ മനുഷ്യന്റെ 'മശിയ്യത്താ'കുന്ന ഉദ്ദേശ്യം അല്ലാഹുവിന്റെ 'മശിയ്യത്തോ'ടുകൂടി മാത്രമേ ഉണ്ടാവുകയുള്ളൂ. അല്ലാഹു പറയുന്നു: وما تشاءون إلا أن يشاء الله (അല്ലാഹുഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.) ഇത് 'മശിയ്യത്താ'കുന്ന ഉദ്ദേശ്യത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ 'മശിയ്യത്തി'നെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണ് എല്ലാവരും إن شاء الله (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ 'മശിയ്യത്തി'നെ ഉപയോഗിച്ചു) പറയുന്നത് (18 : 69 ലും മറ്റും) മൂസാ നബി (അ)യും, (37 : 102 ൽ) ഇസ്മാഈൽ നബി (അ)യും, (12 : 99)ൽ യൂസുഫ് നബി (അ)യും ഇതേവാക്യം (إن شاء الله) ഉപയോഗിച്ചിട്ടുള്ളതായി കാണാം. ഒരാൾ ഭാവിയിൽ ഏതൊരു കാര്യവും ചെയ്യുമെന്ന് പറയുമ്പോൾ إن شاء الله എന്ന് പറയാതിരിക്കരുതെന്ന് നബി തിരുമേനി ﷺയോടും (സൂ: അൽകഹ്ഫ്; 23 – 24ൽ) കല്പിച്ചിരിക്കുന്നു. (اهـ من المفردات)

'ഉദ്ദേശ്യം' രണ്ടുതരത്തിലുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ. ഇന്ന കാര്യം ഉണ്ടാവണം, അല്ലെങ്കിൽ ഉണ്ടാവരുത് എന്നുള്ള ഇച്ഛയിൽനിന്നും ആഗ്രഹത്തിൽനിന്നും ഉത്ഭവിക്കുന്നതാണ് അവയിൽ ഒന്ന്. അക്കാര്യം പ്രാവർത്തികമാക്കുന്നതാണ് മറ്റൊന്ന്. ഒന്നാമത്തേത് അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെത്തന്നെ ഉണ്ടാവുന്നതും, രണ്ടാമത്തേത് അല്ലാഹുവിന്റെ ഉദ്ദേശ്യത്തോടുകൂടി മാത്രം ഉണ്ടാകുന്നതുമാണെന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലായി. വാക്കർത്ഥംമാത്രം നോക്കുമ്പോൾ, മശിയ്യത്തും ഇറാദത്തും തമ്മിൽ പ്രത്യക്ഷത്തിൽ വ്യത്യാസം കാണുകയില്ലെങ്കിലും, പ്രയോഗത്തിൽ അവ തമ്മിലുണ്ടാകുന്ന മേൽപ്രസ്താവിച്ച വ്യത്യാസങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടതുണ്ട്.

ക്വുർആൻ നൽകുന്ന ചില തെളിവുകൾ

'ക്വദറി'നെ സ്ഥാപിക്കുന്ന അനേകം ക്വുർആൻ വാക്യങ്ങളുണ്ട്. നേരെ മറിച്ച് അതിനെ നിഷേധിക്കുമാറുള്ള ഒരൊറ്റ വാക്യവും അതിലില്ലതാനും. ക്വദറിന്റെ നിഷേധം മുൻകൂട്ടി മനസ്സിൽ ഉറപ്പിച്ചുവെക്കുകയോ, നിഷേധത്തിന് തെളിവ് കണ്ടുകിട്ടുവാനുള്ള താല്പര്യം ഉള്ളിൽ ഒളിച്ചുവെക്കുകയോ ചെയ്തുകൊണ്ട് ക്വുർആൻ വാക്യങ്ങളെ പരിശോധിക്കുന്നവർ അവയിൽ പലതിനെയും ദുർവ്യാഖ്യാനം ചെയ്യുമെന്നും, ചിലതിന്റെ നേരെ കാണാത്തഭാവം നടിക്കുമെന്നും നമുക്കറിയാം. എങ്കിലും സത്യാന്വേഷികളും, ക്വുർആന്റെ വ്യക്തമായ പ്രസ്താവനകളെ അന്യഥാ വ്യാഖ്യാനിക്കുവാൻ ഇഷ്ടപ്പെടാത്തവരുമായ സഹോദരങ്ങൾക്ക് അവ തികച്ചും മനസ്സമാധാനം നൽകുമെന്ന് തീർച്ച തന്നെ. (والله الموفق) അല്ലാഹു പറയുന്നു:-

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَـٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾ لِّكَيْلَا تَأْسَوْا۟ عَلَىٰ مَا فَاتَكُمْ وَلَا تَفْرَحُوا۟ بِمَآ ءَاتَىٰكُمْ ۗ وَٱللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿٢٣﴾ [الحديد]

(ഭൂമിയിലാകട്ടെ, നിങ്ങളിൽ തന്നെ- അഥവാ നിങ്ങളുടെ ദേഹങ്ങളിൽ തന്നെ- ആകട്ടെ, ഏതൊരു ബാധയും അതിനെ നാം സൃഷ്ടിച്ചുണ്ടാക്കുന്നതിന്മുമ്പായി അതൊരു 'കിതാബി'ൽ ഇല്ലാതെയില്ല. നിശ്ചയമായും, അത് അല്ലാഹുവിന്റെമേൽ നിസ്സാര കാര്യമാകുന്നു. നിങ്ങൾക്ക് പാഴായിപ്പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാനും, നിങ്ങൾക്ക് അവൻ തന്നതിനെപ്പററി നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാകുന്നു അത്. ദുരഹങ്കാരിയായ എല്ലാ പൊങ്ങച്ചക്കാരെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. സൂ: ഹദീദ് 22,23)

ഹൃദയം തുറന്നുകൊണ്ട് ഈ വചനം വായിച്ചുനോക്കുക. ഇവിടെ കിതാബ് കൊണ്ടുദ്ദേശ്യം, അല്ലാഹുവിന്റെ അറിവോ, നിശ്ചയമോ, വ്യവസ്ഥയോ, രേഖയോ, ഗ്രന്ഥമോ, 'ലൗഹുൽമഹ്ഫൂദോ' ഏതെങ്കിലുമായിക്കൊള്ളട്ടെ. (ഇങ്ങനെയെല്ലാം അഭിപ്രായങ്ങളുണ്ട്.) ഏതായാലും, ഭൂമിയിലും മനുഷ്യരിലും സംഭവിക്കുന്ന എല്ലാ ബാധയും (مصيبة) കിതാബിൽ രേഖപ്പെട്ടിട്ടുണ്ടെന്ന് അല്ലാഹു ഇതിൽ തീർത്തുപറയുന്നു. എന്നാൽ എപ്പോഴാണ് അത് ആ കിതാബിൽ സ്ഥലം പിടിക്കുന്നത്? അതെ, من قبل أن نبرأها (അതിനെ സൃഷ്ടിയിൽ വരുത്തുന്നതിനുമുമ്പായിത്തന്നെ.) അതിനെ (ها)എന്ന സർവ്വനാമം കുറിക്കുന്നത് അതിനുമുമ്പ് പ്രസ്താവിച്ച مصيبة ، الأرض ، انفسكم (ബാധ, ഭൂമി, നിങ്ങളുടെ ദേഹങ്ങൾ) എന്നിവയിൽ ഏതെങ്കിലും ഒന്നിനെയായിരിക്കും. അല്ലെങ്കിൽ- ചില ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നതുപോലെ- സൃഷ്ടികളെ സൃഷ്ടിക്കുന്നതിനുമുമ്പ് എന്നുമായിരിക്കാം. ഇവയിൽ ഏത് നാം സ്വീകരിച്ചാലും ശരി, ഒരു ബാധ പ്രായോഗികമായി ബാധിക്കുന്നതിന് മുമ്പുതന്നെ അതൊരു കിതാബിൽ രേഖപ്പെട്ടിട്ടുണ്ടെന്ന് തീർച്ചയാണ്. ഇങ്ങനെ, എല്ലാ ബാധകളെയും മുൻകൂട്ടി രേഖപ്പെടുത്തിവെക്കുന്നതിൽ അല്ലാഹുവിന് വല്ല പ്രയാസവും ഉണ്ടാവാനുണ്ടോ? ഇല്ല. അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരകാര്യമത്രെ. (إن ذلك على الله يسير)

എനി, അങ്ങനെ മുൻകൂട്ടി രേഖപ്പെടുത്തിയതിൽ (അല്ലെങ്കിൽ ഈ യാഥാർത്ഥ്യം അറിയിച്ചുതന്നതിൽ) മനുഷ്യർക്ക് വല്ല പ്രയോജനവും ഉണ്ടോ? തീർച്ചയായും ഉണ്ട്. രണ്ട് പ്രയോജനങ്ങൾ അതിലുണ്ട്. ഒന്ന്:لكيلا تأسوا على ما فاتكم (നിങ്ങൾക്ക് ലഭിക്കാതെ പാഴായിപ്പോയതിന്റെ പേരിൽ നിങ്ങൾ സങ്കടപ്പെടാതിരിക്കുവാൻ.) മറ്റൊന്ന്: ولا تفرحوا بما اتاكم (നിങ്ങൾക്കവൻ തന്നതിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും.) ഹാ! എത്ര മഹത്തായ രണ്ട് ലക്ഷ്യങ്ങൾ?. മനുഷ്യൻ എത്രതന്നെ ഇച്ഛിച്ചാലും പ്രവർത്തിച്ചാലും അവന്റെ ചില ഉദ്ദേശ്യങ്ങൾ അവന് സാധിച്ചുകിട്ടാറില്ല! അപ്പോൾ അവന് നിരാശയും, മനഃക്ലേശവും ഉണ്ടാകുന്നു. ചിലപ്പോൾ, ആത്മഹത്യപോലെയുള്ള കടുംകൈകൾക്ക് പോലും അവൻ മുതിർന്നുപോകുന്നു. ഈ അവസരത്തിൽ, എല്ലാം അല്ലാഹു നിശ്ചയിച്ചതാണ്, അതിലപ്പുറം തനിക്കൊന്നും നേരിടുകയില്ല. അവൻ നിശ്ചയിച്ചത് ബാധിക്കാതിരിക്കയുമില്ല എന്ന് വിശ്വസിക്കുന്നവർക്ക് തങ്ങളുടെ സങ്കടം ഇറക്കിവെച്ചു സമാധാനമടയുവാൻ ഏറ്റവും നല്ല ഒരു അത്താണിയത്രെ ഈ വിശ്വാസം. നേരെമറിച്ച് തങ്ങൾ ഉദ്ദേശിച്ചതോ, ഉദ്ദേശിക്കാത്തതോ ആയ നേട്ടങ്ങൾ കൈവരുമ്പോൾ പലരും അതിൽ ആഹ്ലാദചിത്തരും, അഹങ്കാരികളുമായിത്തീരുന്നു. അല്ലാഹു

തനിക്ക് കണക്കാക്കിവെച്ചതാണിത്, എല്ലാം അവന്റെ അനുഗ്രഹമാണ്, തന്റെ സാമർത്ഥ്യമോ യോഗ്യതയോ കൊണ്ട് സിദ്ധിച്ചതല്ല എന്നൊക്കെ ഒരാൾക്ക് ബോധ മുണ്ടെങ്കിൽ, അതിലവന് അഹങ്കാരത്തിനോ, പത്രാസിനോ, ദുരഭിമാനത്തിനോ വകയില്ലതാനും.

എല്ലാ കാര്യവും അല്ലാഹുവിന്റെ നിശ്ചയമനുസരിച്ചാണ് സംഭവിക്കു ന്നതെന്നും, അതിനപ്പുറം യാതൊന്നും സംഭവിക്കുകയില്ലെന്നുമുള്ള ക്വദറിന്റെ വിശ്വാസം, സന്താപത്തിൽ മനുഷ്യനെ ക്ഷമാലുവും, സന്തോഷത്തിൽഅവനെ കൃതജ്ഞനുമാക്കിത്തീർക്കുന്നു. നിരാശയിൽനിന്നും ധിക്കാരത്തിൽനിന്നും അവനെ മോചിപ്പിക്കുന്നു. പരാജയത്തിങ്കൽ ഭീരുത്വത്തിന് പകരം മനോവീര്യവും ധൈര്യവും നൽകുന്നു. വിജയത്തിങ്കൽ, അഹങ്കാരത്തിന് പകരം വിനയവും നന്ദിയും വർദ്ധിപ്പിക്കുന്നു. മർഹൂം ജമാലുദ്ദീൻ അഫ്ഗാനി (*)യുടെ ചില പ്രസ്താവനകൾ ഈ അവസരത്തിൽ ഓർമവരികയാണ്. വളരെ ചെറുതെങ്കിലും വിലപ്പെട്ട ഒരു ഗ്രന്ഥമത്രെ അദ്ദേഹത്തിന്റെ 'ക്വദ്വാ ക്വദർ' (القضاء والقدر) എന്ന കൃതി. ഈ ക്വുർആൻ വചനത്തിൽ വിവരിച്ച യാഥാർത്ഥ്യങ്ങൾ യുക്തിയുക്തം അദ്ദേഹമതിൽ വിവരിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ ആദ്യഘട്ടങ്ങളിൽ മുസ്‌ലിംകൾക്ക് ലഭിച്ച എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനകാരണം ക്വദറിലുള്ള വിശ്വാസമായിരുന്നു വെന്നും, പിൽക്കാലത്ത് അവർക്ക് നേരിട്ട എല്ലാ പരാജയങ്ങൾക്കും കാരണം ആ വിശ്വാസത്തിന് ഭംഗം നേരിട്ടതാണെന്നും അദ്ദേഹം അതിൽ സമർത്ഥിച്ചിരിക്കുന്നു. മുസ്‌ലിം സമുദായത്തിന്റെ അധഃപതനങ്ങൾക്ക് കാരണം ക്വദറിലുള്ള വിശ്വാസമാണെന്ന് യൂറോപ്യൻമാരും അവരുടെ അനുയായികളും ജൽപിക്കാറുള്ളതിനെ അദ്ദേഹം അതിൽ ശക്തിയായി ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു. അത്രയുമല്ല, വിജയശ്രീലാളിതരായി ചരിത്രത്തിൽ അറിയപ്പെടുന്ന പേർസ്യായിലെ ഖുറശും (Cyrus) യൂനാനിലെ മഹാനായ ഇസ്കന്തറും (Alexandre) താർതാറിലെ ചങ്കീസുഖാനും- ഫ്രാൻസിലെ നെപ്പോളിയൻ ബൂണാബർത്ത് തന്നെയും -ക്വദ്റിൽ വിശ്വാസമുള്ളവരായിരുന്നതാണ് അവരുടെ വിജയരഹസ്യമെന്നത്രെ

(*) ഇസ്‌ലാമിലെ തത്വജ്ഞാനി حكيم الإسلام എന്ന സ്ഥാനപ്പേരിൽ വിഖ്യാതനായ മർഹൂം അല്ലാമാ ജമാലുദ്ദീൻ അഫ്ഗാനി (റ) പൗരസ്ത്യ നാടുകളെ പലനിലക്കും തട്ടിയുണർത്തിയ ഒരു മഹാപണ്ഡിതനും ഉന്നത ചിന്തകനുമായിരുന്നു. ഹിജ്റഃ 1254ൽ അസദാബാദിലാണ് ജനനം. അജ്ഞതക്കും, അനാചാരങ്ങൾക്കും അനീതികൾക്കുമെതിരിൽ മരണംവരെ വീരസമരം നടത്തിയ ഒരു വിപ്ളവകാരിയായിരുന്നു അദ്ദേഹം. ഏഷ്യയിലെ മാത്രമല്ല, യൂറോപ്പിലും, ആഫ്രിക്കയിലുമെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളുണ്ടായിട്ടുണ്ട്. ക്വദ്റിന്റെ നിഷേധികളായ ഇന്നത്തെ ചില പണ്ഡിതൻമാർ അദ്ദേഹത്തെപ്പറ്റി 'മുസ്‌ലിംലോകത്ത് ഇന്നീകാണുന്ന മുഴുവൻ ഉണർവ്വുകൾക്കും കാരണഭൂതൻ' എന്നുപോലും പ്രശംസിച്ചിരിക്കുന്നത് കാണാം. ഇത് പറയുമ്പോൾ ക്വദ്വാക്വദ്റിന്റെ വിഷയത്തിൽ ആ മഹാൻ ഇവരുടെ എതിർചേരിയിലാണുള്ളതെന്ന വസ്തുത ഇവർ മറക്കുകയോ മറയ്ക്കുകയോ ചെയ്തതായിരിക്കാം.

അതിൽ അദ്ദേഹം സമർത്ഥിച്ചിരിക്കുന്നത്. ആ ചെറുകൃതിയിലെ രണ്ടുമൂന്ന് വരികൾമാത്രം ഇവിടെ ഉദ്ധരിക്കാം:-

الذي يعتقد بأن الأجل محدود والرزق مكفول والأشياء بيد الله يصرفها كيف يشاء كيف يرهب الموت في الدفاع عن حقه واعلاء كلمة أمته أو ملته والقيام بما فرض الله عليه من ذلك كيف يخشى الفقر مما ينفق من ماله في تعزيز الحق وتشديد المجد على حب الأوامر الالهية واصول الإجتماعات البشرية (القضاء والقدر لجمال الدين)

സാരം: 'ആയുഷ്കാലം ക്ലിപ്തമാക്കപ്പെട്ടതാണെന്നും, ആഹാരം അല്ലാഹു ഏറ്റിട്ടുള്ളതാണെന്നും, കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ കയ്യിലാണ്; അവൻ ഉദ്ദേശിച്ചപോലെ അതവൻ കൈകാര്യം ചെയ്യുന്നു എന്നും വിശ്വസിക്കുന്ന ഒരാൾ തന്റെ അവകാശത്തിനുവേണ്ടി ചെറുക്കുന്നതിലും, തന്റെ സമുദായത്തിന്റെയോ മതത്തിന്റെയോ മുദ്രാവാക്യം ഉയർത്തുന്നതിലും, അതിൽ തന്റെമേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കടമ നിർവ്വഹിക്കുന്നതിലും എങ്ങനെയാണ് മരണത്തെ ഭയപ്പെടുക?! ദൈവികമായ കൽപനകൾക്കും, മാനുഷികമായ സാമൂഹ്യമൂല്യങ്ങൾക്കും അനുസരിച്ച് സത്യത്തെ ശക്തിപ്പെടുത്തുന്നതിലും, യശസ്സ് കെട്ടിപ്പടുക്കുന്നതിലും ധനം ചിലവഴിക്കുന്നത്മൂലം ദാരിദ്ര്യം സംഭവിക്കുമെന്ന് അവൻ എങ്ങനെ പേടിക്കും?!'

മേലുദ്ധരിച്ച സൂ: ഹദീദിലെ ഖുർആൻ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസി (റ) ചെയ്ത പ്രസ്താവനയുടെ ചില ഭാഗങ്ങൾകൂടി അറിയുന്നത് സന്ദർഭോചിതമാകുന്നു. അതിങ്ങിനെ സംഗ്രഹിക്കാം:- 'ഇതിന്റെ നേരെ മുമ്പത്തെ سابقوا إلى مغفرة الخ എന്ന് തുടങ്ങുന്ന) ആയത്തിൽ പാപമോചനവും സ്വർഗവും ലഭിക്കുവാൻ മുന്നോട്ട് വരണമെന്ന് അല്ലാഹു ആഹ്വാനം ചെയ്തിരിക്കുന്നു. അത് ആർക്കാണ് ലഭിക്കുക എന്നും, അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്, അവൻ ഉദ്ദേശിക്കുന്നവർക്ക് അത് ലഭിക്കും എന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. അതിനെത്തുടർന്നുകൊണ്ടാണ് എല്ലാ 'മുസ്വീബത്തും' (ബാധയും) അല്ലാഹുവിങ്കൽ മുമ്പേ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. ഭൂമിയിലെ 'മുസ്വീബത്ത്' കൊണ്ടുദ്ദേശ്യം, മഴയില്ലായ്മ, കായ്കനികളുടെ ദൗർലഭ്യം മുതലായവയാണെന്നും, ദേഹത്തിലെ 'മുസ്വീബത്തു' കൊണ്ടുദ്ദേശ്യം രോഗം, ദാരിദ്ര്യം, സന്താനനഷ്ടം ആദിയായ യാതനകളാണെന്നുമാണ് ഒരഭിപ്രായം. നല്ലതും തീയതുമായ എല്ലാ ബാധകളും അതിൽ ഉൾപ്പെടുമെന്നാണ് മറ്റൊരഭിപ്രായം*. 'പാഴായിപ്പോയതിൽ സങ്കടപ്പെടാതിരിക്കുവാനും, തന്നതിൽ ആഹ്ലാദിക്കാതിരിക്കുവാനും' (لكيلا تأسوا الخ) എന്ന വാക്യം ഈ രണ്ടാമത്തെ അഭിപ്രായമാണ് ശരിയെന്ന് കാണിക്കുന്നു. എല്ലാ ബാധയും 'ഒരു കിതാബി'ൽ ഉണ്ടെന്നാണല്ലോ അല്ലാഹു പ്രസ്താവിക്കുന്നത്.'

(*) 'മുസ്വീബത്ത്' (مصيبة) എന്ന വാക്കിന് 'ബാധ' അല്ലെങ്കിൽ 'ബാധിക്കുന്നത്' എന്നർത്ഥം. ആപത്തുകളിലാണ് അധികം ഈ വാക്ക് ഉപയോഗിക്കാറുള്ളത്. ഇതാണ് രണ്ടഭിപ്രായങ്ങൾക്ക് കാരണം.

ഇവിടെ പലതും അറിയേണ്ടതായിട്ടുണ്ടെന്ന മുഖവുരയോടെ പിന്നീട് റാസീ (റ) തുടരുന്നു: '(1) ഭൂമിയിലെ സംഭവങ്ങളെല്ലാം സംഭവിക്കും മുമ്പുതന്നെ അവ 'ലൗഹുൽ മഹ്ഫൂദ്വി'ൽ രേഖപ്പെടുത്തപ്പെട്ടിരിക്കും. ഇതിന് 'മുതകല്ലിമുകൾ' (വിശ്വാസ ശാസ്ത്രപണ്ഡിതൻമാർ) പല കാരണങ്ങൾ വിവരിച്ചിട്ടുണ്ട്..........

(2) സംഭവിക്കുന്നതിന് മുമ്പുതന്നെ എല്ലാ സംഭവങ്ങളും അല്ലാഹു അറിയും എന്നുള്ളതിന് ഈ ആയത്ത് തെളിവാണെന്നാണ് ഹിശാമുബ്നുൽ ഹകം (هشام بن الحكم) ഒഴിച്ച് *(*)* തൗഹീദിൽ വിശ്വസിക്കുന്ന ഭൂരിഭാഗം ആളുകളുടെയും അഭിപ്രായം.

(3) 'നിങ്ങളുടെ ദേഹങ്ങളിൽ ബാധിക്കുന്ന 'മുസ്വീബത്ത്' എന്ന് പറഞ്ഞാൽ, മനുഷ്യരുടെ പാപങ്ങളും അവിശ്വാസവും ഉൾപ്പെടും. അപ്പോൾ, മനുഷ്യന്റെ എല്ലാ പ്രവൃത്തികളും നേരത്തെ രേഖപ്പെടുത്തിയതിൽ വ്യത്യാസം നേരിടുക അസംഭവ്യവുമാണ്....'

റാസീ (റ) തുടരുന്നു: 'അതിനെ നാം സൃഷ്ടിക്കുന്നതിനുമുമ്പ് (من قبل أن نبرأها) എന്ന വാക്കിന്റെ ഉദ്ദേശ്യം, ആ മുസ്വീബത്തിനെ അല്ലെങ്കിൽ ഭൂമിയെ, അല്ലെങ്കിൽ ദേഹങ്ങളെ സൃഷ്ടിക്കുന്നതിന് മുമ്പ് എന്നായിരിക്കാം. മുസ്വീബത്തിനെ സൃഷ്ടിക്കും മുമ്പ് എന്ന് വെക്കുന്നതാണ് കൂടുതൽ അനുയോജ്യം. മറ്റുള്ള അഭിപ്രായങ്ങളും തെറ്റല്ല ....പിന്നീട് അല്ലാഹു പറയുന്നു: إن ذلك على الله يسير (നിശ്ചയമായും അത് അല്ലാഹുവിന്റെമേൽ നിസ്സാരമായതാണ്.) എല്ലാം മുൻകൂട്ടി രേഖപ്പെടുത്തുന്നതോ, അവരുടെ ആധിക്യമോ ഒന്നും അവനൊരു പ്രശ്നമല്ല എന്ന് സാരം. وما يعمر من معمر الخ എന്ന (സൂ: ഫാത്വിർ 11 -ാം) ആയത്തിലേത് പോലുള്ള ഒരു പ്രസ്താവനയാണ് ഇതും. (ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതും, പ്രസവിക്കുന്നതും, ഏതൊരാൾക്കും ദീർഘായുസ്സോ അൽപ്പായുസ്സോ നൽകപ്പെടുന്നതുമെല്ലാം തന്നെ ഒരു കിതാബിൽ ഇല്ലാതെയില്ല, അത് അല്ലാഹുവിന്റെ മേൽ നിസ്സാരമായതാകുന്നു, എന്നാണ് റാസീ (റ) ചൂണ്ടിക്കാട്ടിയ ആയത്തിൽ പറയുന്നത്.)

അദ്ദേഹം വീണ്ടും തുടരുന്നു: 'അഹ്ലുസുന്നത്തിന്റെ അഭിപ്രായം, ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും- സംഭവിക്കുന്നത് സംഭവിക്കലും, സംഭവിക്കാത്തത് സംഭവിക്കാതിരിക്കലും- അനിവാര്യമാണെന്നാകുന്നു. ഇതാണ് പരമാർത്ഥവും. കാരണം:

(1) ഏതെല്ലാമാണ് സംഭവിക്കുക എന്ന് അല്ലാഹുവിനറിയാം. അപ്പോൾ, സംഭവിക്കുമെന്ന് അവൻ അറിയുന്ന ഏതെങ്കിലും ഒരു കാര്യം സംഭവിക്കാതെ വരുന്നപക്ഷം അവന്റെ ജ്ഞാനം അജ്ഞാനമായിത്തീരുന്നു.

(*) ഒരു മുഴുത്ത ശീഈ നേതാവാണ് ഇദ്ദേഹം.

(2) സംഭവിക്കുന്നവ സംഭവിക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. അതിൽ വല്ലതും സംഭവിക്കാത്ത പക്ഷം അവന്റെ ഉദ്ദേശ്യം ('മശിയ്യത്ത്') വ്യാമോഹം മാത്രമായിരിക്കും.

(3) അല്ലാഹുവിന്റെ കഴിവ് (القدرة) സംഭവങ്ങളുമായി ബന്ധപ്പെടുന്നു. അവ സംഭവിക്കാതെ വരുന്നപക്ഷം ആ കഴിവ് കഴിവുകേടായിരിക്കുമല്ലോ.

(4) അവൻ ഉദ്ദേശിച്ചത് സംഭവിക്കുമെന്ന് അവൻ പറയുന്നു. അവന്റെ വചനം സത്യവുമാണ്. അപ്പോൾ ഏതെങ്കിലുമൊന്ന് സംഭവിക്കാതിരിക്കുന്ന പക്ഷം, അവൻ പറഞ്ഞത് കളവായിത്തീരും. ഈ വസ്തുതകളെല്ലാം മനസ്സിലാക്കിയവരെ സംബന്ധിച്ചിടത്തോളം ആപത്തുകൾ നിസ്സാരമായിരിക്കുന്നതാണ്. അതെ, من عرف سر الله في القدر هانت عليه المصائب(അല്ലാഹുവിന്റെ ഖദ്റിലടങ്ങിയ രഹസ്യം മനസ്സിലാക്കിയവർക്ക് ആപത്തുകൾ എളുതായിത്തീരും.)'

റാസീ (റ) തുടരുന്നു: 'മുഅ്തസിലഃ' കക്ഷിയെപ്പറ്റി പറയുകയാണെങ്കിൽ, കഴിവിലും ഉദ്ദേശ്യത്തിലും (قدرة ലും ارادة ലും) അവർ ഭിന്നാഭിപ്രായക്കാരാണെങ്കിലും * അറിവിലും വർത്തമാനത്തിലും (علم ലും خبر ലും)അവർ നമ്മോട് യോജിക്കുന്നുണ്ട്. ** ഈ രണ്ട് ഗുണങ്ങളും- അല്ലാഹു എല്ലാം അറിയുമെന്നും അവൻ പറയുന്നതെല്ലാം സത്യമെന്ന് സമ്മതിക്കുന്നതോടെത്തന്നെ നമ്മുടെ മേൽ മുഅ്തസിലഃ ആരോപിക്കുന്ന 'ജബ്ർ (നിർബന്ധവാദം) അവർക്ക് ബാധകമാണ്. (***) ഈ 'ജബ്റി'ന് വിരോധമില്ലെങ്കിൽ എന്തുകൊണ്ട് മറ്റേ 'ജബ്റും' ആയിക്കൂടാ?! (****) ഒരു തരത്തിൽ നോക്കുമ്പോൾ, തത്വശാസ്ത്രക്കാരുടെ അഭിപ്രായം സ്വീകരിച്ചാൽ, അതിലും മനുഷ്യൻ ചില നിർബന്ധങ്ങൾക്ക് വിധേയനാ

(*) മനുഷ്യന് അവന്റെ ഉദ്ദേശ്യമനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിപൂർണ കഴിവുണ്ട്. അതിൽ അല്ലാഹുവിന്റ ഉദ്ദേശത്തിന് പങ്കില്ല എന്നാണ് 'മുഅ്തസിലഃയു'ടെ വാദം. അതാണിവിടെ റാസി (റ) ചൂണ്ടിക്കാട്ടുന്നത്.

(**) അല്ലാഹു എല്ലാ കാര്യവും അറിയുമെന്നും, അവന്റെ പ്രസ്താവനകളെല്ലാം സത്യംതന്നെ ആയിരിക്കുമെന്നും നമ്മെപ്പോലെ മുഅ്തസിലഃയും സമ്മതിക്കുന്നുണ്ടെന്ന് താൽപര്യം.

(***) എല്ലാ കാര്യങ്ങളും ഇന്നിന്നപ്രകാരമെന്ന് അല്ലാഹു മുൻകൂട്ടി നിശ്ചയിച്ചിരിക്കയാൽ, മനുഷ്യൻ കേവലം തനി യന്ത്രം പോലെ നിർബന്ധിതൻ മാത്രമാണെന്നും, മനുഷ്യന് യാതൊരു തരത്തിലുള്ള സ്വാതന്ത്ര്യമോ കഴിവോ ഇല്ലെന്നുമുള്ള വാദത്തിനാണ് 'ജബ്ർ' (الجبر) എന്ന് പറയുന്നത്.

(****) അറിവിന്റെയും, വർത്തമാനത്തിൽ സത്യതയുടെയും കാരണമായി ഉണ്ടാകുന്ന 'ജബ്റി'നു വിരോധമില്ലെങ്കിൽ, ഉദ്ദേശ്യത്തിന്റെയും കഴിവിന്റെയും കാരണമായി ഏർപ്പെടുന്ന 'ജബ്റും' എന്തുകൊണ്ട് ന്യായീകരിച്ചുകൂടാ എന്നർത്ഥം.

ണെന്ന് കാണാവുന്നതാണ് .... എനി, പ്രകൃതിവാദക്കാരെപ്പറ്റി പറയുന്ന പക്ഷം, അവർ ദൈവിക പ്രവർത്തനങ്ങളെ നിഷേധിക്കുന്നുവെങ്കിൽപോലും, കാര്യങ്ങൾ സംഭവിക്കുന്നത് യാദൃശ്ചികമായിട്ടാണെന്നോ മറ്റോ അവരും പറയാതെവയ്യ. അപ്പോഴും മനുഷ്യൻ, തികച്ചും തന്റെ ഹിതവും ഇച്ഛയും (الإختيار) അനുസരിച്ചല്ല നിലകൊള്ളുന്നതെന്നും, മറ്റേതോ തരത്തിലുള്ള ഒരു നിർബന്ധത്തിന് വിധേയനാണെന്നും സമ്മതിക്കേണ്ടിവരും. ചുരുക്കിപ്പറഞ്ഞാൽ, ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ, മനുഷ്യൻ ചില നിർബന്ധങ്ങൾക്ക് വിധേയനാണെന്ന് വിശേഷബുദ്ധിയുള്ള ആർക്കും സമ്മതിക്കാതിരിക്കുക സാധ്യമല്ല:-

'മുഅ്തസിലഃ' കക്ഷിയുടെയും 'ജബ്‌രിയ്യഃ' കക്ഷിയുടെയും ന്യായങ്ങളും മറ്റും വിവരിച്ചശേഷം അവരെ ചൂണ്ടിക്കൊണ്ട് റാസീ (റ) ഇങ്ങനെ ഉപസംഹരിക്കുന്നു: 'ഈ ന്യായങ്ങളൊക്കെ ക്വദ്‌റിനെയും ജബ്‌റിനെയും സംബന്ധിച്ച തെളിവുകളാണെന്ന് പറയുന്നതിലും, ഓരോ കക്ഷിയും അതാതിനെ കെട്ടിപ്പുണർന്നുകൊണ്ടിരിക്കുന്നതിലും ബുദ്ധിജീവികൾ ആശ്ചര്യപ്പെടുകയാണ്!'
(من تفسير الرازي ص ٨٨ ، ٨٩ : ٨ ملخصا)

അധിക വിവരണമൊന്നും കൂടാതെത്തന്നെ, സത്യാന്വേഷികൾക്ക് വിഷയത്തിന്റെ യഥാർത്ഥം മനസ്സിലാക്കുവാൻ ഉതകുന്ന അൽപം ക്വുർആൻ വാക്യങ്ങൾകൂടി ഇവിടെ ഉദ്ധരിക്കാം. മനസ്സാക്ഷിയോടുകൂടി അവയൊന്ന് വായിച്ചു നോക്കുക. അല്ലാഹു പറയുന്നു:-

قل لن يصيبنا الا ما كتب الله لنا هو مولانا وعلى الله فليتوكل المتوكلون : التوبة ٥١

(പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ, ഞങ്ങൾക്ക് ബാധിക്കുകയില്ല തന്നെ. അവൻ ഞങ്ങളുടെ യജമാനനാകുന്നു. ഭരമേൽപിക്കുന്നവർ അല്ലാഹുവിൽ ഭരമേൽപിച്ചു കൊള്ളട്ടെ. (സൂ: തൗബഃ) നബിﷺക്കും അനുയായികൾക്കും നന്മവരുമ്പോൾ വെറുപ്പും, തിന്മവരുമ്പോൾ ആഹ്ലാദവും കാണിക്കുന്നവരോടാണ് ഇങ്ങനെ പറയുവാൻ അല്ലാഹു കൽപിക്കുന്നത്. ഇവിടെ ما كتب എന്ന വാക്കിന് നേരത്തെ വിവരിച്ച അർത്ഥങ്ങളിൽ ഏതർത്ഥം കൊടുത്താലും ശരി, അല്ലാഹു മുമ്പ് നിശ്ചയിച്ചതേ സംഭവിക്കുകയുള്ളൂവെന്നാണ് ആയത്തിന്റെ സാരം എന്ന് വ്യക്തം.

قل لو كنتم في بيوتكم لبرز الذين كتب عليهم القتل إلى مضاجعهم – آل عمران: ١٥٤

(പറയുക: നിങ്ങൾ നിങ്ങളുടെ വീടുകളിലായിരുന്നാലും യാതൊരുവരുടെ മേൽ കൊല നിശ്ചയിക്കപ്പെട്ടിരിക്കുന്നു- കൊല്ലപ്പെടുമെന്ന് വിധിക്കപ്പെട്ടിരിക്കുന്നു- വോ അവർ തങ്ങളുടെ മരണപ്പെട്ട് വീഴുന്ന സ്ഥലങ്ങളിലേക്ക് പുറപ്പെ

ട്ടുവരുന്നതാണ്. (ആലുഇംറാൻ) മനമില്ലാമനസ്സോടെ യുദ്ധത്തിൽ പങ്കെടുത്ത കപടവിശ്വാസികൾ, 'ഞങ്ങൾക്ക് കാര്യത്തിൽ വല്ല അധികാരവും ഉണ്ടായിരുന്നെങ്കിൽ ഇവിടെവെച്ച് കൊല്ലപ്പെടേണ്ടി വരുമായിരുന്നില്ലല്ലോ (لو كان لنا من الأمر شيء ما قتلنا ههنا) എന്ന് പറഞ്ഞതിന് 'മറുപടിയാണ് ഈ വാക്യം' ഇവിടെയും كتب യുടെ അർത്ഥം മേൽപ്രകാരം തന്നെ.

هو الذي خلقكم من طين ثم قضى اجلا و اجل مسمى عنده ثم انتم تمترون– الأنعام:٢

(അവനത്രെ, നിങ്ങളെ കളിമണ്ണിൽനിന്ന് സൃഷ്ടിച്ചവൻ. പിന്നീടവൻ ഒരു അവധി വിധിക്കുകയും ചെയ്തിരിക്കുന്നു. നിർണയിക്കപ്പെട്ട ഒരു അവധി അവന്റെ അടുക്കൽ ഉണ്ടുതാനും. പിന്നെയും നിങ്ങൾ സന്ദേഹപ്പെട്ടുകൊണ്ടിരിക്കുന്നു! (അൻആം.) മരണത്തിന് മുമ്പുതന്നെ ആയുഷ്ക്കാലാവധി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടെന്ന് ഈ വചനം വ്യക്തമാക്കുന്നു. പ്രകൃതി നിയമപ്രകാരം മനുഷ്യൻ മരിച്ചേക്കുന്ന സ്വാഭാവികമായ കാലാവധിയാണിവിടെ 'നിർണയിക്കപ്പെട്ട അവധി (اجل مسمى) കൊണ്ട് ഉദ്ദേശ്യമെന്നുവെക്കുവാൻ നിവൃത്തിയില്ല. വല്ല കടമിടപാടുകളും നടത്തുമ്പോൾ അതിന്റെ നിശ്ചിത അവധിവരേക്കും അത് എഴുതി രേഖപ്പെടുത്തിവെക്കണം (فاكتبوه إلى اجل مسمى) എന്ന് സൂറത്തുൽ ബക്വറഃയിൽ അല്ലാഹു പറഞ്ഞിരിക്കുന്നു. അതത് ഇടപാടുകളുടെ സ്വാഭാവികമായ സാധാരണ അവധിവരെ എന്ന് ഇതിനർത്ഥമില്ലല്ലോ. അതേ വാക്ക് (اجل مسمى) തന്നെയാണ് ഇവിടെയുമുള്ളത്. അപ്പോൾ, ഓരോരുവന്റെയും ആയുഷ്കാലത്തിന്റെ കൃത്യമായ അവധി അല്ലാഹുവിന്റെ അടുക്കൽ നേരത്തെത്തന്നെ രേഖപ്പെട്ടിട്ടുണ്ടെന്ന് തന്നെയാണ് ആയത്തിന്റെ സാരം.

لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾ يَمْحُوا۟ ٱللَّهُ مَا يَشَآءُ وَيُثْبِتُ ۖ وَعِندَهُۥٓ أُمُّ ٱلْكِتَـٰبِ ﴿٣٩﴾ [الرعد]

(എല്ലാ അവധിക്കും ഒരു ഗ്രന്ഥം- അഥവാ രേഖ -ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിച്ചുകളയുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂല ഗ്രന്ഥം- അഥവാ കേന്ദ്രരേഖ- അവന്റെ പക്കലുണ്ട് താനും. റഅ്ദ്.) ഇവിടെയും തന്നെ കിതാബിന് വാക്കർത്ഥം എന്ത് കൊടുത്താലും ശരി, ഓരോ കാര്യത്തിനും ഓരോ പ്രത്യേക അവധി നിശ്ചയിച്ചിട്ടുണ്ടെന്നും, അതിന്റെ കൈകാര്യങ്ങൾ അല്ലാഹുവിന്റെ കയ്യിലാണെന്നും, എല്ലാറ്റിനെയും സംബന്ധിച്ച മൂലരേഖ അവന്റെ പക്കലുണ്ടെന്നുമാണ് ആയത്തിന്റെ വിവക്ഷ.

وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا

وَلَا حَبَّةٍ فِى ظُلُمَـٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِى كِتَـٰبٍ مُّبِينٍ ﴿٥٩﴾ [الأنعام]

(അദൃശ്യകാര്യത്തിന്റെ താക്കോലുകൾ അവന്റെ അടുക്കലാണ്. അവനല്ലാതെ അത് അറിയുകയില്ല. കരയിലുള്ളതും കടലിലുള്ളതും അവൻ അറിയുന്നു. ഒരു ഇലയും അവൻ അറിയാതെ വീഴുന്നില്ല. ഭൂമിയുടെ അന്ധകാരങ്ങളി

ലുള്ള ഒരു ധാന്യമണിയാകട്ടെ, ഒരു ഈറമുള്ള വസ്തുവാകട്ടെ, ഒരു ഉണങ്ങിയ വസ്തുവാകട്ടെ, സ്പഷ്ടമായ ഒരു കിതാബിൽ -രേഖയിൽ- ഇല്ലാതില്ല. (അൻആം.) ഭൂമിയിൽ നടക്കുന്ന എല്ലാ സംഭവങ്ങളും, എല്ലാ മറഞ്ഞകാര്യവും അല്ലാഹു അറിയുമെന്നും, എല്ലാം ഒരു രേഖയിൽ രേഖപ്പെട്ടു കിടപ്പുണ്ടെന്നുമാണ് അല്ലാഹു ഈ വചനത്തിൽ പറയുന്നത്. അല്ലാഹുവിന്റെ അറിവിനെതിരായി ഒന്നും സംഭവിക്കുകയുമില്ല. എന്നിരിക്കെ, മനുഷ്യന്റെ പ്രവൃത്തികളെമാത്രം ഇതിൽനിന്ന് ഒഴിവാക്കുവാനും, അവന്റെ അറിവിൽ പെടാത്തതോ അതിന് നിരക്കാത്തതോ ആയ വല്ല പ്രവൃത്തിയും മനുഷ്യന് ചെയ്യാൻ കഴിയുമെന്ന് വെക്കുവാനും യാതൊരു ന്യായവും ഇല്ല. ഒന്നൊഴിയാതെ എല്ലാ കാര്യവും എന്നത്രെ 'ഈറമുള്ളതും ഉണങ്ങിയതും' കൊണ്ട് വിവക്ഷ.)

ٱللَّهُ يَعْلَمُ مَا تَحْمِلُ كُلُّ أُنثَىٰ وَمَا تَغِيضُ ٱلْأَرْحَامُ وَمَا تَزْدَادُ ۖ وَكُلُّ شَىْءٍ عِندَهُۥ بِمِقْدَارٍ ﴿٨﴾

عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ٱلْكَبِيرُ ٱلْمُتَعَالِ ﴿٩﴾ [الرعد]

(എല്ലാ പെണ്ണും ഗർഭം ധരിക്കുന്നതും, ഗർഭപാത്രങ്ങൾ ചുരുങ്ങുന്നതും, അത് വർദ്ധിക്കുന്നതും അല്ലാഹു അറിയുന്നു. എല്ലാ കാര്യവും- അഥവാ വസ്തുവും- അവന്റെ അടുക്കൽ ഒരു തോതനുസരിച്ചാകുന്നു. (അവൻ) അദൃശ്യവും ദൃശ്യവും അറിയുന്നവനാണ്. മഹാനാണ്, ഉന്നതനായുള്ളവനാണ്. (റഅ്ദ്) 'ഓരോ കാര്യവും, ഓരോ വസ്തുവും ഇന്നിന്നപ്രകാരമായിരിക്കുമെന്ന ശരിയായ അളവും കണക്കും അല്ലാഹുവിങ്കലുണ്ടെന്നും അതനുസരിച്ച് മാത്രമേ എന്തും പ്രയോഗത്തിൽ വരുകയുള്ളുവെന്നും ഈ വചനത്തിൽനിന്നും സ്പഷ്ടം തന്നെ. മനുഷ്യൻ ചെയ്യുന്ന കർമങ്ങളെമാത്രം ഇതിൽനിന്ന് ഒഴിവാക്കാൻ യാതൊരു തെളിവുമില്ല. ന്യായവുമില്ല.)

قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا ﴿٣﴾

(എല്ലാ കാര്യത്തിനും അല്ലാഹു ഒരു 'ക്വദ്ർ' ഏർപ്പെടുത്തിയിട്ടുണ്ട്. (ത്വലാക്വ്.) മുമ്പ് കണ്ടതുപോലെ, 'ക്വദ്ർ' എന്ന വാക്കിന് 'തോത്, അളവ്, വ്യവസ്ഥ, കണക്ക്, നിശ്ചയം' എന്നിങ്ങനെ ഏതെങ്കിലും ഒരു വാക്കിൽ അർത്ഥം കൽപിച്ചുകൊള്ളുക. ചെറുതെന്നോ, വലുതെന്നോ, മനുഷ്യന്റെതെന്നോ, അല്ലാത്തതെന്നോ വ്യത്യാസമില്ലാതെ സകല കാര്യത്തിനും ഒരു വ്യവസ്ഥ അല്ലാഹു നിശ്ചയിച്ചു വെച്ചിട്ടുണ്ടെന്ന് ഈ വചനവും വ്യക്തമാക്കുന്നു.)

ഓരോന്നിനും ഓരോ 'ക്വദ്ർ' ഏർപ്പെടുത്തിയിട്ടുണ്ട് (جعل لكم شيء قدرا) എന്നും, എല്ലാറ്റിനും ഓരോ 'മിക്വ്ദാർ' ഉണ്ട് (وكل شيء عنده بمقدار) എന്നും പറഞ്ഞത് ലോകത്തിന്റെ പൊതുവ്യവസ്ഥയെ ഉദ്ദേശിച്ചാണെന്നാണ് ക്വദ്റിനെ നിഷേധിക്കുന്നവർ വാദിച്ചു കാണുന്നത്. ഈ വാദം സമ്മതിച്ചു കൊടുത്താൽതന്നെയും, മനുഷ്യന്റെ പ്രവൃത്തികൾ തുടങ്ങിയ ഓരോ ലോകകാര്യങ്ങളും, പരമാണു തൊട്ട് ആകാശലോകങ്ങൾവരെയുള്ള ഓരോ വസ്തുക്കളും ഇന്നിന്നപ്രകാരം

മാത്രമേ ഉണ്ടാവാൻ പാടുള്ളൂവെന്ന് സുനിശ്ചിതമായിത്തീരുന്ന ഒരു നിയമ വ്യവസ്ഥയായിരിക്കും അതെന്ന് തീർച്ചയാണ്. കാരണം, അല്ലാഹു നിശ്ചയിക്കുന്ന ഏതൊരു വ്യവസ്ഥയും പരിപൂർണവും സസൂക്ഷ്മവും ആയിരിക്കുമല്ലോ. അഥവാ മനുഷ്യരുടേതുപോലെ ഏകദേശ രൂപത്തിലുള്ളതോ അപൂർണമോ ആയിരിക്കയില്ല. അല്ലാഹു സൂക്ഷ്മജ്ഞനും സർവ്വജ്ഞനുമാണല്ലോ. അടുത്ത ആയത്തിൽ പ്രസ്താവിക്കുന്നതുപോലെ, എത്ര നിസ്സാരകാര്യവും അവന്റെ ശ്രദ്ധയിൽ പെടാതിരിക്കയില്ല. അപ്പോൾ, അവൻ നിശ്ചയിക്കുന്ന ഓരോ വ്യവസ്ഥയുടെയും, അവൻ നിശ്ചയിക്കുന്ന ഓരോ കാര്യകാരണബന്ധത്തിന്റെയും അടിസ്ഥാനത്തിൽ എന്തെല്ലാം നടക്കും, എത്രയെല്ലാം നടക്കും, എങ്ങനെയെല്ലാം നടക്കും എന്നൊക്കെ തികച്ചും വിശദമായ രൂപത്തിൽതന്നെ ഉൾക്കൊള്ളുന്ന ഒരു സുനിശ്ചിതത്വം അതിൽ അനിവാര്യമായിത്തീരുന്നു. അതില്ലാത്തപക്ഷം, അവന്റെ ആ വ്യവസ്ഥകൾ കേവലം മനുഷ്യന്റെ സൃഷ്ടിയായ ഭരണഘടനകൾക്ക് സമാനമായിരിക്കുമെന്ന് പറയേണ്ടിവരും! ഒരു രാഷ്ട്രത്തിന്റെ ഭരണഘടനയനുസരിച്ച് ആ രാജ്യത്ത് ചിലതെല്ലാം നടന്നേക്കുമെന്ന ഒരു അനുമാനം അതിന്റെ കർത്താക്കൾ ചെയ്തിരിക്കും എന്നല്ലാതെ എപ്പോൾ എന്ത് എങ്ങനെയെല്ലാം സംഭവിക്കുമെന്ന ഒരു ഏകദേശനിർണയം പോലും അതിന്റെ നിർമാതാക്കൾക്ക് മുൻകൂട്ടി വിഭാവനം ചെയ്തിരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ടാണല്ലോ, ഭരണഘടനാകർത്താക്കൾ തന്നെ ഇടക്കിടെ ആ ഭരണഘടന മാറ്റാനും ഭേദഗതി ചെയ്യാനും മുതിർന്നുകാണുന്നതും, അതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കപ്പെടുന്ന ചില കാര്യങ്ങൾ അതിന്റെ തന്നെ ലക്ഷ്യത്തിന് വിരുദ്ധമായി പലപ്പോഴും അനുഭവപ്പെടുന്നതും. അല്ലാഹുവിന്റെ മഹത്വങ്ങൾ മനുഷ്യന്റെ ഊഹത്തിനും, അനുമാനത്തിനും അതീതമാണെന്ന് ഓർത്തിരിക്കേണ്ടതാണ്.

عَٰلِمِ ٱلْغَيْبِ ۖ لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ وَلَآ أَصْغَرُ مِن ذَٰلِكَ

وَلَآ أَكْبَرُ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٣﴾ |

(അദൃശ്യത്തെ അറിയുന്നവനാണ് അവൻ. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവനിൽനിന്ന് വിട്ടുപോകുകയില്ല. അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ ഒരു സ്പഷ്ടമായ ഗ്രന്ഥത്തിൽ ഇല്ലാതെയുമില്ല. (സബഉ്) ഇതേമാതിരി മറ്റൊരു ക്വുർആൻവാചകം സൂ: യൂനുസ് 61 ലും കാണാം.)

أَلَمْ تَعْلَمْ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَآءِ وَٱلْأَرْضِ ۗ إِنَّ ذَٰلِكَ فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧﴾

(ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുവെന്ന് നിനക്കറിഞ്ഞുകൂടേ? നിശ്ചയമായും അതൊരു ഗ്രന്ഥത്തിലുണ്ട്. നിശ്ചയമായും, അത് അല്ലാഹുവിന്റെ മേൽ നിസ്സാരമായതാണ്. (ഹജ്ജ്). ആയത്തിന്റെ ഒടുവിലത്തെ വാചകം പ്രത്യേകം മനസ്സിരുത്തുക.)

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٦﴾

(പറയുക: നിശ്ചയമായും എന്റെ റബ്ബ് അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും, കുടുസ്സാക്കുകയും ചെയ്യുന്നു. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല. (സബഉ്.) ഈ വിഷയം ക്വുർആനിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാകുന്നു. ആഹാരമാർഗം ലഭിക്കുന്നത് ഓരോരുത്തരുടെയും ഇച്ഛയോ, സാമർത്ഥ്യമോ പ്രവർത്തനമോ അനുസരിച്ചല്ലെന്നും, പ്രത്യക്ഷത്തിൽ അവയെല്ലാം അതിന് കാരണങ്ങൾ തന്നെയാണെങ്കിലും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചാണ് അതിൽ ഏറ്റക്കുറവുണ്ടാകുന്നതെന്നും ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഒരേനിലക്കും, ഒരേ സാഹചര്യത്തിലും ഒരേമാതിരി യത്നിക്കുന്ന വ്യക്തികൾക്ക് ലഭ്യമാകുന്ന അദ്ധ്വാനഫലം വ്യത്യസ്തനിലയിലായി നാം കാണുന്നതും. അപ്പോൾ, മനുഷ്യന്റെ ഉപജീവനമാർഗങ്ങളും, അവയുടെ ലഭ്യങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യമനുസിച്ചാണെന്നിരിക്കെ, അവന്റെ നന്മതിൻമകളാകുന്ന പ്രവർത്തനങ്ങളുടെ ആ നിയമത്തിൽനിന്ന് ഒഴിവാക്കുവാനും, അതിൽ മനുഷ്യന്റെ ഉദ്ദേശ്യത്തിന്നേ സ്ഥാനമുള്ളൂ എന്ന് വെക്കുവാനും എന്ത് യുക്തിയാണുള്ളത്?!

قُضِىَ ٱلْأَمْرُ ٱلَّذِى فِيهِ تَسْتَفْتِيَانِ ﴿٤١﴾

(നിങ്ങൾ രണ്ടുപേരും വിധിയന്വേഷിച്ചുകൊണ്ടിരിക്കുന്ന കാര്യം തീരുമാനം ചെയ്യപ്പെട്ടിരിക്കുന്നു. (യൂസുഫ്.) യൂസുഫ് നബി (അ)യോടൊപ്പം ജയിലിലുണ്ടായിരുന്ന രണ്ടുപേർ തങ്ങൾ കണ്ട സ്വപ്നഫലങ്ങളെപ്പറ്റി അന്വേഷിച്ചപ്പോൾ, ഒരാൾ ജയിൽ വിമുക്തനാവുമെന്നും, മറ്റേയാൾ കുരിശിലേറ്റപ്പെടുമെന്നും അദ്ദേഹം അതിന് വ്യാഖ്യാനം നൽകി. അതിനെത്തുടർന്ന് അദ്ദേഹം പറഞ്ഞ വാക്യമാണിത്. അതായത്, ആ വ്യാഖ്യാനത്തിൽ സംശയിക്കേണ്ടതില്ല. അത് അല്ലാഹുവിങ്കൽ തീരുമാനം കഴിഞ്ഞ കാര്യമാണ് എന്ന് സാരം. ക്വദറിനെ നിഷേധിക്കുന്നവർക്ക് ഈ വാക്യത്തിന് അവരുടെ വക പുതിയ അർത്ഥവ്യാഖ്യാനം ആവശ്യമാണല്ലോ. ആകയാൽ 'നിങ്ങൾ അന്വേഷിച്ച കാര്യത്തിന്റെ വിധി ഇതാ നൽകിക്കഴിഞ്ഞു' എന്നൊരു പുതിയ അർത്ഥമാണ് അവർ ഈ വാക്യത്തിന് കൽപിക്കുന്നത്. അറബിഭാഷയിൽ പരിചയമുള്ള ഒരു നിഷ്പക്ഷഹൃദയനും ഇത് ശരിവെക്കുമെന്ന് നമുക്ക് തോന്നുന്നില്ല.

فَٱلْتَقَى ٱلْمَآءُ عَلَىٰٓ أَمْرٍ قَدْ قُدِرَ ﴿١٢﴾

അപ്പോൾ, കണക്കാക്കപ്പെട്ടിട്ടുള്ള ഒരു കാര്യത്തിൽ ആ വെള്ളം കൂട്ടിമുട്ടി (ക്വമർ). ആകാശത്തുനിന്ന് അതിവർഷവും, ഭൂമിയിൽനിന്ന് അമിതമായ ഉറവുമൂലവും ഉണ്ടായ വെള്ളപ്പൊക്കങ്ങൾ ചേർന്ന് അല്ലാഹു മുമ്പ് കണക്കാക്കിവെച്ച ആ സംഭവം- നൂഹ് നബി (അ)യുടെ ജനതയുടെ നാശം- ഉണ്ടായി എന്ന് സാരം. നൂഹ് (അ)ന്റെ ജനത അദ്ദേഹത്തിൽ വിശ്വസിക്കുകയില്ലെന്നും, അവരെ

ജലപ്രളയം വഴി മുക്കിനശിപ്പിക്കുമെന്നും, അത് ഇന്നിന്ന വിധത്തിലാണ് സംഭവിക്കുകയെന്നും അല്ലാഹു മുൻകൂട്ടി കണക്കാക്കിയിട്ടുണ്ടെന്ന് ഈ വചനത്തിൽനിന്ന് വ്യക്തമാണല്ലോ. 'നിന്റെ ജനതയിൽനിന്ന് വിശ്വസിച്ചുകഴിഞ്ഞ ആളുകളല്ലാതെ എനി ആരും വിശ്വസിക്കുകയില്ല' (لن يؤمن من قومك إلا من قد آمن) എന്ന് അറിയിച്ചുകൊണ്ടായിരുന്നു ജലപ്രളയത്തിൽനിന്ന് രക്ഷപ്രാപിക്കുവാനുള്ള കപ്പൽ നിർമാണത്തിനും മറ്റും നൂഹ് നബി (അ)യോട് അല്ലാഹു കൽപിച്ചിരുന്നതെന്ന വസ്തുതയും ഇവിടെ ശ്രദ്ധേയമാണ്. മനുഷ്യരുടെ പ്രവർത്തനങ്ങൾ അവരുടെ ഹിതമനുസരിച്ചാണ് എല്ലാം നടക്കുന്നതെങ്കിൽ ഈ അറിയിപ്പിന് സ്ഥാനമില്ലല്ലോ.

وَلَوْ أَنَّنَا نَزَّلْنَآ إِلَيْهِمُ ٱلْمَلَـٰٓئِكَةَ وَكَلَّمَهُمُ ٱلْمَوْتَىٰ وَحَشَرْنَا عَلَيْهِمْ كُلَّ شَىْءٍ قُبُلًا مَّا كَانُوا۟ لِيُؤْمِنُوٓا۟ إِلَّآ أَن يَشَآءَ ٱللَّهُ وَلَـٰكِنَّ أَكْثَرَهُمْ يَجْهَلُونَ ﴿١١١﴾

(നാം അവരിലേക്ക് മലക്കുകളെ ഇറക്കുകയും, മരണപ്പെട്ടവർ അവരോട് സംസാരിക്കുകയും, എല്ലാ വസ്തുക്കളെയും കൂട്ടംകൂട്ടമായി നാം അവർക്ക് ഒരുമിച്ചുകൂട്ടുകയും ചെയ്താലും അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ അവർ വിശ്വസിക്കുകയില്ല. എങ്കിലും, അവരിൽ അധികമാളും അജ്ഞരായിരിക്കുകയാണ്) (അൻആം). അല്ലാഹുവിന്റെ ഉദ്ദേശ്യംകൂടാതെ അവർ ഒരിക്കലും വിശ്വസിക്കയില്ലെന്ന് സാരം.

إِنْ هُوَ إِلَّا ذِكْرٌ لِّلْعَـٰلَمِينَ ﴿٢٧﴾ لِمَن شَآءَ مِنكُمْ أَن يَسْتَقِيمَ ﴿٢٨﴾ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٢٩﴾

(ഇത്- ഖുർആൻ- ലോകർക്കുവേണ്ടിയുള്ള ഒരു ഉപദേശം- അഥവാ സ്മരണ- അല്ലാതെ മറ്റൊന്നുമല്ല. അതായത്, നിങ്ങളിൽനിന്ന് ചൊവ്വിന് നിൽക്കുവാൻ ഉദ്ദേശിക്കുന്നവർക്ക്. ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയുമില്ല). (തക്‌വീർ.) മറ്റെല്ലാ കാര്യങ്ങളെയും പോലെത്തന്നെ മനുഷ്യന്റെ ഉദ്ദേശ്യങ്ങളും, അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെ സംഭവിക്കുകയില്ലെന്ന് അല്ലാഹു ഇതിൽ സ്പഷ്ടമാക്കിയിരിക്കുന്നു. ഇവിടെ 'മശിയ്യത്താ'കുന്ന ഉദ്ദേശ്യത്തെക്കുറിച്ചാണ്- 'ഇറാദത്താ'കുന്ന ഉദ്ദേശ്യത്തെക്കുറിച്ചല്ല- പറഞ്ഞിരിക്കുന്നതെന്ന് ഓർക്കേണ്ടതാണ്. രണ്ടും തമ്മിലുള്ള വ്യത്യാസം നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. ഖുർആൻ വചനങ്ങൾ എനിയും ധാരാളം ഉദ്ധരിക്കുവാനുണ്ടെങ്കിലും കൂടുതൽ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല.

ചില നബി വചനങ്ങൾ

സ്വന്തം ആശയങ്ങൾക്കും താൽപര്യങ്ങൾക്കും എതിരായിക്കണ്ടാൽപോലും ക്വുർആൻ വാക്യങ്ങളെ പാടെ നിഷേധിക്കുവാൻ മുസ്‌ലിംകളെന്ന് വാദിക്കുന്ന ഒരാളും ധൈര്യപ്പെടുകയില്ലല്ലോ. പക്ഷേ, തങ്ങൾക്ക് യോജിക്കാവുന്ന അർത്ഥവ്യാഖ്യാനങ്ങൾ നൽകി സമാധാനിക്കുകയോ, മൗനം അവലംബിക്കുകയോ ആയിരിക്കും ചെയ്യുക. ഹദീഥിനെ അപേക്ഷിച്ചുനോക്കുമ്പോൾ വ്യാഖ്യാന സാധ്യത കൂടുതലുള്ളത് ക്വുർആനിലാണുതാനും. ക്വുർആന്റെ വിശദീകരണങ്ങളാകകൊണ്ട് താരതമ്യേന വ്യാഖ്യാന സാധ്യത ഹദീഥിൽ കുറവായിരിക്കും. കൂടാതെ, ക്വുർആന്റെ വ്യക്തമായ തെളിവുകൾക്ക് എതിരായിക്കാണുന്ന ഹദീഥുകൾ സ്വീകരിക്കേണ്ടതില്ല എന്നുള്ളത് ഒരു അംഗീകൃത നിയമവുമാണ്. അതിനാൽ, തങ്ങളുടെ താൽപര്യങ്ങളുമായി യോജിപ്പിക്കുവാൻ കഴിയാത്ത ഹദീഥുകൾ കാണുമ്പോൾ- അവ എത്രതന്നെ ബലപ്പെട്ടതും ന്യൂനതയില്ലാത്തതുമായിരുന്നാലും ശരി- അവ ക്വുർആന്ന് എതിരാണെന്ന് സമർത്ഥിച്ചുകൊണ്ട് തള്ളിക്കളയുകയാണ് അവരുടെ പതിവ്. എന്നിരിക്കെ, അങ്ങനെയുള്ളവരുടെ മുമ്പിൽ ഹദീഥുകളുടെ തെളിവുകൾക്ക് വലിയ സ്ഥാനമൊന്നുമില്ല. എങ്കിലും, ശുദ്ധഹൃദയരായ സത്യാന്വേഷികൾക്കുവേണ്ടി ചില ഹദീഥുകൾകൂടി ഇവിടെ ഉദ്ധരിക്കുന്നു. ക്വദറിന്റെ വിഷയവുമായി എത്രയോ ഹദീഥുകൾ ഉദ്ധരിക്കുവാനുണ്ടെങ്കിലും മാതൃകക്കായി ചിലതുമാത്രം കാണുക:-

(1) നബി തിരുമേനിﷺ പ്രസ്താവിച്ചതായി ഇബ്നു ഉമർ (റ) ഉദ്ധരിക്കുന്നു: (مسلم) – ان الله كتب مقادير الخلائق قبل ان يخلق السماوات والأرض بخمسين ألف سنة الخ (ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന് അമ്പതിനായിരം കൊല്ലം മുമ്പ് അല്ലാഹു സൃഷ്ടികളുടെ 'മിക്ദാറുകൾ'- അളവും തോതും- രേഖപ്പെടുത്തിയിരിക്കുന്നു. (മുസ്‌ലിം) സൃഷ്ടികളെ സംബന്ധിച്ച പൊതുവ്യവസ്ഥയാണ് ഈ ഹദീഥിൽ ഉദ്ദേശിക്കപ്പെട്ടതെന്ന് സംശയിക്കുന്നപക്ഷം അടുത്ത ഹദീഥുകൾ വായിക്കുമ്പോൾ ആ സംശയം തീരുന്നതാകുന്നു.

(2) ഇബ്നു മസ്ഊദ് (റ) ഉദ്ധരിക്കുന്നതും അൽപം ദീർഘവുമായ ഒരു ഹദീഥിൽ നബിﷺ പ്രസ്താവിച്ചതിന്റെ ചുരുക്കമിതാണ്: 'നിങ്ങളിലൊരുവൻ അവന്റെ മാതാവിന്റെ വയറ്റിൽ നാല്പത് ദിവസം ഇന്ദ്രിയമായും നാല്പത് ദിവസം രക്തക്കട്ടയായും, നാല്പത് ദിവസം മാംസപിണ്ഡമായും കഴിയും. അനന്തരം നാല് വാക്കുകൾ സഹിതം ഒരു മലക്കിനെ അല്ലാഹു നിയോഗിക്കും. അവന്റെ കർമം, ആയുഷ്കാലം, ആഹാരം, അവൻ ഭാഗ്യവാനോ, ഭാഗ്യം കെട്ടവനോ എന്നീ

നാല് കാര്യങ്ങൾ അദ്ദേഹം രേഖപ്പെടുത്തും. പിന്നീട് അവന് ജീവൻ ഊതപ്പെടും. അല്ലാഹു തന്നെയാണ സത്യം! നിങ്ങളിലൊരാൾ സ്വർഗക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കെ, സ്വർഗത്തിനും അവനുമിടയിൽ ഒരു മുഴം മാത്രം അവശേഷിക്കുന്ന അവസരത്തിൽ, ആ രേഖ അവനിൽ മുൻകടക്കും (അതിജയിക്കും) അപ്പോൾ, അവൻ നരകക്കാരുടെ പ്രവൃത്തികൾ ചെയ്യും. അങ്ങനെ, അതിൽ പ്രവേശിക്കും. നിങ്ങളിലൊരാൾ നരകക്കാരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കെ നരകവും അവനും തമ്മിൽ ഒരുമുഴം മാത്രം അവശേഷിക്കുമ്പോൾഅവന്റെ രേഖ അവനിൽ മുൻകടക്കുന്നു. എന്നിട്ടവൻ സ്വർഗക്കാരുടെ പ്രവൃത്തിചെയ്യുന്നു. അങ്ങനെ അവൻ സ്വർഗത്തിൽ പ്രവേശിക്കും.' (ബുഖാരി; മുസ്‌ലിം.)

(3) അലി (റ) പറയുന്നു: നബിﷺ പറഞ്ഞു: 'നിങ്ങളിൽ ഒരാൾ തന്നെ നരകത്തിൽനിന്നുള്ള അവന്റെ ഇരിപ്പിടവും, സ്വർഗത്തിൽനിന്നുള്ള അവന്റെ ഇരിപ്പിടവും, രേഖപ്പെടുത്തപ്പെടാത്തവരില്ല.' സ്വഹാബികൾ ചോദിച്ചു: 'റസൂലേ, എന്നാൽ നമുക്ക് നമ്മുടെ കിതാബിനെ (ആ രേഖയെ) ആസ്പദമാക്കി ഇരിക്കുകയും, കർമങ്ങളെ ഉപേക്ഷിക്കുകയും ചെയ്തുകൂടേ?' തിരുമേനി പറഞ്ഞു: 'നിങ്ങൾ പ്രവർത്തിച്ചുകൊള്ളുവിൻ. എല്ലാവരും അവരവർ എന്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതിലേക്ക് സൗകര്യം നൽകപ്പെടുന്നവരാകുന്നു. ഒരാൾ ഭാഗ്യവാൻമാരിൽ പെട്ടവനാണെങ്കിൽ, അവന് ഭാഗ്യത്തിന്റെ പ്രവർത്തനങ്ങൾക്ക് സൗകര്യം നൽകപ്പെടും. ഒരാൾ ദുർഭാഗ്യവാൻമാരിൽ പെട്ടവനാണെങ്കിൽ, അവന് ദൗർഭാഗ്യത്തിന്റെ പ്രവർത്തനങ്ങൾക്കും സൗകര്യം നൽകപ്പെടും.' പിന്നീട് നബിﷺ

فَأَمَّا مَنْ أَعْطَىٰ وَٱتَّقَىٰ ﴿٥﴾ وَصَدَّقَ بِٱلْحُسْنَىٰ ﴿٦﴾ فَسَنُيَسِّرُهُۥ لِلْيُسْرَىٰ ﴿٧﴾ وَأَمَّا مَنۢ بَخِلَ وَٱسْتَغْنَىٰ ﴿٨﴾

وَكَذَّبَ بِٱلْحُسْنَىٰ ﴿٩﴾ فَسَنُيَسِّرُهُۥ لِلْعُسْرَىٰ ﴿١٠﴾ [الليل]

എന്നീ ക്വുർആൻ വചനങ്ങൾ ഓതുകയും ചെയ്തു. (ബുഖാരി: മുസ്‌ലിം.)നബിﷺ തെളിവായി ഉദ്ധരിച്ച ഈ ക്വുർആൻ വചനങ്ങൾ സൂറത്തുല്ലൈലിലുള്ളതാകുന്നു. അതിന്റെ സാരമിതാണ്: 'ആർ, ദാനധർമം കൊടുക്കുകയും സൂക്ഷിക്കുകയും, ഏറ്റവും നല്ലതായുള്ളതിനെ സത്യമാക്കുകയും ചെയ്തുവോ അവന് ഏറ്റവും സൗകര്യമുള്ളതിലേക്ക് നാം സൗകര്യം ചെയ്തുകൊടുത്തേക്കും. ആർ, പിശുക്ക് കാണിക്കുകയും, ധന്യത നടിക്കുകയും, ഏറ്റവും നല്ലതായുള്ളതിനെ കളവാക്കുകയും ചെയ്തുവോ അവന് ഏറ്റവും ഞെരുക്കമായതിലേക്ക് നാം സൗകര്യം ചെയ്തേക്കുന്നതുമാകുന്നു.' الْحُسْنَى (ഏറ്റവും നല്ലത്) തൗഹീദ് മുതലായവയും, الْيُسْرَى (ഏറ്റവും സൗകര്യമായത്) സ്വർഗം മുതലായവയും, الْعُسْرَى (ഏറ്റവും ഞെരുക്കമായത്) നരകവും അതോട് ബന്ധപ്പെട്ടതുമാകുന്നു.

(4) റസൂൽﷺപ്രസ്താവിച്ചതായി ഇബ്നു അബ്ബാസ് (റ)ൽനിന്ന് നിവേദനം വന്നിട്ടുള്ള ഒരു ഹദീഥ് ഇപ്രകാരമാകുന്നു: 'അറിയുക: അല്ലാഹു നിന്റെ പേരിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത- നിശ്ചയിച്ചിട്ടില്ലാത്ത- ഒരു കാര്യംകൊണ്ട് നിനക്ക് ഉപകാരം ചെയ്യാൻ വേണ്ടി സമുദായം മുഴുവൻ ഒരുമിച്ചു ചേർന്നാലും

അവർ നിനക്ക് ഉപകാരം ചെയ്തേക്കുകയില്ല. നിന്റെമേൽ അവൻ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു കാര്യംകൊണ്ട് നിനക്ക് ഉപദ്രവം ചെയ്യാൻ അവർ ഒത്തൊരുമിച്ചാലും അവർ നിനക്ക് ഉപദ്രവം ചെയ്തേക്കുന്നതുമല്ല. പേനകൾ വറ്റിപ്പോയിരിക്കുന്നു. ഏടുകൾ മടക്കിവെക്കപ്പെട്ടിരിക്കുന്നു.' (തിർമദീ) കാര്യങ്ങളുടെയെല്ലാം തീരുമാനം കഴിഞ്ഞിരിക്കുന്നുവെന്ന് സാരം.

(5) അബൂഹുറയ്റഃ (റ) പ്രസ്താവിക്കുന്നു: 'ഞങ്ങൾ ക്വദറിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കെ നബിﷺ ഞങ്ങളിൽ പ്രത്യക്ഷപ്പെട്ടു. അവിടുന്ന് കോപിച്ചു. രണ്ട് കവിളിലും ഉറുമാൻ (മാതളം) പഴത്തിന്റെ കുരു കുത്തിപ്പിഴിഞ്ഞതുപോലെ അവിടുത്തെ മുഖം ചുവപ്പുവർണമായി. എന്നിട്ട് പറഞ്ഞു: 'ഇപ്രകാരമാണോ നിങ്ങളോട് കൽപ്പിക്കപ്പെട്ടിരിക്കുന്നത്?! അതല്ലെങ്കിൽ ഇതുമായിട്ടാണോ ഞാൻ നിങ്ങളിലേക്ക് അയക്കപ്പെട്ടിരിക്കുന്നത്?! നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത് അവർ ഇക്കാര്യത്തിൽ ഭിന്നിച്ചപ്പോഴായിരുന്നു. ഞാൻ നിങ്ങളോട് തീർത്ത് പറയുന്നു: നിങ്ങൾ ഈ വിഷയത്തിൽ ഭിന്നിച്ചു പോകരുതെന്ന്!' (തിർമദീ; ഇബ്നുമാജഃ)

(6) ബുഖാരിയും മുസ്ലിമും (റ) അടക്കം എല്ലാ പ്രധാന മുഹദ്ദിഥുകളും അവരുടെ ഹദീഥുഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചതും, സുപ്രസിദ്ധമായി അറിയപ്പെട്ടതുമായ ഒരു സംഭവമത്രെ, ജിബ്രീൽ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു വന്ന് നബിﷺയോട് പല കാര്യങ്ങളും ചോദിച്ചറിഞ്ഞ സംഭവം. മതകാര്യങ്ങൾ ചോദിച്ചറിയേണ്ടുന്നതെങ്ങിനെയെന്ന് സ്വഹാബികൾക്ക് മാതൃക കാട്ടുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. ആറ് ഈമാൻ കാര്യങ്ങളും (പ്രധാന വിശ്വാസമൂല്യങ്ങളും) അഞ്ച് ഇസ്ലാം കാര്യങ്ങളും (പ്രധാന നിർബന്ധകർമങ്ങളും) അടക്കം പലതും അതിൽ നബിﷺ വിവരിച്ചിട്ടുണ്ട്. ഈമാൻ കാര്യങ്ങളെ സംബന്ധിച്ച് നബിﷺ കൊടുത്ത മറുപടി ഇതാണ്. الإيمان أن تؤمن بالله وملئكته وكتبه ورسله واليوم الآخر وتؤمن بالقدر خيره وشره–متفق عليه (ഈമാൻ എന്നാൽ, അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ റസൂലുകളിലും, അന്ത്യദിനത്തിലും നീ വിശ്വസിക്കലും, ക്വദ്റിലും അതായത് അതിലെ നന്മയിലും തിന്മയിലും നീ വിശ്വസിക്കലും ആകുന്നു. (ബു; മു.)

ഈ സംഭവത്തെ സംബന്ധിച്ച് ഹദീഥ് പല നിവേദന പരമ്പരകളിൽകൂടിയും മുസ്ലിം (റ) നിവേദനം ചെയ്തിരിക്കുന്നത് കാണാം. അവയിൽ ഒന്നാമത്തെ നിവേദനത്തിൽ, ഇബ്നു ഉമർ (റ) ഈ ഹദീഥ് ഉദ്ധരിച്ച ഒരു സന്ദർഭം നിവേദകൻമാരിൽ ഒരാളായ, യഹ്യബ്നുയഅ്മുർ (يحيى بن يعمر) ഇങ്ങനെ വിവരിക്കുന്നു: 'ബസ്വറയിൽ ആദ്യം ക്വദ്റിനെപ്പറ്റി സംസാരം തുടങ്ങിയത് മഅ്ബദുൽ ജുഹനീ (معبد الجهني)യാണ്. ഞാനും ഹുമൈദും (حميد) കൂടി ഹജ്ജിനോ ഉംറഃക്കോ വേണ്ടി (മക്കഃയിലേക്ക്) പോയി. സ്വഹാബിമാരിൽ ആരെയെങ്കിലും കണ്ടാൽ

ഖദ്റിന്റെ വിഷയത്തിൽ ഇവർ സംസാരിക്കാറുള്ളതിനെക്കുറിച്ച് ചോദിക്കാമെന്ന് ഞങ്ങൾ പറഞ്ഞു, അങ്ങനെ, ഇബ്നുഉമർ (റ) പള്ളിയിലേക്ക് പ്രവേശിക്കുന്നത് ഞങ്ങൾ കണ്ടു. ഞങ്ങൾ അദ്ദേഹത്തെ ഇടവും വലവുമായിചെന്ന് പൊതിഞ്ഞു. ഞാൻ പറഞ്ഞു: 'ഞങ്ങളുടെ അവിടെ ചിലരുണ്ട്; അവർക്ക് ക്വുർആൻ അറിയാം; അറിവിന്റെ കാര്യത്തിൽ അവർ ഗവേഷണം നടത്തുകയും ചെയ്യുന്നു. അവർ പറയുന്നു: ഖദ്ർ എന്നൊന്നില്ലെന്നും, കാര്യങ്ങളെല്ലാം പുത്തനായുണ്ടാകുന്ന താണെന്നും' *(*)* ഇബ്നു ഉമർ (റ) പറഞ്ഞു: 'അവരുമായി കണ്ടാൽ താങ്കൾ പറയണം; ഞാൻ അവരുമായും, അവർ ഞാനുമായും ബന്ധമില്ലാത്തവരാണെന്ന്. അല്ലാഹു തന്നെയാണ! ഉഹ്ദുമലയോളം സ്വർണമുണ്ടായിട്ടും അതൊക്കെ അവർ ധർമം ചെയ്താലും, അവർ ഖദ്റിൽ വിശ്വസിക്കാത്തപക്ഷം, അല്ലാഹു അത് സ്വീകരിക്കുകയില്ല.' പിന്നീട് തന്റെ പിതാവ് ഉമർ (റ) പ്രസ്താവിച്ചതായി, ജിബ്രീൽ (അ) വന്ന് ചോദിച്ച പ്രസ്തുതസംഭവം അദ്ദേഹം വിവരിച്ചുതന്നു.' (അതിലെ ചില വാചകങ്ങളാണ് മുകളിൽ നാം വായിച്ചത്.)

ഈ ഹദീഥിന്റെ വിവരണമദ്ധ്യെ മുസ്‌ലിമിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവീ (റ) പ്രസ്താവിച്ചിട്ടുള്ള ചില കാര്യങ്ങൾ അറിയേണ്ടതാണ്. അവ ഇങ്ങനെ സംഗ്രഹിക്കാം: 'സത്യത്തിന്റെ പക്ഷക്കാർ (اهل الحق) ഖദ്റിനെ സ്ഥാപിക്കുന്നവരാണ്. അല്ലാഹു കാര്യങ്ങൾ പണ്ടേ നിർണയിച്ചിരിക്കുന്നു, ഇന്നപ്പോൾ ഇന്നത് സംഭവിക്കുമെന്ന് അവൻ അറിയുകയും ചെയ്യുന്നു. ആ നിശ്ചയപ്രകാരം അവ സംഭവിക്കുന്നു എന്നുള്ളതാണ് ഖദ്ർ. 'ഖദരിയത്ത്' (എന്ന കക്ഷി) അതിനെ നിഷേധിക്കുന്നു. അല്ലാഹു മുമ്പ് ഒന്നും നിർണയിച്ചിട്ടില്ലെന്നും, മുൻകൂട്ടി അറിയുകയില്ലെന്നും, ഓരോന്നും സംഭവിക്കുമ്പോൾ മാത്രമേ അവൻ അറിയുകയുള്ളൂവെന്നും അവർ ജല്പിക്കുന്നു. അല്ലാഹുവിന്റെ പേരിൽ കളവുപറയുകയാണവർ. അല്ലാഹു അതിൽനിന്നെല്ലാം എത്രയോ ഉന്നതനാകുന്നു. നിരർത്ഥവും ബാലിശവുമായ ഈ വാദക്കാരുടെ കാലം കഴിഞ്ഞുപോയി. അവരുടെ പിൻഗാമികൾ ഖദ്റിനെ സമ്മതിക്കുന്നുണ്ട്. പക്ഷേ, ഗുണകരമായ കാര്യങ്ങൾ അല്ലാഹുവിൽനിന്നും, ദോഷകരമായ കാര്യങ്ങൾ പിശാചിൽനിന്നും മറ്റും ഉണ്ടാകുന്നുവെന്നാണ് അവർ പറയുന്നത്. ഇങ്ങനെ, രണ്ട് സ്രഷ്ടാക്കളെ സ്ഥാപിക്കുന്നതുകൊണ്ട് ഇവരെപ്പറ്റി ഈ സമുദായത്തിലെ 'മജൂസി'കൾ (നന്മയുടെയും തിൻമയുടെയും രണ്ട് പ്രത്യേക ദൈവങ്ങളിൽ വിശ്വസിക്കുന്നവർ) എന്ന് വിശേഷിപ്പിക്കപ്പെടാറുണ്ട് .... ഖത്ത്വാബീ (الخطابي-رح) പറയുന്നു: 'അല്ലാഹു അവന്റെ വിധി നിർണയത്തിന്റെ പേരിൽ മനുഷ്യനെ നിർബന്ധിക്കുക (തീരെ അസ്വത

(*)* സ്വഹാബികളുടെ കാലാവസാനത്തിന് മുമ്പുതന്നെ ഖദ്റിന്റെ നിഷേധം സമുദായത്തിൽ തലപൊക്കിയെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. മുസ്‌ലിം രാജ്യം വികസിച്ചതോടുകൂടി, അനിസ്‌ലാമിക തത്വശാസ്ത്രങ്ങളുമായും വൈദേശിക സിദ്ധാന്തങ്ങളുമായും ചിരകാലം ഇഴുകിച്ചേർന്നിരുന്ന ആളുകൾ ഇസ്‌ലാമിലേക്ക് വന്നു. അവരുമായുള്ള സമ്പർക്കത്തിൽ നിന്നാണ് പല നൂതനാശയങ്ങളും മുസ്‌ലിംകളിൽ ഉത്ഭവിച്ചത്.

ന്ത്രനാക്കുക) എന്നാണ് 'ക്വദ്വാക്വദ്റി'ന്റെ സാരമെന്ന് പലരും ധരിക്കാറുണ്ട്. അത് ശരിയല്ല. മനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു മുമ്പേ അറിയുന്നതു കൊണ്ടും, നല്ലതോ ചീത്തയോ ആയ എല്ലാ കാര്യങ്ങളും അവൻ സൃഷ്ടിച്ചതും നിർണയിച്ചതുമാകകൊണ്ടുമാണ് ക്വദ്ർ ഉണ്ടായിത്തീരുന്നത്. 'ക്വദ്ർ' എന്നാൽ 'ക്വാദിറാ'യ (കഴിവുള്ളവനായ) അല്ലാഹുവിനാൽ നിർണയം ചെയ്യപ്പെടുന്ന വ്യവസ്ഥയും, 'ക്വദ്വാഉ്' എന്നാൽ അത് നടപ്പിൽ വരുത്തുക എന്നുമാണുദ്ദേശ്യം..............' (شرح مسلم).

ബുഖാരിയുടെ വ്യാഖ്യാതാവായ ഇമാം അസ്ക്വലാനീ (റ)യുടെ ചില വാചകങ്ങൾ കൂടി ഇവിടെ ചുരുക്കി ഉദ്ധരിക്കാം: 'ക്വദ്റിനെക്കുറിച്ച് മനസ്സിലാക്കുവാൻ 'കിതാബും സുന്നത്തും' മാത്രമാണ് മാർഗം. യുക്തിക്കും അനുമാനത്തിനും അതിൽ സ്ഥാനമില്ല. ആ മാർഗം ആർ തെറ്റിപ്പോയോ അവൻ പരിഭ്രമത്തിന്റെ സമുദ്രത്തിൽ വീഴും. അവർക്ക് കണ്ണിന് കുളിർമയോ, മനസ്സിന് സമാധാനമോ ലഭിക്കയില്ല. കാരണം, ക്വദ്ർ എന്ന് പറയുന്നത് അല്ലാഹുവിന്റെ രഹസ്യങ്ങളിൽപെട്ട ഒന്നാണ്. ഒരു റസൂലിനും, മലക്കിനും അത് അറിയിച്ചുകൊടുക്കാതെ അവൻ മറയിൽ സൂക്ഷിച്ചിരിക്കുകയാണ്. ക്വദ്റിൽ അടങ്ങിയ രഹസ്യം സ്വർഗസ്ഥരായ ആളുകൾ അവിടെവെച്ച് ഗ്രഹിക്കുമെന്നല്ലാതെ, അതിന്മുമ്പായി അവർക്കും അത് വെളിപ്പെടുകയില്ലെന്ന് ചില മഹാൻമാർ പറഞ്ഞതായി ഇബ്നു സംആനീ (أبو المظفر بن سمعاني-رح) പ്രസ്താവിക്കുന്നു. انا كل شيئ خلقناه بقدر (എല്ലാ വസ്തുവെയും നാം ഒരു 'ക്വദ്ർ' അനുസരിച്ച് സൃഷ്ടിച്ചിരിക്കുന്നു) എന്ന ക്വുർആൻ വാക്യം, നമ്മുടെ പ്രവൃത്തികളടക്കം എല്ലാറ്റിന്റെയും സ്രഷ്ടാവും, തോതു കണക്കാക്കിയവനുമാണ് അല്ലാഹു എന്നുള്ളതിന് സ്പഷ്ടമായ തെളിവാണ്. الله خالق كل شيء (അല്ലാഹു എല്ലാ വസ്തുവിന്റെയും സ്രഷ്ടാവാണ്) എന്നും, والله خلقكم وما تعملون (നിങ്ങളെയും നിങ്ങൾ പ്രവർത്തിക്കുന്നതിനെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു) എന്നുമുള്ള ആയത്തുകളെക്കാൾ വ്യക്തമായ തെളിവാണ് ആ ആയത്ത്. അത് 'ക്വദരിയ്യത്തി'ന്റെ കാര്യത്തിൽ അവതരിച്ചതാണെന്ന് മുൻഗാമികളുടെയും, പിൻഗാമികളുടെയും നാവുകളിൽ പ്രസിദ്ധമാണ്. ക്വുറൈശിമുശ്രിക്കുകൾ നബിﷺ യോട് ക്വദ്റിന്റെ വിഷയത്തിൽ വിവാദം നടത്തിയ അവസരത്തിലാണ് ആ ആയത്ത് അവതരിച്ചതെന്ന് അബൂഹുറയ്റഃ (റ)യുടെ നിവേദനമായി അഹ്മദും മുസ്ലിമും (റ) ഉദ്ധരിച്ചിരിക്കുന്നു. ഈമാനിന്റെ ഘടകങ്ങളിൽ ഒന്നാണ് ക്വദ്റിലെ വിശ്വാസമെന്ന് ജിബ്രീലിന്റെ ഹദീഥിലും മുമ്പ് പ്രസ്താവിച്ചുവല്ലോ. [الحجر] وَإِن مِّن شَىْءٍ إِلَّا عِندَنَا خَزَآئِنُهُۥ وَمَا نُنَزِّلُهُۥٓ إِلَّا بِقَدَرٍ مَّعْلُومٍ ﴿٢١﴾

(ഏതൊരു വസ്തുവും തന്നെ, അതിന്റെ ഖജനാക്കൾ നമ്മുടെ അടുക്കൽ ഇല്ലാത്തതായിട്ടില്ല. ഒരു നിശ്ചിതമായ അളവിലല്ലാതെ നാം അതിനെ ഇറക്കുന്നതുമല്ല) എന്ന ക്വുർആൻ വാക്യം അനുസരിച്ച് സർവ്വകാര്യങ്ങളും അല്ലാഹു കണക്കാക്കിയ പ്രകാരം നടക്കുന്നുവെന്നത്രെ 'സലഫി'ന്റെ (സ്വഹാബത്ത്- താബിഉകൾ തുടങ്ങിയ മുൻഗാമികളുടെ) ഏകകണ്ഠമായ അഭിപ്രായം.' (من فتح الباري)

ഇസ്‌ലാമിന്റെ പ്രധാനകക്ഷികളെപ്പറ്റി പറയുന്ന കൂട്ടത്തിൽ മറ്റൊരിടത്ത് ഇമാം അസ്ക്വലാനീ (റ) ഇങ്ങനെ പറയുന്നു: 'ക്വുർആൻ സൃഷ്ടിക്കപ്പെട്ടതല്ല, ക്വദ്ർ യഥാർത്ഥത്തിൽ ഉള്ളതാണ്, ക്വിയാമത്തുനാളിൽ അല്ലാഹുവിനെ കാണുന്നതാണ്, ക്വുർആനിലും സുന്നത്തിലും അല്ലാഹുവിന്റെ വിശേഷണനാമങ്ങളായി പറയപ്പെട്ടിട്ടുള്ളത് (الصفات) അവന്റെ യഥാർത്ഥഗുണങ്ങൾ തന്നെയാണ്, (ശിർക്കും കുഫ്‌റുമല്ലാത്ത) മഹാപാപങ്ങൾ ചെയ്തതുകൊണ്ട് ഈമാനിൽനിന്ന് പുറത്തു പോകയില്ല എന്നൊക്കെ പറയുന്ന ആരും മുഅ്തസിലഃ കക്ഷിയിൽ ഉൾപ്പെടുകയില്ല- മറ്റ് വിഷയങ്ങളിൽ അവർ യോജിച്ചാലും ശരി.' (الفتح ص ٩٦ ج ١٣)

മഹാനായ ഇബ്നുക്വയ്യിം (റ) പറയുന്നു: 'അല്ലാഹുവിന്റെ എല്ലാ മുർസലുകളും, അവതരിപ്പിക്കപ്പെട്ട എല്ലാ ദൈവിക ഗ്രന്ഥങ്ങളും യോജിച്ച വിഷയങ്ങളാണ് ക്വദ്റിന്റെ സ്ഥാപനവും, അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാണെന്നും, എല്ലാറ്റിന്റെയും സ്രഷ്ടാവാണെന്നും, എല്ലാറ്റിനെപ്പറ്റിയും അറിയുമെന്നും, എല്ലാ കാര്യവും അവൻ രേഖപ്പെടുത്തി വെച്ചിട്ടുണ്ടെന്നും, അവൻ ഉദ്ദേശിച്ചതെന്തോ അത് ഉണ്ടാകുകയും ഉദ്ദേശിക്കാത്തതെന്തോ അത് ഉണ്ടാകാതിരിക്കുകയും ചെയ്യുമെന്നും, അവന്റെ ഭരണത്തിൽ അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനോട് ആരും അനുസരണക്കേട് ചെയ്യുമായിരുന്നില്ലെന്നും, അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു എന്നും, അവനോട് അനുസരണക്കേട് കാണിക്കുന്നവർക്ക് അവൻ നൽകാത്ത സഹായങ്ങൾ അവനെ അനുസരിക്കുന്നവർക്ക് അവൻ നൽകുമെന്നും, അവിശ്വാസത്തിന്റെ ആൾക്കാർക്ക് സാധിച്ചുകിട്ടാത്ത സാഹചര്യങ്ങൾ സത്യവിശ്വാസത്തിന്റെ ആൾക്കാർക്ക് അവൻ ഉണ്ടാക്കിക്കൊടുക്കുമെന്നും, അവനാണ് മുസ്‌ലിമിനെ മുസ്‌ലിമാക്കിയവനെന്നും അവൻ ഉദ്ദേശിക്കുന്നവരെ അവൻ സൻമാർഗത്തിലാക്കുമെന്നും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നുമൊക്കെ. മൊത്തത്തിൽ പറഞ്ഞാൽ വസ്തുക്കളായോ, പ്രവർത്തനങ്ങളായോ ഉള്ള ഏതൊരു കാര്യവും അവന്റെ കഴിവിനും സൃഷ്ടിക്കും പുറത്തുപോകുന്നില്ല. അതുപോലെത്തന്നെ അവ അവന്റെ അറിവിനും ഉദ്ദേശ്യത്തിനും പുറത്തുപോകുന്നതുമല്ല. ഇതാണ് എല്ലാ മുർസലുകളുടെയും മതം ......' (الصواعق المرسلة)

'ക്വദ്റി'നെ നിഷേധിക്കുന്നവരുടെ ന്യായങ്ങൾ

എനി നമുക്ക് ക്വദ്റിന്റെ നിഷേധികളുടെ ചില ന്യായങ്ങളെക്കുറിച്ച് അൽപം ആലോചിക്കാം. അവരുടെ സ്വന്തം യുക്തിന്യായങ്ങൾക്ക് പുറമെ തങ്ങൾക്ക് ഏറ്റവും വലിയ തെളിവായി അവർ ഉദ്ധരിക്കാറുള്ളത് മൂന്ന് ക്വുർആൻ വചനങ്ങളാകുന്നു. ഇതാണവ:-

وَقَالُوا لَوْ شَاءَ الرَّحْمَٰنُ مَا عَبَدْنَاهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ ﴿٢٠﴾ [الزخرف]

وَقَالَ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا عَبَدْنَا مِن دُونِهِ مِن شَيْءٍ نَّحْنُ وَلَا آبَاؤُنَا وَلَا حَرَّمْنَا مِن دُونِهِ مِن شَيْءٍ ۚ كَذَٰلِكَ فَعَلَ الَّذِينَ مِن قَبْلِهِمْ ۚ

سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِن شَيْءٍ ۚ كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِمْ حَتَّىٰ ذَاقُوا بَأْسَنَا ۗ قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا ۖ إِن تَتَّبِعُونَ إِلَّا الظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ﴿١٤٨﴾ [الأنعام]

1. അവർ (ബഹുദൈവവിശ്വാസികൾ) പറയുന്നു: 'പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല എന്ന്. അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ മതിപ്പിട്ട് (ഊഹിച്ച്) പറയുകയല്ലാതെ ചെയ്യുന്നില്ല.' (സുഖ്റുഫ്: 20)

2. 'ശിർക്ക് ചെയ്തവർ പറയുന്നു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ പിതാക്കളാകട്ടെ അവന് പുറമെ യാതൊന്നിനെയും ആരാധിക്കുമായിരുന്നില്ല, അവനെക്കൂടാതെ ഞങ്ങൾ യാതൊന്നിനെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല എന്ന്. അപ്രകാരം അവരുടെ മുമ്പുള്ളവരും ചെയ്തിരിക്കുന്നു'. (നഹ്ൽ: 35.)

3. ശിർക്ക് ചെയ്തവർ പറഞ്ഞേക്കും: 'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങളുടെ പിതാക്കളാകട്ടെ ശിർക്ക് ചെയ്യുമായിരുന്നില്ല; ഞങ്ങൾ യാതൊന്നിനെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല എന്ന്. അപ്രകാരം അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. അങ്ങനെ, അവർ നമ്മുടെ ശിക്ഷ അനുഭവിച്ചു. (നബിയേ) പറയുക: നിങ്ങളുടെ പക്കൽ വല്ല അറിവും ഉണ്ടോ? എന്നാലത് ഞങ്ങൾക്ക് പുറത്ത് കൊണ്ടുവന്ന് തരിക. നിങ്ങൾ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. നിങ്ങൾ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല'.(അൻ ആം: 148.)

ഒരേ ആശയം അടങ്ങുന്ന ഈ മൂന്ന് വചനങ്ങളുടെയും താൽപര്യം ഖദ്റിനെ നിഷേധിക്കുന്നവർ വിവരിക്കുന്നത് ഇപ്രകാരമാകുന്നു. 'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ശിർക്കുകളൊന്നും ചെയ്യുകയോ, (ചില മൃഗങ്ങൾ മുതലായവയെ ഭക്ഷിക്കൽ) നിഷിദ്ധമാക്കുകയോ ചെയ്യുമായിരുന്നില്ല. അഥവാ ഞങ്ങളത് ചെയ്യാൻ അല്ലാഹു ഉദ്ദേശിച്ചത് കൊണ്ടാണ് ഞങ്ങൾ അതെല്ലാം ചെയ്തുപോയത്. എന്നിരിക്കെ, ഞങ്ങൾ അതിൽ കുറ്റക്കാരല്ല എന്നൊക്കെയാണ് മുശ്രിക്കുകൾ പറഞ്ഞതിന്റെ സാരം. മനുഷ്യരുടെ പ്രവർത്തനങ്ങളെല്ലാം അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് സംഭവിക്കുന്നതെന്ന അടിസ്ഥാനത്തിലാണ് മുശ്രിക്കുകൾ തങ്ങളുടെ പ്രവർത്തനങ്ങളെ ഇപ്രകാരം ന്യായീകരിക്കുന്നത്. അല്ലാഹുവാകട്ടെ, അവർക്ക് അതിനെപ്പറ്റി യാതൊരു വിവരവുമില്ലെന്നും, അവർ ഊഹിച്ച് പറയുകയാണെന്നും പറഞ്ഞ് അവരുടെ ആ പ്രസ്താവന നിഷേധിക്കുകയാണ് ചെയ്യുന്നത്. അതായത്, അവരുടെ ശിർക്ക് മുതലായ

പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരം ഉണ്ടായതല്ല. അവർ ഊഹിച്ച് കളവു പറയുകയാണ് എന്ന് സാരം. എല്ലാ കാര്യങ്ങളും- നല്ലതും ചീത്തയും- അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചാണ് സംഭവിക്കുന്നതെന്ന വാദം അല്ലാഹു ഈ വചനങ്ങൾ മുഖേന തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇതാണിവരുടെ വിവരണത്തിന്റെ സ്വഭാവം.'ക്വുർആനിൽ വ്യക്തമായ ഭാഷയിൽ വിവരിച്ച ദൈവിക സിദ്ധാന്തങ്ങൾക്കനുസരിച്ചായിരിക്കണം മറ്റ് വാക്യങ്ങളെ വ്യാഖ്യാനിക്കുന്നത്.' എന്ന മുഖവുരയോടുകൂടി ഇവരിൽ ചിലർ പറയുകയാണ്: 'ദൈവികവിധി (ക്വദ്ർ)യുടെ കാര്യത്തിൽ ക്വുർആന്റെ മൗലിക സിദ്ധാന്തം എന്താണെന്ന് അറബികൾ (മുശ്‌രിക്കുകൾ)ക്ക് നൽകിയ ഈ മറുപടിയിൽ നിന്ന് വ്യക്തമായിക്കഴിഞ്ഞു. ഈ മറുപടിക്ക് (തങ്ങൾ നൽകിയ) ഈ അർത്ഥമല്ലാതെ മറ്റൊന്നും കൽപ്പിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയേ, ഈ വിഷയത്തിലുള്ള മറ്റ് ക്വുർആൻ വാക്യങ്ങൾ വ്യാഖ്യാനിക്കുവാൻ പാടുള്ളൂ.'

ഇവരുടെ ഈ മുഖവുരയിൽ പ്രസ്താവിച്ച അടിസ്ഥാന നിയമം ശരിക്കും- അതിന്റെ അക്ഷരാർത്ഥത്തിൽ തന്നെ- നാമും സ്വീകരിക്കുന്നു. പക്ഷേ, കൂടുതൽ വ്യക്തമായ ഭാഷയിൽ വിവരിച്ച ആയത്തും, അത്രതന്നെ വ്യക്തമല്ലാത്ത ആയത്തുകളും ഈ വിഷയത്തിൽ ഏതാണെന്നും, മേലുദ്ധരിച്ച മൂന്ന് വചനങ്ങളുടെ താൽപര്യം ഇവർ പറയുന്ന പ്രകാരം തന്നെയാണോ എന്നും പരിശോധിക്കേണ്ടതുണ്ടല്ലോ. മുകളിൽ കണ്ടതുപോലെയുള്ള അനേകം ക്വുർആൻ വചനങ്ങളും, അവയുടെ വിശദീകരണമായി വന്ന പല ഹദീഥുകളും ക്വദ്റിലുള്ള വിശ്വാസം ഓരോ മുസ്‌ലിമിന്റെയും ഒഴിച്ചുകൂടാത്ത കടമയാണെന്നും, അതിൽ അവിശ്വസിക്കുന്നത് 'ഈമാനി'നുതന്നെ ഹാനികരമാണെന്നും നാം കണ്ടുകഴിഞ്ഞു. അല്ലാഹുവിന്റെ സാർവ്വത്രികമായ അറിവിനെയും കഴിവിനെയും പരിഗണിക്കുമ്പോൾ ആ വിശ്വാസം, ബുദ്ധിപരമായിത്തന്നെ അനിവാര്യമായതാണെന്നും വ്യക്തമാകുന്നു. അതുകൊണ്ട് കൂടുതൽ വ്യക്തമായ ഭാഷയിൽ അനേകം ക്വുർആൻ വാക്യങ്ങൾ മനസ്സിലാക്കിത്തരുകയും, നബി വാക്യങ്ങൾ അതിനെ പ്രാബല്യം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന തത്വങ്ങളെ അടിസ്ഥാനമാക്കി ഈ മൂന്ന് ക്വുർആൻ വചനങ്ങൾക്കും അനുയോജ്യമായ വ്യാഖ്യാനം കണ്ടുപിടിക്കുവാനേ നിവൃത്തിയുള്ളൂ. ആ വചനങ്ങളുടെ യഥാർത്ഥ താൽപര്യം ഇവർ സമർത്ഥിക്കുന്ന പ്രകാരമല്ലെന്നും, ക്വദ്റിനെ നിഷേധിക്കുകയെന്ന ഒരു മുൻവിധി മനസ്സിൽ വെച്ചുകൊണ്ട് ആ വിധി ന്യായീകരിക്കുവാനും, സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കുവാനും വേണ്ടി അവർ നൽകിയ അവരുടെതായ വ്യാഖ്യാനം മാത്രമാണ് അതെന്നും താഴെ വിവരിക്കുന്നതിൽനിന്ന് മനസ്സിലാക്കാം. إِنْ شَاءَ اللهُ ഏതായാലും തങ്ങൾ നൽകിയ ആ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലേ ഈ വിഷയത്തിൽവന്ന മറ്റ് ക്വുർആൻ വാക്യങ്ങൾ വ്യാഖ്യാനിക്കുവാൻ പാടുള്ളൂ എന്ന് ഇവർ പറയുമ്പോൾ ഒരു വാസ്തവം ഇവരും സമ്മതിക്കുന്നതായി കാണാം. അതെ, തങ്ങളുടെ വാദക്കാർക്ക് -അഥവാ ക്വദ്റിന്റെ നിഷേധത്തിന്- എതിരായ കുറെ

ക്വുർആൻ വാക്യങ്ങൾ വേറെ ഉണ്ടെന്ന് ഇവരും സമ്മതിക്കുന്നു. വലിയ ഭാഗ്യം തന്നെ. ആ സ്ഥിതിക്ക് കൂടുതൽ സ്പഷ്ടമായ ക്വുർആൻ വാക്യങ്ങൾ മറ്റ് ചില താണെന്ന് കണ്ടാൽ അതിന്റെ അടിസ്ഥാനത്തിൽ ഈ വാക്യങ്ങളെ വ്യാഖ്യാനി ക്കുകയാണ് യുക്തമെന്ന് കൂടി ഇവർ സമ്മതിക്കാതിരിക്കുവാൻ ന്യായമില്ല. താഴെ പറയുന്ന സംഗതികൾ ശ്രദ്ധിക്കുക:-

1) ഇവരുടെ വ്യാഖ്യാനവും വാദവും ശരിയാവണമെങ്കിൽ, ആ അറബി മുശ്‌രിക്കുകൾ ക്വദ്‌റിൽ വിശ്വസിച്ചിരുന്നുവെന്നും, ആ വിശ്വാസംവെച്ചുകൊണ്ടാണ് അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന്റെ പേരിൽ അവർ ശിർക്കും മറ്റും ന്യായീകരിച്ച തെന്നും തെളിയണമല്ലോ. അതിന് തെളിവില്ലെങ്കിൽ- ചുരുങ്ങിയപക്ഷം- മറിച്ചു തെളിവില്ലാതിരിക്കുകയെങ്കിലും വേണം. എന്നാൽ, വാസ്തവം എന്താണെന്നോ?

ക്വദ്‌റിന്റെ കാര്യത്തിൽ മുശ്‌രിക്കുകൾ നബിﷺയോട് തർക്കം നടത്തിയ അവസ രത്തിലാണ് أنَّا كُلَّ شَيْئٍ خَلَقْنَاهُ بِقَدَرٍ (എല്ലാ വസ്തുക്കളെയും നാം ഒരു ക്വദ്ർ അനുസ രിച്ച് സൃഷ്ടിച്ചിരിക്കുന്നു) എന്ന വചനം അവതരിച്ചതെന്ന് ഇമാം മുസ്‌ലിം (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ വന്നിട്ടുള്ളത് നാം മുകളിൽ വായിച്ചുവല്ലോ. മുസ്‌ലിം (റ) മാത്രമല്ല, തിർമദീ, ഇബ്നുമാജഃ (റ) മുതലായവരും ഇത് ഉദ്ധരിച്ചിട്ടുണ്ട്. (كما في ابن كثير)

അപ്പോൾ, അല്ലാഹു ഉദ്ദേശിച്ചതിന്റെ പേരിൽ തങ്ങളുടെ ശിർക്കിനെ മനഃപൂർവ്വം ന്യായീകരിക്കുകയല്ല- നേരെമറിച്ച് ക്വദ്‌റിൽ വിശ്വസിക്കുന്ന നബി ﷺയെയും സത്യവിശ്വാസികളെയും അത് പ്രഖ്യാപിക്കുന്ന ക്വുർആനെയും പരി ഹസിക്കുകയാണ് -വാസ്തവത്തിൽ മുശ്‌രിക്കുകൾ ചെയ്തിരിക്കുന്നത് എന്നോ മറ്റോ വെക്കാനേ നിവൃത്തിയുള്ളൂ. മുസ്‌ലിംകൾ ക്വദ്‌റിൽ വിശ്വസിച്ചിരുന്നത് മൂലം മക്കാമുശ്‌രിക്കുകൾ അവരെ പരിഹസിച്ചിരുന്നുവെന്ന് സൂ: യാസീൻ 47-ാം വച നത്തിൽ നിന്ന് മനസ്സിലാക്കാം. 'നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചിലവഴിക്കുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, ആ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയും: أَنُطْعِمُ مَن لَّوْ يَشَآءُ ٱللَّهُ أَطْعَمَهُۥٓ إِنْ أَنتُمْ إِلَّا فِى ضَلَٰلٍ مُّبِينٍ

(അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ഭക്ഷണം നൽകുമായിരുന്ന ഒരു കൂട്ടർക്ക് ഞങ്ങൾ ഭക്ഷണം നൽകുകയോ? നിങ്ങൾ വ്യക്തമായ വഴിപിഴവിലല്ലാതെ ഇല്ല). ഇതാണാവാക്യം. നിങ്ങളുടെ വിശ്വാസപ്രകാരം അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഭക്ഷണം നൽകുകയും, ഉദ്ദേശിക്കാത്തവർക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമല്ലോ. എന്നിരിക്കെ എന്തിനാണ് അവൻ ഉദ്ദേശിക്കാത്തവർക്ക് (സാധു ക്കൾക്ക്) ഞങ്ങൾ ഭക്ഷണം നൽകുന്നത്? ഇതാണ് അവർ ചോദിക്കുന്നതിന്റെ സാരം. مَا لَهُم بِذَٰلِكَ مِنْ عِلْمٍ(അവർക്ക് അതിനെപ്പറ്റി ഒരു അറിവും ഇല്ല) എന്നും മറ്റും മുശ്‌രിക്കുകളെപ്പറ്റി അല്ലാഹു ആക്ഷേപിച്ചതിന്റെ ഉദ്ദേശ്യം എന്താണെന്ന് വഴിയെ മനസ്സിലാക്കാം.

(2) 'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ശിർക്ക് ചെയ്യുമായിരുന്നി ല്ല.' (لَوْ شَاءَ الله مَا أَشْرَكْنَا) എന്ന് തുടങ്ങിയ മേൽകണ്ട വാക്യങ്ങൾ പറഞ്ഞത് മുശ്‌രിക്കു

കളാകകൊണ്ടാണല്ലോ ആ ആയത്തുകൾ ക്വദ്റിനെ നിഷേധിക്കുന്നവയാണെന്ന് ഇക്കൂട്ടർ വാദിക്കുവാൻ കാരണമായത്. വായനക്കാർ മനസ്സിരുത്തണം. സൂ: അൻആമിൽതന്നെ അതിലെ 106, 107 വചനങ്ങളിൽ അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയായിക്കൊണ്ട് അവർ പറഞ്ഞിരിക്കുന്നത് നോക്കുക: وَأَعْرِضْ عَنْ الْمُشْرِكِينَ وَلَوْ شَآءَ الله مَا أَشْرَكُوا وَمَا جَعَلْنَاكَ عَلَيْهِمْ حَفِيظًا –الأنعام (മുശ്രിക്കുകളിൽനിന്ന് നീ തിരിഞ്ഞുകളയുക. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശിർക്ക് ചെയ്യുമായിരുന്നില്ല. അവരുടെമേൽ നിന്നെ നാം സംരക്ഷകനാക്കിയിട്ടുമില്ല.) മുശ്രിക്കുകൾ തങ്ങളെപ്പറ്റി പറഞ്ഞ അതേവാക്യം തന്നെ അവരെപ്പറ്റി അല്ലാഹുവും അതാ പറഞ്ഞിരിക്കുന്നു. അപ്പോൾ, അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ ശിർക്ക് ചെയ്യുമായിരുന്നില്ല എന്ന അവരുടെ പ്രസ്താവന ശരിയല്ലാത്തതുകൊണ്ടാണോ അവരെ അല്ലാഹു ആക്ഷേപിച്ചത്? അല്ല. ആ പ്രസ്താവനമൂലം അവർ ലക്ഷ്യം വെച്ച മറ്റെന്തോ ഒന്നിനെപ്പറ്റിയാണ് അല്ലാഹു ആക്ഷേപിച്ചതെന്ന് സ്പഷ്ടമായല്ലോ. മുശ്രിക്കുകൾ പറഞ്ഞ ഒരു കാര്യം തെറ്റാണെങ്കിൽ, അതേ കാര്യം അതുപോലെത്തന്നെ മറ്റാരു പറഞ്ഞാലും തെറ്റായിരിക്കണമല്ലോ.

(3) ആദ്യമേ ക്വദ്റിന്റെ നിഷേധം മനസ്സിൽവെച്ചുകൊണ്ടാണ് ആ ആയത്തുകൾക്ക് ഇവർ പ്രസ്തുത വ്യാഖ്യാനം നൽകുന്നതെന്നും, നേരെമറിച്ച് ആയത്തുകളുടെ വ്യക്തമായ ഉദ്ദേശ്യം അതാണെന്നുകണ്ട കാരണത്താൽ ഇവർ ക്വദ്റിനെ നിഷേധിക്കുവാൻ മുതിർന്നതല്ലെന്നും, ഇവരുടെ ചില പ്രസ്താവനകൾതന്നെ തെളിയിക്കുന്നുണ്ട്. നോക്കുക: മുശ്രിക്കുകളുടെ വാചകങ്ങളിലെ لَوْ شَآءَ ('ലൗശാഅ') എന്നവാക്കിന് 'ഉദ്ദേശിച്ചിരുന്നുവെങ്കിൽ' എന്ന ഭൂതകാലക്രിയയായും, അല്ലാഹുവിന്റെ വാചകത്തിൽ അതേ വാക്ക്വന്നപ്പോൾ അതിന് 'ഉദ്ദേശിക്കുന്നപക്ഷം' എന്ന് വർത്തമാനക്രിയയായും ഇവർ അർത്ഥം നൽകുന്നു. ഇതൊരു സാരപ്പെട്ട വ്യത്യാസമായി ഒരു പക്ഷേ, സാധാരണക്കാർക്ക് തോന്നിയില്ലെന്ന് വരാം. എന്നാൽ, وَلَوْ شَآءَ الله مَا أَشْرَكُوا (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശിർക്ക് ചെയ്യുമായിരുന്നില്ല) എന്ന വാക്യത്തിന് ഇക്കൂട്ടർ നൽകുന്ന വ്യാഖ്യാനം കാണുമ്പോൾ, അവർ താൽപര്യപൂർവ്വം ചെയ്തിട്ടുള്ള തന്ത്രമാണ് അതെന്ന് ആർക്കും വ്യക്തമാകും. 'അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, അവൻ മനുഷ്യരെ ഒരേ മാർഗത്തിൽ നടക്കുവാൻ നിർബന്ധരാക്കുമായിരുന്നു. അതായത്, അവർ ബഹുദൈവവിശ്വാസികളായിത്തീരുകയില്ലായിരുന്നു.' ഇതാണത്രെ അതിന്റെ ഉദ്ദേശ്യം! الله أكبر ബുദ്ധിയും മനസ്സാക്ഷിയും ഉള്ളവർ ചിന്തിക്കട്ടെ, എന്ന് മാത്രമേ നാം പറയുന്നുള്ളൂ.

(4) സൂ: അൻആമിലെ 148 -ാം ആയത്താണല്ലോ മുകളിൽ കണ്ട മൂന്ന് ആയത്തുകളിൽ മൂന്നാമത്തേത്. അതിനെത്തുടർന്നുള്ള 149 -ാമത്തെ ആയത്ത് ഇതാകുന്നു: قُلْ فَلِلَّهِ الْحُجَّةُ الْبَالِغَةُ فَلَوْ شَاءَ لَهَدَاكُمْ أَجْمَعِينَ (പറയുക: അപ്പോൾ, അല്ലാഹുവിന്നാണ് പ്രബലമായ ന്യായം- തെളിവ്- ഉള്ളത്. എന്നാൽ അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവനും അവൻ നേർമാർഗത്തിലാക്കുമായിരുന്നു.) എല്ലാ

മനുഷ്യരെയും നേർമാർഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല എന്നാണല്ലോ ഈ വചനത്തിലെ വ്യക്തമായ താൽപര്യം. ഇവിടെ മാത്രമല്ല, ഇത് ക്വുർആനിൽ മറ്റ് പലേടത്തും പറഞ്ഞിട്ടുള്ളതാണ്. എന്നുവെച്ചാൽ, മനുഷ്യസമുദായം മലക്കുകളെപ്പോലെ പാപം ചെയ്യാത്ത പ്രകൃതക്കാരല്ല, സജ്ജനങ്ങളും ദുർജ്ജനങ്ങളും അടങ്ങുന്ന സമുദായമായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നത് എന്നർത്ഥം. ഇതിനെപ്പറ്റി അൽപം പരാമർശം താഴെ വരുന്നതാണ്. (ഇവിടങ്ങളിലെല്ലാം 'ഉദ്ദേശ്യം' എന്ന് പറഞ്ഞിരിക്കുന്നത് 'മശിയ്യത്താ'കുന്ന ഉദ്ദേശ്യമാണെന്ന് ഓർമിക്കുന്നത് നന്നായിരിക്കും.)

148 -ാം വചനത്തിന് തങ്ങൾ നൽകിയ വിശദീകരണത്തിന് എതിരാണ് ഈ വചനം എന്ന് നിഷേധികൾ കണ്ടു. അതുകൊണ്ട് ഈ വചനത്തിലെ فَلَوْ شاء('ഫലൗശാഅ') എന്ന വാക്കിന് വർത്തമാനക്രിയയുടെ അർത്ഥം കല്പിച്ചതിന് പുറമെ ഒരു 'നിർബന്ധം' കൂടി ഇവർ അതിൽ കുത്തിച്ചെലുത്തുവാൻ നിർബന്ധിതരായിരിക്കുകയാണ്. അങ്ങനെ, فَلَوْ شاء لَهَدَاكُمْ أَجْمَعِين എന്ന വാക്യത്തിന് 'അവൻ ഉദ്ദേശിക്കുന്ന പക്ഷം നിർബന്ധപൂർവ്വം നിങ്ങളെല്ലാവരെയും സൻമാർഗത്തിലാക്കുമായിരുന്നു' എന്നൊരു പുതിയ അർത്ഥംകൂടി ഇവർക്ക് കൽപിക്കേണ്ടിവന്നിരിക്കയാണ്. ക്വുർആനിൽ لو شاء എന്ന വാക്ക് പല സ്ഥലത്തും ഉപയോഗിച്ച് കാണാം. അവയിൽ തങ്ങൾക്ക് ദോഷകരമായിത്തോന്നുന്ന لو شاء കൾക്കെല്ലാം ഈ 'നിർബന്ധമോ, മറ്റേതെങ്കിലും ഒരു പുത്തൻ വ്യാഖ്യാനമോ നൽകുക ഇവർക്കൊരു പതിവായിത്തീർന്നിട്ടുണ്ട് എന്ന് പറയേണ്ടിയിരിക്കുന്നു. لَوْشاُء لَهَدَاكُمْ (അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ നേർമാർഗത്തിലാക്കുമായിരുന്നു) എന്നതിന്റെ ഉദ്ദേശ്യം لو شاء هدايتكم لهديكم (നിങ്ങളെ നേർമാർഗത്തിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നേർമാർഗത്തിലാക്കുമായിരുന്നു) എന്നല്ലാതെ لو شاء لهداكم بالإكراه (അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ നിർബന്ധപൂർവ്വം നേർമാർഗത്തിലാക്കുമായിരുന്നു) എന്ന് അർത്ഥം വരുകയില്ലെന്ന് അറബിഭാഷയിൽ അൽപം പരിചയമുള്ളവർക്കെല്ലാം അറിയാം. അതിന്പുറമെ, നിർബന്ധപൂർവ്വം മാർഗദർശനം ചെയ്യുന്ന പ്രശ്നം തന്നെയില്ല. لَا إِكْرَاهَ فِي الدِّين(മതത്തിൽ നിർബന്ധം ചെലുത്തലില്ല) എന്ന് സൂ: അൽബക്വറഃയിൽ അല്ലാഹു പറയുകയും ചെയ്തിരിക്കുന്നു. നിർബന്ധിതനായിട്ടില്ലാതെ, സ്വമനസ്സാലെ വിശ്വസിക്കുന്ന വിശ്വാസത്തിനേ ഇസ്‌ലാമിൽ സ്ഥാനമുള്ളൂവെന്ന് പറയേണ്ടതില്ല. കൂടാതെ:-

(1) സൂറത്തുൽ അൻആമിൽതന്നെ, ദാരിദ്ര്യത്തെ ഭയന്ന് സന്താനങ്ങളെ കൊലചെയ്തിരുന്ന അറബികളെപ്പറ്റി അല്ലാഹു പറയുന്നു: وَلَوْ شَاءَ اللَّهُ مَا فَعَلُوهُ فَذَرْهُمْ وَمَا يَفْتَرُونَ – الأنعام:137 (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതുകൊണ്ട് അവരെയും, അവർ കെട്ടിച്ചമക്കുന്നതിനെയും നീ വിട്ടേക്കുക.) ഈ ആയത്തിൽ ഇവരുടെ ഈ 'നിർബന്ധം' കുത്തിച്ചെലുത്തിക്കാണുന്നില്ല. 'അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം അവരത് ചെയ്യുമായിരുന്നില്ല' എന്ന്മാത്രം പറഞ്ഞ് മതിയാക്കുകയാണ് ചെയ്തിരിക്കുന്നത്. കാരണം അല്ലാഹുവിനറിയാം. ഏതായാലും അൻആമിലെ 107 -ാം ആയത്തിലേതുപോ

ലെത്തന്നെ, ഈ ആയത്തിലെ ഈ വാക്യവും അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയാകുന്നു. മറ്റാരുടെയും പ്രസ്താവന ഉദ്ധരിച്ചതല്ല. അപ്പോൾ അതിന്റെ സാരം 'അവരത് ചെയ്യാതിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ അത് ചെയ്യുമായിരുന്നില്ല. പക്ഷേ, അല്ലാഹു അങ്ങനെ ഉദ്ദേശിച്ചിട്ടില്ല' എന്നായിരിക്കും. ഇത് ക്വദ്റിനെ നിഷേധിക്കുകയല്ല- സ്ഥാപിക്കുകയാണ്- ചെയ്യുന്നത്.

ഇമാം മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ച ഹദീഥും മറ്റും നോക്കുമ്പോൾ, മുശ്‌രിക്കുകൾ ക്വദ്റിനെ നിഷേധിക്കുന്നവരായിരുന്നുവെന്നതാണ് വാസ്തവമെന്നും, ആ നിലക്ക് അവരുടെ മേപ്പടി പ്രസ്താവനകൾ കേവലം പരിഹാസങ്ങളാണെന്നും നാം മുമ്പ് പറഞ്ഞു. എനി, മുശ്‌രിക്കുകൾ ക്വദ്റിൽ വിശ്വാസമുള്ളവരായിരുന്നുവെന്നുതന്നെ വിചാരിക്കുക: എന്നാലും, അവരുടെ ആ പ്രസ്താവനകൾ ആക്ഷേപാർഹമാണെന്ന് കാണാം. 1 -ാ മതായി, പ്രവാചകത്വത്തിന്റെയും, വേദഗ്രന്ഥത്തിന്റെയും നിഷേധമാണത്. അല്ലാഹു ഉദ്ദേശിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല എന്നിരിക്കെ, ശിർക്കിനെയും മറ്റും വിരോധിച്ചുകൊണ്ട് പ്രവാചകൻമാരും വേദഗ്രന്ഥവും വരേണ്ടുന്ന ആവശ്യമെന്ത്? ഞങ്ങൾ ശിർക്ക് മുതലായവ ചെയ്യുന്നത് അവൻ ഉദ്ദേശിച്ചതുകൊണ്ടാണല്ലോ. എന്നിങ്ങനെയുള്ള ഒരു ന്യായവാദം അപ്പോൾ ആ പ്രസ്താവനകളിൽ അടങ്ങിയിരിക്കുന്നു. ഈ വ്യാജവാദം ആ മുശ്‌രിക്കുകളുടെ മാത്രം വാദമല്ല, അവരുടെ പൂർവ്വികൻമാരുടെയും വാദമാണ്. അതുകൊണ്ടാണ് كذلك كذب الذين من قبلهم (അവരുടെ മുമ്പുള്ളവരും അപ്രകാരം വ്യാജമാക്കിയിട്ടുണ്ട്) എന്നും كذلك فعل الذين من قبلهم (അവരുടെ മുമ്പുള്ളവരും അപ്രകാരം ചെയ്തിരിക്കുന്നു) എന്നും അല്ലാഹു പറഞ്ഞതും.

2 -ാമതായി, അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരമല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നത് വാസ്തവമാണെങ്കിലും, അവർ ശിർക്ക് മുതലായത് ചെയ്യാൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെന്ന് അറിഞ്ഞത് നിമിത്തമോ, അറിഞ്ഞതിനുശേഷമോ അല്ല അവർ അത് ചെയ്തത്. അവർ തങ്ങളുടെ സ്വന്തം ഇഷ്ടവും ഇച്ഛയും അനുസരിച്ച് മനഃപൂർവ്വം ശിർക്ക് മുതലായ കുറ്റങ്ങൾ ചെയ്തു. ചെയ്തുകഴിഞ്ഞശേഷം അവയെ ന്യായീകരിക്കുവാൻ വേണ്ടിമാത്രം അല്ലാഹുവിന്റെ ക്വദ്റിന്റെയും ഉദ്ദേശ്യത്തിന്റെയും മറപിടിക്കുകയും ചെയ്തുവെന്നേയുള്ളൂ. അഥവാ, അല്ലാഹുവിന്റെ ഉദ്ദേശ്യം എന്താണെന്നറിഞ്ഞ് പ്രവർത്തിച്ചിരിക്കുകയല്ല- തങ്ങൾ പ്രവർത്തിച്ചു കഴിഞ്ഞശേഷം അത് അല്ലാഹു ഉദ്ദേശിച്ചതാണെന്ന് വാദിച്ച് ന്യായീകരിക്കുകയാണ് -ചെയ്യുന്നത്. **(*)** അതുകൊണ്ടാണ് ما لهم بذلك من علم (അവർക്ക് അതിനെ

***(*)** ഈ നയം മുശ്‌രിക്കുകളിൽ മാത്രമല്ല കാണപ്പെടുക. മുസ്‌ലിംകളിൽപോലും ചിലർ തങ്ങൾ ചെയ്ത തെറ്റുകുറ്റങ്ങളെ ക്വദ്റിന്റെ പേരിൽ ന്യായീകരിക്കുകയും, അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന്റെ മറവിൽ ഒളിച്ച് രക്ഷപ്പെടുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ക്വദ്റിന്റെ വിശ്വാസം നന്മ ചെയ്യാൻ തടസ്സമോ, തിൻമ ചെയ്യാൻ പ്രോൽസാഹനമോ അല്ലെന്നും, ആയിക്കൂടാത്തതാണെന്നും പിറകെ വിവരിക്കുന്നുണ്ട്. إِنْ شَاءَ الله*

പ്പറ്റി യാതൊരു അറിവും ഇല്ല) എന്നും, هل عندكم من علم فتخرجوه لنا (നിങ്ങളുടെ പക്കൽ വല്ല അറിവും ഉണ്ടോ എന്നാലത് ഞങ്ങൾക്ക് വെളിക്കുകൊണ്ടുവന്ന് തരുവിൻ) എന്നും മറ്റും അല്ലാഹു പറഞ്ഞത്.

3 -ാമതായി, അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരമാണ് കാര്യങ്ങളെല്ലാം സംഭവിക്കുന്നത് എന്നിരിക്കുമ്പോൾ, സംഭവിക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ തൃപ്തിക്ക് വിധേയമായിരിക്കേണ്ടതല്ലേ?.അതുകൊണ്ട് തങ്ങളുടെ ശിർക്കും മറ്റും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ച് സംഭവിച്ചതാണെന്നപോലെ, അവയെല്ലാം അവൻ തൃപ്തിപ്പെട്ട കാര്യങ്ങളുമായിരിക്കും. അവയെപ്പറ്റി കുറ്റപ്പെടുത്തുന്നതും വിരോധിക്കുന്നതും ന്യായമല്ല എന്നിപ്രകാരമുള്ള ഒരു ആരോപണവും ആ പ്രസ്താവനകളിൽ അന്തർഭവിച്ചിരിക്കുന്നു. إن تتبعون إلا الظن وان انتم إلا تخرصون(നിങ്ങൾ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; നിങ്ങൾ മതിപ്പിട്ട് പറയുകയല്ലാതെ ചെയ്യുന്നുമില്ല.) എന്നീ വാക്യങ്ങൾ ആ ആരോപണത്തെ ഖണ്ഡിക്കുന്നു. നല്ലതും തീയതുമായ ഏത്കാര്യവും സംഭവിക്കുന്നത് അല്ലാഹുവിന്റെ (മശിയ്യത്താകുന്ന) ഉദ്ദേശ്യം കൊണ്ടുതന്നെയാണെങ്കിലും, നല്ലതിനെ മാത്രമേ അവൻ തൃപ്തിപ്പെടുകയുള്ളൂവെന്നും, ചീത്തയെ അവൻ തൃപ്തിപ്പെടുകയില്ലെന്നും, ഉദ്ദേശ്യത്തിന്റെയും തൃപ്തിയുടെയും പശ്ചാത്തലങ്ങൾ ഒന്നല്ലെന്നുമുള്ള വസ്തുതകൾ മനസ്സിലാക്കാത്തതാണ് ഈ ആരോപണത്തിന് കാരണം. (ഇത് സംബന്ധിച്ച് കൂടുതൽ വിവരം താഴെ കാണാം) മുശ്‌രിക്കുകളുടെ ആ പ്രസ്താവനകൾക്ക് അവരെ പ്രേരിപ്പിച്ചത് മേൽകണ്ട മൂന്നുകാരണങ്ങളിൽ ഏതായിരുന്നാലും ശരി അതിനെത്തുടർന്ന് അല്ലാഹു അവരെ ആക്ഷേപിച്ച വാക്യങ്ങളുടെ താൽപര്യം മനസ്സിലാക്കുവാൻ പ്രയാസമില്ല.

ഇമാം റാഗിബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ, മനുഷ്യന്റെ എല്ലാ പ്രവൃത്തികളും അല്ലാഹു ഉദ്ദേശിച്ചതെങ്കിൽ മാത്രമേ ഉണ്ടാകുകയുള്ളൂ എന്നതിന് ഖുർആനിൽ വിശ്വസിക്കുന്നവരെല്ലാം സമ്മതിക്കുവാൻ നിർബന്ധിതരാകുന്ന ഒരു തെളിവാണ് സൂറത്തുൽ കഹ്ഫിലെ 23, 24 വചനങ്ങൾ:- ولا تقولن لشيء إني فاعل ذلك غدا إلا أن يشاء الله واذكر ربك اذا نسيت الخ – الكهف (സാരം: ഒരു കാര്യത്തെക്കുറിച്ചും നാളെ ഞാനത് ചെയ്യുമെന്ന് നിശ്ചയമായും നീ പറയരുത്- അല്ലാഹു ഉദ്ദേശിക്കുന്നതായാൽ എന്ന നിലക്കല്ലാതെ, നീ മറന്നുപോയാൽ നിന്റെ റബ്ബിനെ നീ സ്മരിക്കുകയും ചെയ്യുക.) ഭാവിയിൽ താൻ ഒരു കാര്യം ചെയ്യുമെന്ന് പറയുമ്പോൾ إِنْ شَاءَ اللّٰهُ (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് കൂട്ടിച്ചേർത്ത് കൊണ്ടല്ലാതെ ഒരാളും പറയരുതെന്ന് അല്ലാഹു ഊന്നിപ്പറയുന്നു. ഒരു പക്ഷേ, മറന്നുപോയാൽ ഓർമ വരുമ്പോൾ ആ കുറവ് നികത്തേണമെന്നും ഉണർത്തുന്നു. അല്ലാഹുവിന്റെ ഉദ്ദേശം കൂടാതെ, മനുഷ്യന്റെ ഉദ്ദേശ്യംകൊണ്ടോ കഴിവുകൊണ്ടോ മാത്രം അവന് വല്ലതും പ്രവർത്തിക്കുവാൻ കഴിയുമെങ്കിൽ ഈ കൽപനക്ക് എന്താണ് ന്യായം?! ആലോചിച്ചുനോക്കുക. ക്വദ്റിനെ നിഷേധിക്കുകയും, ക്വദറിലുള്ള വിശ്വാസം

അനിസ്‌ലാമികമാണെന്ന് ജൽപിക്കുകയും ചെയ്യുന്ന ഒരു പണ്ഡിതൻ ഈ ആയത്തിന് ഇങ്ങനെ അർത്ഥം കൽപിച്ചു കാണാം: ' ഞാൻ നാളെ അക്കാര്യം പ്രവർത്തിക്കുമെന്ന് ഒരു വിഷയത്തെക്കുറിച്ചും നീ പറയരുത്. (നീ മനസ്സിലാക്കണം:) അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ, (അത് നടക്കുകയില്ല).' അപ്പോൾ- അറിഞ്ഞോ അറിയാതെയോ- ക്വദറിന്റെ തത്വം ഇവരും അംഗീകരിക്കുവാൻ നിർബന്ധിതരായിരിക്കയാണ്.

ചില യാഥാർത്ഥ്യങ്ങൾ

സ്ഥലകാലവ്യത്യാസംകൂടാതെ, ചെറുപ്പവലുപ്പം കൂടാതെ, എല്ലാ ഓരോ വസ്തുവിനും ഓരോ കാര്യത്തിനും ഉപയോഗിക്കപ്പെടുന്ന ഒരു അറബിവാക്കാണ് شيء(ശൈഉ്) എന്ന വാക്ക്. നിഘണ്ടുക്കളിൽ ഇതിന് ما يصح ان يعلم ويخبر عنه (ഏതൊന്നിനെക്കുറിച്ച് അറിയുവാനും വർത്തമാനം പറയപ്പെടുവാനും ഉതകുന്നോ അത്) എന്നാണ് അർത്ഥം കാണിക്കുന്നത്. അപ്പോൾ كل شيئ (എല്ലാ വസ്തുക്കളും- അഥവാ എല്ലാ കാര്യങ്ങളും) എന്ന് പറയുമ്പോൾ അതിൽ ഉൾപ്പെടാത്ത ഒരു സാധനമോ, സംഭവമോ, കാര്യമോ, വസ്തുവോ, വസ്തുതയോ ഉണ്ടായിരിക്കയില്ല, ഇത് ഓർമയിൽവെച്ചുകൊണ്ട് താഴെ കാണുന്ന ക്വുർആൻ വചനങ്ങൾ മനസ്സിരുത്തുക: الله خالق كل شيئ (അല്ലാഹു എല്ലാ വസ്തുവിന്റെയും സ്രഷ്ടാവാകുന്നു) وخلق كل شيئ فقدره تقديرا (അവൻ എല്ലാ വസ്തുവെയും സൃഷ്ടിക്കുകയും അതിന് ഒരു നിർണയം- വ്യവസ്ഥ- നിർണയിക്കുകയും ചെയ്തിരിക്കുന്നു.) قد جعل الله لكل شيئ قدرا (അല്ലാഹു എല്ലാ വസ്തുവിനും ഒരു ക്വദ്ർ ഏർപ്പെടുത്തിയിട്ടുണ്ട്.) والله بكل شيئ عليم (അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാകുന്നു.) قد أحاط بكل شيئ علما (അവൻ അറിവുകൊണ്ട് എല്ലാ വസ്തുവെയും വലയം ചെയ്തിരിക്കുന്നു.) والله على كل شيئ قدير(അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.) ഇതിലൊന്നിൽനിന്നും മനുഷ്യനെയോ, അവന്റെ പ്രവർത്തനങ്ങളെയോ, ഉദ്ദേശ്യങ്ങളെയോ, നല്ലതിനെയോ, ചീത്തയെയോ, മറ്റുവല്ലതിനെയോ ഒഴിവാക്കുവാൻ ന്യായമെന്താണുള്ളത്?! ഒന്നുമില്ല.

ഈ പ്രപഞ്ചത്തിനും അതുൾക്കൊള്ളുന്ന സകല ചരാചരങ്ങൾക്കും ബാധകമായ ഒരു പൊതുവ്യവസ്ഥയും സാർവ്വത്രികമായ നിയമവും അല്ലാഹുവിങ്കലുണ്ടെന്നുള്ളതിൽ ദൈവവിശ്വാസികളായ ആർക്കും തർക്കമുണ്ടാകയില്ല. എന്നാൽ, ആ വ്യവസ്ഥയും നിയമവും അനുസരിച്ച് ലോകകാര്യങ്ങൾ ഓരോന്നും സ്വയം നീങ്ങിക്കൊള്ളട്ടെ എന്നുവെച്ച് അല്ലാഹു ചുമ്മാ ഇരിക്കുകയാണെന്ന് വിശേഷബുദ്ധിയുള്ളവർക്ക് ഊഹിക്കുവാൻ കഴിയുമോ? അല്ലെങ്കിൽ ആ വ്യവസ്ഥക്കും, അതിലെ കാര്യകാരണബന്ധങ്ങൾക്കും അനുസരിച്ച് നടക്കുന്നതെല്ലാം സ്വയമങ്ങ് നടക്കട്ടെ എന്നുവെച്ച് അശ്രദ്ധനായി- മൗനവദനനായി- അജ്ഞനായി- ക്കൊണ്ട് കഴിയുകയുമായിരിക്കും അല്ലാഹു എന്ന് ആർക്കെങ്കിലും ഊഹി

ക്കുവാൻ സാധിക്കുമോ?! ഒരിക്കലുമില്ല. അല്ലെങ്കിൽ- ചിലർ ജൽപിക്കുന്നതുപോലെ- ലോകകാര്യങ്ങളെമൊത്തമായിട്ടല്ലാതെ വിശദമായി അല്ലാഹു അറിയുകയില്ലെന്നോ, അതുമല്ലെങ്കിൽ ഓരോ സംഗതിയും സംഭവിക്കുമ്പോഴല്ലാതെ മുൻകൂട്ടി അവൻ അറിയുകയില്ലെന്നോ ഒരു യഥാർത്ഥ സത്യവിശ്വാസി വാദിക്കുമോ? മുസ്‌ലിമെന്ന് അഭിമാനിക്കുന്ന വല്ലവരും അങ്ങനെ വാദിക്കുന്നുണ്ടെങ്കിൽ, അവരുടെ അല്ലാഹു നാമെല്ലാം വിശ്വസിക്കുന്ന അല്ലാഹുവോ, ഖുർആനിൽ പ്രസ്താവിക്കപ്പെട്ടുകാണുന്ന ആ അല്ലാഹുവോ ആയിരിക്കയില്ലെന്നേ അവരോട് നമുക്ക് പറയുവാനുള്ളൂ. അല്ലാഹു പറയുന്നു: وما من غائبة في السماوات والارض الا في كتاب مبين النمل : ٧٥ – (ആകാശത്തിലും ഭൂമിയിലും മറഞ്ഞുകിടക്കുന്ന ഏതൊരു കാര്യവും വ്യക്തമായ ഒരു ഗ്രന്ഥത്തിൽ -രേഖയിൽ- ഇല്ലാത്തതില്ല. സൂ: നംല്.)

എല്ലാ കാര്യവും അറിയുന്നവനാണ് അല്ലാഹു എന്ന് സമ്മതിക്കുന്നപക്ഷം, ആ അറിവിൽപെട്ട ഓരോന്നും- അതിൽപെടാത്ത യാതൊന്നും ഇല്ലതാനും- ഇന്ന സമയത്ത് ഇന്നിന്നപ്രകാരം ആയിരിക്കണം, അല്ലെങ്കിൽ ആയിരിക്കരുത് എന്നിങ്ങനെ ഒരു ഉദ്ദേശ്യവും നിർണയവും അവന്നില്ലാതെ വരുമെന്ന് വിചാരിക്കുവാൻ വല്ലവർക്കും സാധിക്കുമോ? യുക്തി അത് സമ്മതിക്കുമോ?! അതത് കാര്യങ്ങൾ സംഭവിക്കുമ്പോൾ മാത്രം അതിന്റെ അളവും തോതും നിർണയിക്കുകയേ അവൻ ചെയ്യുന്നുള്ളൂ- ഓരോന്നിനും പ്രത്യേക നിർണയങ്ങളൊന്നും മുൻകൂട്ടി നിശ്ചയിച്ചിട്ടില്ല- എന്ന്വെക്കുന്നപക്ഷം, അത് അവന്റെ സർവ്വജ്ഞതയെയും, സർവ്വശക്തിത്വത്തെയും ചോദ്യംചെയ്യലും, അവന്റെ സൃഷ്ടികളോട് അവനെ സമപ്പെടുത്തലും ആയിരിക്കും. ليس كمثله شيء وهو السميع البصير (അവനെപ്പോലെ ഒരു വസ്തുവും തന്നെയില്ല. അവൻ എല്ലാം കേൾക്കുന്നവനാണ്, കാണുന്നവനാണ്.) ഒരു പൊതുവ്യവസ്ഥ ഏർപ്പെടുത്തി ചുമ്മാ ഇരിക്കുകയല്ല, എപ്പോഴും എല്ലാ കാര്യങ്ങളും നിയന്ത്രിച്ചും നടത്തിയും കൊണ്ടിരിക്കുകയാണ് അല്ലാഹു ചെയ്യുന്നത്. يدبر الأمر من السماوات إلى الأرض (അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യം നിയന്ത്രിച്ചു- ചട്ടവട്ടം ചെയ്തു- കൊണ്ടിരിക്കുന്നു) كل يوم هو في شأن (എല്ലാ ദിവസവും അവൻ ഓരോ കാര്യത്തിലാണ്) وإن من شيء إلا عندنا خزائنه وما تنزل إلا بقدر معلوم (ഏതൊരു വസ്തുവിന്റെയും ഖജനാക്കൾ നമ്മുടെ പക്കൽ ഇല്ലാതില്ല. അതിനെ ഒരു നിശ്ചിത അളവിലല്ലാതെ നാം ഇറക്കുന്നുമില്ല.) എന്നിങ്ങനെയുള്ള വചനങ്ങളുടെ വ്യാപ്തിയിൽനിന്ന് മനുഷ്യനെയും, അവന്റെ ചെയ്തികളെയും മാത്രം ഒഴിവാക്കി നിറുത്തുവാൻ ന്യായമില്ലതന്നെ.

إن الله يحكم ما يريد (അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ വിധിക്കുന്നു.) ويفعل ما يشاء(അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുകയും ചെയ്യുന്നു.) لا يسأل عما يفعل وهم يسألون (അവൻ ചെയ്യുന്നതിനെപ്പറ്റി അവൻ ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുകയും ചെയ്യും.) പക്ഷേ, ഒരു അണു അളവിലും അനീതി അതിലൊന്നും അല്ലാഹു ചെയ്കയില്ല. إن الله لا يظلم مثقال ذرة (അല്ലാഹു ഒരു അണുതൂക്കവും അനീതി ചെയ്കയില്ല.) ولا يظلم ربك أحدا (നിന്റെ റബ്ബ് ഒരാളോടും അനീതി ചെയ്കയില്ല) അപ്പോൾ, മനുഷ്യനെയും അവന്റെ

പ്രവർത്തനങ്ങളെയും അല്ലാഹുവിന്റെ നിയന്ത്രണത്തിൽനിന്ന് സ്വതന്ത്രമാക്കി ഒഴിച്ചുനിറുത്തുവാനോ, മനുഷ്യന്റെ മേലുള്ള നിയന്ത്രണം അനീതിയാണെന്ന് വെക്കുവാനോ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിക്ക് സാധിക്കുമോ? ഇല്ല. ഇല്ല.

പ്രധാന സംശയം

ക്വദ്റിനെ നിഷേധിക്കുന്ന വിഭാഗക്കാർ പൊതുജനമദ്ധ്യെ പ്രചരിപ്പിക്കാറുള്ള ആശയക്കുഴപ്പങ്ങളും, തങ്ങളുടെ അഭിപ്രായങ്ങൾ സ്ഥാപിക്കുവാൻ സ്വീകരിക്കുന്ന ന്യായവാദങ്ങളും പലതാണ്. ചിലതെല്ലാം ഈ കുറിപ്പിൽ പല സന്ദർഭങ്ങളിലായി നാം സ്പർശിച്ചിട്ടുമുണ്ട്. അവയുടെയെല്ലാം അടിത്തട്ടിൽ സ്ഥിതി ചെയ്യുന്നതും, പൊതുജനങ്ങളെയും മതപ്രമാണങ്ങളിൽ പരിചയം കുറഞ്ഞവരെയും ആകർഷിക്കുവാൻ അവർ കൂടുതൽ ഉപയോഗപ്പെടുത്തുന്നതുമായ ഒരു സംശയം ഇതാണ്: 'മനുഷ്യന്റെ നല്ലതും ചീത്തയുമായ പ്രവർത്തനങ്ങളടക്കമുള്ള എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചും, മുൻനിശ്ചയമനുസരിച്ചും നടക്കുന്നതും, അവന്റെ സൃഷ്ടിയും ആണെങ്കിൽ അഥവാ മനുഷ്യന്റെ പ്രവർത്തനങ്ങൾ മനുഷ്യന്റെ ഇച്ഛയും ഉദ്ദേശ്യവും അനുസരിച്ചും അവന്റെ കഴിവുകൊണ്ട് മാത്രം ഉണ്ടാകുന്നതല്ലെങ്കിൽ- പിന്നെ മനുഷ്യൻ ചെയ്യുന്ന തെറ്റുകുറ്റങ്ങൾക്ക് അവനെ അല്ലാഹു ശിക്ഷിക്കുന്നത് ന്യായമാകുമോ? അത് അനീതിയല്ലേ? യുക്തിക്ക് എതിരല്ലേ? മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അവൻ രൂപം നൽകുന്നത് നാം കാണുന്നു. മാത്രമല്ല, അതെല്ലാം മനുഷ്യന്റെ കർമങ്ങളായിക്കൊണ്ട് തന്നെയാണ് ക്വുർആൻ പ്രസ്താവിക്കുന്നതും. എന്നിരിക്കെ, മനുഷ്യകർമങ്ങൾ അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ച് അവന്റെ സൃഷ്ടിയായിക്കൊണ്ടുമാണ് ഉണ്ടാകുന്നതെന്ന് പറയുന്നത് വിഡ്ഢിത്തമല്ലേ? ഈ ന്യായവാദത്തിൽനിന്നാണ് മറ്റുള്ള യുക്തിവാദങ്ങൾ ഉടലെടുക്കുന്നത്. അവയെ ന്യായീകരിക്കുന്ന പല ഉപവാദങ്ങളും, വ്യാഖ്യാനങ്ങളും, ദുർവ്യാഖ്യാനങ്ങളും വേറെയും കാണും.

അനേകം ക്വുർആൻ വാക്യങ്ങളിൽനിന്നും, ധാരാളം ഹദീഥുകളിൽനിന്നും, സ്വഹാബികളും താബിഉകളും അടക്കമുള്ള ബഹുഭൂരിഭാഗം പണ്ഡിതൻമാരുടെ പ്രസ്താവനകളിൽനിന്നും സംശയരഹിതമായി അറിയപ്പെട്ടതാണ് മനുഷ്യന്റെ കർമങ്ങൾ അടക്കമുള്ള എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ അറിവും, ഉദ്ദേശ്യവും അനുസരിച്ചു അവൻ സൃഷ്ടിക്കുന്നതാണ് എന്നത്. അല്ലാഹുവിന്റെ സാർവ്വത്രികമായ അറിവ്, അവന്റെ അപാരമായ കഴിവ് മുതലായ മഹൽഗുണങ്ങളെ കണക്കിലെടുക്കുമ്പോൾ മതദൃഷ്ട്യാ മാത്രമല്ല -ബുദ്ധിയുടെ അടിസ്ഥാനത്തിൽ തന്നെ- അത് വിശ്വസിക്കുവാൻ നാം നിർബന്ധിതരുമാകുന്നു. എന്നിരിക്കെ, ഈ സംശയത്തിന് മറുപടി കാണുവാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽപോലും, അല്ലാഹുവിന്റെ എത്രയോ സൃഷ്ടിരഹസ്യങ്ങൾ നമുക്ക് അറിയാൻ കഴി

യാത്തത്പോലെ ഈയൊരു രഹസ്യവും നമുക്കറിയുകയില്ലെന്നുവെച്ച് സമാധാനിക്കാവുന്നതേയുള്ളൂ. ക്വുർആൻ പ്രസ്താവിച്ചതുകൊണ്ട് മാത്രം നമ്മുടെ ബുദ്ധിക്കോ നിരീക്ഷണങ്ങൾക്കോ കണ്ടുപിടിക്കുവാൻ കഴിയാത്ത എത്രയോ യാഥാർത്ഥ്യങ്ങൾ നാം സമ്മതിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ കടമയുമാണത്. *(*)* എന്നിരുന്നാലും, സുസ്ഥാപിതമായ മതപ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്തിട്ടെങ്കിലും സ്വന്തം യുക്തിവാദങ്ങളെ ന്യായീകരിക്കണമെന്ന മർക്കടമുഷ്ടിയില്ലാത്ത സത്യാന്വേഷികൾക്ക് മനസ്സമാധാനത്തിനുള്ള പരിഹാരം ക്വുർആന്റെയും ഹദീഥിന്റെയും വെളിച്ചത്തിൽതന്നെ നമുക്ക് കണ്ടെത്താവുന്നതാണ് താനും.

ഒരു കാര്യത്തിന്റെ ഒരു വശംമാത്രം ആലോചിച്ച് വിധികൽപിക്കുന്നത് ശരിയല്ല. അതിന്റെ മറുവശങ്ങളെക്കൂടി കണക്കിലെടുത്തുവേണം വിധികൽപിക്കുവാൻ. ഐഹികകാര്യങ്ങളിൽ ബുദ്ധിക്കും യുക്തിക്കും നൽകുന്ന അതേ സ്ഥാനം ദൈവിക കാര്യങ്ങളിലും അതിന് നൽകുന്നത് ശരിയല്ല. ദൈവിക കാര്യങ്ങളിലും, പാരത്രിക കാര്യങ്ങളിലും ദൈവവാക്യങ്ങൾക്കും പ്രവാചക വാക്യങ്ങൾക്കുമാണ് മുൻഗണന നൽകേണ്ടത്. ഈ സംഗതി ഇത്തരം വിഷയങ്ങളിൽ നാം സദാ ഓർമിച്ചിരിക്കേണ്ടതാണ്.

ഓരോ വസ്തുവിനും അതതിന്റേതായ സൃഷ്ടിയും പ്രകൃതിവിശേഷതയും അല്ലാഹു നൽകിയിട്ടുണ്ട്. അതാതിനുപയുക്തമായ മാർഗദർശനവും അവൻ നൽകിയിരിക്കുന്നു. (أعطى كل شيء خلقه ثم هدى – طه) അക്കൂട്ടത്തിൽ മനുഷ്യനും ചില പ്രത്യേകതകളുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് വിശേഷബുദ്ധി (العقل). വിശേഷ ബുദ്ധി ഉപയോഗിച്ച് താൻ എന്ത് ചെയ്യണം, എന്ത് ചെയ്യരുത് എന്നും, പല മുഖങ്ങളായ കാര്യങ്ങളിൽ ഏതാണ് താൻ സ്വീകരിക്കേണ്ടത് എന്നും തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായശക്തി (الإختيار)യും, അത് പ്രവർത്തനത്തിൽ വരുത്തുവാനുള്ള കഴിവും (قدرة) അല്ലാഹു അവന് നൽകിയിരിക്കുന്നു. അവൻ തിരഞ്ഞെടുത്ത കാര്യം അവൻ പ്രവർത്തനത്തിൽ വരുത്തുമ്പോൾ ആ കാര്യം അവന്റെ പ്രവൃത്തിയും അവന്റെ അദ്ധ്വാനവും (كسب) ആയിരിക്കുന്നതുമാണ്. പക്ഷേ, ഈ അഭിപ്രായ സ്വാതന്ത്ര്യവും, പ്രവർത്തനകഴിവും തികച്ചും പരിപൂർണമോ നിരുപാധികമോ അല്ല. ഒന്നാമതായി, അല്ലാഹു നിർണയിച്ചുകൊടുത്തിട്ടുള്ള ഒരു പരിധിക്കുള്ളിൽ അത് ഒതുങ്ങിനിൽക്കുന്നു. രണ്ടാമതായി, തിരഞ്ഞെടുപ്പിനും പ്രവർത്തനത്തിനുമുള്ള സാഹചര്യങ്ങൾ സുരക്ഷിതമായിരിക്കുകയും വേണം.

***(*)* സ്വർഗം, നരകം, ക്വിയാമത്തിലെ പല സംഭവങ്ങൾ, മലക്കുകൾ, അവരുടെ പ്രവർത്തനങ്ങൾ, പരലോകത്തുവെച്ച് അല്ലാഹുവിനെ കാണൽ തുടങ്ങിയ പലതും ഇതിന് ഉദാഹരണങ്ങളാണ്. യുക്തിവാദക്കാർക്ക് ഇവയിലെല്ലാംതന്നെ യഥാർത്ഥത്തിൽ നിഷേധവും, ബാഹ്യത്തിൽ അവരുടെതായ ദുർവ്യാഖ്യാനങ്ങളുമാണുള്ളത്; അതിലൊന്ന് മാത്രമാണ് ക്വദ്റിന്റെ കാര്യവും.**

ഇപ്പറഞ്ഞതിൽ ദൈവവിശ്വാസികളായ ആർക്കും സംശയം ഉണ്ടായിരിക്കയില്ല.

മനുഷ്യൻ തിരഞ്ഞെടുത്തതും അവൻ ഉദ്ദേശിച്ചതുമായ കാര്യങ്ങളെല്ലാം പ്രയോഗത്തിൽ വന്നേക്കണമെന്നില്ല. ചിലത് പ്രയോഗത്തിൽ വരുത്തുവാൻ അവൻ സ്വയം തന്നെ ഉദ്ദേശിക്കായ്കകൊണ്ടും, മറ്റ് ചിലത് എന്തെങ്കിലും വിഘ്നം നേരിട്ടത്കൊണ്ടും മുടങ്ങിപ്പോകുന്നു. എന്നാൽ പ്രയോഗത്തിൽവന്ന പ്രവർത്തനങ്ങളെല്ലാം ഫലത്തിൽ വരുന്നത് യഥാർത്ഥത്തിൽ മനുഷ്യന്റെ മാത്രം ഉദ്ദേശ്യം കൊണ്ടും പ്രവൃത്തികൊണ്ടുമാണോ? ഇതാണ് ചിന്തിക്കേണ്ടത്. ആദ്യമായി, അവൻ തിരഞ്ഞെടുത്ത -അഥവാ ഇച്ഛിച്ച -കാര്യം പ്രാവർത്തികമാക്കുവാനുള്ള ഉദ്ദേശ്യം (ഇതിനാണ് മശിയ്യത്ത് എന്ന് പറയുന്നത്) വേണം. ഇതാകട്ടെ, അല്ലാഹു ഉദ്ദേശിച്ചെങ്കിൽ മാത്രമേ സംജാതമാകുന്നുള്ളൂ. وما تشاؤون إلا أن يشاء الله رب العالمين(ലോക രക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല) ചില കാര്യങ്ങൾ ഇന്നപ്രകാരം വേണ്ടതുണ്ടെന്ന മനുഷ്യന്റെ മനസ്സാക്ഷി വിധി കൽപിക്കുന്നു. അത് ചെയ്യാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. യാതൊരു തടസ്സവും നേരിട്ടതായി കാണുന്നുമില്ല. എന്നിട്ട്പോലും അത് ചെയ്യാൻ അവൻ മുമ്പോട്ടുവരുന്നില്ല. എത്രയോ ഉദാഹരണങ്ങൾ ഇതിന് കാണാം. കാരണം എന്താണ്? അല്ലാഹുവിന്റെ ഉദ്ദേശ്യം ഇല്ലാത്തതു തന്നെ, എനി, പ്രവർത്തിക്കുവാൻ ഉദ്ദേശിച്ചു കഴിഞ്ഞാൽ അതിനുവേണ്ടി മനുഷ്യൻ എന്താണ് ചെയ്യുന്നത്? അവന്റെ അറിവിലും കഴിവിലും പെട്ട ഒരുക്കങ്ങൾ അവൻ ചെയ്യുന്നു. അപ്പോൾ മിക്കവാറും അത് ഫലത്തിൽ വരുന്നു. ചിലപ്പോൾ ഫലത്തിൽ വരാതെയും സംഭവിക്കുന്നു. ആ അറിവും കഴിവും അല്ലാഹുവിൽനിന്ന് സിദ്ധിച്ചതാണെന്നപോലെത്തന്നെ, അതിനുവേണ്ടി അവൻ വിനിയോഗിച്ച ഓരോ ഉപാധിയും സജ്ജമാക്കിയതും, അതിന്റെ ഉപയോഗക്രമം നിർണയിച്ചുകൊടുത്തതും, ഓരോന്നിന്റെയും ഫലം ഇന്നപ്രകാരമെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നതുമെല്ലാം അല്ലാഹു തന്നെ. അതെ, والله خلقكم وما تعملون (അല്ലാഹു നിങ്ങളെയും നിങ്ങൾ പ്രവർത്തിക്കുന്നതിനെയും സൃഷ്ടിച്ചിരിക്കുന്നു.)

മനുഷ്യൻ നിലം ഉഴുത് കിളർത്തുന്നു, വെള്ളം നനക്കുന്നു, അതിൽ വിത്ത് വിതക്കുന്നു. ഈ മൂന്നിൽ ഓരോന്നിനുംവേണ്ടി അവൻ എത്രയെത്ര വസ്തുക്കളെ ഏതെല്ലാം വിധേന ഉപയോഗിച്ചുവെന്ന് ആലോചിച്ചു നോക്കുക. കാര്യകാരണ ബന്ധങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ നമ്മുടെ മുമ്പിൽ കാണാം. അതിരിക്കട്ടെ, ഒടുക്കം ധാന്യം മുളച്ച് വിളയുന്നു. അത് അവന്റെ അദ്ധ്വാനമാണെന്നും, പ്രവർത്തനഫലമാണെന്നും സമ്മതിക്കപ്പെടുന്നു. അതിന്റെ പേരിൽ ആ വിളവിന്റെ ഉടമസ്ഥതയും അവന് തന്നെ നൽകപ്പെടുന്നു. അവൻ വിത്തിട്ടെങ്കിലും വിത്ത് മുളപ്പിച്ചത് അവനല്ല; അവൻ വളമിട്ടെങ്കിലും വിളയിച്ചത് അവനല്ല; ഉഴുതെങ്കിലും ഭൂമി പിളർത്തതും കിളർത്തിയതും അവനല്ല; കാലികളെ വാങ്ങിയതും അവയെ കെട്ടി ഉഴുതതും തെളിച്ചുകൊണ്ടിരുന്നതും അവനെങ്കിലും അവയെ അതിന് ഉപകരിക്കുമാറാക്കിയതും അവനല്ല അങ്ങനെ പലതും. ചുരുക്കത്തിൽ, അവൻ അതിനെല്ലാം ഒരു കാരണക്കാരനായി ഇടപെട്ടുവെന്ന്മാത്രം. അവൻ ഉഴുതപ്പോൾ നിലം

പിളർന്നു; വെള്ളം തിരിച്ചു വിട്ടപ്പോൾ മണ്ണുനനഞ്ഞു; കുറെ കഴിഞ്ഞപ്പോൾ വിത്ത് മുളച്ചു; അത് ക്രമേണ വിളഞ്ഞു. ഇതാണ് സംഭവിച്ചത്. ഇവ ഓരോന്നും യഥാവിധി ഫലത്തിൽ വരുത്തി പ്രായോഗികരൂപം നൽകിയ അദൃശ്യഹസ്തം ഇവയുടെയെല്ലാം പിന്നിൽ ഉണ്ടെന്ന് സമ്മതിക്കാതിരിക്കുവാൻ ഒരു നിഷ്പക്ഷബുദ്ധിക്ക് കഴിയുമോ? ദൈവനിഷേധികൾപോലും വാസ്തവത്തിൽ ഇത് സമ്മതിക്കുവാൻ നിർബന്ധിതരാണ്, അതെ, ലോകനിയന്താവായ- സർവ്വജ്ഞനും സർവ്വശക്തനുമായ- ഒന്നൊഴിയാതെ സകല വസ്തുവിനും അതാതിന്റെ സൃഷ്ടി നൽകുന്ന സൃഷ്ടികർത്താവിന്റെ പ്രവർത്തനമാണത്. അവന്റെ സൃഷ്ടിയാണത്. പക്ഷേ, കുടുസ്സായ യുക്തിവാദങ്ങളാൽ ദൈവനിഷേധത്തിന് അടിമപ്പെട്ട് ഉൾക്കാഴ്ച നശിച്ചവർ ആ ശക്തിക്ക് 'പ്രകൃതിവിശേഷത'യെന്നോ മറ്റോ പേർ നൽകി തൃപ്തി അടയുന്നു. ഇതൊരു ഉദാഹരണം മാത്രം. ഓരോ മനുഷ്യപ്രവർത്തനത്തിന്റെ നിലയും ഇതുതന്നെ.

ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടതെന്താണ്? മനുഷ്യന്റെ കർമങ്ങൾ നിരുപാധികമായിരിക്കത്തക്കവിധം അവൻ പരിപൂർണമായും സ്വതന്ത്രനോ ശക്തനോ അല്ല. അല്ലാഹുവിന്റെ ഇടപെടലുംകൂടി ഉണ്ടെങ്കിലേ അവ സാക്ഷാൽകൃതമാകുകയുള്ളൂ. തിരഞ്ഞെടുക്കാനുള്ള അഭിപ്രായ സ്വാതന്ത്ര്യം (اختيار), ഏതെങ്കിലും ഒന്നിലുള്ള പ്രത്യേക താൽപര്യം (ارادة), എന്നിവക്ക് പുറമെ അതതിന് അല്ലാഹു നിശ്ചയിച്ച കാര്യകാരണ ബന്ധങ്ങളനുസരിച്ച് തനിക്ക് കഴിവുള്ളിടത്തോളം ഒരുക്കങ്ങൾ ചെയ്യുക, അഥവാ അതിനുവേണ്ടി യത്നിക്കുക (الكسب) ഇതെല്ലാം മനുഷ്യന്റെ വകയാണ്. ഇക്കാരണത്താൽ അവനിൽനിന്നുണ്ടാകുന്ന എല്ലാ കർമങ്ങളും അവന്റേതായിത്തീരുന്നു. അതിന്റെ ഗുണദോഷഫലങ്ങൾക്ക് അവൻ ഉത്തരവാദിയും ആയിത്തീരുന്നു.

അവന്റെ അഭിപ്രായവും താൽപര്യവും പ്രവർത്തനം മുഖേന പ്രായോഗികമാക്കുവാനുള്ള ഉദ്ദേശ്യം അവനിൽ സംജാതമാകുന്നത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രമായിരിക്കും. അതിനുള്ള ഉപാധികൾ സജ്ജമാക്കുന്നതും, ഓരോന്നിന്റെയും ഫലങ്ങൾ കൂട്ടിയിണക്കി ഉദ്ദിഷ്ട കാര്യത്തിന് സാക്ഷാൽ പ്രായോഗികരൂപം നൽകുന്നതും അല്ലാഹുവായിരിക്കും. ഇക്കാരണത്താൽ- മറ്റ് കാര്യങ്ങളെപ്പോലെതന്നെ- മനുഷ്യപ്രവർത്തനങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് വിധേയമാണ്. എല്ലാം അവൻ സൃഷ്ടി നൽകി രൂപപ്പെടുത്തുന്നതുമാണ്.

യഥാർത്ഥത്തിൽ എല്ലാറ്റിന്റെയും സ്രഷ്ടാവ് അല്ലാഹുതന്നെ. (الله خالق كل شيء) എങ്കിലും, ബാഹ്യത്തിലുള്ള കർത്താവും, താൽപര്യപൂർവ്വം വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്ത് യത്നിച്ചവനും എന്ന നിലക്ക് മനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ചിലപ്പോൾ അവന്റെ സൃഷ്ടി എന്ന് ക്വുർആൻ പറയാറുണ്ട്. ഈസാ നബി (അ) കുരുവിയുടെ രൂപത്തിൽ കളിമണ്ണുകൊണ്ട് രൂപമുണ്ടാക്കി ഊതുമ്പോൾ അത് അല്ലാഹുവിന്റെ അനുമതിപ്രകാരം പക്ഷിയായിത്തീരുക എന്നൊരു ദൃഷ്ടാന്തം അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നു. ഇതിനെ

പ്പറ്റി പ്രസ്താവിക്കുന്ന ഒരിടത്ത് ١١٠ وإذ تخلق من الطين كهيئة الطير – المائدة:١١٠ (നീ പക്ഷിയുടെ ആകൃതിയിൽ കളിമണ്ണുകൊണ്ട് സൃഷ്ടിക്കുമ്പോൾ) എന്നാണ് പറഞ്ഞിരിക്കുന്നത്. കളവ് കെട്ടിയുണ്ടാക്കുന്നതിനെപ്പറ്റി وتخلقون إفكا– العنكبوت:١٧ (നിങ്ങൾ നുണ സൃഷ്ടിച്ചുണ്ടാക്കുന്നു) എന്നും പറഞ്ഞു കാണാം. ബാഹ്യത്തിൽ കാണുന്നതിനെ ആസ്പദമാക്കി- അല്ലെങ്കിൽ ആലങ്കാരികമായി- ക്കൊണ്ടുള്ള ഒരു പ്രയോഗമാണിത്. മലയാളത്തിലും ഇങ്ങനെയുള്ള പ്രയോഗം സാധാരണമാണ്. أحسن الخالقين (സ്രഷ്ടാക്കളിൽ ഏറ്റവും നല്ലവൻ) എന്ന് ക്വുർആനിലും മറ്റും അല്ലാഹുവിനെക്കുറിച്ച് പറയുന്നതിന്റെ സാരം ഇതാണ്. സാക്ഷാൽ സൃഷ്ടികർത്താവും, എല്ലാററിന്റെയും യഥാർത്ഥ സൃഷ്ടികർത്താവും അല്ലാഹു തന്നെ. الله خالق كل شيء وهو الواحد القهار– الرعد:١٦ (അല്ലാഹു എല്ലാററിന്റെയും സ്രഷ്ടാവാകുന്നു. അവൻ ഏകനും സർവ്വാധികാരിയുമത്രെ.) هل من خالق غير الله – فاطر:٣ (അല്ലാഹു അല്ലാതെ വല്ല സ്രഷ്ടാവുമുണ്ടോ?!)

മനുഷ്യകർമങ്ങൾ അവന്റെ ഇച്ഛകൊണ്ടും പ്രവൃത്തികൊണ്ടും ഉണ്ടാകുന്നു എന്നതോടൊപ്പംതന്നെ, അവ അല്ലാഹുവിന്റെ സൃഷ്ടിയുമാണെന്ന് കണ്ടുവല്ലോ. അപ്പോൾ, സൽക്കർമങ്ങൾ അല്ലാഹുവിന്റെ സൃഷ്ടിയാണെന്നും, ദുഷ്ക്കർമങ്ങൾ മനുഷ്യന്റെ സ്വന്തം സൃഷ്ടിയാണെന്നും വേർതിരിക്കുവാൻ ന്യായമില്ല. അങ്ങനെ സങ്കൽപിക്കുന്നപക്ഷം, അത് 'ഥനവിയ്യാ (ثنوية) കക്ഷിയുടെ ദ്വിദൈവ സിദ്ധാന്തത്തിന്റെ ഒരു പകർപ്പുമാത്രമായിരിക്കും (*) അല്ലാഹു പറയുന്നു

أَيْنَمَا تَكُونُواْ يُدْرِككُّمُ ٱلْمَوْتُ وَلَوْ كُنتُمْ فِي بُرُوجٍ مُّشَيَّدَةٍ ۗ وَإِن تُصِبْهُمْ حَسَنَةٌ يَقُولُواْ هَٰذِهِۦ مِنْ عِندِ ٱللَّهِ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَقُولُواْ هَٰذِهِۦ مِنْ عِندِكَ ۚ قُلْ كُلٌّ مِّنْ عِندِ ٱللَّهِ ۖ فَمَالِ هَٰٓؤُلَآءِ ٱلْقَوْمِ لَا يَكَادُونَ يَفْقَهُونَ حَدِيثًا ﴿٧٨﴾ [النساء]

(അവർക്ക് വല്ല നന്മയും ബാധിക്കുന്ന പക്ഷം അവർ പറയും: ഇത് അല്ലാഹുവിന്റെ അടുക്കൽനിന്നുള്ളതാണ്. വല്ല തിന്മയും ബാധിക്കുന്ന പക്ഷം അവർ പറയും ഇതു നിന്റെ അടുക്കൽ നിന്നുള്ളതാണ്.(നബിയേ) പറയുക: എല്ലാം അല്ലാഹുവിന്റെ അടുക്കൽ നിന്നാണ്. എന്നാൽ , ഈ ജനതക്ക് എന്താണ്? അവർ ഒരു വർത്തമാനവും ഗ്രഹിക്കുമാറാകുന്നില്ലല്ലോ.)നന്മയും തിന്മയും അല്ലാഹുവിന്റെ പക്കൽ നിന്നാണുണ്ടാകുന്നതെന്ന് ഇതിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

(*) പ്രകാശത്തിന്റെ - നന്മയുടെ- സ്രഷ്ടാവും, അന്ധകാരത്തിന്റെ- തിന്മയുടെ സ്രഷ്ടാവും എന്നിങ്ങനെ രണ്ട് സ്രഷ്ടാക്കളുണ്ടെന്ന സിദ്ധാന്തമാണ് 'ഥനവിയ്യത്ത്' (Dualism), പേർസ്യയിലെ അഗ്നിയാരാധകരായ 'മജൂസി'കളെന്നറിയപ്പെടുന്ന ഇവരുമായുള്ള സമ്പർക്കത്തിൽനിന്നും, പേർഷ്യൻ സംസ്കാരവും ചിന്താഗതിയും ഇറാകുകാരിൽ ചെലുത്തുന്ന സ്വാധീനത്തിൽനിന്നും ഉടലെടുത്തതാണ് വാസ്തവത്തിൽ മുസ്ലിം സമുദായത്തിൽ ക്വദ്റിന്റെ നിഷേധം. മുകളിൽ വായിച്ച ഇബ്നു ഉമർ (റ)ന്റെ ഹദീഥിൽ നിന്നുതന്നെ ഇത് മനസ്സിലാക്കാമല്ലോ. ക്വദ്രിയ്യാ കക്ഷിയെപ്പറ്റി ഈ സമുദായത്തിലെ മജൂസികൾ എന്ന് പറയപ്പെടാറുള്ളതിന്റെ കാരണവും ഇതിൽനിന്നും മനസ്സിലാക്കാം.

പക്ഷേ, ഒരു വ്യത്യാസമുണ്ട്: നന്മ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമാണ്. തിന്മ മനുഷ്യന്റെ ഏതെങ്കിലും ദുഷ്ചെയ്തിയുടെ ഫലവുമായിരിക്കും. ഈ യാഥാർത്ഥ്യം ഇതിനെത്തുടർന്നുള്ള വചനത്തിൽതന്നെ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതിങ്ങിനെയാണ്:ما أصابك من حسنة فمن الله وما أصابك من سيئة فمن نفسك (നിനക്ക് വല്ല നന്മയും ബാധിച്ചാലത് അല്ലാഹുവിൽ നിന്നായിരിക്കും. വല്ല തിന്മയും നിനക്ക് ബാധിച്ചാലത് നിന്നിൽ നിന്ന് തന്നെയായിരിക്കും. (4 : 79). മറ്റൊരു വചനത്തിൽനിന്ന് ഈ വസ്തുത കൂടുതൽ വ്യക്തമായി മനസ്സിലാക്കാം. അല്ലാഹു പറയുന്നു: وما أصابكم من مصيبة فبما كسبت ايديكم ويعفوا عن كثير–الشورى (നിങ്ങൾക്ക് വല്ല ബാധയും ബാധിച്ചാലത് നിങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തമാകുന്നു. പലതിനെക്കുറിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യുന്നു. (42: 30) നന്മയെ മാത്രമേ അല്ലാഹുവോട് ചേർത്ത് പറയാവൂ എന്നും, തിന്മയെ അവനോട് ചേർത്ത് പറയുന്നത് അപമര്യാദയാണെന്നും പറയുന്നത് ഇത്കൊണ്ടാണ്. ഇതനുസരിച്ചാണ് നബി തിരുമേനി ﷺയിൽനിന്ന് ക്വുർആൻ കേട്ട് വിശ്വസിച്ച ജിന്നുകൾ അവരുടെ നീണ്ട പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞത്: لا ندري اشر اريد بمن في الارض ام اراد بهم ربهم رشدا–الجن (ഭൂമിയിലുള്ളവരെക്കൊണ്ട് വല്ല ദോഷവും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ, അതല്ല, അവരുടെ റബ്ബ് അവരെക്കൊണ്ട് നേർവഴി ഉദ്ദേശിച്ചിരിക്കുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ) ഗുണത്തെ മാത്രമേ ഇവിടെ അവർ അല്ലാഹുവിനോട് ചേർത്ത് പറഞ്ഞുള്ളൂ.

ക്വദ്റിന്റെ നിഷേധികൾക്ക് തലവേദനയുണ്ടാക്കുന്നതാണല്ലോ ഈ ആയത്തുകൾ. അതിന് അവരുടെ ഒരു പണ്ഡിതൻ കണ്ടുപിടിച്ച പരിഹാരമാർഗം കാണുക. അദ്ദേഹം പറയുന്നു: 'ഒരർത്ഥത്തിൽ നന്മയും തിന്മയും അല്ലാഹുവിന്റെ പക്കൽനിന്നാണെന്ന് പറയാമെങ്കിലും യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ തത്വം നന്മ മാത്രം അല്ലാഹുവിന്റെ പക്കൽനിന്നും, തിന്മ മനുഷ്യരിൽനിന്ന് മാത്രവുമാണ് ഉണ്ടാകുന്നത് എന്നാകുന്നു.' അല്പമൊന്ന് ആലോചിച്ച് നോക്കുക. തങ്ങൾക്ക് ബാധിക്കുന്ന തിന്മ നബിﷺ നിമിത്തമാണെന്ന് ആരോപിച്ച മുശ്‌രിക്കുകളോട് മറുപടി പറയുവാനുള്ള കല്പനയാണ് قل كل من عند الله (പറയുക, എല്ലാം അല്ലാഹുവിന്റെ പക്കൽനിന്നാകുന്നു.) എന്നുള്ള വാക്യം, അതോടൊപ്പം 'ഈ കൂട്ടർക്ക് എന്തായിപ്പോയി? അവർ ഒരു വർത്തമാനവും ഗ്രഹിക്കുമാറാകുന്നില്ലല്ലോ! (فما لهؤلاء القوم لا يكادون يفقهون حديثا) എന്ന് അല്ലാഹു അവരെപ്പറ്റി ആക്ഷേപിക്കുകയും ചെയ്യുന്നു, ആദ്യത്തെ ആയത്തിലെ മൂന്ന് വാചകങ്ങളിലും من عند(അടുക്കൽ നിന്ന് അഥവാ പക്കൽ നിന്ന്) എന്ന് പ്രയോഗിച്ചതും തുടർന്നുള്ള ആയത്തിലെ രണ്ടു വാചകങ്ങളിലും من (ഇൽനിന്ന്) എന്നുമാത്രം പ്രയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാകുന്നു. ഇതൊന്നും കണക്കിലെടുക്കാതെ, ആദ്യത്തെ ആയത്തിൽ 'ഒരു നിലക്കുള്ള മറുപടി' പറഞ്ഞതാണെന്നും, 'യഥാർത്ഥ മറുപടി' രണ്ടാമത്തെ ആയത്തിലുള്ളതാണെന്നും തട്ടിമൂളിച്ചത് ഇവർക്ക് യോജിക്കുന്നതായിരിക്കാമെങ്കിലും, അത് തനി ബാലിശമായിപ്പോയി. രണ്ട് ആയത്തുകളും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നാണല്ലോ ഇതിന്റെ അർത്ഥം. വാസ്തവത്തിൽ, ആദ്യത്തെ

ആയത്ത് നന്മയും തിന്മയുമായ എല്ലാ ബാധയും അല്ലാഹുവിൽനിന്നുണ്ടാകുന്നതും അവന്റെ സൃഷ്ടിയുമാണെന്ന് കുറിക്കുന്നു. രണ്ടാമത്തെ ആയത്ത് നന്മയുടെ ഉത്ഭവവും കാരണവും അല്ലാഹുവിൽനിന്ന് തന്നെയാണെന്നും, എന്നാൽ തിന്മയാകുന്ന ബാധ മനുഷ്യനിൽനിന്ന് ഉത്ഭവിക്കുന്നു- അഥവാ അവനാണിതിന്റെ കാരണക്കാരൻ- എന്നും ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നത്. എന്നല്ലാതെ, ആദ്യത്തെ ആയത്തിൽ പറഞ്ഞതിന് വിരുദ്ധമായി രണ്ടാമത്തെ ആയത്തിൽ തിന്മ മനുഷ്യന്റെ സൃഷ്ടിയാണെന്ന് സ്ഥാപിക്കുകയല്ല ചെയ്യുന്നത്.

അല്ലാഹു ആരോടും അണുഅളവ് അനീതി ചെയ്യുകയില്ലെന്ന് തീർച്ചയാണ്. ക്വുർആനിൽ അത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്. അപ്പോൾ, മനുഷ്യന് ബാധിക്കുന്ന ഏതൊരു തിന്മയും അവന്റെ സ്വന്തം കാരണം കൊണ്ടുണ്ടാകുന്നതാകുവാനേ തരമുള്ളൂ. കടുത്ത മുനാഫിക് (കപടവിശ്വാസി)കളുടെ പല ദുഷ്ചെയ്തികളും തുറന്നുകാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:

وَلَا تُعْجِبْكَ أَمْوَٰلُهُمْ وَأَوْلَـٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ أَن يُعَذِّبَهُم بِهَا فِى ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَـٰفِرُونَ

﴿٨٥﴾ [التوبة]

(അവരുടെ സ്വത്തുക്കളും സന്താനങ്ങളും നിന്നെ ആശ്ചര്യപ്പെടുത്താതിരിക്കട്ടെ. അവമൂലം അവരെ ഇഹത്തിൽ വെച്ച് ശിക്ഷിക്കുവാനും, അവിശ്വാസികളായുംകൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.) അവരെ അല്ലാഹു ശിക്ഷിക്കുവാനും, അവർ അവിശ്വാസികളായിത്തന്നെ പര്യവസാനിക്കുവാനും അല്ലാഹു ഉദ്ദേശിക്കുന്നുവെന്നും, അതിനുള്ള കാരണം മുൻആയത്തുകളിൽ പ്രസ്താവിച്ച അവരുടെ ദുഷ്ചെയ്തികളാണെന്നും വ്യക്തമാണല്ലോ. അതുപോലെത്തന്നെ, എത്ര ഉപദേശങ്ങളും ലക്ഷ്യങ്ങളും ഉണ്ടായിട്ടും സത്യത്തിലേക്ക് ചെവികൊടുക്കാത്ത ജൂതൻമാരെപ്പറ്റി أولئك الذين لم يرد الله ان يطهر قلوبهم – المائدة:٤١ (ഹൃദയങ്ങളെ ശുദ്ധിയാക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത കൂട്ടരാണവർ.) എന്ന് പറഞ്ഞിരിക്കുന്നു. അപ്പോൾ ഗുണത്തെ മാത്രമല്ല, ദോഷത്തെയും അല്ലാഹു ഉദ്ദേശിക്കുമെന്നും, അവനിൽനിന്നാണ് ദോഷം സംഭവിക്കുന്നതെന്നും, അതേ സമയത്ത് ദോഷത്തിനുള്ള കാരണക്കാരൻ മനുഷ്യനാണെന്നും, ആ കാരണം മനുഷ്യനിൽനിന്നുണ്ടാകുമ്പോഴാണ് അല്ലാഹു ആ ദോഷം സൃഷ്ടിക്കുന്നതെന്നും മനസ്സിലായി.

അർത്ഥവത്തായ ഒരു സംഭാഷണം

ഇമാം അബൂഇസ്ഹാക് ഇസ്ഫറായീനീ (റ)യും ഒരു മുഅ്തസിലി നേതാവായ അബ്ദുൽ ജബ്ബാറും തമ്മിൽ കണ്ടുമുട്ടിയപ്പോൾ നടന്ന ഒരു ഫലിത സംഭാഷണത്തിൽനിന്ന് സന്ദർഭോചിതമായി ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ഒരു ഭാഗം ഇവിടെ പകർത്തട്ടെ.

അബ്ദുൽ ജബ്ബാർ: ദുഷ്പ്രവൃത്തികളിൽനിന്ന് പരിശുദ്ധനായ അല്ലാഹുവിനെ ഞാൻ വാഴ്ത്തുന്നു. [അല്ലാഹു നന്മയെ മാത്രമേ ഉദ്ദേശിക്കുകയും സൃഷ്ടിക്കുകയുമുള്ളൂ എന്നു സൂചന.]

ഇസ്ഫറായീനീ: തന്റെ ആധിപത്യത്തിൽ താൻ ഉദ്ദേശിച്ചതല്ലാതെ മറ്റൊന്നും സംഭവിക്കാത്ത അല്ലാഹുവിനെ ഞാൻ വാഴ്ത്തുന്നു [അല്ലാഹു ഉദ്ദേശിച്ചതെല്ലാം അവൻ നടപ്പിൽ വരുത്തുമെന്നും, അവൻ ഉദ്ദേശിക്കാത്തപക്ഷം നന്മയാകട്ടെ, തിന്മയാകട്ടെ ഉണ്ടാകുകയില്ലെന്നും സൂചന]

അബ്ദുൽ ജബ്ബാർ: താങ്കളുടെ റബ്ബിനോട് അനുസരണക്കേട് കാണിക്കുന്നത് അവൻ ഇഷ്ടപ്പെടുമോ? [അല്ലാഹു തിന്മയെ ഉദ്ദേശിക്കുമെങ്കിൽ, അവന്റെ കല്പനക്ക് വിപരീതം പ്രവർത്തിക്കുന്നതിനും അവൻ ഉദ്ദേശിച്ചേക്കുമെന്നും, അതവന് ഇഷ്ടമായിരിക്കുമെന്നും വരുമല്ലോ എന്ന് സൂചന.]

ഇസ്ഫറായീനീ: താങ്കളുടെ റബ്ബിനോട് അനുസരണക്കേട് കാണിക്കുന്നത് തടയുവാൻ കഴിയാതെ അവൻ നിർബന്ധത്തിന് വഴങ്ങിക്കൊണ്ട് അത് സഹിക്കുകയാണോ? [അനുസരണക്കേട് പ്രവർത്തിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെ- മനുഷ്യന്റെ മാത്രം ഉദ്ദേശ്യവും കഴിവുംകൊണ്ട്- ആണെങ്കിൽ അല്ലാഹുവിന് തൃപ്തിയില്ലാത്ത അക്കാര്യം തടയുവാൻ കഴിയാതെ അവൻ ദുർബ്ബലനായിരിക്കുമല്ലോ എന്ന് സാരം.]

അബ്ദുൽജബ്ബാർ: ഇതുകണ്ടോ?! അല്ലാഹു എനിക്ക് സൻമാർഗം തടയുകയും, നാശത്തിന് വിധിക്കുകയും ചെയ്താൽ, അവൻ എന്നോട് ചെയ്യുന്നത് നന്മയോ തിന്മയോ? [എനിക്ക് അവൻ തിന്മ ഉദ്ദേശിക്കുമെങ്കിൽ അത് അനീതിയല്ലേ? എന്ന് സാരം.]

ഇസ്ഫറായീനീ: നിങ്ങൾക്ക് അർഹതപ്പെട്ട നിങ്ങളുടെ അവകാശമാണ് അവൻ മുടക്കിയതെങ്കിൽ അവൻ ചെയ്തത് തിന്മയാണ്. അവന് അർഹതപ്പെട്ട അവന്റെ അവകാശമാണ് അവൻ മുടക്കിയതെങ്കിൽ അത് തിന്മയല്ല. ഒരു ഉടമസ്ഥൻ തന്റെ ഉടമസ്ഥതയിൽപെട്ട കാര്യത്തിൽ താൻ ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നതാണ്. [അതിന് അവന് സ്വാതന്ത്ര്യമുണ്ട്.]

സംഭാഷണം ഇത്രയുമായപ്പോൾ അത് കേട്ടുകൊണ്ടിരുന്ന സദസ്യർ ഇപ്രകാരം പറഞ്ഞു: 'എനി, ഇതിനപ്പുറം മറുപടിയില്ല' (اهـ من الفرق الإسلامية) സൂ: മാഇദഃ 43ൽ അല്ലാഹു പറയുന്നു: 'ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം അല്ലാഹുവിന്നാണെന്ന് നീ അറിയുന്നില്ലേ?! അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കു

കയും ചെയ്യും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.(ألم تعلم أن الله الخ) ഇതേ ആശയമാണ് ഇസ്ഫറായീനീ (റ)യുടെ മറുപടിയിൽ ഉൾക്കൊള്ളുന്നത്.

നന്മതിന്മകളെപ്പറ്റിയും ചിലത് അറിഞ്ഞിരിക്കേണ്ടതുണ്ട്. ചില കാര്യങ്ങൾ നമ്മുടെ ദൃഷ്ടിയിൽ തിന്മയായി തോന്നുമെങ്കിലും വാസ്തവത്തിൽ അവ നന്മയായി കലാശിക്കുന്നതായിരിക്കാം. ചില വ്യക്തികളെ സംബന്ധിച്ചിടത്തോളം ദോഷകരമായ ഒരു കാര്യം പൊതുവിൽ നന്മയുള്ളതുമായിരിക്കാം. ചിലപ്പോൾ ചെറിയൊരു ദോഷമായിരിക്കും വമ്പിച്ച മറ്റൊരു ദോഷത്തെ തടയുന്നത്. ഈ ജീവിതത്തിൽ തിന്മയോ ദോഷമോ ആയ ചില കാര്യങ്ങൾ പാരത്രിക ജീവിതത്തിൽ വലിയ നന്മയും ഭാഗ്യവുമായിത്തീർന്നേക്കുകയും ചെയ്യും. ദോഷം കൊണ്ടും ഗുണംകൊണ്ടും നിങ്ങളെ നാം പരീക്ഷണം നടത്തും (ونبلوكم بالشر والخير فتنة–الأنبياء) എന്ന് അല്ലാഹു പറഞ്ഞതിൽനിന്ന് ഇത് മനസ്സിലാക്കാം. ചുരുക്കത്തിൽ, നാം, ദോഷകരമായി കരുതുന്നതെല്ലാം യഥാർത്ഥത്തിൽ ദോഷകരമായിരിക്കയില്ല.

وَعَسَىٰٓ أَن تَكۡرَهُواْ شَيۡـٔٗا وَهُوَ خَيۡرٞ لَّكُمۡۖ وَعَسَىٰٓ أَن تُحِبُّواْ شَيۡـٔٗا وَهُوَ شَرّٞ لَّكُمۡۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٢١٦

(ഒരു കാര്യം നിങ്ങൾക്ക് വെറുപ്പായിരിക്കുകയും അത് നിങ്ങൾക്ക് ഗുണമായിരിക്കുകയും ചെയ്തേക്കാം. ഒരു കാര്യം നിങ്ങൾക്ക് ഇഷ്ടമായിരിക്കുകയും അത് നിങ്ങൾക്ക് ദോഷമായിരിക്കുകയും ചെയ്തേക്കാം. അല്ലാഹുവാണ് അറിയുക. നിങ്ങൾക്ക് അറിയുകയില്ല. (സൂ: അൽബഖറഃ) ഈ വചനം വളരെ ശ്രദ്ധാർഹമാകുന്നു. ഇങ്ങനെയുള്ള വസ്തുതകളൊന്നും ആലോചിക്കാതെ, അല്ലാഹുവിന്റെ അധികാരാവകാശങ്ങളെയും, അവന്റെ പരമോൽകൃഷ്ടഗുണങ്ങളെയും അവഗണിച്ചുകൊണ്ട് മനുഷ്യനെ പൂർണ സ്വതന്ത്രനാക്കി ഉയർത്തുവാനുള്ള യുക്തിവാദങ്ങൾ യഥാർത്ഥത്തിൽ യുക്തിഹീനവും അനിസ്ലാമികവുമത്രെ.

സർവ്വകാര്യങ്ങളും സംഭവിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരമാണെങ്കിൽ, മനുഷ്യൻ ചെയ്യുന്ന തെറ്റുകൾക്ക് അവനെ ശിക്ഷിക്കുന്നത് ന്യായമല്ലെന്നാണല്ലോ ക്വദറിന്റെ എതിരാളികളുടെ ഒരാക്ഷേപം. ഇവിടെ ചില സംഗതികൾ ആലോചിക്കേണ്ടതായുണ്ട്. ഒരു പ്രവൃത്തി തിന്മയോ പാപമോ ആയിത്തീരുന്നത് പ്രധാനമായും അതിന് പ്രേരകമായ കാരണത്തെയും, അതിൽ അതിന്റെ കർത്താവിനുള്ള താൽപര്യത്തെയും ആശ്രയിച്ചായിരിക്കും. ഉദാഹരണമായി, ഒരാളുടെ കൈക്ക് മറ്റൊരാൾ കൊല്ലപ്പെട്ടുവെന്ന് വിചാരിക്കുക. അതുകൊണ്ടുമാത്രം അയാൾ കൊലപ്പുള്ളിയായി ഗണിക്കപ്പെടുന്നതല്ല. അയാളെ കൊലപ്പെടുത്തുന്നതിൽ അവന് താൽപര്യമുണ്ടായിരുന്നുവെന്നും, കൊലപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി കരുതിക്കൂട്ടി കൊലപ്പെടുത്തിയെന്നും വരുമ്പോഴേ അവൻ കൊലപ്പുള്ളിയും ശിക്ഷാർഹനും ആകുന്നുള്ളൂ. നേരെമറിച്ച് ഉദ്ദേശ്യപൂർവ്വമല്ലാതെയോ, ഉന്നംപിഴച്ചോ അബദ്ധത്തിൽ സംഭവിച്ചതാവാനും, അധികാരസ്ഥൻമാർക്ക് പിടി

യിൽ കിട്ടാതെ ജനങ്ങൾ ഗതിമുട്ടിക്കൊണ്ടിരിക്കുന്നവനുമായിരുന്നുവെങ്കിൽ അവന്റെ ആ കൃത്യം പ്രശംസനീയവും നല്ലതുമായിത്തീരുന്നു. അതുപോലെ ത്തന്നെ, നമസ്കാരം യഥാർത്ഥത്തിൽ ഒരു പുണ്യ കർമമാണല്ലോ. പക്ഷേ, അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമായിരിക്കണം അത് ചെയ്യുന്നവന്റെ താൽപര്യം. ആ ഉദ്ദേശ്യത്തിലായിരിക്കണം അത് നിർവ്വഹിക്കുന്നതും. അപ്പോഴേ അത് നമസ്കരിച്ചവന്റെ പുണ്യകർമമാകുന്നുള്ളൂ. ജനപ്രശംസയിലുള്ള താൽപര്യംകൊണ്ടാണത് നിർവ്വഹിച്ചതെങ്കിൽ അത് പുണ്യകർമമല്ലെന്ന് മാത്രമല്ല പാപകർമവും കൂടിയായിരിക്കും.

അപ്പോൾ, മനുഷ്യന്റെ താൽപര്യം, ഇച്ഛ, ലക്ഷ്യം, പരിശ്രമം എന്നിവയൊക്കെയാണ് അവന്റെ പ്രവൃത്തികളെ വിലയിരുത്തുന്ന ഉപാധികൾ. അഥവാ, ഒരു മാനദണ്ഡവുമില്ലാത്ത ചില ആളുകളെ വഴിപിഴച്ചവരും, മറ്റുചിലരെ നേർമാർഗം പ്രാപിച്ചവരും ആക്കുകയല്ല അല്ലാഹു ചെയ്യുന്നത്. അല്ലാഹു പറയുന്നു:

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾ وَمَنْ أَرَادَ ٱلْءَاخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾ [الإسراء]

(ക്ഷണികമായുള്ളതിനെ ആരെങ്കിലും ഉദ്യമിച്ചുകൊണ്ടിരിക്കുന്നതായാൽ, നാം അവന്- അതായത് നാം ഉദ്ദേശിക്കുന്നവന് -നാം ഉദ്ദേശിക്കുന്നത് അതിൽ നാം വേഗമാക്കിക്കൊടുക്കുന്നതാണ്. പിന്നീടവന് നാം നരകത്തെ ഏർപ്പെടുത്തിക്കൊടുക്കും. അതിലവൻ ആക്ഷേപിക്കപ്പെട്ടവനായും ആട്ടപ്പെട്ടവനായും കൊണ്ട് കടന്നെരിയുന്നതാണ്. ആരെങ്കിലും താൻ സത്യവിശ്വാസിയായിക്കൊണ്ട് പരലോകത്തെ ഉദ്ദേശിക്കുകയും, അതിന്വേണ്ടി അതിന്റേതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്താൽ അക്കൂട്ടരുടെ പരിശ്രമം നന്ദിചെയ്യപ്പെടുന്നതായിരിക്കും. (സൂ: ഇസ്റാഉ്) ഐഹികസുഖം തിരഞ്ഞെടുക്കുകയും, അതിൽ താൽപര്യം കാണിക്കുകയും ചെയ്യുന്നവർക്ക് അതിലേക്ക് വേണ്ടുന്നതായിരിക്കും അല്ലാഹു നൽകുക. പക്ഷേ, അവർ ആഗ്രഹിക്കുന്ന അളവിലല്ല, അല്ലാഹു ഉദ്ദേശിക്കുന്ന അളവിലായിരിക്കും. അതാകട്ടെ, അവൻ ഉദ്ദേശിച്ച ആളുകൾക്ക് മാത്രവുമായിരിക്കും. മറിച്ച് പരലോക നന്മയിലാണ് ഒരാളുടെ താൽപര്യവും ലക്ഷ്യവുമെങ്കിൽ ആ ആഗ്രഹം അല്ലാഹു നന്ദിപൂർവ്വം സ്വീകരിച്ചു അതിന് വേണ്ടത് ചെയ്തുകൊടുക്കും. പക്ഷേ, അതിനാവശ്യമായ സത്യവിശ്വാസവും പരിശ്രമവും കൂടിവേണം. ആരൊക്കെയാണ് നല്ലതിനെ ആഗ്രഹിക്കുന്നവരെന്നും, ആരൊക്കെയാണ് ചീത്തയെ ആഗ്രഹിക്കുന്നവരെന്നും അല്ലാഹുവിനാണല്ലോ കൂടുതൽ അറിയുക. إن ـربك هو أعلم من يضل عن سبيله وهو أعلم بالمهتدين – الأنعام:١١٧ (നിശ്ചയമായും നിന്റെ റബ്ബുതന്നെയാണ് അവന്റെ മാർഗത്തിൽനിന്ന് വഴിപിഴച്ചുപോകുന്നവരെപ്പറ്റി ഏറ്റം അറിയുന്നവൻ. നേർമാർഗം പ്രാപിക്കുന്നവരെപ്പറ്റിയും അവൻ ഏറ്റം അറിയുന്നവനത്രെ. (അൻആം)

ഐഹികസുഖങ്ങളെ ഉദ്ദേശിക്കുന്നവർക്ക് അവർ ഉദ്ദേശിക്കുന്ന തോതി

ലല്ലെങ്കിലും- അല്ലാഹു ഉദ്ദേശിച്ച തോതിൽ- അത് നൽകുന്നത് അല്ലാഹുതന്നെ. അതോടൊപ്പം അവർക്ക് നരകമാണ് ആധാരമെന്നും അല്ലാഹു പറഞ്ഞു. അതെ, ആ സുഖസൗകര്യങ്ങൾ നൽകിയത് അല്ലാഹു തന്നെയാണെങ്കിലും അതുമൂലം അവർ ശിക്ഷക്കും ആക്ഷേപത്തിനും പാത്രമാകുന്നു. കാരണം, അവൻ ഐഹികസുഖത്തിന് പ്രാധാന്യം കൽപിച്ചതാണ്. അപ്പോൾ, അല്ലാഹുവിന്റെ ('മശിയ്യത്താ'കുന്ന) ഉദ്ദേശ്യപ്രകാരം അവൻ നൽകുന്നതിലെല്ലാം അവന്റെ പ്രീതിയും പൊരുത്തവും ഉണ്ടായിക്കൊള്ളണമെന്നില്ല. നേരെമറിച്ച് ചിലതിൽ അവന് വെറുപ്പും കോപവും ഉണ്ടാകാവുന്നതാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. പരലോകനന്മയെ ഉദ്ദേശിക്കുന്നവർക്ക് അതിനുവേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നതും അല്ലാഹുതന്നെ. എന്നാൽ അതിൽ അവന്റെ പ്രീതിയും പൊരുത്തവുംകൂടി ഉണ്ടായിരിക്കും. അതുകൊണ്ടാണ് അവരുടെ പരിശ്രമത്തിന് നന്ദി ചെയ്യപ്പെടുമെന്ന് പറഞ്ഞിരിക്കുന്നതും.

'അല്ലാഹു വഴിപിഴപ്പിച്ചു,' 'അല്ലാഹു അന്ധൻമാരാക്കി' (أضلهم الله ، أعمى الله أبصارهم) എന്നും മറ്റും ചിലരെപ്പറ്റി ക്വുർആനിലും ഹദീഥിലും പ്രസ്താവിച്ചുകാണുന്നതിന്റെ താൽപര്യം, അവർ നേർമാർഗത്തിൽ ചരിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹു അവരെ അതിൽനിന്ന് മുടക്കി വഴിതെറ്റിച്ചു എന്നല്ല. നന്നായിത്തീരുകയില്ലെന്ന് അല്ലാഹുവിന് അറിയാവുന്നവരെക്കുറിച്ചായിരിക്കും അത്തരം പ്രസ്താവനകൾ. സത്യത്തെ സംബന്ധിച്ച് ബധിരൻമാരും ഊമകളും, ചിന്താശൂന്യരുമായ ആളുകളാണ് അല്ലാഹുവിങ്കൽ ജീവികളിൽവെച്ച് മോശപ്പെട്ടവർ إن شر الدواب عند الله الصم البكم الذين لا يعقلون എന്നു പറഞ്ഞുംകൊണ്ട് സൂ: അൻഫാലിൽ അല്ലാഹു ഇങ്ങനെ തുടരുന്നു: ولو علم الله فيهم خيرا لا سمعهم ولو اسمعهم لتولوا وهم معرضون– الأنفال:٢٣ (അവരിൽ വല്ല ഗുണവും ഉള്ളതായി അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ അവരെ അവൻ കേൾപ്പിക്കുമായിരുന്നു. അവരെ കേൾപ്പിച്ചിരുന്നാൽതന്നെയും അവർ അവഗണിക്കുന്നവരായിക്കൊണ്ട് തിരിഞ്ഞുപോകുമായിരുന്നു.) കണ്ടും, കേട്ടും, ബുദ്ധികൊടുത്തും കാര്യം ഗ്രഹിക്കുമെന്നുള്ള പ്രതീക്ഷക്ക് വകയില്ലാത്തവണ്ണം ഹൃദയം ദുഷിച്ചവരെപ്പറ്റിയാണ് ഈ പറഞ്ഞതെന്ന് പറയേണ്ടതില്ല. സൂ: ജാഥിയഃയിലെ ഒരു വചനം കൂടി കാണുക:

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾ [الجاثية]

(യാതൊരുവനെ നീ കണ്ടുവോ? അവൻ തന്റെ ദേഹേച്ഛയെ തന്റെ ദൈവമാക്കിയിരിക്കുന്നു! അറിഞ്ഞുംകൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും, അവന്റെ കേൾവിക്കും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കാഴ്ചക്കുമേൽ ഒരു മൂടി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എനി, അല്ലാഹുവിന് ശേഷം ആരാണവനെ നേർമാർഗത്തിലാക്കുക? അപ്പോൾ, നിങ്ങൾ ആലോചിക്കുന്നില്ലേ?!)

ഒന്നുകൂടി ഇഹത്തിലേക്ക് മടക്കിത്തന്നാൽ തങ്ങൾ മേലിൽ സത്യവിശ്വാസികളായിക്കൊള്ളാമെന്ന് നരകത്തിൽ വെച്ച് കേണപേക്ഷിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുകയാണ്: ولو ردوا لعادوا لما نهوا عنه – الأنعام:٢٨ (അവർ മടക്കപ്പെട്ടാലും അവരോട് വിരോധിക്കപ്പെട്ടതിലേക്ക് അവർ മടങ്ങുകതന്നെ ചെയ്യും. (അൻആം.)സൂ:ഹശ്റിൽ ഇങ്ങനെ പറയുന്നു: ولا تكونوا كالذين نسوا الله فأنساهم أنفسهم – الحشر:١٩ (യാതൊരു കൂട്ടരെപ്പോലെ നിങ്ങൾ ആകരുത്; അവർ അല്ലാഹുവിനെ മറന്നു. അതിനാൽ അവൻ അവർക്ക് അവരെത്തന്നെ മറപ്പിച്ചു.) സൂ: റഅ്ദിൽ പറയുന്നു: إن الله لا يغير ما بقوم حتى يغيروا ما بأنفسهم –الرعد:١١ (ഒരു ജനത തങ്ങളുടെ സ്വന്തം സ്ഥിതി വ്യത്യാസപ്പെടുത്തുന്നത്വരേക്കും അല്ലാഹുഅവരിലുള്ള സ്ഥിതി വ്യത്യാസപ്പെടുത്തുകയില്ല.) ഇത്രയും വിവരിച്ചതിൽനിന്ന് ഏത് തരക്കാരെയാണ് അല്ലാഹു വഴിപിഴവിലാക്കുന്നതെന്നും, ഹൃദയത്തിന് മുദ്ര കുത്തുന്നതെന്നും, എപ്പോഴാണ് അത് സംഭവിക്കുന്നതെന്നും, അതിന് കാരണമെന്താണെന്നും അധിക വിശദീകരണം കൂടാതെത്തന്നെ മനസ്സിലാക്കാമല്ലോ.

നന്മയായത് മാത്രമേ അല്ലാഹു ഉദ്ദേശിക്കുകയും, സൃഷ്ടിക്കുകയും ചെയ്കയുള്ളൂ. അത് അവന്റെ മേൽ നിർബന്ധവുമാണ് എന്നത്രെ 'മുഅ്തസിലീ'കളുടെ പക്ഷം. എന്നാൽ, വ്യക്തികളെ സംബന്ധിച്ചിടത്തോളം- അല്ലെങ്കിൽ പ്രത്യക്ഷത്തിൽ- പലതും തിന്മയായി അനുഭവപ്പെട്ടേക്കാമെങ്കിലും പൊതുവിൽ- അല്ലെങ്കിൽ- യഥാർത്ഥത്തിൽ- നന്മയായത് മാത്രമേ അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കയുള്ളൂ. മനുഷ്യരിൽ സംഭവിക്കുന്ന തിന്മകൾക്ക് കാരണക്കാരൻ മനുഷ്യൻതന്നെയാണെങ്കിലും അതിന് സൃഷ്ടിരൂപം നൽകി പ്രയോഗത്തിൽ വരുത്തുന്നത് അല്ലാഹുതന്നെ. പക്ഷേ, നന്മമാത്രം സൃഷ്ടിക്കലും, തിന്മയൊന്നും സൃഷ്ടിക്കാതിരിക്കലും അല്ലാഹുവിന്റെ മേൽ നിർബന്ധമാണെന്നുള്ള വാദം അല്ലാഹുവിന്റെ അധികാരത്തെയും അവകാശത്തെയും ചോദ്യം ചെയ്യലും മനുഷ്യനെ സ്രഷ്ടാവാക്കലുമാകുന്നു. മുഅ്തസിലഃ കക്ഷിയുടെ നേതാവായ അബൂഅലിയ്യിൽ ജുബ്ബാഇഈ (أبو علي الجبائي)യുടെ ശിഷ്യനായിരുന്ന ഇമാം അബുൽ ഹസനിൽ അശ്അരി (أبو الحسن الأشعري–رح) തന്റെ ഗുരുവര്യനെ വിട്ടേച്ച് പോകുവാനുണ്ടായ കാരണം അവർക്കിടയിൽ ഈ വിഷയത്തിൽ നടന്ന ഒരു ചോദ്യോത്തരമായിരുന്നു.

ഇമാം അശ്അരീ ചോദിച്ചു: മൂന്ന് സഹോദരങ്ങൾ മരണപ്പെട്ടു. ഒരാൾ, അല്ലാഹുവിനെ അനുസരിച്ചവൻ, രണ്ടാമൻ അനുസരണക്കേട് കാണിച്ചവൻ, മൂന്നാമൻ ചെറുപ്രായക്കാരൻ. ഇവരെപ്പറ്റി അങ്ങുന്ന് എന്തുപറയുന്നു?

ജുബ്ബാഇഈ: ഒന്നാമൻ സ്വർഗത്തിലും, രണ്ടാമൻ നരകത്തിലുമായിരിക്കും. മൂന്നാമത്തവന് ശിക്ഷയും പ്രതിഫലവുമില്ല.

അശ്അരീ: 'എനിക്ക് പ്രായപൂർത്തി വന്ന് നിന്റെ കൽപ്പനയനുസരിച്ച്

ജീവിച്ച് സ്വർഗം കിട്ടത്തക്കവണ്ണം എന്നെ ജീവിക്കുവാൻ വിടാതെ നീ എന്നെ ചെറുപ്പത്തിൽ തന്നെ മരണപ്പെടുത്തിയത് എന്തുകൊണ്ടാണ്?' എന്ന് മൂന്നാമൻ അല്ലാഹുവിനോട് ചോദിച്ചുവെങ്കിലോ?

ജുബ്ബാഈ: 'നീ വലുതായാൽ പാപം ചെയ്ത് നരകത്തിൽ പോകേണ്ടി വരുമെന്ന് എനിക്കറിയാമായിരുന്നു. അതിനാൽ, നീ ചെറുപ്പത്തിൽ മരണപ്പെടുന്നതായിരുന്നു നിനക്ക് നന്മ' എന്ന് അല്ലാഹു ഉത്തരം പറയും.

അശ്അരീ: ശരി, അപ്പോൾ രണ്ടാമൻ ഇങ്ങനെ പറഞ്ഞുവെങ്കിലോ? 'റബ്ബേ, ഞാൻ നിന്റെ കൽപ്പനക്ക് വിപരീതം പ്രവർത്തിച്ചു നരകത്തിൽ പ്രവേശിക്കുവാൻ ഇടവരാതെ എന്തുകൊണ്ട് എന്നെ ചെറുപ്പത്തിൽ നീ മരിപ്പിച്ചില്ല?: ഇതിന് അല്ലാഹു എന്ത് മറുപടി പറയും?

മറുപടിയുണ്ടായില്ല. ഇതിനെത്തുടർന്ന് അശ്അരീ (റ) ഗുരുവിനെ വിട്ടേച്ചു പോയി. പിന്നീട് അദ്ദേഹം ക്രമേണ അഹ്ലുസ്സുന്നത്തിലെ നേതാവായിത്തീരുകയാണുണ്ടായത്.

അല്ലാഹുവിന് മാത്രം അറിയാവുന്ന യുക്തിരഹസ്യങ്ങൾ

ഇതെല്ലാമായിരുന്നാലും, ഉത്തരംകിട്ടാത്ത ചില സംശയങ്ങൾ ചിലരിൽ അവശേഷിക്കുവാൻ അവകാശമുണ്ട്. ഓരോ ആളെക്കുറിച്ചും അയാൾ നല്ലവനോ ചീത്തപ്പെട്ടവനോ എന്നും, ഭാഗ്യവാനോ ഭാഗ്യം കെട്ടവനോ എന്നും, അയാൾ അയാളുടെ ജീവിതത്തിൽ എന്തെല്ലാം പ്രവർത്തിക്കുമെന്നും മറ്റുമുള്ള വിവരം അല്ലാഹുവിന് സൂക്ഷ്മമായി അറിയാമല്ലോ. എന്നിരിക്കെ, പിന്നെ എന്തിനാണ് മനുഷ്യൻ വിധിവിലക്കുകളാൽ ശാസിക്കപ്പെടുന്നത്? ദുഷ്കർമ്മികളായിത്തീരുമെന്നറിയാവുന്നവരെ സൃഷ്ടിക്കുന്നത് എന്തിനാണ്? മനുഷ്യൻ അവന്റെ ആഗ്രഹത്തിലും ഉദ്ദേശ്യത്തിലും പ്രവൃത്തിയിലുമെല്ലാം എത്രതന്നെ തെറ്റുകാരനായിരുന്നാലും അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചും, അവൻ മനുഷ്യന് നൽകിയ കഴിവുകൊണ്ടുമാണല്ലോ മനുഷ്യന് തെറ്റുകുറ്റങ്ങൾ പ്രവർത്തിക്കുവാൻ കഴിയുന്നത്. എന്നിരിക്കെ, അവയുടെ കുറ്റവും ശിക്ഷയും മനുഷ്യന്റെ മേൽ ചുമത്താമോ? ഇത്യാദി സംശയങ്ങൾ ചിലർക്കെല്ലാം തോന്നിയേക്കാം. മതമൂല്യങ്ങളിൽ വിശ്വാസം കുറഞ്ഞവരിലായിരിക്കും ഇത് കൂടുതൽ കാണുക. അവരിൽനിന്ന് ചിലപ്പോൾ പ്രത്യക്ഷത്തിൽതന്നെ ഇത്തരം ചോദ്യങ്ങൾ കേൾക്കുകയും ചെയ്തേ

ക്കും. യഥാർത്ഥത്തിൽ, ഇത്തരം വിഷയങ്ങൾ അല്ലാഹുവിന്ന് മാത്രം അറിയാവുന്ന രഹസ്യങ്ങളത്രെ. يعلم ما بين أيديهم وما خلفهم ولا يحيطون بشيئ من علمه إلا بماشاء–البقرة (അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയും. അവന്റെ അറിവിൽനിന്നും അവൻ ഉദ്ദേശിച്ചതിനെക്കുറിച്ചല്ലാതെ യാതൊന്നിനെക്കുറിച്ചും അവർക്ക് ശരിക്കറിയുകയുമില്ല. (അൽബഖറഃ)വാസ്തവത്തിൽ ഇതിലെല്ലാം അടങ്ങിയ രഹസ്യങ്ങൾ മനുഷ്യ ബുദ്ധിക്ക് ഈ ലോകത്തുവെച്ച് കണ്ടെത്തുവാൻ സാദ്ധ്യമല്ല തന്നെ.

ഭൂമിയിൽ മനുഷ്യവർഗമാകുന്ന ഒരു ഖലീഫഃയെ ഏർപ്പെടുത്തുവാൻ പോകുന്ന വിവരം അല്ലാഹു മലക്കുകളോട് പറഞ്ഞപ്പോൾ അവർ പറഞ്ഞു:- اتجعل فيها من يفسد فيها ويسفك الدماء الخ–البقرة (അതിൽ കുഴപ്പമുണ്ടാക്കുകയും, രക്തം ചിന്തുകയും ചെയ്യുന്നവരെ അതിൽ ആക്കുകയാണോ ....?!) ഇതിന് അല്ലാഹു നൽകിയ മറുപടി إني أعلم مالا تعلمون–البقرة (നിശ്ചയമായും ഞാൻ, നിങ്ങൾക്കറിയാത്തത് അറിയുന്നു) എന്നായിരുന്നു. മനുഷ്യവർഗം കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുകയില്ലെന്ന് അല്ലാഹു പറഞ്ഞില്ല, മലക്കുകൾ ചൂണ്ടിക്കാട്ടിയതുപോലെ, എക്കാലത്തും ഭൂമിയിൽ കുഴപ്പവും രക്തം ചിന്തലും നടമാടുന്നുമുണ്ട്. അപ്പോൾ, അല്ലാഹുവിന്റെ മറുപടിയുടെ സാരം, മനുഷ്യരിൽ അങ്ങനെ ചില ദോഷവശങ്ങൾ ഉള്ളതോടുകൂടിത്തന്നെ, നിങ്ങൾക്ക് അറിയാൻ കഴിയാത്ത യുക്തിരഹസ്യങ്ങൾ മനുഷ്യരെ സൃഷ്ടിക്കുന്നതിൽ ഞാൻ കണ്ടുവെച്ചിട്ടുണ്ട് എന്നാണല്ലോ. ഇതര സൃഷ്ടികൾക്കില്ലാത്ത പല ഗുണങ്ങളും ശ്രേഷ്ഠതകളും മനുഷ്യനുള്ളതായി ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതേ സമയത്ത് നന്ദികെട്ടവൻ (كفور) അക്ഷമൻ (جزوع) അക്രമകാരി (ظلوم) വിഡ്ഢി (جهول) എന്നിങ്ങനെയുള്ള അവന്റെ ദോഷ പ്രകൃതിയും അത് ചൂണ്ടിക്കാട്ടിയിരിക്കുന്നു.

അപ്പോൾ മനുഷ്യവർഗത്തിൽ ഗുണം മാത്രമേയുള്ളൂ എന്ന നിലക്കല്ല അല്ലാഹു ആ വർഗത്തെ സൃഷ്ടിക്കുന്നത്. എല്ലാ മനുഷ്യനും ഒരേ തരത്തിലുള്ളവരായിരിക്കുമെന്ന നിലക്കുമല്ല സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹുതന്നെ പറയുന്നത് ഇങ്ങനെയാണ്:

وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾ إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ

وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١١٩﴾ [الهود:١١٨, ١١٩]

(നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ മനുഷ്യരെ ഒരേ ഒരു സമുദായമാക്കുമായിരുന്നു. അവർ ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേ ഇരിക്കും- നിന്റെ റബ്ബ് കരുണ ചെയ്തവർ ഒഴികെ. അതിനുവേണ്ടി തന്നെയാണ് അവരെ അവൻ സൃഷ്ടിച്ചതും. ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും, ഞാൻ നിശ്ചയമായും നരകത്തെ നിറക്കും എന്ന് നിന്റെ റബ്ബിന്റെ വാക്ക് പൂർത്തിയായിരിക്കുന്നു. (ഹൂ

ദ്.) മനുഷ്യവർഗം നന്മയും തിന്മയും ഉൾക്കൊള്ളുന്ന വ്യത്യസ്ത നിലപാടുകാരായ ഒരു വർഗമായിത്തീരുവാനാണ് അല്ലാഹു ആദ്യമേ ഉദ്ദേശിച്ചിട്ടുള്ളത്. അഥവാ മനുഷ്യന്റെ ജീവിതം ഒരു പരീക്ഷണമാണ്. വിജയിക്ക് സമ്മാനവും പരാജിതന് അപമാനവും ലഭിക്കുമാറുള്ള പരീക്ഷണം. അതുകൊണ്ടാണ് അവരെ അല്ലാഹു മലക്കുകളെപ്പോലുള്ള സമുദായമാക്കാതിരുന്നതും. സൂറത്ത്- റഅ്ദിൽ അല്ലാഹു ചോദിക്കുന്നത് നോക്കുക: 'എന്നാൽ വിശ്വസിച്ചവർക്ക് തീർച്ചയായി അറിഞ്ഞുകൂടേ, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ മുഴുവനും അവൻ നേർമാർഗത്തിലാക്കുമായിരുന്നുവെന്ന്?!'(٣١:أفلم ييأس الذين امنوا ان لو يشاء الله لهدى الناس جميعا– الرعد വീണ്ടും പറയുന്നു: നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ ഉള്ളവരെല്ലാം വിശ്വസിക്കുമായിരുന്നു.' (٩٩:ولو شاء ربك لامن من في الأرض كلهم جميعا – يونس)

എല്ലാവരും നേർമാർഗത്തിൽ മാത്രം ചരിക്കുമാറുള്ള ഒരു പ്രകൃതി മനുഷ്യരിൽ എന്തുകൊണ്ട് അല്ലാഹു നൽകിയില്ല എന്ന ചോദ്യത്തിന് മനുഷ്യന് അവകാശമേ ഇല്ല. അത് ധിക്കാരവും അതിർത്തിലംഘനവുമാണ്. മലക്കുകൾ പറഞ്ഞതുപോലെ നമുക്ക് പറയാം. سبحانك لا علم لنا إلا ما علمتنا إنك أنت العليم الحكيم (നീ മഹാ പരിശുദ്ധൻ! നീ ഞങ്ങൾക്ക് പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് അറിവില്ല. നിശ്ചയമായും, നീ തന്നെയാണ് പ്രതാപശാലിയും യുക്തിമാനും.) അവന്റെ അധികാരത്തിൽ അവന്റെ യുക്തിക്കനുസരിച്ച് എല്ലാ കാര്യവും അവൻ നടത്തും. (يفعل ما يشاء ويحكم ما يريد)

ക്വദ്റിനെ സംബന്ധിച്ച് മേൽ സൂചിപ്പിച്ചതുപോലെയുള്ള സംശയങ്ങളുടെയും തോന്നലുകളുടെയും സ്ഥിതിയും ഇത് തന്നെ. ഉത്തരം കിട്ടാതെ- അല്ല, മനുഷ്യന് അറിയുവാൻ സാധ്യമല്ലാത്ത- അല്ലാഹുവിന് മാത്രം അറിയാവുന്ന- കാര്യങ്ങളാണവ. ഉത്തരം കിട്ടാത്തതുകൊണ്ട് വല്ല പോരായ്മയോ പരാജയമോ നമുക്കില്ലതാനും. ഒരു പക്ഷേ, ഈ ഭൗതികമായ മറകൾ നമ്മിൽനിന്ന് നീങ്ങിക്കഴിയുമ്പോൾ ഇത്തരം രഹസ്യങ്ങളെക്കുറിച്ച് കുറെയെല്ലാം നമുക്ക് അറിയുവാൻ കഴിഞ്ഞെന്നുവരാം الله أعلم.ക്വദ്റിൽ അടങ്ങിയ രഹസ്യം പരലോകത്തുവെച്ച് അറിയുവാൻ കഴിഞ്ഞേക്കുമെന്ന് ചില മഹാൻമാർ പ്രസ്താവിച്ചത് നാം മുകളിൽ വായിച്ചുവല്ലോ. ചില ക്വുർആൻ വാക്യങ്ങളിൽനിന്നും ഏതാണ്ട് അങ്ങനെ ഊഹിക്കുവാൻ കഴിയും. ക്വിയാമത്ത് നാളിൽ അക്രമകാരികളുടെ സ്ഥിതിഗതികൾ വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ٤٨:وبدا لهم من الله ما لم يكونوا يحتسبون–الزمر(അവർ കണക്കാക്കിയിട്ടുണ്ടായിരുന്നില്ലാത്തത് അവർക്ക് അല്ലാഹുവിൽനിന്ന് വെളിവാകുകയും ചെയ്യും.) പുനരുത്ഥാനദിവസം അവിശ്വാസികളോട് ഇപ്രകാരം പറയപ്പെടും: ٢٢:لقد كنت في غفلة من هذا فكشفنا عنك عطائك فبصرك اليوم حديد–ق (തീർച്ചയായും ഇതിനെപ്പറ്റി നീ അശ്രദ്ധയിലായിരുന്നു. ഇപ്പോൾ നിന്നിൽനിന്ന് നിന്റെ മൂടി നാം നീക്കി. അതിനാൽ, ഇന്ന് നിന്റെ കാഴ്ച മൂർച്ചയേറിയതാണ്.) മറ്റൊരു സ്ഥലത്ത് പറയുന്നു: ٢٥:يومئذ يوفيهم الله دينهم الحق ويعلمون أن الله هو الحق المبين–النور (അന്നത്തെ ദിവ

സം, അവരുടെ ന്യായമായ പ്രതിഫലം അല്ലാഹു അവർക്ക് നിറവേറ്റിക്കൊടുക്കും. അല്ലാഹുതന്നെയാണ് ന്യായമായി നിലകൊള്ളുന്നവനെന്ന് അവൻ അറിയുകയും ചെയ്യും.)

ചുരുക്കത്തിൽ- അല്ലാമാ ഫരീദ്വജ്ദീ പ്രസ്താവിച്ചതുപോലെ- അല്ലാഹുവിന്റെ സൃഷ്ടി സംഹാരങ്ങളിലും, ഭരണവ്യവസ്ഥകളിലും അടങ്ങിയ അനേകം യുക്തിരഹസ്യങ്ങളിൽ ഒന്നുമാത്രമാണ് 'ഖദ്വാഖദ്റി'ന്റെ രഹസ്യവും. അതിനെപ്പറ്റി ദൈവദൂതന്മാരായ നബിമാർക്കോ ശ്രേഷ്ഠരായ മലക്കുകൾക്കോ ആർക്കും തന്നെ അറിഞ്ഞുകൂടാ, അല്ലാഹുവിന് മാത്രം അറിയാവുന്ന ഒരു രഹസ്യമത്രെ അത്. ഇതാണ് യഥാർത്ഥം. (صفوة العرفان) ഖദ്റിന്റെ എല്ലാവശങ്ങളും അതിലടങ്ങിയ രഹസ്യങ്ങളും യുക്തിന്യായങ്ങളും സസൂക്ഷ്മം മനസ്സിലാക്കുക പ്രയാസമായത് കൊണ്ടും, അതിൽ മുഴുകുന്നപക്ഷം കരകാണാത്ത കുഴപ്പങ്ങൾക്ക് കാരണമായിത്തീരുന്നത് കൊണ്ടും തന്നെയാണ് ആ വിഷയത്തിൽ തർക്കിക്കുന്നതും, വിവാദം നടത്തുന്നതും ഹദീഥിൽ വിരോധിക്കപ്പെട്ടുകാണുന്നത്.

യുക്തിയുടെ പേരിൽ

ബുദ്ധിക്കും യുക്തിക്കും വളരെ വിലകൽപിക്കുന്ന മതമത്രെ ഇസ്‌ലാം. ഇതിൽ ആർക്കും തർക്കമില്ല. പക്ഷേ, മനുഷ്യബുദ്ധി പരിപൂർണമോ, എല്ലാവർക്കും തുല്യമായി നൽകപ്പെട്ടിട്ടുള്ളതോ അല്ല. ഓരോരുത്തരുടെ ബുദ്ധിയിൽ തോന്നുന്നതും, ഓരോരുത്തരും യുക്തമായിക്കാണുന്നതും ഇസ്‌ലാം അംഗീകരിച്ചതായിരിക്കുമെന്നോ, അതിനെതിരായി ഇസ്‌ലാമിക പ്രമാണങ്ങളിൽ ഒന്നും ഉണ്ടായിക്കൂടാ എന്നോ ഇല്ല. മതസിദ്ധാന്തങ്ങളിൽ, വേദഗ്രന്ഥങ്ങളുടെയും, പ്രവാചകൻമാരുടെയും പ്രസ്താവനകൾക്കാണ് മുൻഗണനയുള്ളത്. അവയെ അടിസ്ഥാനമാക്കി ചിന്തിക്കുവാനും, അതത് സിദ്ധാന്തങ്ങളിലടങ്ങിയ യുക്തിതത്വങ്ങൾ കഴിയുന്നത്ര മനസ്സിലാക്കുവാനും, അങ്ങനെ വിശ്വാസവും പ്രവർത്തനവും നന്നാക്കിത്തീർക്കുവാനുമാണ് സത്യവിശ്വാസികൾ ശ്രമിക്കേണ്ടത്. അതവരുടെ കടമയുമാകുന്നു. മറിച്ച് അവയുടെ സാധുതയും, സാധ്യതയും ചോദ്യംചെയ്യാനും ബുദ്ധിയുടെ വിധിക്ക് വിട്ടുകൊടുക്കുവാനും മുതിരുകയല്ല വേണ്ടത്. ഇത് വിശ്വാസക്കുറവിൽനിന്നും ഉടലെടുക്കുന്ന ധിക്കാരമത്രെ. കാര്യങ്ങൾ ഗ്രഹിക്കുവാൻ മനുഷ്യന് ബാഹ്യേന്ദ്രിയങ്ങൾ നൽകിയിട്ടുള്ളതുപോലെ, അല്ലാഹു അവന് നൽകിയ ആന്തരേന്ദ്രിയമാണ് വിശേഷബുദ്ധി. ആ ബുദ്ധിക്ക് യോജിച്ചതും നല്ലതായി തോന്നുന്നതുമാണ് യുക്തി എന്ന് പറയുന്നത്. ഒരാളുടെ ബുദ്ധിശക്തി, അറിവ്, വിശ്വാസം, പരിചയം, വീക്ഷണം, വികാരം മുതലായവയുടെ തോതനുസരിച്ചും, അയാളുടെ ആശയം, താൽപര്യം, പരിതസ്ഥിതികൾ എന്നിവയുടെ നിലയനുസരിച്ചും അവന്റെ യുക്തിവിചാരങ്ങളിൽ മാറ്റമുണ്ടായിരിക്കും. അത് കൊണ്ടാണ് ഒരാൾക്ക് യുക്തമെന്ന് തോന്നിയത് മറ്റൊരാൾക്ക് പലപ്പോഴും യുക്ത

മായി തോന്നാത്തതും, ഒരു ജനതക്ക് യുക്തമായി തോന്നിയിരുന്ന ഒരു കാര്യം മറ്റൊരു ജനത യുക്തിഹീനമായി ഗണിച്ചുവരുന്നതും. ചിന്താശീലരായ ബുദ്ധിമതികളും പണ്ഡിതരുമായ ആളുകൾക്കിടയിൽ ശാസ്ത്രീയ തത്വസിദ്ധാന്തങ്ങളിൽപോലും ഭിന്നാഭിപ്രായം കാണുന്നതും ഇതുകൊണ്ടുതന്നെയാണ്.

അറിഞ്ഞിടത്തോളമുള്ള കാര്യങ്ങളെ അടിസ്ഥാനമാക്കി ചിന്തിക്കുവാനേ മനുഷ്യന്റെ ബുദ്ധിക്ക് കഴിയുകയുള്ളൂ. മനുഷ്യന്റെ അറിവാണെങ്കിൽ പരിമിതവും وما أوتيتم من العلم إلا قليلا–الإسراء (അറിവിൽനിന്നും നിങ്ങൾക്ക് അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല.) മറഞ്ഞകാര്യം അറിയുവാനാകട്ടെ, മനുഷ്യന് കഴിവേയില്ല, قل لا يعلم من في السماوات والأرض الغيب إلا الله– النمل:٢٥ (പറയുക: ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ അദൃശ്യവിവരം അറിയുന്നതല്ല- അല്ലാഹുവല്ലാതെ.) മനുഷ്യന്റെ ഭൗതിക ജീവിതത്തിന് ആവശ്യമായ മാർഗങ്ങൾ കണ്ടുപിടിക്കുവാനും നടപ്പിൽ വരുത്തുവാനുമുള്ള അറിവ് പൊതുവിൽ അല്ലാഹു അവന് കൊടുത്തിട്ടുണ്ട്. എന്നാൽ, അവന്റെ ഭാവിജീവിതത്തിനാവശ്യമായ (മതപരമായ) നടപടിക്രമങ്ങളുടെ കാര്യം അവനെ ഏൽപിക്കാതെ, അല്ലാഹു അവന്റെ വേദഗ്രന്ഥങ്ങൾ മുഖേനയും പ്രവാചകന്മാർ മുഖേനയും അക്കാര്യം നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ആകയാൽ, മതകാര്യങ്ങളിൽ വേദഗ്രന്ഥവും പ്രവാചകനും പ്രഖ്യാപിക്കുന്ന ഏതൊരു വിഷയത്തിലും മനുഷ്യന് മനുഷ്യന്റേതായ മറ്റൊരഭിപ്രായത്തിന് സ്ഥാനമില്ല. وما كان لمؤمن ولامؤمنة إذا قضى الله ورسوله امرا أن يكون لهم الخيرة من أمرهم–الأحزاب:٣٦ (ഒരു സത്യവിശ്വാസിയായ പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ, അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചാൽ തങ്ങളുടെ കാര്യത്തെ സംബന്ധിച്ചു (മറ്റൊരു) അഭിപ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.)

ബുദ്ധിയും മതപ്രമാണവും തമ്മിൽ എതിരായാൽ ബുദ്ധിക്ക് മുൻഗണന നൽകണം (إذا تعارض النقل والعقل قدم العقل) എന്ന് ഒരു പൊതുചട്ടം പറയപ്പെടാറുണ്ട്. പ്രഥമവീക്ഷണത്തിൽ ശരിയാണെന്ന് തോന്നുന്നതും, യുക്തിവാദക്കാർക്ക് ഖുർആനെക്കാൾ ആവേശകരമായി തോന്നുന്നതുമായ ഈ ചട്ടത്തിന്റെ സാക്ഷാൽ അവതാരകന്മാർ, തർക്കശാസ്ത്രത്തിൽക്കൂടി മതസിദ്ധാന്തങ്ങളെ വിലയിരുത്തി വരുന്ന തൽപരകക്ഷികളാകുന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ഇമാം ഇബ്നു തൈമിയ്യഃ (റ) العقل والنقل (ബുദ്ധിയും പ്രമാണവും) എന്ന പേരിൽ ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്. ഇമാം ഇബ്നുൽ ക്വയ്യിമും (റ) ഇതേ ആവശ്യത്തിനായി വളരെ താളുകൾ ഉപയോഗിച്ചിരിക്കുന്നു. ഇരുപത്തഞ്ച് കാരണങ്ങൾ സയുക്തികം നിരത്തിവെച്ചുകൊണ്ട് الصوائق المرسلة على الجهمية والمعطلة ('ജഹ്മിയ്യത്ത്,' 'മുഅത്ത്വിലത്ത്' എന്നീ കക്ഷികളുടെ മേൽ അഴിച്ചുവിടപ്പെട്ട ഇടിത്തീകൾ) എന്ന ഗ്രന്ഥത്തിൽ ഈ ചട്ടത്തെ അദ്ദേഹം ഖണ്ഡിച്ചിരിക്കുന്നു. അവയുടെ ചുരുക്കംപോലും ഇവിടെ ഉദ്ധരിക്കുവാൻ സൗകര്യമില്ല. 12 -ാമത്തെ കാരണമായി അദ്ദേഹം പ്രസ്താവിച്ചതിൽ ചുരുക്കം ചിലവരികൾ ഇവിടെ സംഗ്രഹിക്കാം:-

'ബുദ്ധിമാൻമാർക്കിടയിൽ ഭിന്നിപ്പില്ലാത്തതും, ബുദ്ധിയുടെ വ്യക്തമായ വിധിയായിട്ടുള്ളതുമായ ഒരു കാര്യത്തിന് മതം (ഇസ്‌ലാം) എതിരായിരിക്കുകയില്ല തന്നെ. ബുദ്ധിമാൻമാർക്കിടയിൽ ഭിന്നിപ്പുള്ള പ്രധാന വിഷയങ്ങളെപ്പറ്റി ആലോചിച്ചു നോക്കിയാൽ, അവയിൽ മതത്തിന്റെ വ്യക്തവും പ്രബലവുമായ ലക്ഷ്യങ്ങൾക്ക് എതിരായ ഭാഗങ്ങളത്രയും കേവലം നിരർത്ഥവും ഊഹവുമായിരിക്കുമെന്ന് ബുദ്ധിക്കുതന്നെ കാൺമാൻ കഴിയും. ചിലപ്പോൾ അഭിപ്രായങ്ങളുടെ വിപരീതമായിരിക്കും ശരി എന്ന് വരും. തൗഹീദ് സംബന്ധമായ വിഷയങ്ങൾ, അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ, ക്വദ്റിന്റെ വിഷയങ്ങൾ, പ്രവാചകത്വത്തെയും മരണാനന്തര ജീവിതത്തെയും സംബന്ധിച്ച കാര്യങ്ങൾ എന്നിവയെപ്പറ്റി ആലോചിച്ചു നോക്കുക. ബുദ്ധിയുടെ വ്യക്തമായ വിധികൾക്കെതിരായി യാതൊരു മത പ്രമാണവും അവയിലില്ല. വല്ലതും ഉണ്ടെന്ന് കാണപ്പെടുന്നപക്ഷം, അത് അടിസ്ഥാനരഹിതമായതോ, അല്ലെങ്കിൽ യഥാർത്ഥത്തിൽ ബുദ്ധിക്ക് വിരുദ്ധമാകാത്ത ആശയം ഉൾക്കൊള്ളുന്നതോ മാത്രമായിരിക്കും. ബുദ്ധി അസംഭവ്യമായി (സംഭവിക്കുവാൻ സാധ്യതയില്ലാത്തതായി)ക്കാണുന്ന യാതൊന്നും, ദൈവദൂതൻമാർ അറിയിച്ചിട്ടില്ല എന്ന് നമുക്ക് തീർത്തുപറയാം. പക്ഷേ, ബുദ്ധി സംഭവ്യമായി (സംഭവിക്കുന്നതിന് സാധ്യതയുള്ളതായി)ക്കാണുന്ന പലതും അവർ അറിയിച്ചിട്ടുമുണ്ട്. (الصوائق المرسلة)

ക്വദ്റിനെ ചൂഷണം ചെയ്യുന്നവരും, തെറ്റിദ്ധരിച്ചവരും

ക്വദ്റിൽ വിശ്വസിച്ചതിന്റെ പേരിൽ ഉണ്ടായിട്ടുള്ള ചില ദോഷങ്ങളെക്കുറിച്ചും രണ്ട് വാക്ക് പറയേണ്ടിയിരിക്കുന്നു. ഇവരിൽ രണ്ടുതരം ആൾക്കാരെ കാണാം. (1) അല്ലാഹു ഉദ്ദേശിച്ചതും വിധിച്ചതും സംഭവിക്കാതിരിക്കുകയില്ല, നാം ഒന്നും പ്രവർത്തിക്കാതിരുന്നാൽപോലും നമുക്ക് വിധിച്ചത് നമുക്ക് എത്തിച്ചേരും എന്നിങ്ങനെയുള്ള വിചാരക്കാർ. അന്ധതയിൽനിന്നും തെറ്റിദ്ധാരണയിൽനിന്നും ഉളവായ ഈ വിചാരം അവരെ ഐഹികവും, പാരത്രികവുമായ തീരാനഷ്ടങ്ങളിൽ അകപ്പെടുത്തുന്നു. അല്ലാഹു കണക്കാക്കിയത് എന്താണെന്ന് മനുഷ്യന് മുൻകൂട്ടി അറിയാമായിരുന്നുവെങ്കിൽ അതനുസരിച്ച് മനുഷ്യന് അവന്റെ ഓരോ കാര്യത്തിനും പരിപാടി ഇടാമായിരുന്നു. പക്ഷേ, ഓരോ കാര്യവും അനുഭവത്തിൽ വന്നല്ലാതെ അതിനെപ്പറ്റി അവന് ഒന്നും അറിഞ്ഞുകൂടല്ലോ. മാത്രമല്ല, ഓരോ സംഗതിയിലും അവൻ ഇന്നിന്നപ്രകാരമാണ് പ്രവർത്തിക്കേണ്ടതെന്നുള്ള ഒരു തുറന്ന പരിപാടി അല്ലാഹു അവന്റെ മുമ്പിൽവെച്ച് കൊടുത്തിട്ടുണ്ടുതാനും. അതനുസരിച്ച് ജീവിക്കുവാൻ ആവശ്യമായ സാഹചര്യങ്ങളും കഴിവും അല്ലാഹു

നൽകിയിട്ടുമുണ്ട്. അത് പ്രകാരം ജീവിക്കുകയേ മനുഷ്യൻ വേണ്ടതുള്ളൂ. തന്റെ രക്ഷക്കായി അവന് ലഭിച്ചിട്ടുള്ള കഴിവും സാഹചര്യവും അവൻ ഉപയോഗപ്പെടുത്തൽ അവന് നിർബന്ധമാണ്താനും. അതിൽ അവന്റെ പക്കൽവന്ന വീഴ്ചകളെപ്പറ്റി അവൻ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും.

ക്വദ്റിന്റെ പേരിൽ മനുഷ്യൻ ഓർത്തിരിക്കേണ്ടുന്നതും, പ്രവർത്തനത്തിൽ വരുത്തേണ്ടതുമായ കാര്യം വെറും രണ്ടെണ്ണമാണുള്ളതെന്ന് സൂ: ഹദീദിലെ നാം മുകളിൽ ഉദ്ധരിച്ച ക്വുർആൻ വചനത്തിൽനിന്ന് മനസ്സിലാക്കാം.,

(1) വല്ല കാര്യവും സാധിച്ചു കിട്ടാതെ വരുമ്പോൾ അത് അല്ലാഹുവിന്റെ വിധിയാണെന്ന് സമാധാനിച്ചുകൊണ്ട് അക്ഷമ കാണിക്കാതെയും സങ്കടപ്പെടാതെയും ഇരിക്കുക. (لكيلا تأسوا على ما فاتكم) രണ്ടാമത്തേത്: സാധിച്ചുകിട്ടിയതിന്റെ പേരിൽ അഹങ്കരിക്കുകയോ ആഹ്ലാദിക്കുകയോ ചെയ്യാതെ അല്ലാഹു നൽകിയ അനുഗ്രഹമാണെന്ന് കരുതി നന്ദി കാണിക്കുക. (ولا تفرحوا بما اتاكم) ഇവയാണത്. ഇതല്ലാതെ ക്വദ്റിനെ ആസ്പദമാക്കി മനുഷ്യൻ എന്തെങ്കിലും പ്രവർത്തിക്കേണ്ടതുണ്ടെന്ന് അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടില്ല.

(2) മനഃപൂർവ്വം ചെയ്തുകഴിഞ്ഞ കുറ്റങ്ങളെ പിന്നീട് ക്വദ്റിന്റെ പേരിൽ ന്യായീകരിക്കുകയും, അത് വഴി തങ്ങളുടെ നിരപരാധിത്വം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ. മക്കാ മുശ്‌രിക്കുകൾ തങ്ങളുടെ ശിർക്കിനെയും, മറ്റ് ചില തെറ്റുകളെയും ക്വദ്റിന്റെ പേരിൽ ന്യായീകരിച്ചതിനെപ്പറ്റി അല്ലാഹു ആക്ഷേപിച്ചത് സൂ: അൻആമിൽ നിന്നും മറ്റും മേലുദ്ധരിച്ച ക്വുർആൻ വചനങ്ങളിൽ നാം വായിച്ചുവല്ലോ. ഇത്തരക്കാരെക്കുറിച്ച് അല്ലാമാ ഫരീദു വജ്ദി പ്രസ്താവിച്ചിട്ടുള്ളത് വളരെ വാസ്തവം. പ്രസ്താവനയുടെ ചുരുക്കം ഇതാണ്: 'മനുഷ്യന്റെ പ്രവർത്തനങ്ങളിലും കൈകാര്യങ്ങളിലുമെല്ലാം തന്നെ, അവന്റെ ചിന്തക്കും അറിവിനും അനുയോജ്യമായ ചില കാര്യകാരണബന്ധങ്ങൾ അനുസരിച്ച് നിലകൊള്ളുന്നവനാണ് അവൻ എന്നത് ആർക്കും അജ്ഞാതമല്ല. അവൻ നടന്നാൽ, 'ഞാൻ നടന്നു' എന്നും, ഭക്ഷണം കഴിച്ചാൽ 'ഞാൻ ഭക്ഷണം കഴിച്ചു'വെന്നും, പ്രവർത്തിച്ചാൽ 'ഞാൻ പ്രവർത്തിച്ചു' എന്നും അവൻ പറയുന്നു. അവന്റെ ഇളക്കവും അടക്കവുമെല്ലാം അല്ലാഹുവിന്റെ കയ്യിലാണെന്ന് അറിയുന്നതോടൊപ്പം തന്നെ, താൻ ചെയ്യുന്നതെല്ലാം തന്റെ സ്വന്തം പ്രവൃത്തികളായി തന്നോട് ബന്ധിപ്പിച്ചു പറയുവാൻ പ്രകൃത്യാതന്നെ അവൻ സ്വയം പ്രേരിതനുമാണ്. എന്നിരിക്കെ, അവൻ വല്ല കുഴപ്പവും പ്രവർത്തിക്കുമ്പോൾ, ഈ ലോകവുമായി അവനെ ബന്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സർവ്വസാധാരണമായ ആ കാര്യകാരണങ്ങളെല്ലാം അവൻ മറന്നുകളയുകയും, അത് അല്ലാഹുവിന്റെ ക്വദ്വാകൊണ്ട് അങ്ങനെ വന്നു പോയതാണെന്ന് പറഞ്ഞൊഴിയുവാൻ ധാർഷ്ഠ്യം കാണിക്കുകയും ചെയ്യുന്നു. ഇത് അവന്റെ ബുദ്ധിയെത്തന്നെ അവൻ കളങ്കപ്പെടുത്തുകയല്ലേ?!'

അദ്ദേഹം തുടരുന്നു: 'ജീവിതമാർഗങ്ങളിൽ തന്റെ പക്കൽവന്ന വീഴ്ച നിമിത്തം സംഭവിച്ച ദോഷങ്ങളിൽ വിധിയെ ആക്ഷേപിച്ച് തന്റെ കുറ്റം ഒഴിവാക്കുവാനും, അതേ സമയത്ത് സ്വന്തം കാര്യത്തിൽ മറ്റൊരാളുടെ പക്കൽനിന്ന് വന്നുപോയ പാകപ്പിഴവിനെ അങ്ങേഅറ്റം അധിക്ഷേപിക്കുവാനും മുതിരുന്നവൻ, മറ്റുള്ളവരുടെമേൽ പഴി ചാരുന്ന ആ തെറ്റുകളെ എന്തുകൊണ്ട് തന്റെമേൽ ചാരുന്നില്ല?! തനിക്ക് വിധിയുടെ ഒഴികഴിവ് കാണുന്ന അവൻ എന്തുകൊണ്ട് മറ്റുള്ളവർക്ക് ആ ഒഴികഴിവ് കാണുന്നില്ല?! ക്വദാക്വദ്റിന്റെ പേരിൽ തന്റെ കുറ്റങ്ങളെ ന്യായീകരിക്കുന്ന മനുഷ്യൻ, മറ്റൊരാൾ അവനെ അടിച്ചാൽ ആ അടിച്ചവനും ആ ഒഴികഴിവ് വകവെച്ച് കൊടുക്കുകയാണോ ചെയ്യുക? അതല്ല, തന്റെ ആ തത്വശാസ്ത്രം മറന്നുകൊണ്ട് തന്നെ അടിച്ചവന് മാപ്പിനുപോലും അർഹതയില്ലാത്ത വണ്ണം അവൻ പരിപൂർണ ഇച്ഛാസ്വാതന്ത്ര്യവും നിശ്ചയദാർഢ്യതയും ഉള്ളവനാണെന്ന നയം സ്വീകരിക്കുകയാണോ ചെയ്യുക?! നാം കാണാറുള്ളതാണ്– പലരും കാണാറുണ്ടായിരിക്കും– സ്വന്തം കാര്യത്തിൽ ദൈവവിധിയുടെ ന്യായം കൂടുതൽ പറയുന്നവർ, മറ്റുള്ളവരെ തരംതാഴ്ത്തിക്കാട്ടുന്നതിൽ കൂടുതൽ കർശനക്കാരുമായിരിക്കുമെന്നും.' (من صفوة العرفان)

രണ്ട് ആരോപണങ്ങൾ

ക്വദ്റിന്റെ നിഷേധികൾ അതിനെ നിഷേധിക്കുവാനുള്ള കാരണങ്ങളും, നിഷേധത്തെ സ്ഥാപിക്കുവാനുള്ള ന്യായങ്ങളും പലതും നാം കണ്ടു. എനി, മുസ്‌ലിംകൾ ക്വദ്റിൽ വിശ്വസിച്ച് വരുന്നത് മൂലം അവരിൽ ഉണ്ടായിത്തീർന്നതായി നിഷേധികൾ ആരോപിക്കുന്ന രണ്ട് ആരോപണങ്ങളെപ്പറ്റിയാണ് അൽപം പരാമർശിക്കുവാനുള്ളത്. 'മുസ്‌ലിംകൾ ക്വദ്റിലുള്ള വിശ്വാസം തലയിൽ കയറ്റി ഇരിക്കുന്നതുകൊണ്ട് പല നാശങ്ങളും ഉണ്ട്. അവർക്കൊരിക്കലും മനസ്സമാധാനമില്ല. ആത്മവിശ്വാസവും ഇല്ല.' ഇതാണ് ഒന്ന്. 'അവരുടെ മതം യുക്തിഹീനമാണെന്ന് ആരെങ്കിലും പറഞ്ഞാൽ അതിന് ഉത്തരം പറയുവാനില്ല. മതവൈരികൾക്ക് മതത്തെ വിമർശിക്കുവാൻ അതൊരു കാരണമായിത്തീരുന്നു.' ഇതാണ് മറ്റൊന്ന്.

മുസ്‌ലിം സമുദായത്തിന് മനസ്സമാധാനവും ആത്മവിശ്വാസവും ഇന്ന് വളരെയധികം നഷ്ടപ്പെട്ടിട്ടുണ്ടെന്ന ഖേദകരമായ പരമാർത്ഥം നിഷേധിക്കാൻ വയ്യ. പക്ഷേ, അതിനുള്ള കാരണം ക്വദ്റിലുള്ള വിശ്വാസമല്ല. നേരെമറിച്ച് ക്വദ്ർ അടക്കമുള്ള ഇസ്‌ലാമിക സിദ്ധാന്തങ്ങൾ പലതിൽനിന്നും സമുദായത്തിന് ബാധിച്ച അകൽച്ചയും, സമുദായം മതശിക്ഷണങ്ങളുടെ അതിരുവരമ്പ് ലംഘിച്ചതുമാണ് കാരണം. പൗരാണിക മുസ്‌ലിംകൾക്കുണ്ടായിരുന്ന ആത്മവിശ്വാസത്തിനും നേട്ടങ്ങൾക്കും പ്രതാപത്തിനുമെല്ലാം ഒരു പ്രധാന കാരണം ക്വദ്റിലുള്ള

അവരുടെ ഉറച്ചവിശ്വാസവുമായിരുന്നു. മുസ്‌ലിംകളെ അധഃപതിപ്പിച്ചത് ക്വദ്‌റിലുള്ള വിശ്വാസവും അതുപോലുള്ള മറ്റ് ചില വിശ്വാസവുമാണെന്ന കുപ്രചരണത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ഇസ്‌ലാമിന്റെപേരിൽ മുതലക്കണ്ണീരൊഴുക്കാറുള്ള യൂറോപ്യൻ ഓറിയന്റലിസ്റ്റുകളും, അവരുടെ അനുയായികളുമാകുന്നു. ശരിയാംവണ്ണം ക്വദ്‌റിൽ വിശ്വസിക്കുന്നവർക്ക് അലസതയും, ഭീരുത്വവും ഉണ്ടാകുവാൻ നിവൃത്തിയില്ല. വിശ്വസിക്കാത്തവർക്കേ അതിനവകാശമുള്ളൂ. ഈ വിഷയകമായി അല്ലാമാ ജമാലുദ്ദീൻ അഫ്ഗാനിയുടെ പ്രസ്താവനയും അഭിപ്രായവും നാം മുകളിൽ ഉദ്ധരിച്ചത് ഓർക്കുക. അതുതന്നെയാണ് നമുക്കും പറയുവാനുള്ളത്.

മേൽ വിവരിച്ച പ്രകാരമുള്ള ക്വദ്‌റിൽ വിശ്വസിക്കാത്തവർ സ്വാഭാവികമായും ഒന്നുകിൽ 'ജബ്‌രിയ്യത്തി' ന്റെ, അല്ലെങ്കിൽ 'ക്വദ്‌രിയ്യത്തി'ന്റെ വാദം അനുകൂലിക്കുന്നവരായിരിക്കുവാനേ വഴിയുള്ളൂ. *(*)* രണ്ടിൽ ഏതായാലും ശരി, അതായിരിക്കും കൂടുതൽ നാശഹേതുവായിരിക്കുക. കാരണം, ജബ്‌രിയ്യത്തിന്റെ അഭിപ്രായപ്രകാരം അല്ലാഹു കണക്കാക്കിയ കാര്യങ്ങൾ സംഭവിക്കുന്നത് കണ്ണടച്ച് കാത്തിരിക്കുകയല്ലാതെ, തങ്ങളുടെ നന്മക്കോ വിജയത്തിനോ വേണ്ടി അവർ ഒന്നും പ്രവർത്തിക്കേണ്ടതായിട്ടില്ല. മനുഷ്യന് യാതൊരുവിധ കഴിവും ഇച്ഛാസ്വാതന്ത്ര്യവും ഇല്ലെന്നാണല്ലോ അവരുടെ പക്ഷം. ക്വദ്‌രിയ്യത്തിന്റെ അഭിപ്രായപ്രകാരം, അവരുടെ എല്ലാ നന്മക്കും വിജയത്തിനും തങ്ങളുടെ സ്വന്തം പരിശ്രമങ്ങളെയും ആസൂത്രണങ്ങളെയുമല്ലാതെ, അല്ലാഹുവിന്റെ ഉദ്ദേശ്യമോ സഹായമോ അവർക്ക് പ്രതീക്ഷിക്കുവാനില്ല. മാത്രമല്ല, അല്ലാഹുവിന്റെ സർവ്വാധിപത്യത്തെയും, സർവ്വജ്ഞതയെയും, പരോക്ഷത്തിൽ അവർ ചോദ്യം ചെയ്തേക്കും. സ്വന്തം കഴിവിലും അറിവിലും അവർ വഞ്ചിതരാവുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യനെ അളക്കുന്ന അതേ മാനദണ്ഡംകൊണ്ട് അല്ലാഹുവിനെയും അളക്കുകയാണവർ ചെയ്യുന്നത്. അതെ, وما قدروا الله حق قدره(അല്ലാഹുവിനെ കണക്കാക്കേണ്ടപ്രകാരം അവർ അവനെ കണക്കാക്കിയില്ല). ക്വദ്‌റിൽ ശരിക്ക് വിശ്വസിക്കുന്നവരാകട്ടെ, തങ്ങളുടെ എല്ലാ കാര്യവും അല്ലാഹുവിന്റെ ഉദ്ദേശ്യവും പ്രവർത്തനവും അനുസരിച്ചാണ് നടക്കുന്നതെന്ന് അവർക്ക് ബോധ്യമുള്ളതോടുകൂടിത്തന്നെ, തങ്ങളുടെ നന്മക്കും വിജയത്തിനും അല്ലാഹു നിർദ്ദേശിച്ചുകൊടുത്ത മാർഗങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങളുടെ ഓരോ ചലനത്തിന്റെയും ഫലം അവർ അല്ലാഹുവിൽനിന്നും പ്രതീക്ഷിക്കുന്നു. ഈ മൂന്ന് തരക്കാരിൽ അല്ലാഹുവിന്റെ സഹായവും പൊരുത്തവും ലഭിക്കുവാനും, പ്രതീക്ഷിക്കുവാനും കൂടുതൽ അർഹത ആർക്കായിരിക്കുമെന്ന് ആലോചിച്ചുനോക്കുക.

(*) ഈ രണ്ട് കക്ഷികളുടെയും വിശ്വാസത്തെപ്പറ്റി മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു:

مَن كَانَ يَظُنُّ أَن لَّن يَنصُرَهُ ٱللَّهُ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ فَلْيَمْدُدْ بِسَبَبٍ إِلَى ٱلسَّمَآءِ ثُمَّ لْيَقْطَعْ فَلْيَنظُرْ هَلْ يُذْهِبَنَّ كَيْدُهُۥ مَا يَغِيظُ ﴿١٥﴾ [الحج:15]

(തന്നെ ഇഹത്തിലും പരത്തിലും അല്ലാഹു സഹായിക്കുന്നതേയല്ല എന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ ഉപരിഭാഗത്തേക്ക് അവൻ ഒരു കയർനീട്ടിക്കെട്ടി കൊള്ളട്ടെ. പിന്നീട് (കഴുത്തുകുടുക്കി) മുറിച്ചുകൊള്ളുകയും ചെയ്യട്ടെ. എന്നിട്ട് അവന്റെ തന്ത്രം (അവനെ) ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ നീക്കിക്കളയുമോ എന്ന് അവൻ നോക്കിക്കൊള്ളട്ടെ! (സൂ: ഹജ്ജ്: 15) .

إِنَّ ٱلَّذِينَ يُجَـٰدِلُونَ فِىٓ ءَايَـٰتِ ٱللَّهِ بِغَيْرِ سُلْطَـٰنٍ أَتَىٰهُمْ ۙ إِن فِى صُدُورِهِمْ إِلَّا كِبْرٌ مَّا هُم بِبَـٰلِغِيهِ ۚ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿٥٦﴾ [المؤمن:56]

(നിശ്ചയമായും, തങ്ങൾക്ക് വന്നുകിട്ടിയിട്ടുള്ള യാതൊരു അധികൃത ലക്ഷ്യവും കൂടാതെ അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്നവരുടെ ഹൃദയങ്ങളിൽ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. അവർ അതിന് (തക്കവണ്ണം) എത്തിയവരല്ല. അതുകൊണ്ട് നീ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. നിശ്ചയമായും അവനത്രെ കേൾക്കുന്നവനും കാണുന്നവനും. (40: 56) ഇത്രയും പറഞ്ഞത് ഒന്നാമത്തെ ആരോപണത്തെപ്പറ്റിയാണ്.

രണ്ടാമത്തെ ആരോപണത്തെപ്പറ്റി നമുക്ക് പറയുവാനുള്ളത് ഇതാണ്: അല്ലാഹുവിന്റെ അപാരമായ കഴിവും സർവ്വജ്ഞത, സർവ്വാധികാരം, യുക്തിജ്ഞാനം മുതലായ മഹൽഗുണങ്ങളിൽ വിശ്വസിക്കുകയും, അവയെപ്പറ്റി വിശുദ്ധ ക്വുർആനിലും നബിവചനങ്ങളിലും വന്നിട്ടുള്ള വ്യക്തമായ പ്രസ്താവനകളെ നിരുപാധികം സ്വീകരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ക്വദ്വാക്വദ്റിന്റെ വിശ്വാസത്തിൽ യുക്തിഹീനമായി യാതൊന്നും ഉൾക്കൊള്ളുന്നില്ല. അത്രയുമല്ല, ബുദ്ധിപരമായി നോക്കുമ്പോൾ അത് തികച്ചും യുക്തവും, അനിവാര്യവും കൂടിയാണ്. തെളിവുകൾ നോക്കുമ്പോഴാകട്ടെ, ആ വിശ്വാസം ഒരു മൗലികമായ കടമയുമാണ്. ക്വദ്വാക്വദ്റിൽ അടങ്ങിയ യുക്തിരഹസ്യത്തെപ്പറ്റി തർക്കശാസ്ത്രപരമായ ന്യായങ്ങൾ നിരത്തിക്കാട്ടി എതിരാളിയെ ഉത്തരംമുട്ടിച്ച് സമ്മതിപ്പിക്കുവാൻ കഴിയാത്തതിന്റെപേരിൽ അതിൽ യുക്തിരാഹിത്യം കാണുന്നവർ, അല്ലാഹുവിന്റെ തിരുസന്നിധിക്ക് നിരക്കാത്തവണ്ണം അവന്റെ മഹൽഗുണങ്ങളെയും പരമാധികാരത്തെയും കുടുസ്സാക്കുകയാണ് ചെയ്യുന്നത്. ഇതവർ ഓർക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് നമുക്ക് ഈ ഗതികേട് ഏർപ്പെടുന്നില്ല. സ്വന്തം യുക്തിന്യായങ്ങളോട് യോജിപ്പിക്കുവാൻവേണ്ടി പ്രത്യക്ഷമായ തെളിവുകളെ ദുർവ്യാഖ്യാനം ചെയ്യുകയോ, തള്ളിക്കളയുകയോ ചെയ്യേണ്ട ഗതികേടും നമുക്കില്ല.

ഇസ്‌ലാമിന്റെ വൈരികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ– അവർ മതവാദികളോ യുക്തിവാദികളോ ആയിക്കൊള്ളട്ടെ– ക്വദ്വാക്വദ്റിന്റെ വിഷയ

ത്തിൽ മാത്രമല്ല അവർക്ക് ആക്ഷേപമുള്ളത്. ഇസ്‌ലാമിലെ വിശ്വാസപരവും അനുഷ്ഠാനപരവുമായുള്ള പല വിഷയങ്ങളിലും അവർ യുക്തിരാഹിത്യവും ന്യായരാഹിത്യവും ആരോപിക്കാറുള്ളതാണ്. പരലോകജീവിതം, സ്വർഗം, നരകം, പ്രവാചകത്വം, അമാനുഷികസംഭവങ്ങൾ, വഹ്‌യ് മുതലായവയും, ഇസ്‌ലാമിലെ പലിശനിരോധം, ക്രയവിക്രയനിയമങ്ങൾ, അനന്തരാവകാശ ക്രമങ്ങൾ, പർദ്ദാനിയമം, ശിക്ഷാനിയമങ്ങൾ, ചില ആരാധനാകർമങ്ങൾ എന്നിവയെല്ലാംതന്നെ- വ്യത്യസ്ത ഭാഷകളിലാണെങ്കിലും- അവരുടെ ആക്ഷേപത്തിന് വിധേയങ്ങളാകുന്നു. എല്ലാവർക്കും അവരുടേതായ പല യുക്തിന്യായങ്ങളും സമർപ്പിക്കുവാനും ഉണ്ടായിരിക്കും. എന്നിരിക്കെ, തികച്ചും ആക്ഷേപരഹിതമായ ഒരു സമീപനം അവരിൽനിന്ന് ലഭിക്കുവാൻ തുനിയുന്ന പക്ഷം, അതിന്റെ അർത്ഥം ഇസ്‌ലാമിനെ അവരുടെ ഇച്ഛകൾക്കനുസരിച്ച് ഭേദഗതി ചെയ്യുക എന്നായിരിക്കും. ولو اتبع الحق اهوائهم لفسدت السماوات والأرض ومن فيهن –المؤمنون:٧١ (യഥാർത്ഥം അവരുടെ ഇച്ഛകൾക്കനുസരിച്ചായിരുന്നുവെങ്കിൽ ആകാശങ്ങളും, ഭൂമിയും, അവയിലുള്ളവരും കുഴപ്പത്തിലാകുമായിരുന്നു. (മുഅ്മിനൂൻ.) എന്നും,

وإن تطع اكثر من في الأرض يضلوك عن سبيل الله ان يتبعون إلا الظن وإن هم إلاّ يخرصون–الأنعام:١١٦

(ഭൂമിയിലുള്ളവരിൽ അധികമാളുകളേയും നീ അനുസരിക്കുന്നപക്ഷം, അവർ അല്ലാഹുവിന്റെ വഴിയിൽനിന്ന് നിന്നെ പിഴപ്പിക്കുന്നതാണ്. അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. അവർ മതിപ്പിട്ട് പറയുകയല്ലാതെ ചെയ്യുന്നുമില്ല. (അൻആം.) എന്നും മറ്റുമുള്ള ക്വുർആൻ വാക്യങ്ങൾ ഈ വാസ്തവം ചൂണ്ടിക്കാട്ടുന്നു.

ഏതൊരു മതവിഷയമാകട്ടെ, യുക്തിന്യായംകൊണ്ട് അതിനെ എതിർക്കുന്നവരോട്, ആ വിഷയത്തെമാത്രം അടർത്തിയെടുത്ത് ന്യായീകരിച്ചു കാട്ടി മുട്ടുകുത്തിക്കുവാൻ തുനിയുന്നത് കേവലം അപ്രായോഗികമായ ഒരു വ്യാമോഹമായിരിക്കും. നേരെമറിച്ച് ആ വിഷയത്തിന്നാസ്പദമായി നിലകൊള്ളുന്ന തത്വങ്ങളെയും, അതിന്റെ മൗലിക പ്രധാനമായ വശങ്ങളെയുമാണ് ആദ്യം അവരെ ബോധ്യപ്പെടുത്തേണ്ടത്. അത് ബോധ്യപ്പെട്ടശേഷമേ ആ പ്രത്യേകവിഷയം അവരുടെ മുമ്പിൽ സമർപ്പിച്ചിട്ട് കാര്യമുള്ളൂ. ലോകത്തിനൊരു സ്രഷ്ടാവുണ്ട്, അവൻ സർവ്വാധിപതിയും, സർവ്വജ്ഞനും, സർവ്വശക്തനുമാണ് എന്ന് തുടങ്ങിയ മൗലിക പ്രധാനമായ വിശ്വാസതത്വങ്ങൾ തലകുലുക്കി സമ്മതിക്കുന്നവരോട് മാത്രമേ ക്വദ്‌ാക്വദ്ർ പോലുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങേണ്ടതുള്ളൂ. അവർക്കേ അതിന്റെ യുക്തിയും ന്യായവും ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ. അവർ സത്യാന്വേഷികളായിരിക്കുകയും വേണം. വിമർശനവും പരിഹാസവും മാത്രം ലക്ഷ്യമാക്കിയിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം അനുവർത്തിക്കേണ്ടുന്ന നയം എന്താണെന്നും അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുന്നു. അതിങ്ങനെയാണ്, وقد نزل عليكم في الكتاب ان اذا سمعتم ايات الله يكفر بها ويستهزأ بهاالخ–النساء:١٤٠ (അല്ലാഹുവിന്റെ ആയത്തുകളിൽ; അവിശ്വസിക്കപ്പെടുന്നതായും അവയെ പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേട്ടാൽ, അങ്ങനെയുള്ളവർ മറ്റൊരു വിഷയ

ത്തിൽ മുഴുകുന്നത്‌വരേക്കും നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്. അങ്ങനെ ചെയ്താൽ- ഒപ്പം ഇരുന്നാൽ- നിങ്ങളും അവരെപ്പോലെയായിരിക്കും എന്ന് നിങ്ങളുടെമേൽ അവൻ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.) വീണ്ടും അല്ലാഹു പറയുന്നു: وإذا رأيت الذين يخوضون في اياتنا فأعرض عنهم الخ–الأنعام:٦٨ (നമ്മുടെ ആയത്തുകളിൽ മുഴുകിക്കൊണ്ടിരിക്കുന്ന- കുഴപ്പമുണ്ടാക്കുന്ന- വരെ നീ കണ്ടാൽ അവർ മറ്റൊരു വിഷയത്തിൽ മുഴുകുന്നത് വരെ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക. എനി, പിശാച് നിന്നെ മറപ്പിച്ചുകളയുന്നപക്ഷം, ഓർമ വന്നതിനുശേഷം നീ ആ അക്രമികളോടൊപ്പം ഇരിക്കരുത്.)

വിശുദ്ധഖുർആനിലും തിരുസുന്നത്തിലും വന്നിട്ടുള്ള വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഖദ്വാഖദ്‌റിനെക്കുറിച്ചുള്ള വിശ്വാസം സ്വീകരിക്കൽ ഓരോ മുസ്‌ലിമിന്റെയും ഒഴിച്ചുകൂടാത്ത കടമയാണെന്നും, അതിൽ ബുദ്ധിക്ക് യോജിക്കാത്തതായി ഒന്നുമില്ലെന്നും, ബുദ്ധി അതിനെ നിർബന്ധമാക്കുകയാണ് ചെയ്യുന്നതെന്നും, ഖദ്വാഖദ്‌റിലടങ്ങിയ എല്ലാ രഹസ്യങ്ങളും നമുക്ക് മനസ്സിലായിക്കൊള്ളണമെന്നില്ലെന്നും, അല്ലാഹുവിന്റെ സർവ്വജ്ഞതയും സർവശക്തിയും സമ്മതിക്കുന്ന ഏവർക്കും അതിനെ നിഷേധിക്കുവാൻ സാധ്യമല്ലെന്നും, അതിനെ നിഷേധിക്കുന്നത് അല്ലാഹുവിന്റെ മഹത്വത്തെ ഇടിച്ചുതാഴ്ത്തലും മനുഷ്യനില്ലാത്ത യോഗ്യത അവന് കൽപിക്കലുമാണെന്നും, എത്രയോ ഖുർആൻ വചനങ്ങളെയും നബിവചനങ്ങളെയും അവഗണിച്ചുകൊണ്ടല്ലാതെ അതിനെ നിഷേധിക്കുവാൻ സാധ്യമല്ലെന്നും ഇത്രയും വിവരിച്ചതിൽനിന്ന് ഏതൊരു സത്യാന്വേഷിക്കും മനസ്സിലാക്കാവുന്നതാകുന്നു. والله ولي التوفيق

ربنا لا تزغ قلوبنا بعد إذ هديتنا وهب لنا من لدنك رحمة انك أنت الوهاب